34. Varier, M R .Ragava and Veluthat Kesavan. 2015.Tharisapally Pattayam .Kottayam: Sahithya Pravarthaka Co-operative Society Ltd.

35. Varier ,Raghava and Gurukkal, Rajan .2004. Kerala Charithram.Sukapuran: Vallathol Vidhya Peedom.

36. Veeramani ,K. 2018. Collected Works of Periyar EVR. Chennai: The Periyar Self -Respect Propaganda Institution.

*ksmadhavanma@gmail.com*

# അടിമക്കച്ചവടവും ചില ആഖ്യാനങ്ങളും

വിനിൽ പോൾ
ഗവേഷക വിദ്യാർത്ഥി, ജെ.എൻ.യു., ന്യൂഡൽഹി

### സംഗ്രഹം

വിദേശങ്ങളിലേക്ക് കയറ്റുമതി ചെയ്യപ്പെട്ട കേരളത്തിലെ അടിമകളുടെ ചരിത്രത്തിലേക്കുള്ള അന്വേഷണമാണ് പ്രബന്ധം. അയിത്ത സങ്കൽപ്പം അടിമക്കച്ച വടത്തിലെ പ്രധാന ഘടകമായിരുന്നു. ഇന്ത്യൻ മഹാസമുദ്രം കടന്നുപോയ അടിമകളെക്കുറിച്ചുള്ള ആഗോള അടിമത്ത പഠനങ്ങളിൽ ഒഴിച്ചു കൂടാനാവാത്ത വിഭാഗമായിരുന്നു സൗത്ത് ഇന്ത്യയിൽ നിന്നുള്ള പ്രത്യേകിച്ച് കേരളത്തിൽ നിന്നുള്ള അടിമകൾ. കേരളത്തിലെ അടിമകളെ സംബന്ധിച്ച് നിലവിലുണ്ടായിരുന്നതും വന്നതുമായ ഏതൊരു സംഘടിത മതവും അവരെ വില്പനയ്ക്ക് വിധേയമാക്കിയിരുന്നു.

**താക്കോൽ വാക്കുകൾ:** അയിത്തം, അടിയായ്മ, ജാതി, അടിമത്തം

കേരളത്തിലെ വിവിധ തുറമുഖങ്ങളിൽ നിന്നും അടിമകളെ കപ്പൽ വഴി കയറ്റി അയച്ചിരുന്നതിന്റെ നിരവധി തെളിവുകൾ സാമൂഹ്യചരിത്രഗവേഷകർ കണ്ടെടുത്തിട്ടുണ്ട് (Linda and Matthias 2017; Singh 2007; Fisher 2006; Allen 2005; Vink 2003; Carter 1988). ഈ തെളിവുകളും പഠനങ്ങളും കേരളചരിത്രത്തിൽ സ്ഥിരപ്രതിഷ്ഠ നേടിയ അടിയായ്മ/അടിയാളത്തം തുടങ്ങിയ മാർക്സിയൻ സങ്കല്പങ്ങളോട് നിരവധി ചോദ്യങ്ങൾ ഉന്നയിക്കുന്നുണ്ട്. മാത്രമല്ല ഇതാകട്ടെ മാർക്സിയൻ പിന്തുണയിൽ വിശദമാക്കുന്ന സാമൂഹ്യപരിണാമ ചരിത്രത്തിന്റെ വിപരീതദിശയിലാണ് സഞ്ചരിക്കുന്നത്. യൂറോപ്യൻ മേൽനോട്ടത്തിൽ രൂപംകൊണ്ട അടിമക്കച്ചവടസമ്പ്രദായത്തിൽ നിന്നും വ്യത്യസ്തവും പഴക്കമുള്ളതുമായിരുന്നു കേരളത്തിൽ നിലവിലുണ്ടായിരുന്ന അടിമക്കച്ചവടം.

ആളുകളെ വിൽക്കുകയും വാങ്ങുകയും ചെയ്യുന്നതിനെ തെളിയിക്കുന്ന ധാരാളം ദേശ്യമായ തെളിവുകൾ നമ്മൾക്ക് ലഭ്യമാണ്. കേരളത്തിന്റെ പലഭാഗങ്ങളിൽ നിന്നുമായി കണ്ടെടുത്തിട്ടുള്ള ശിലാലിഖിതങ്ങൾ, വട്ടെഴുത്ത്-കോലെഴുത്തു രേഖകൾ, മുളയിലെഴുതിയ രേഖകൾ, ഗ്രന്ഥവരികൾ, വായ്മൊഴി തുടങ്ങി ധാരാളം ഉപാദാനങ്ങൾ കേരളത്തിലെ അടിമക്കച്ചവടത്തിനു മറ്റൊരു ചരിത്രരചന സാധ്യമാക്കുന്നുണ്ട്. കേരളത്തിലെ ചിത്രരചനയുടെ പതിവു പകരണങ്ങൾ, പ്രത്യേകിച്ച് വലിയപ്രതിഭാസങ്ങളെ മാത്രം കൈകാര്യം ചെയ്തുവന്നിരുന്ന രീതിശാസ്ത്ര മാതൃകകൾക്കു ഒരിക്കലും അടിമക്കച്ചവടം എന്ന സാമ്പത്തികവ്യവഹാരത്തിനെ കേരളാരൂപീകരണചരിത്രത്തിന്റെ ഭാഗമായി കാണാൻ കഴിഞ്ഞിരുന്നില്ല. ആധികാരികതയോടുകൂടിയ ഉപാദാനങ്ങൾ ഉള്ളപ്പോൾത്തന്നെയും ഈ അടിമ ഭൂതകാലം ഒരിക്കലും വേണ്ടവിധത്തിൽ ചർച്ച ചെയ്യപ്പെട്ടതുമില്ല.

യൂറോപ്യൻ അടിമത്തത്തിൽ നിന്നും ഇന്ത്യയിലെ ജാതിഅടിമത്തം വ്യത്യസ്തമാകുന്നതിന്റെ ഒരു കാരണം ജാതി അടിമത്തം നിലനിർത്തപ്പെട്ടതു ഹീനതയെ മുറുകെപ്പിടിച്ചുകൊണ്ടായിരുന്നു എന്നതാണ്. ആളുകളെ വില്പന ചെയ്യുന്നതും, അതിനെ ഒരു സാമ്പത്തികസ്രോതസ്സാക്കി മാറ്റിയതും അയിത്തത്തിന്റെ പിൻബലത്തോട് കൂടിയായിരുന്നു. ഈ ഹീനതാസങ്കൽപ്പം ഉപയോഗിച്ചാണ് എല്ലാവിധ മതങ്ങളും അടിമക്കച്ചവടത്തിൽ പങ്കാളിയായത്. കേരളത്തിലെ അടിമകളെ സംബന്ധിച്ച് നിലവിലുണ്ടായിരുന്നതും വന്നതുമായ ഏതൊരു സംഘടിതമതവും അവരെ വില്പനയ്ക്ക് വിധേയമാക്കിയിരുന്നു. അയിത്തസങ്കല്പം അടിമക്കച്ചവടത്തിലെ പ്രധാനഘടകമായിരുന്നു. ഇത്തരത്തിൽ പ്രാദേശികതലത്തിൽ ദൃഢമായി നിലനിന്നിരുന്ന ഈ മനുഷ്യക്കച്ചവട വ്യവസ്ഥിതിയിലേക്കു മധ്യകാലത്തോടുകൂടി പോർട്ടുഗീസ് (1498), ഡച്ച് (1603), ഫ്രഞ്ച് (1674) തുടങ്ങിയ യൂറോപ്യൻ കമ്പനികൾ കടന്നുവരികയും അടിമക്കച്ചവടത്തിൽ സജീവസാന്നിധ്യമാകുകയും കേരളത്തിൽ നിന്നും അടിമകളെ അവരുടെ ആഫ്രിക്കൻ കോളനികളിലേക്കു കയറ്റി അയക്കുകയും ചെയ്തു. കേരളത്തിലെ അടിമയെ ഒരു ആഗോള ചരക്കായിമാറ്റി, അവരുടെ കോളനികളിലേക്കു കയറ്റുമതി ചെയ്തു എന്നതാണ് പോർട്ടുഗീസ്, ഡച്ച് അധിനിവേശാനന്തരം ഉണ്ടായ ഒരുമാറ്റം. കേരളത്തിൽ നിന്നും യൂറോപ്യന്മാർക്ക് അടിമകളെ കണ്ടെടുക്കേണ്ടി വന്നില്ല, മറിച്ച് നിലവിലുണ്ടായിരുന്ന വ്യവസ്ഥിതിയിൽ അവർ പങ്കാളിയാവുകയായിരുന്നു. ഈ പുതിയ സഖ്യം കേരളത്തിലെ അടിമകച്ചവടത്തെ ആഗോള അടിമത്തവ്യവസ്ഥിതിയുമായി

ബന്ധിപ്പിച്ചു. ഇതിന്റെ ഭാഗമായി ഒരുപാടു ആളുകൾ ആഫ്രിക്കയിലെ വിവിധ ഇടങ്ങളിലേക്ക് കയറ്റുമതി ചെയ്യപ്പെട്ടു, കേപ്പ്ടൗൺ, മൗറീഷ്യസ് തുടങ്ങിയ സ്ഥലങ്ങളിലേക്കാണ് കൂടുതലും കയറ്റുമതി നടന്നത്. എന്നാൽ ഇന്ത്യൻ മഹാസമുദ്രം കടന്നുപോയ അടിമകളെക്കുറിച്ചുള്ള ആഗോള അടിമത്തപഠന ങ്ങളിൽ ഒഴിച്ചുകൂടാനാവാത്ത ഒരു വിഭാഗമായിരുന്നു സൗത്ത് ഇന്ത്യയിൽ നിന്നുള്ള, പ്രത്യേകിച്ച് കേരളത്തിൽ നിന്നുമുള്ള അടിമകൾ. നൂറുകണക്കിന് ആളുകളെയാണ് കേരളത്തിന്റെ തുറമുഖങ്ങളിൽ നിന്നും അടിമകളായി ഡച്ച്, ഫ്രഞ്ച് കമ്പനികൾ അവരുടെ ആഫ്രിക്കൻ കോളനികളിലേക്കു കയറ്റിയയ ച്ചത്. കച്ചവടംവഴി കേരളത്തിൽ നിന്നും വേർപെട്ട അടിമകളെ തേടിച്ചെല്ലുന്ന മലയാളികളുടെ ഗവേഷണ എഴുത്തുകളുടെ എണ്ണം ഇന്ത്യയിലെ മറ്റു ഇടങ്ങ ളിലെ പഠനങ്ങളെ അപേക്ഷിച്ച് കുറവായിരുന്നു. പ്രത്യേകിച്ച് അടിമത്തം, അടിമക്കച്ചവടം തുടങ്ങിയ സംജ്ഞകൾ കേരള ചരിത്രരചനാലോകത്തു ഒരിക്കലും ചർച്ചാ വിഷയമായിരുന്നില്ല.

## മലയാളി അടിമകൾ വിദേശങ്ങളിലേയ്ക്ക്

ഡച്ച്-ഫ്രഞ്ച്കോളനിയായിരുന്ന മൗറീഷ്യസിലോട്ടാണ് ഏറ്റവും അധികം ഇന്ത്യൻ അടിമകൾ കയറ്റുമതി ചെയ്യപ്പെട്ടത് എന്ന് നിരീക്ഷിക്കപ്പെട്ടിട്ടുള്ള താണ്. റിച്ചാർഡ് ബി അലൻ, മരിയാന കാർട്ടർ, ഗ്യാൻ ക്യാമ്പെൽ, തുടങ്ങിയ വരുടെ പഠനങ്ങൾ ഇതിന്റെ ചരിത്രത്തിനെ വളരെ സൂക്ഷ്മമായി വിശകലനം ചെയ്യുന്നു. 1792 മുതൽ 1834 വരെ ഇന്ത്യയിൽ നിന്നും മൗറീഷ്യസിലേക്ക് അയയ്ക്കപ്പെട്ട അടിമകളെക്കുറിച്ചുള്ള മരിയാനാ കാർട്ടറുടെ പഠനത്തിൽ, മലബാറിൽ നിന്നുമുള്ള അടിമകളുടെ സജീവസാന്നിധ്യം ചർച്ച ചെയ്യുന്നുണ്ട് (Carter: 1988). 1792-ൽ കോഴിക്കോട്ടു നിന്നും പോയ ഒരു ഫ്രഞ്ച് കപ്പലിൽ 300 അടിമകളുണ്ടായിരുന്നെന്നും, കൊല്ലത്തു നിന്നുള്ള നാല് സ്ത്രീകൾ അതിൽ ഉൾപ്പെട്ടിരുന്നെന്നും പഠനത്തിൽ പറയുന്നു (Allen 2005). മൗറീഷ്യസിൽ വെച്ച് സ്വാതന്ത്ര്യം നേടിയ അടിമകളിൽ കൂടുതലും, സൗത്ത് ഇന്ത്യയിൽ നിന്നുള്ളവരായിരുന്നെന്നും അവർ നിരീക്ഷിക്കുന്നു. സൗത്ത് ഇന്ത്യയിൽ നിന്നും പോയ അടിമകളെയായിരുന്നു കരിമ്പിൻ തോട്ടങ്ങളിലെ ജോലികൾക്കായി പലപ്പോഴും ഉപയോഗിച്ചിരുന്നത്. മൗറീഷ്യസ് തലസ്ഥാനം ആയ പോർട്ട് ലൂയിയുടെ കിഴക്കൻ പ്രദേശം മലബാർടൗൺ എന്ന പേരിലാണ് അറിയ പ്പെട്ടിരുന്നത്. സൗത്ത് ഇന്ത്യയിൽ നിന്നുള്ള അടിമകൾ തിങ്ങിപ്പാർത്തിരുന്ന പ്രദേശമായതിനാലാണ് ഈ പേര് ലഭിച്ചത് (Pridham: 1849).മലബാറിലെ അടിമകൾക്കായിരുന്നു കറുത്ത അടിമകളെ അപേക്ഷിച്ച് ഡിമാൻഡ് കൂടുതൽ,

മലബാറികൾ ഗാർഹിക ആവശ്യങ്ങൾക്കു വേണ്ടിയാണ് കൂടുതലും തിരഞ്ഞെടുക്കപ്പെട്ടത്. മലബാർ എന്ന പദം കൊണ്ട് പൊതുവിൽ അർത്ഥമാക്കുന്നത് സൗത്ത് ഇന്ത്യൻ വംശജനായ അടിമ എന്നാണ്. എന്നാൽ ചില രേഖകളിൽ കേരളത്തിലെ ചില പ്രത്യേക സ്ഥലങ്ങളുടെ പരാമർശങ്ങളും കാണാറുണ്ട്. മലബാറുകാരൻ എന്ന് മാത്രം സംബോധന ചെയ്തിരിക്കുന്ന ഒരുപാടാളുകളുടെ അനുഭവങ്ങൾ മൗറീഷ്യസിന്റെ ചരിത്രത്തിൽ നിന്നും നമുക്ക് ലഭ്യമാണ്, എന്നാൽ അത് സൗത്ത് ഇന്ത്യയുടെ സൂചകമായതിനാൽ മലയാളികൾ ആണോ, അല്ലയോ എന്ന് തിരിച്ചറിയാൻ ബുദ്ധിമുട്ടാണ്.

### പ്രാദേശിക അടിമക്കച്ചവട ശൃംഖല

1663-ജനുവരി എട്ടാംതീയതി കൊച്ചി ഡച്ചുകാരുടെ അധീനതയിലായി. ഇതിനോടകം ഡച്ച് കാലത്തെ കേരളം എന്ന പേരിൽത്തന്നെ ഒട്ടനവധി കൃതികൾ മലയാളി ഗവേഷകരും, ജനപ്രിയ എഴുത്തുകാരും അച്ചടിപ്പിച്ചിട്ടുണ്ട്. എന്നാൽ ഈ എഴുത്തുകൾ ഒന്നടങ്കം അടിമക്കച്ചവടം എന്ന വിഷയത്തെക്കുറിച്ച് അതിശയിപ്പിക്കുന്നതരം നിശ്ശബ്ദതപുലർത്തുന്നു. പ്രത്യേകിച്ച് ഡച്ച് കാലത്ത് ക്രിസ്ത്യാനികൾക്ക് അടിമക്കച്ചവടത്തിലുണ്ടായിരുന്ന പങ്കിനെയും, അടിമ ഗോഡൗൺ ആയി ഉപയോഗിച്ചിരുന്ന പള്ളിയേയും എല്ലാം വളരെ വിദഗ്ധമായി ഒഴിവാക്കിയാണ് അക്കാദമികതലം മുതൽ ജനപ്രിയമേഖല വരെയുള്ള ചരിത്രരചനകൾ. എന്നാൽ വിദേശീയർ ഡച്ച് കമ്പനിയുടെ രേഖകളിൽ നടത്തുന്ന പഠനങ്ങൾ കൊച്ചിയിലെ അടിമക്കച്ചവടത്തെക്കുറിച്ചുള്ള കൂടുതൽ തെളിവുകൾ നമുക്കുമുൻപിൽ അവതരിപ്പിക്കുന്നു (Linda and Matthias 2017; Singh 2007; Vink 2003). കേരളത്തിലെ അടിമക്കച്ചവടചരിത്രത്തിനു കൂടുതൽ തെളിവുകളും, ഊർജ്ജവും നൽകുന്നതാണ് മാർക്കസ് വിങ്ക്, അഞ്ജനാ സിംഗ്, മത്ഥിയാസ് തുടങ്ങിയ ഗവേഷകരുടെ ചരിത്രരചനകൾ. മത്ഥിയാസും ലിൻഡയും ഒരുമിച്ച് നടത്തിയ കൊച്ചിയെക്കുറിച്ചുള്ള പുതിയ പഠനമാണ് ഇതിൽ ഏറ്റവും ശ്രദ്ധേയം. ചെന്നൈ ആർകൈവ്സിലെ ആക്കുൺ വാൻ ട്രാൻസ്പോർട് എന്ന രേഖയാണ് ഇവർ പ്രധാന ഉപാദാനം ആയി ഉപയോഗിച്ചിരിക്കുന്നത്. 1753 ജനുവരി രണ്ടു മുതൽ മാർച്ച് മൂന്ന് വരെയുള്ള 168 അടിമ ഇടപാടുകളെക്കുറിച്ചുള്ള വിശകലനമാണ് ഇവരുടെ പഠനത്തിനായി നടത്തിയിരിക്കുന്നത്.

കൊച്ചി തുറമുഖത്തു നിന്നും കയറ്റുമതി ചെയ്യപ്പെട്ട സാധനങ്ങളുടെ വിവരങ്ങൾ അടങ്ങിയ റിപ്പോർട്ട് ആണ് ആക്കുൺ വാൻ ട്രാൻസ്പോർട്. ഇത് കൊച്ചിയിലെ അടിമക്കച്ചവടത്തെക്കുറിച്ചുള്ള ഒരുപാടു തെളിവുകൾ നൽകുന്നു.

ഡച്ച്കമ്പനിയുടെ മേൽനോട്ടത്തിൽ നടന്ന അടിമക്കച്ചവട വിവരങ്ങൾ മാത്രം അടങ്ങിയ ഈ രേഖയിൽ അടിമയെ വിൽക്കുന്ന ആളുടെയും വാങ്ങുന്ന ആളുടെയും പേര്, ജോലി, പദവി എന്നിവ എഴുതിയിരിക്കും. അതോടൊപ്പം അടിമയുടെ പുതിയ പേര്, പഴയപേര്, ജാതി, ലിംഗം, ഏകദേശ പ്രായം എന്നിവയും കൃത്യമായി രേഖപ്പെടുത്തിയിരിക്കും. ഡച്ചുകാർ കൊച്ചിയിൽ നിന്നും അടിമകളെ പ്രധാനമായും കയറ്റുമതി ചെയ്തിരുന്നത് സൗത്ത് ആഫ്രിക്കയിലെ കേപ്പിലേക്കാണ്. ആക്ടൺ വാൻ ട്രാൻസ്പോർട്ട് കൊച്ചിയിലെ അടിമത്തത്തിന്റെ വിസ്തൃതമായ തെളിവാണ് നമുക്ക് മുൻപിൽ നിരത്തുന്നത്. അതോടൊപ്പം ഇന്ത്യൻ മഹാസമുദ്രത്തിൽ കൂടി നടന്ന വലിയ അടിമക്കച്ചവടചരിത്രത്തിൽ കേരളത്തിന്റെ പങ്കിനെയും ഇത് വ്യക്തമാക്കുന്നു. ഈ രേഖയുടെ അടിസ്ഥാനത്തിൽ കൊച്ചിയിൽ നിന്നും അടിമകളെ വാങ്ങിയിരുന്നത് 89% യൂറോപ്യൻമാരും, 5% ഏഷ്യക്കാരും, 3% കൊച്ചിക്കാരും, ബാക്കിയുള്ളത് അവ്യക്തമായ ഉപഭോക്താക്കളുമാണ്. എന്നാൽ തുറമുഖത്തെ അടിമക്കച്ചവടക്കാർ ഡച്ച് കമ്പനി ഉദ്യോഗസ്ഥർ 39% ഉണ്ടായിരുന്നപ്പോൾ കേരളത്തിലെ ക്രിസ്ത്യാനികൾ 38%, കച്ചവടക്കാരായി ആക്ടൺ വാൻ ട്രാൻസ്പോർട്ടിൽ രേഖപ്പെടുത്തപ്പെട്ടു. ഡച്ച് കമ്പനി ഉദ്യോഗസ്ഥർ അടിമകളെ വാങ്ങിയിരുന്നത് പ്രധാനമായും തദ്ദേശീയരായ ക്രിസ്ത്യാനികളിൽ നിന്നുമായിരുന്നു, അതിൽ 45% കത്തോലിക്കരായിട്ടുള്ളവരിൽ നിന്നുമാണ്. ഇത്തരം ഒരു സാഹചര്യത്തിലാണ് ഫ്രാൻസിസ് ഡെ കൊച്ചിയിലെ ക്രിസ്ത്യൻ പള്ളികൾ ആറു ദിവസവും അടിമകളെ കെട്ടി ഇടുന്ന ഗോഡൗണായും, ഏഴാം ദിവസം ആരാധനയ്ക്കായിട്ടുമാണ് ഉപയോഗിക്കുന്നത് എന്നു പറയുന്നത് (Day: 1863).

കൊച്ചിയിൽ വെച്ചു തന്നെ അടിമകൾക്ക് പുതിയ പേര് ഇട്ടാണ് അവരെ കപ്പലിൽ കയറ്റിയിരുന്നത്. ചില ഉദാഹരണങ്ങൾ നോക്കാം, 1753-ൽ മിഖായേൽ കിരാഷ് എന്ന ഡച്ച് ഉദ്യോഗസ്ഥൻ മൂന്ന് അടിമകളെ കൊച്ചിയിൽ നിന്നും വാങ്ങി, വേട്ടുവ ജാതിയിൽപ്പെട്ട 28 വയസുള്ള അഞ്ചിപ്പെണ്ണിന് ഡയാന എന്ന് പേര് കൊടുത്തു, എട്ട് വയസുകാരി ചക്കിയ്ക്കു റോസിൻഡ എന്ന പേരും, പറയജാതിയിൽ ഉള്ള അഞ്ചു വയസുകാരൻ കോരന് ഫെബ്രുവരി എന്ന പേരും കൊടുത്തു രജിസ്റ്റർ ചെയ്താണ് കച്ചവടം നടത്തിയത്. ചോഗൻ ജാതിയിൽപ്പെട്ട പതിനാറുകാരൻ കൊമരനു ജനുവരി എന്ന് പേരും, കണ്ടനു ആരോൺ എന്ന പേരും, കൊച്ചിക്കാരൻ അന്തോണി മത്തായി വിറ്റ ഇട്ടി എന്ന പുലയബാലന് ജൂപീറ്റർ എന്ന പേരും, പറയ ജാതിയിൽപ്പെട്ട ഇരുപതുവയസുകാരി കൊലഞ്ഞിക്കു ദോറേതേയ എന്ന പേരും കൊടുത്തു (Linda

and Mathias: 2017). ആൺകുട്ടികൾക്ക് ഇംഗ്ലീഷ് മാസങ്ങളുടെ പേരുകളായിരുന്നു പൊതുവെ നൽകിയിരുന്നത്. എന്തുകൊണ്ടാണ് കേരളത്തിലെ അടിമജാതികളുടെ ജീവിതത്തിന്റെയും സാമൂഹികാനുഭവത്തിന്റെയും ദൈനംദിനലോകം സാധ്യമാവുന്നത്ര വിശദമായി സൂക്ഷ്മപഠനം നടത്തുന്ന കാര്യത്തിൽ കേരളത്തിലെ ചരിത്രകാരന്മാർ നിഷ്കർഷതപാലിക്കാതെ ഇരുന്നത് എന്നുള്ള ചോദ്യം വളരെ പ്രധാനപ്പെട്ടതായിമാറുകയാണ് ഇത്തരം പ്രമാണശേഖരങ്ങളുടെ മുൻപിൽ.

1753-54 വർഷത്തിന്റെ ആദ്യ രണ്ടു മാസങ്ങളിൽ മാത്രം 161 അടിമകളെയാണ് കൊച്ചിയിൽ നിന്നും രജിസ്റ്റർ ചെയ്തു ഡച്ച് കോളണിയായ കേപ്പിലേക്കു അയച്ചത്. കേരളത്തിന്റെ വിവിധ ഇടങ്ങളിൽ നിന്നുള്ള അടിമകളാണ് കൊച്ചിയിൽ എത്തപ്പെട്ടത്. ഈ കണക്കിനെ കൂടുതൽ വിശദമായി നോക്കിയാൽ, ഈ റിപ്പോർട്ട് അനുസരിച്ചു 53 പുലയരെ (39 പുരു, 14 സ്ത്രീ), 49 ചോഗർ (34 പുരു, 15 സ്ത്രീ), 10 വേട്ടുവർ (6 പുരു, 4 സ്ത്രീ), കണക്ക 6 ( 4 പുരു, 2 സ്ത്രീ), രണ്ടു പറയർ (1 പുരു, 1 സ്ത്രീ), രണ്ടു മുസ്ലിങ്ങളെയും (1 പുരു, 1 സ്ത്രീ), രണ്ടു മുക്കുവ സ്ത്രീകൾ, ഒരു നായർ പുരുഷൻ, ഒരു ഉള്ളാട പുരുഷൻ എന്നിവരെ കൊച്ചിയിലെ തുറമുഖത്തിൽനിന്നും കയറ്റുമതി ചെയ്തു എന്ന് കാണുന്നു (ചില ജാതികൾ വ്യക്തമല്ല). കേരളത്തിലെയും സൗത്ത് ആഫ്രിക്കയിലെ കേപ്പ് കോളനിയിലെയും അടിമജനസംഖ്യയെ മാർക്കസ് വിങ്ക് അദ്ദേഹത്തിന്റെ പഠനത്തിൽ താരതമ്യം ചെയ്യുന്നുണ്ട്. 1687-ൽ കേപ്പ് കോളനിയിൽ ആകെ 901 അടിമകൾ ഉള്ളതിൽ 503 പുരുഷന്മാരും, 253 സ്ത്രീകളും, 145 കുട്ടികളുമാണ് ഉൾപ്പെട്ടിരുന്നത്. ഇതേ വർഷം ഡച്ചുകാർക്കു കേരളത്തിൽ 853 അടിമകളാണ് സ്വന്തമായി ഉണ്ടായിരുന്നത്. കൊച്ചിയിൽ മാത്രം 649 അടിമകളും, കൊല്ലം, കൊടുങ്ങല്ലൂർ, കണ്ണൂർ, പള്ളിപ്പുറം എന്നിവിടങ്ങളിൽ 204 അടിമകളുമാണ് ഉണ്ടായിരുന്നത്, അതിൽ 536 പുരുഷന്മാരും, 180 സ്ത്രീകളും, 137 കുട്ടികളുമായിരുന്നു ഉണ്ടായിരുന്നത് (Vink 2003).

ഡച്ചുകാരുടെ എല്ലാ കോളനികളിലെയുംപോലെ കൊച്ചിയിലും പരിപൂർണ്ണമായ അടിമസമ്പ്രദായം ആയിരുന്നു എന്നാണു കാന്റർ വിഷെർ പോലുള്ളവരുടെ രേഖപെടുത്തലുകൾ. അദ്ദേഹത്തിനു പോലും ഇരുപതു അടിമകൾ കൊച്ചിയിൽ ഉണ്ടായിരുന്നു (Geelen 2017). മാപ്പിള മുസ്ലിങ്ങളും, സുറിയാനി ക്രിസ്ത്യാനികളും, കൊച്ചി രാജാവുമായിരുന്നു പ്രാദേശികമേഖലയിൽ നിന്നും അടിമകളെ കമ്പനിക്കു എത്തിച്ചു കൊടുത്തുകൊണ്ടിരുന്നത് (Sing: 2007). ഡച്ചുകമ്പനി വിവിധതരം തൊഴിലുകൾക്കായി അടിമകളെ

ഉപയോഗിച്ചിരുന്നു. യൂറോപ്യന്മാരുടെ വരവോടുകൂടി ഉണ്ടായ മറ്റൊരു മാറ്റം, കാർഷിക അടിമകളായിരുന്ന പുലയരെയും മറ്റു അടിമ ജാതികളെയും കാർഷികേതര ജോലികളിലേക്കു തിരിച്ചുവിട്ടു എന്നതായിരുന്നു. ഈ കച്ചവട ശൃംഖലയിൽ ആളുകളെ മോഷ്ടിച്ചുകൊണ്ടു വന്നു വില്പന നടത്തിയിരുന്നു. 1658 മുതൽ 1807 വരെ കേരളത്തിൽ നിന്നും അടിമകളെ കേപ്പ് ടൗണിലേക്ക് വിറ്റിരുന്നു. മലബാർ, കൊച്ചി, മഞ്ചേരി തുടങ്ങിയ സ്ഥലങ്ങളിൽ നിന്നുള്ള അടിമകൾ കേപ്പ് ടൗണിൽ ഉണ്ടായിരുന്നു എന്ന് പ്രശസ്ത ചരിത്രകാരനായ നിഗെൽ വാർഡിടâ പഠനം സൂചിപ്പിക്കുന്നു (Warden: 2005). ആഫ്രിക്കൻഅടിമകളെയാകട്ടെ കാർഷിക മേഖലയിലെ പണി എടുക്കുന്നതിനു ഉപയോഗിക്കാറില്ലായിരുന്നു, അവരെ കൂടുതലും ഖനികളിലെ തൊഴിലുകൾക്കായാണ് ഉപയോഗിച്ചിരുന്നത്. കേപ്പ്ടൗണിൽ വീട്ടുപരിചരണത്തിനായി കൂടുതലും ഉപയോഗിക്കപ്പെട്ടിരുന്നത് മലബാറിൽ നിന്നുമുള്ള അടിമകളായിരുന്നു. ഡച്ച്


SALE

FURTHER,

Before a Special Commissioner.

CORN BRINK, Co. will cause to be sold by public Auction, on Wednesday, the 15th June, 1831, at Mr.

Figure 1-27 Friday May 1831 The Cape of Good Hope Government Gazette notified a public auction of a Malabar slave



George Town, 28th February, 1831.

THE Undersigned, as assumed Executor to the Estate of the late JOHAN ANDRIES RAUTENBACH, Sr. [illegible]

J. H. MEYER, Assumed Executor.

25 RIX-DOLLARS REWARD.

ABSCONDED, from the Undersigned, since the 11th February last, his Slave named *Daniel*, 20 years old, [illegible]

ERNST STEPH. DU TOIT.

ABSCONDED, from the Undersigned, his Slave *Damon*, of Malabar, formerly the property of Mr. WESSEL [illegible]

R. CLOETE, Hz.

25 RIX-DOLLARS REWARD.

ABSCONDED, on the 7th February last, from the Undersigned, his male Slave *Damon*, a Native of this [illegible]

P. VAN BREDA.

Figure 2-Absconded, from the undersigned, his slave Damon of Malabar, 11 Friday March 1831 The Cape of Good Hope Government Gazette notified.

ഉദ്യോഗസ്ഥർ കേപ്പിൽ നിന്നും സ്ഥലംമാറിപ്പോകുമ്പോൾ വീട്ടുസാധനങ്ങളും, കുതിരവണ്ടിയും, അലമാരയും, ഇന്ന സ്ഥലത്തുനിന്നുള്ള അടിമയും എല്ലാം വില്പനയ്ക്ക്, അല്ലെങ്കിൽ ഇത്രാം തീയതി ഇന്ന സമയത്ത് ലേലം വിളിക്കുന്നതായിരിക്കും എന്ന് അവരുടെ കേപ്പ്ഓഫ് ഗുഡ് ഹോപ് ഗവണ്മെന്റ് ഗെസറ്റിൽ പരസ്യം ചെയ്യുമായിരുന്നു. ഗസറ്റിലെ ഇത്തരം പരസ്യങ്ങളിൽ മലബാറിൽ നിന്നുള്ള അടിമ വില്പനയ്ക്ക് എന്ന് കാണാൻ കഴിയും. മലബാർ അടിമ എന്ന് മാത്രം പറഞ്ഞിരിക്കുന്ന ഈ പരസ്യം സൗത്ത് ഇന്ത്യയെയാണ് പ്രതിനിധീകരിക്കുന്നത് എന്നതിനാൽ അതിന്റെ സൂക്ഷ്മതലത്തിലേക്ക് തത്കാലം നമുക്ക് പോകാൻ സാധ്യമല്ല.

### കൊച്ചിക്കാരന്റെ പേരിലെ സ്ഥലനാമം

കേരളത്തിൽ നിന്നും അടിമകളായി അയക്കപ്പെട്ടവർ ആഫ്രിക്കൻപ്രദേശങ്ങളിലെ കോളനികാലചരിത്രത്തിൽപ്പോലും ഇടപെടുന്നത് നാം കാണുന്നുണ്ട്.

ഡച്ചുകാലത്ത് കൊച്ചിയിൽ നിന്നും സൗത്ത് ആഫ്രിക്കയിലേക്ക് അയക്കപ്പെട്ട ഒരു മലയാളി അടിമയുടെ ജീവിതം ഇത്തരത്തിൽ ശ്രദ്ധേയമാണ്.

1809 ഓഗസ്റ്റ് ആറിന് കേണൽ കോളിൻസ് കേപ്പ് ടൗണിൽ നിന്നും ലോർഡ് ക്യാലിടാന് അയച്ച എഴുത്ത്:

> "1800 കളുടെ ആരംഭത്തിൽ, പ്ലെട്ടൻബർഗ് ബേയുടെ സമീപത്തെ ഇടതൂർന്ന വനപ്രദേശത്തെ ഡോൾനദി മുറിച്ചു കടക്കുമ്പോൾ, കേപ്പ് ടൗണിൽ നിന്നും ഒളിച്ചോടിപ്പോയ മലബാറുകാരൻ ഡെയിമൻ അടിമയുടെ വീട് കണ്ടു. ഒരു ആഴ്ച്ച മുൻപാണ് അവനെ ഇവിടെ നിന്നും പിടിച്ചുകൊണ്ടുപോയത്. ഡച്ചുകേന്ദ്രമായ കൊച്ചിയിലെ ഒരു കൃഷി പ്പണിക്കാരനായിരുന്ന അവനെ കൊച്ചിയിൽ നിന്നും കെയിപ്പിലേക്ക് (സൗത്ത് ആഫ്രിക്ക) വിറ്റതാണ്. സ്ഥിരം യാത്രക്കാർ ഇല്ലാത്ത ആ പരപ്പിൽ കൊച്ചിക്കാരനായ അടിമ നീണ്ട ആറു വർഷം തനിയെ താമസിച്ചു. ഡെയ്മനും സുഹൃത്തും കൂടിയാണ് ഈ പ്രദേശത്തേക്ക് ആദ്യം ഒളിച്ചോടി എത്തിയതെങ്കിലും അവന്റെ സുഹൃത്തു വളരെ വേഗത്തിൽ മരണപ്പെട്ടുകയായിരുന്നു. സുഹൃത്തിന്റെ ശവകുടീരം അവന്റെ വീടിനു അല്പം മാറിത്തന്നെ ഞങ്ങൾക്ക് കാണാൻ കഴിഞ്ഞു. ആദ്യമാസം അവൻ ഭയങ്കരമായ ആഘോഷത്തിലായിരുന്നു, പിന്നീടവന് ഒളിച്ചോടിയതിനെക്കുറിച്ചു ഓർമ്മ വന്നു. അവൻ ആദ്യം നിർമ്മിച്ചത് തടിയുടെ അകത്തു മറഞ്ഞിരിക്കുന്ന ഒരു താവളമായിരുന്നു. രണ്ടാമത് നിർമിച്ച കുടിൽ കൂടുതൽ ആത്മവിശ്വാസത്തോടെ നിർമ്മിച്ചതാണെന്ന് കാണുമ്പോഴേ മനസിലാക്കാൻ സാധിക്കും. അത് മറഞ്ഞിരിക്കുന്ന അവസ്ഥയിൽ അല്ലായിരുന്നു പകരം ഒരു തുറന്ന സ്ഥലത്തായിരുന്നു. ശല്യങ്ങളില്ലാത്ത ഈ താവളത്തിൽ ആയിരിക്കും അവസാന നാളുകൾ എന്ന് വിചാരിച്ചായിരിക്കാം അവൻ ഇത്ര മനോഹരമായ ഒരു വീട് പണിയാൻ തുടങ്ങിയത്. പക്ഷെ മേടയുടെ പകുതി മാത്രമേ അവനു പൂർത്തീകരിക്കാൻ കഴിഞ്ഞുള്ളൂ. അപ്പോഴേക്കും അവന്റെ എല്ലാവിധ സ്വത്തുക്കളും ഇല്ലായ്മ ചെയ്യപ്പെട്ടു. അവൻ പിടിക്കപ്പെട്ടു. ഈ ആറു വർഷത്തിനിടയിൽ അവൻ ഏകദേശം രണ്ടേക്കറോളം ഭൂമി തെളിച്ചു, അതിനെ മനോഹരമായ ഒരു കൃഷിയിടമാക്കി മാറ്റുകയും അതിൽ പച്ചക്കറികളും, പുകയിലയും, പഴവർഗ്ഗങ്ങളും വളർത്തുകയും ചെയിതു. ഒളിച്ചോടിയ സമയത്തു അവന്റെ കയ്യിൽ ഉണ്ടായിരുന്നത് ഒരുപിടി പച്ചക്കറി വിത്ത് മാത്രമായിരുന്നു, അതിൽ നിന്നുമാണ് ഈ വലിയ തോട്ടം ഉണ്ടാക്കിയത്. കൃഷിയിടത്തിലേക്ക് വെള്ളം എത്തിക്കുന്നതിനായി പതിനാറു കിലോമീറ്റർ അകലത്തിൽ നിന്നും

ഒരു ജലപാത ഉണ്ടാക്കിയെടുത്തു. ഈ സ്ഥലം ഡെയ്മൻ നീരുറവ എന്നാണ് ഇപ്പോൾ അറിയപ്പെടുന്നത്. ആനപ്പിണ്ടവും എരുമച്ചാണ കവും വിവിധതരത്തിലുള്ള മാനുകളുടെയും മറ്റു നാൽക്കാലികളുടെയും എല്ലുകളും അവന്റെ വീടിനു സമീപത്തു ധാരാളമായി ശേഖരിച്ചു വെച്ചിട്ടുണ്ടായിരുന്നു. ഇതെല്ലാമാണ് കൃഷിയിടത്തിൽ വളമായി ഉപയോഗിച്ചിരുന്നത്. ഈ മൃഗങ്ങളുടെ തോൽകൊണ്ട് അവൻ യൂറോപ്യൻ രീതിയിലുള്ള വസ്ത്രങ്ങൾ ഉണ്ടാക്കി എടുത്തു. വലിയ കുഴികളും, കിടങ്ങുകളുമുണ്ടാക്കിയാണ് മൃഗങ്ങളെ പിടിച്ചിരുന്നത്. മൺപാത്രങ്ങൾവരെ നിർമിച്ച ഈ പുതിയ റോബിൻസൺ ക്രൂസോ തന്റെ ജീവിതത്തിൽ അനുഭവിച്ച എല്ലാ സുഖസൗകര്യങ്ങളും സ്വപ്രയത്നത്താൽ ഉണ്ടാക്കിയെടുത്തതാണ്. ഒളിച്ചോടിയ സമയത്തു കുറ്റകൃത്യങ്ങൾ ചെയ്തിട്ടില്ലാത്ത സ്ഥിതിക്ക് ഇവന് ശിക്ഷകൾ ഒന്നും തന്നെ ലഭിക്കില്ല എന്ന് എനിക്ക് (കോളിൻസ്) ഉറപ്പുണ്ടായിരുന്നു. സ്വതന്ത്രനാകുക എന്ന ഒറ്റ ആഗ്രഹം മാത്രമാണ് അവനുണ്ടായിരുന്നത്. രക്ഷപ്പെടുമെന്നുള്ള ഭയവും, ബന്ധിച്ച ചങ്ങലയുടെ ഭാരവും കാരണം അവനെ കൊണ്ടുവരാൻ ഒരു വാഗൺ തന്നെ വേണ്ടി വന്നു. ഭാവിയിൽ അവനെ ഉപയോഗിക്കണം എന്നാഗ്രഹിച്ച യജമാനന്റെ നിർബന്ധത്താലാണ് ചങ്ങല അണിയിച്ചത്. അവൻ മറ്റുള്ളവർക്ക് ഒളിച്ചോടിപ്പോകാനുള്ള വഴി പറഞ്ഞു കൊടുക്കും എന്ന ഭയത്താൽ അവനെ എത്രയും വേഗം കെയ്പ്പിലേക്കു അയക്കണം എന്നതായിരുന്നു അവരുടെ പദ്ധതി. നാല്പത്തിയഞ്ച് വയസുവരെ ജീവിച്ചിരുന്ന അവൻ ഊർജസ്വലനും, ശക്തനുമായിരുന്നു. ഒളിച്ചോടി എത്തിയ ആദ്യ സമയങ്ങളിൽ ഭയപ്പാടോടെയാണ് ജീവിച്ചതെന്നും പലപ്പോഴും എരുമകളും, കാട്ടുമൃഗങ്ങളും ആക്രമിച്ചിരുന്നെന്നും അവൻ വെളിപ്പെടുത്തുകയുണ്ടായി. ശിക്ഷിക്കപ്പെട്ട അടിമയെ പക്ഷികൾ കൊത്തിത്തിന്നുവാനായി ചങ്ങലയിൽ പൂട്ടിയിടുമ്പോൾ ഭയത്താൽ അവർ മലമൂത്രവിസർജ്ജനം നടത്തിയിരുന്നു, എന്നാൽ അവന് അങ്ങനെ ഉണ്ടാകില്ലെന്ന് ഞങ്ങൾക്കു ഉറപ്പായിരുന്നു, അത്രത്തോളം ധൈര്യശാലിയായിരുന്നു (Sutherland 1846)".

1809ൽ കൊളോണിയൽ ഗവൺമെന്റ് ഡെയ്മനെ സ്വതന്ത്രനായി പ്രഖ്യാപിക്കുകയും ജോർജ് (സൗത്ത് ആഫ്രിക്ക) എന്ന സ്ഥലത്തു അവൻ ഒരു വീടു വെച്ച്, കുടുംബമായി താമസിച്ചു, പിന്നീട് നാല്പത്തിയഞ്ചാം വയസ്സിൽ മരണപ്പെട്ടു (Sutherland: 1846).

കേരളത്തിന്റെ സാമൂഹ്യചരിത്രങ്ങളിൽ ഇടം നേടാതെപോയ ഇത്തരം ധാരാളം മനുഷ്യരെ നമുക്ക് കാണാൻ കഴിയുന്നുണ്ട്. കൊളോണിയൽ കാലത്ത് അടയാളപ്പെടുത്തപ്പെട്ട ഇത്തരം അടിമ ആഖ്യാനങ്ങൾ കണ്ടെടുക്കുകയും അവ സൈദ്ധാന്തിക വ്യാഖ്യാനങ്ങൾ ഒന്നും ഇല്ലാതെ നേരിട്ട് അവതരിപ്പിച്ചാൽ പോലും അവ നിലവിലെ ചരിത്രരചനാരീതിയോട് ചില വിമർശനങ്ങൾ ഉന്നയിക്കുന്നത് നമുക്ക് കാണാൻ കഴിയും. മാത്രമല്ല ഈ അടിമ ആഖ്യാനങ്ങൾ നിലവിലെ ചരിത്രരചനകളുടെ അതിർവരമ്പ് കൃത്യമായി കാട്ടിക്കൊടുക്കുന്ന ഒന്നുകൂടിയാണ്.

## ബ്രിട്ടീഷുകാരുടെ അടിമ ഇടപാടുകൾ

കേരളത്തിലെ അടിമക്കച്ചവടത്തിൽ പങ്കാളികളായിരുന്ന ബ്രിട്ടീഷുകാരെ സംബന്ധിച്ചുള്ള ധാരാളം തെളിവുകൾ നമ്മൾക്ക് ഇന്ന് ലഭ്യമാണ്. 1772-ൽ ജെയിംസ് ഹോബ്സ് എന്ന ബ്രിട്ടീഷ് ഉദ്യോഗസ്ഥൻ തിരുവിതാംകൂർ സന്ദർശിച്ചപ്പോൾ അഞ്ചുതെങ്ങിൽ നിന്നും എട്ടു വയസ്സ് പ്രായമുള്ള ഒരു ആൺകുട്ടിയെയും, പെൺകുട്ടിയെയും വിലയ്ക്ക് വാങ്ങിയിരുന്നു. അദ്ദേഹം കുട്ടികളെ ബോംബയിൽ ഉള്ള ഒരു സുഹൃത്തിനു സമ്മാനമായി കൊടുക്കുകയും ചെയിതു (Forbes: 1834). ആളുകളെ, പ്രത്യേകിച്ച് കുട്ടികളെ വിൽക്കുന്നത് സ്ഥിരം കാഴ്ചയായിട്ടാണ് പല ബ്രിട്ടീഷുകാരും രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ 1792-ൽ ബ്രിട്ടീഷ്ഭരണം ഔദ്യോഗികമായി മലബാറിൽ ആരംഭിച്ചപ്പോൾ അവർ അടിമക്കച്ചവടം നിരോധിക്കുകയും, ക്രിമിനൽ കുറ്റമായി പ്രഖ്യാപിക്കുകയും ചെയ്തു. ഇത് പ്രധാനമായും മാഹിയിലെ ഫ്രഞ്ച്കച്ചവടക്കാരെ ഒതുക്കുന്നതിനു വേണ്ടി നടപ്പിലാക്കിയതാണ്. അതേസമയം ബ്രിട്ടീഷുകാരിൽ ചിലർ ഈ കച്ചവടം തുടർന്നിരുന്നു. ഇന്ത്യയിൽ നിന്നും ബ്രിട്ടനിലേക്ക് കയറ്റി അയക്കപ്പെട്ട ആളുകളുടെ എണ്ണം വളരെ വലുതായിരുന്നു എന്നാണ് നിലവിലെ പഠനങ്ങൾ കാണിക്കുന്നത്. ബ്രിട്ടനിലേക്ക് അയക്കപ്പെട്ടതിലും മലയാളി സാന്നിധ്യം ഉണ്ടായിരുന്നു, ഇത്തരത്തിൽ ശ്രദ്ധേയനായ കഥാപാത്രമായിരുന്നു മലയാളിയായ റിപ്പൺ (പഴയ പേര് ലഭ്യമല്ല).

1760-ൽ ആലപ്പുഴയിലാണ് റിപ്പൺ ജനിച്ചത്. ബോംബയിൽ നേവി മേധാവിയായിരുന്ന ക്യാപ്റ്റൻ റിച്ചാർഡ് ഫീൽഡ് റിപ്പണെയും, മറ്റു രണ്ടു അടിമകളെയും കേരളത്തിൽ നിന്നും വാങ്ങി ബോംബയിൽ കൊണ്ടുപോയി. എന്നാൽ റിച്ചാർഡ് ഫീൽഡ് 1774-ൽ സൂറത്തിലെ നാവിക ഉദ്യോഗസ്ഥനായ ജോൺ കാനിങിനു റിപ്പണെ വിറ്റു. അഞ്ചുവർഷം കഴിഞ്ഞ്, ഏകദേശം 1779-ൽ കാനിങ് റിപ്പണുമായി ബ്രിട്ടനിലേക്ക്പോയി, അവിടെ എസ്സെക്സ്

ഗ്രാമത്തിൽ കാനിങിന്റെ കുടുംബത്തോടൊപ്പമാണ് റിപ്പൺ താമസിച്ചത്. എസ്സെക്സിൽ വെച്ച് കാനിങ് തന്റെ അടിമയെ വിദ്യാഭ്യാസം ചെയ്യിക്കാൻ ശ്രമിക്കുകയും, ആംഗ്ലിക്കൻ പള്ളിയിൽ ചേർത്ത് സ്നാനപെടുത്തുകയും ചെയ്തു. സ്നാനപ്പെടുത്തിയപ്പോൾ നൽകിയ പുതിയ പേരാണ് റിപ്പൺ. കാനിങ് കുടുംബവുമായി യാതൊരു സഹകരണ മനോഭാവവും വെച്ചുപുലർത്താത്ത റിപ്പണെ ജെയിംസ് ഡഗ്ളസ് എന്ന ഒരാൾക്ക് വിറ്റു. എന്തായാലും 1782-83 വർഷങ്ങളിൽ ഡഗ്ളസ്സിനു വേണ്ടി റിപ്പൺ ജോലിചെയ്തു, ഇതിനിടയിൽ റിപ്പൺ ഡഗ്ളസ്സിന്റെ വീട് കൊള്ളയടിച്ചു. വിചാരണ ചെയ്യുന്നതിലും നല്ലതു റിപ്പണെ കാനിങ് കുടുംബത്തിലോട്ടു തിരികെ അയക്കുന്നതാണ് ലാഭം എന്നതിനാൽ വീണ്ടും റിപ്പൺ കാനിങ് കുടുംബത്തിൽ എത്തപ്പെട്ടു. എന്നാൽ കാനിങ് കുടുംബം റിപ്പണെ മാഞ്ചസ്റ്റർ ഉള്ള ചാൾസ് ഹെയ്സിന് വിറ്റു. അവിടെയും മോഷണം നടത്തി എന്ന കാരണത്താൽ റിപ്പണെ കാനിങ് കുടുംബത്തിലേക്ക് വീണ്ടും മടക്കി അയച്ചു. ഒടുവിൽ സഹികെട്ട ജോൺ കാനിങ് 1784-ൽ റിപ്പണെ ചാൾസ് മൂർ എന്ന ഈസ്റ്റ് ഇന്ത്യാകപ്പൽ മേധാവിക്ക് സെന്റെ ഹെലീന ദ്വീപിലേക്ക് വിറ്റു. ആ ചെറിയ ദ്വീപാണ്, അല്ലെങ്കിൽ ജെയിലാണ് അവനു ഏറ്റവും അനുയോജ്യമായ സ്ഥലം എന്ന് കാനിങ് വിശ്വസിച്ചു (Fisher :2006).

ജാതിഘടനയിൽ നിലനിന്നിരുന്ന സമൂഹത്തിൽ അടിമത്തം ഇല്ലായിരുന്നു എന്നുള്ള അക്കാദമിക വാദങ്ങൾ എന്തുതന്നെ ഉണ്ടായിരുന്നാലും കേരളത്തിൽ ആളുകളെ അതിക്രൂരമായി വില്പന നടത്തിയിരുന്നു എന്നതിനെ ആർക്കും നിഷേധിക്കാൻ സാധിക്കില്ല. കേരളത്തിൽ നൂറ്റാണ്ടുകൾ നീണ്ടു നിന്ന ഈ മനുഷ്യക്കച്ചവടത്തിന് എതിരെ ആദ്യമായി ശബ്ദം ഉയർത്തിയത് ബ്രിട്ടീഷ് ഭരണാധികാരികളാണ്. അതിനു പിന്നിൽ എന്തെല്ലാം ഗൂഢലക്ഷ്യങ്ങൾ ഉണ്ടായിരുന്നാലും, അവർ മുൻകൈയെടുത്തതിനാലാണ് അടിമത്തനിരോധന വിളംബരം ഉണ്ടായത്.കേരളത്തിൽ അന്നോളം നിലവിലുണ്ടായിരുന്ന ഒരു മതവും ഈ കച്ചവടത്തിനെതിരെ ഒരിക്കൽപ്പോലും എതിർപ്പു പ്രകടിപ്പിച്ചിട്ടില്ല. 1843-ൽ മലബാറിൽ അടിമക്കച്ചവടം നിരോധിച്ചെങ്കിലും തിരുവിതാംകൂറിലും, കൊച്ചിയിലും തുടർന്നിരുന്നു. നാട്ടുരാജ്യങ്ങളിൽ ഇതിനെതിരെ ശബ്ദമുയർത്തിയതാകട്ടെ ഇംഗ്ലീഷ് മിഷനറിമാർ മാത്രമാണ്. അടിമക്കച്ചവടചരിത്രമെന്നത് നിലവിലെ കേരളചരിത്രരചനകളുടെ അതിർവരമ്പുകൾ വെളിപ്പെടുത്തുന്ന ഒന്നാണ്. കേരളത്തിലെ അടിമജാതികളുടെ ചരിത്രം കേവലം ആചാരാനുഷ്ഠാനങ്ങളുടെയും സ്വയം കീഴടങ്ങലിന്റെയും പശ്ചാത്തലത്തിൽ വിവരിച്ചിരുന്ന സാമ്പ്രദായികചരിത്രകാരന്മാർ ദളിത് ഭൂതകാലങ്ങൾക്കു നൽകിയ

സംഭാവനകളെ യുക്തിപരമായി ന്യായീകരിക്കാൻ സാധിക്കാത്ത അവസ്ഥ യാണ് ആധികാരികതയോടുകൂടിയ ഇത്തരം പ്രമാണങ്ങൾ കണ്ടെടുക്കുമ്പോൾ ഉണ്ടാകുന്നത്. ചരിത്രരചനകളിൽ ജാതിയാൽ കല്പിച്ച നൽകിയ ഭൂതകാലത്തി നും അടിയായ്മയെന്ന ജാതീയാചാരത്തിനും ഉൾക്കൊള്ളാൻ സാധിക്കുന്നതല്ല അടിമക്കച്ചവടവും, അടിമകളുടെ ഒളിച്ചോട്ടവും. തെളിവുകളുടെ അടിസ്ഥാന ത്തിൽ ഈ രണ്ടുതരം ഭൂതകാലങ്ങളെയും ഒരുമിച്ച നോക്കുമ്പോൾ ദളിതരുടെ വർത്തമാനകാലത്തെ രൂപീകരിക്കുന്നതും ചരിത്രത്തിന്റെ കുഴഞ്ഞുമറിഞ്ഞ സ്വഭാവത്തെ തുറന്നുകാട്ടുന്നതുമായ അടിമത്തമാണ് കേരള ചരിത്രത്തിലെ ദളിതരുടെ ഭൂതകാലധർമ്മം കൂടുതലായി നിർവ്വഹിക്കുന്നത്. അതുകൊണ്ടു അടിമജാതികളുടെ വില്പനയുടെയും ഒളിച്ചോട്ടത്തിന്റെയും ചരിത്രം പറയുന്നതി ലൂടെ കേരളത്തിന്റെ ബഹുമുഖങ്ങളായ ചരിത്രങ്ങളാണ് ഉണ്ടാക്കപ്പെടുന്നത്.

## Reference


1. Allen, B, Richard., 2005,Carrying Away the Unfortunate: The Exportation of Slaves from India During the Late Eighteenth Century, (Ed.) Hubert Gerbeau and Jacques Weber, *Le monde creole: Peuplement, societies et condition humaine*, XVIIe-XXe Siecles; Melanges offerts a Hubert Gerbeau, Paris: Les Indes Savantes.

2. Carter, Marina., Slavery and Unfree Labour in the Indian Ocean, *History Compass* 4/5 (2006): 800–813.

   'Indian Slaves in Mauritius (1729– 1834)', Indian Historical Review 15, nos. 1–2 (1988): 233–47;

3. Day, F. (1863) *The Land of the Perumals, or Cochin, Its Past and Present*. Madras: Gantz Brothers.

4. Fisher, M.H. (2006) 'Bound for Britain: Changing Conditions of Servitude, 1600-1857'. In

   I. Chatterjee & R.M. Eaton (Eds),*Slavery and South Asian History* (pp. 187-209). Bloomington: Indian University Press.

5. Forbes, J. (1834) *Oriental Memoirs*.2 Vols. London: Richard Bentley

6. Geelen, Alexander. (2017) Defining Slavery in Cochin Social Backrounds, Tradition and Law in the Making of *Slaafbaarheid* in Eighteenth-Century Dutch Cochin, *Unpublished MA Dissertation*, Leiden University.

7. Mbeki, Linda and Matthias van Rossum. (2017) Private slave trade in the

Dutch Indian Ocean world: a study into the networks and backgrounds of the slavers and the enslaved in South Asia and South Africa, *Slavery & Abolition*, Vol 38, No. 1, pp.95-116.

8. Singh, Anjana. (2007) Fort Cochin in Kerala 1750-1830 The Social Condition of A Dutch Community in an Indian Milieu, *PhD thesis*,Leiden University.

9. Pridham, Charles.(1849) An Historical, Political and Statistical Account of Mauritius and its Dependencies. London: T. and w. Boone.

10. Vink, Markus. (2003) The World's Oldest Trade": Dutch Slavery and Slave Trade in the Indian Ocean in the Seventeenth Century, *Journal of World History*, Vol. 14, No. 2, pp. 131-177.

11. Worden, Nigel. (2016) Indian Ocean Slaves in Cape Town, 1695–1807, *Journal of Southern African Studies*, 42:3, 389-408.

*vinilbabyapul76@gmail.com*

# ജാതി അടിമത്തവും അറ്റ്ലാന്റിക് അടിമത്തവും

## ജോതിബ ഫുലെയുടെയും ബി. ആർ. അംബേദ്കറുടെയും കാഴ്ചപ്പാടുകൾ

എ. എം. ഷിനാസ്
അസിസ്റ്റന്റ് പ്രൊഫസർ, ചരിത്രവിഭാഗം, കെ.കെ.ടി.എം ഗവ. കോളേജ്, പുല്ലൂറ്റ്

### സംഗ്രഹം

ജാതിയും (caste) വംശവും (race) തമ്മിലുള്ള പരസ്പരബന്ധത്തിനും (co-relationship) അവയുടെ അവിച്ഛിന്നഭാഗങ്ങളായ വിവേചനത്തിനും അടിച്ചമർത്തലിനും അടിമത്തത്തിനും നീണ്ട ചരിത്രമുണ്ട്. ഇവയുൾക്കൊള്ളുന്ന വ്യവസ്ഥിത (systemic) ചൂഷണവും അടിച്ചമർത്തലും പീഡനവും അടിമത്തവും ഒരേതട്ടിൽപ്പെടുത്തിയുള്ള വിശകലനങ്ങൾക്ക് ഒന്നരനൂറ്റാണ്ടെങ്കിലുമുള്ള ചരിത്രമുണ്ട്; അക്കാദമിക സമീക്ഷയിൽ, സംവർഗങ്ങൾ എന്ന നിലയ്ക്ക് ഇവയ്ക്ക് അസമാനതകൾ ഉണ്ടെങ്കിലും ജാതി അടിമത്തത്തെയും വംശീയ അടിമത്തത്തെയും ഒരേതട്ടിൽപ്പെടുത്തി അവയുടെ സാദൃശ്യങ്ങളും അസാദൃശ്യങ്ങളും വിശ്ലേഷണം ചെയ്ത ദളിത് ജൈവബുദ്ധിജീവികളിൽ പ്രമുഖരത്രെ ജോതിബ ഗോവിന്ദ്റാവു ഫൂലെയും ബി.ആർ. അംബേദ്കറും. പിന്നീട് ദളിത് പാന്തേഴ്സ് പോലുള്ള റാഡിക്കൽ അംബേദ്കറൈറ്റ് പ്രസ്ഥാനങ്ങൾ ഈ സമാന്തരത്വത്തിൽ നിന്ന് പ്രചോദനോർജ്ജവും ആഴവും ആയവും സംഭരിച്ചു. ജോതിറാവു ഫൂലെയും ബി.ആർ. അംബേദ്കറും ജാതി അടിമത്തത്തെയും അമേരിക്കയിലെ വംശീയ അടിമത്തത്തെയും എങ്ങനെയാണ് അഭിവീക്ഷിച്ചത് എന്നതാണ് ഈ പ്രബന്ധത്തിന്റെ അന്വേഷണവിഷയം.

**താക്കോൽ വാക്കുകൾ**: ജാതിഅടിമത്തം(Caste-basedslavery),വംശീയ അടിമത്തം(Racial slavery),അറ്റ്ലാന്റിക് അടിമത്തം(Atlantic slavery),മുക്കോണ വിവേചനം(Triangular discrimination), പ്രത്യയശാസ്ത്ര നട്ടുനായകത്വം(Ideological hegemony),ഗുലാംഗിരി,ഹാർലം നവോത്ഥാനം(Harlem Renaissance).

2001 ഓഗസ്റ്റ് 31–സപ്തംബർ 8 വരെയുള്ള ദിവസങ്ങളിലാണ് ദക്ഷിണാഫ്രിക്കയിലെ ഡർബനിൽ 'വേൾഡ് കോൺഫറൻസ് എഗൈൻസ്റ്റ് റേസിസം, റേഷ്യൽ ഡിസ്ക്രിമിനേഷൻ, സെനോഫോബിയ ആൻഡ് റെലേറ്റഡ് ഇന്റോലറൻസ്' (WCAR) നടന്നത്. അതിൽ റേസിസവും അപ്പാർത്തീഡും കൊളോണിയലിസവും സയണിസവും മറ്റും ചർച്ച ചെയ്യപ്പെട്ടപ്പോൾ ഇന്ത്യയിൽ അതിന്റെ പശ്ചാത്തലത്തിൽ ജാതിയും (caste) വംശവുമായി (race) ബന്ധപ്പെട്ട പ്രശ്നങ്ങൾ തീക്ഷ്ണസംവാദങ്ങൾക്ക് വഴിവെക്കുകയും റാഡിക്കൽ ദളിത് ഗ്രൂപ്പുകൾ ജാതിയെയും ഡർബൻ കോൺഫറൻസിന്റെ അജണ്ടയിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് ശക്തമായി രംഗത്തുവരികയും ചെയ്തിരുന്നു. സുക്കാദിയോ തൊറാട്ടും ഉമാകാന്തും എഡിറ്റ് ചെയ്ത ഒരു ശ്രദ്ധേയ ഗ്രന്ഥവും ബാൽമുരളി നടരാജനും ഗ്രീനൗ പോളും ചേർന്നെഴുതിയ ഒരു പുസ്തകവും ജാതി-വംശപ്രശ്നങ്ങളുടെ വ്യത്യസ്തവും വ്യതിരിക്തവുമായ മാനങ്ങൾ വിശകലനവിധേയമാക്കി അക്കാലത്ത് പുറത്തുവന്നു.[1] 2020-ൽ ഇസബൽ വിൽകെർസൺ രചിച്ച മറ്റൊരു പുസ്തകം, അമേരിക്കയിൽ ആഫ്രിക്കൻ-അമേരിക്കക്കാരും ഇന്ത്യയിൽ ദളിതരും നേരിടുന്നതും നാസി ജർമനിയിൽ ജൂതൻമാർ നേരിട്ടിരുന്നതുമായ അപമാനവീകരണവും ഹിംസയും ഒരുമിച്ച് അപഗ്രഥിക്കുന്ന ചരിത്രങ്ങളുടെ ആഖ്യാനം പ്രസിദ്ധീകരിക്കുകയും അത് പരക്കെ ചർച്ച ചെയ്യപ്പെടുകയുമുണ്ടായി.[2] അനികെത് ജാവരെ നിരീക്ഷിച്ചതുപോലെ 'ജനനത്തിനു മുൻപേ സംഭവിക്കുന്നതും മരണശേഷവും നിലനിൽക്കുകയും ചെയ്യുന്ന' ഈ മുക്കോണവിവേചനപീഡാപർവ്വം സമകാലികലോകത്തും പിന്നീട് ജനീവയിലും (2009) ന്യൂയോർക്കിലും (2011) അത്തരം സമ്മേളനങ്ങൾ നടന്നതിനുശേഷവും പ്രക്ഷുബ്ധ സംവാദവിഷയമാണ്. ജോർജ് ഫ്ലോയിഡിന്റെ നിഷ്ഠുരമായ വംശവെറിഹത്യ ഇതിനെ പൂർവാധികം തീക്ഷ്ണമാക്കുകയും ചെയ്തു. ഈ പശ്ചാത്തലത്തിൽ ഇന്ത്യയിലെ ലബ്ധപ്രതിഷ്ഠരായ ദളിത് ജൈവബുദ്ധിജീവികളായ ജോതിറാവു ഫൂലെയും ബി.ആർ. അംബേദ്കറും ജാതി അടിമത്തത്തെയും അമേരിക്കൻ അടിമത്തത്തെയും എങ്ങനെയാണ് അഭിവീക്ഷിച്ചത് എന്ന് പരിശോധിക്കുകയാണ് ഈ പ്രബന്ധത്തിൽ. ജാതി അടിമത്തം ഒരു പ്രാചീനപ്രതിഭാസവും ജാത്യാധിഷ്ഠിതമായ സാമൂഹികക്രമവുമായി ജൈവികബന്ധമുള്ളതും എന്നാൽ അറ്റ്ലാന്റിക് ലോകത്തെ അടിമത്തം ഒരു ആധുനികപ്രതിഭാസവും യൂറോപ്യൻ കൊളോണിയലിസവുമായി ദൃഢബന്ധവുമുള്ളതാണ്. ഈ വ്യത്യാസം കാണാതിരിക്കുന്നില്ല.

**ജോതിബഫൂലെയും ഗുലാംഗിരിയും**

1865-ൽ അമേരിക്കൻ ഭരണഘടനയുടെ പതിനഞ്ചാം ഭേദഗതിയിലൂടെ അടിമത്തം നിരോധിച്ചതിന് ശേഷം എട്ടുകൊല്ലം കഴിഞ്ഞ്, 1873-ലാണ് ജോതിബ ഗോവിന്ദ് റാവു ഫൂലെ (1827-1890) 'ഗുലാംഗിരി' മറാത്തിഭാഷയിൽ പ്രസിദ്ധീകരിക്കുന്നത്. ഇറ്റാലിയൻ മാർക്സിസ്റ്റ്ചിന്തകനായ ഗ്രാംഷി പ്രത്യയശാസ്ത്രപരമായ അധീശത്വം പ്രത്യയശാസ്ത്ര പ്രത്യധീശത്വം എന്നീ സങ്കല്പനങ്ങൾ മുന്നോട്ടുവെക്കുന്നതിനു മുൻപുതന്നെ, 'ശൂദ്രർ-ആദിശൂദ്രർ' എന്ന് ഫൂലെ വ്യവഹരിച്ച അയിത്ത-അടിമ ജാതികൾ ബ്രാഹ്മണികപ്രത്യയശാസ്ത്ര നടുനായകത്വത്തിൽ നിന്നും സാംസ്കാരിക മേധാവിത്വത്തിൽ നിന്നും വിടുതൽ നേടണമെന്നും അവർ ഒരു ബദൽ പ്രത്യയശാസ്ത്രം ഉരുത്തിരിക്കണമെന്ന് തിരിച്ചറിയുകയും ആ ദിശയിൽ സർവതലസ്പർശിയായ പ്രവൃത്തികളിൽ മുഴുകുകയും ചെയ്തിരുന്നു. ഴാക് ദരിദ അപനിർമാണം എന്ന പാഠസൈദ്ധാന്തിക സമീക്ഷ മുന്നോട്ടുവെക്കുന്നതിനു മുൻപു തന്നെ, പത്തൊമ്പതാംനൂറ്റാണ്ടിൽ മാക്സ് മുള്ളർ, വിൻസന്റ് സ്മിത്ത്, തോമസ് വില്ല്യം റൈസ് ഡേവിസ് തുടങ്ങിയവരിലൂടെ അക്കാലത്തെ ചരിത്രവ്യവഹാരങ്ങളിൽ രൂഢിയായ ആര്യാധാനിവേശസിദ്ധാന്തത്തെ ജോതിബ ഫൂലെ തലകുത്തിനിർത്തി. തീർത്തും വിരുദ്ധമായ മറ്റൊരാഖ്യാനം ഇന്ന് പക്ഷെ, റോമിലഥാപ്പറെപ്പോലുള്ളവർ ആര്യജനവിഭാഗങ്ങളെ ഒരു 'വംശ'മെന്ന നിലയിലും 'അധിനിവേശമല്ല' കുടിയേറ്റമാണ് ഉണ്ടായതെന്ന നിലയിലുമാണ് കാണുന്നത്. മധ്യേഷ്യയിൽ നിന്ന് കുടിയേറിവന്ന ആര്യഭാഷ സംസാരിക്കുന്ന ജനവിഭാഗവും ഇവിടെ അവർ അഭിമുഖീകരിച്ച ജനവിഭാഗങ്ങളും തമ്മിൽ സംഘർഷവും അതേക്കാളേറെ കൊടുക്കൽ വാങ്ങലുകളുമാണ് ഉണ്ടായതെന്നും റോമില ഥാപ്പർ വാദിക്കുന്നു.[3] ആര്യാധിനിവേശത്തെ അംഗീകരിച്ചുകൊണ്ടുതന്നെ അതിനെ റാഡിക്കലായി അഴിച്ചുനോക്കി തകിടം മറിച്ച്, ഒരു ഇതര വിമോചനാത്മക ആഖ്യാനം സൃഷ്ടിക്കുകയുമായിരുന്നു ഫൂലെ. ഈ ഗ്രന്ഥം ഫൂലെ എഴുതുമ്പോൾ സിന്ധുനദീതട നാഗരികതയെന്നും ഹാരപ്പൻ നാഗരികതയെന്നും വിളിക്കപ്പെടുന്ന, സാമാന്യേന മിക്ക ചരിത്രപടുക്കളും പുരാതത്ത്വവിജ്ഞാനീയവിദഗ്ദരും അനാര്യനാഗരികതയായിരുന്നു അതെന്ന് അഭിപ്രായപ്പെടുന്ന, വൈദികവാങ്മയ പൂർവനാഗരികത അനാച്ഛാദനം ചെയ്യപ്പെട്ടിരുന്നില്ല. അത് ഫൂലെയുടെ കാലത്ത് അനാവൃതമായിരുന്നുവെങ്കിലും ഗുലാംഗിരിയുടെ വാദമുഖ പ്രകൃതം കാര്യമായി മാറുമായിരുന്നില്ല. മറിച്ച് തന്റെ വാദങ്ങൾക്ക് കൂടുതൽ ദൃഢതയും ആഴവും കൈവരുമായിരുന്നു. പ്രത്യേകിച്ച് ഇർഫാൻ ഹബീബിനെപ്പോലുള്ളവർ വൈദിക ആര്യൻമാർക്കു മുൻപ് ഇന്ത്യാ ഉപഭൂഖണ്ഡത്തിന്റെ വടക്കു

പടിഞ്ഞാറ് എത്തിച്ചേർന്ന ആദ്യകാല ആര്യവിഭാഗമാണ് (Early Aryans) ഹാരപ്പൻ നഗരസംസ്കാരത്തിന്റെ ബലക്ഷയത്തിനും ച്യുതിക്കും നാശത്തിനും കളമൊരുക്കുന്നതിൽ പങ്കുവഹിച്ചത് എന്ന അനുമാനം പ്രബല ചരിത്രലക്ഷ്യങ്ങൾ മുൻനിർത്തി വാദിക്കുന്ന സാഹചര്യത്തിൽ[4].

ഗുലാംഗിരിയിൽ ജാതിവ്യവസ്ഥയുടെ വംശീയസിദ്ധാന്തത്തിന് ഫൂലെ നൽകുന്ന വിശ്വാസയോഗ്യത ഈ ലഘുകൃതിയുടെ പരിമിതിയായി കാണാമെങ്കിലും നിലവിലുണ്ടായിരുന്ന ഒരു വ്യവഹാരത്തിന്റെ ധാർമികയുക്തിയെ അദ്ദേഹം തലകീഴാക്കി വ്യാഖ്യാനിക്കുകയായിരുന്നു എന്ന് ഗെയ്ൽ ഓംവെദ്ത് നിരീക്ഷിച്ചിട്ടുണ്ട്.[5] ഹിന്ദുയിസത്തിലെ മിത്തുകളെ ഫൂലെ അസ്ഥിരീകരിക്കുകയും അവയുടെ യുക്തിയെ ചതച്ച് പിളർക്കുകയുമാണ് ചെയ്തതെന്ന് ഗെയ്ൽ ഓംവെദ്ത് കൂട്ടിച്ചേർക്കുന്നു.

മറാത്തിഭാഷയിലാണ് എഴുതപ്പെട്ടതെങ്കിലും 'ഗുലാംഗിരി'യുടെ ആമുഖം ആംഗലേയത്തിലാണ്.[6] 16 പ്രബന്ധരൂപശകലങ്ങളും നാല് പദ്യരചനകളും ഉൾക്കൊള്ളുന്ന ഈ കൃതി, ജോതിബ റാവുവും ദോൺഡിബ എന്ന കഥാപാത്രവും തമ്മിൽ നടത്തുന്ന സംഭാഷണരൂപത്തിലാണ് രചിക്കപ്പെട്ടിട്ടുള്ളത്. ആമുഖം തുടങ്ങുന്നത് ഗ്രീക്ക് കവിയായ ഹോമറിന്റെ ഉദ്ധരണിയോടെയാണ്: 'ഒരു മനുഷ്യനെ അടിമത്തത്തിലേക്ക് ചവിട്ടിത്താഴ്ത്തുന്ന ദിവസം ആ വ്യക്തിയുടെ പകുതി ഗുണവും എടുത്തുകളയുന്നു.' ഗുലാംഗിരി, 'അമേരിക്കൻ ഐക്യനാടുകളിലെ നല്ലവരായ മനുഷ്യർക്ക്' ആണ് ഫൂലെ സമർപ്പിച്ചിരിക്കുന്നത്: 'നീഗ്രോ അടിമത്ത'ത്തിന്റെ ഉച്ചാടനത്തിനുവേണ്ടി ഉദാത്തവും നിസ്വാർഥവും ആത്മത്യാഗനിഷ്ഠവുമായ പ്രവർത്തനം നടത്തുന്ന എല്ലാ നല്ലവരായ അമേരിക്കക്കാർക്കുമുള്ള ആദരസൂചകമായി ഇത് സമർപ്പിക്കുന്നു; എന്റെ നാട്ടുകാർ അവരുടെ ശൂദ്രസഹോദരന്മാരെ ബ്രാഹ്മണ അടിമത്തത്തിൽനിന്ന് വിമോചിപ്പിക്കുമെന്ന ദൃഢവും ആത്മാർഥവുമായ ആഗ്രഹത്തോടെ'[7] 'നീഗ്രോ അടിമത്തം' എന്ന വിഷയത്തെപ്പറ്റി ജോതിറാവു ഫൂലെ ആമുഖത്തിൽ എഴുതുന്നു: 'ബ്രാഹ്മണരുടെ വാദമുഖങ്ങൾ ശൂദ്രരുടെ മനസ്സിൽ ഗാഢമായി പതിപ്പിച്ചിട്ടുണ്ട് അമേരിക്കയിലെ നീഗ്രോ അടിമകളെപ്പോലെത്തന്നെ ശൂദ്രരും, അവർക്കുവേണ്ടി പോരാടുകയും അടിമത്തത്തിന്റെ ചങ്ങലകളിൽ നിന്ന് അവരെ സ്വതന്ത്രരാക്കാൻ യത്നിക്കുകയും ചെയ്യുന്നവരെ എതിർക്കുന്നു'[8]. ഫൂലെ വ്യസനപൂർവമാണ് ഇത് പറയുന്നത്. എങ്കിലും ഫൂലെ വിശ്വസിച്ചിരുന്നത്, 'സ്വാതന്ത്ര്യം എന്ന തത്ത്വം' ആണ് അമേരിക്കക്കാരുടെ 'മനുഷ്യസ്നേഹ'ത്തിനു പിന്നിലുള്ളതെന്നും വെള്ളക്കാരായ അമേരിക്കക്കാർ

ആഫ്രിക്കൻ-അമേരിക്കക്കാർക്കുവേണ്ടി പ്രയത്നിക്കുന്നത് കാര്യലാഭത്തിനു വേണ്ടിയല്ലെന്നും സ്വജീവൻപോലും അപകടപ്പെടുത്തിയാണെന്നുമാണ്.

പത്തൊമ്പതാംനൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽത്തന്നെ ആഫ്രിക്കൻ-അമേരിക്കക്കാരെയും ശൂദ്ര-ആദിശൂദ്രവിഭാഗങ്ങളെയും തമ്മിൽ ചേർത്ത് ചിന്തിക്കാൻ ജോതിറാവു ഫൂലെയെ പ്രേരിപ്പിച്ച സാമൂഹികഭൂമിക എന്താവാം? 1847-ൽ ഫൂലെ പഠനം പൂർത്തീകരിച്ചത് പൂനെയിലെ സ്കോട്ടിഷ് മിഷൻ ഇംഗ്ലീഷ് സ്കൂളിലായിരുന്നു. അതേപ്പറ്റി ധനഞ്ജയ് കീർ എഴുതുന്നു: 'അന്ന് ഫൂലേയ്ക്ക് പതിനാല് വയസ്സായിരുന്നു. ഫൂലെയും സുഹൃത്തായ ഗൊവാൻഡെയും ശിവജിയെയും ജോർജ് വാഷിംഗ്ടണെയും പറ്റി വായിച്ചിരുന്നു. എന്നാൽ തോമസ് പെയ്നിന്റെ Rights of Man ആണ് ഫൂലെയെ ഏറ്റവും സ്വാധീനിച്ച പുസ്തകം; പ്രത്യേകിച്ച് മനുഷ്യാവകാശങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്ന കാര്യങ്ങൾ.[9] പ്രശസ്ത രാഷ്ട്രമീമാംസകനായ ക്രിസ്റ്റഫ് ജഫ്രേലോട്ടും സ്കോട്ടിഷ് മിഷൻ സ്കൂളിലെ പഠനകാലം ഫൂലെയുടെ പിൽക്കാല ആശയങ്ങളെ പാകപ്പെടുത്തിയതിന്റെ പങ്കിനെക്കുറിച്ച് പറയുന്നുണ്ട്: 'അമേരിക്കയുടെ സ്ഥാപകപിതാക്കളെ അടുത്തറിഞ്ഞപ്പോഴാണ് സമത്വത്തെക്കുറിച്ചും സ്വാതന്ത്ര്യത്തെക്കുറിച്ചുമുള്ള ആശയങ്ങൾ ഫൂലെയിൽ ഉരുത്തിരിഞ്ഞുവന്നത്. സമത്വവും സ്വാതന്ത്ര്യവും അമേരിക്കൻ ഐക്യനാടുകളിൽ ഉച്ചനിലയിലെത്തിയെന്ന് ഫൂലെ കരുതി. പിന്നീട് ആഫ്രിക്കൻ-അമേരിക്കക്കാരുടെയും ഇന്ത്യയിലെ ദളിതരുടെ ജീവിതപരിതോവസ്ഥയുടെയും പൊരുത്തം അദ്ദേഹത്തിന്റെ ശ്രദ്ധയിൽവന്നു. അമേരിക്കൻസമൂഹം കറുത്തവർഗക്കാർക്ക് അടിമത്തത്തിൽ നിന്ന് സ്വാതന്ത്ര്യം നൽകി എന്നദ്ദേഹം വിശ്വസിച്ചു'[10]

പ്രൊട്ടസ്റ്റന്റ് മിഷനറിമാർ നടത്തിയ സ്കൂളിലെ ഫൂലെയുടെ വിദ്യാഭ്യാസകാലത്തെക്കുറിച്ച് സുനിൽ കിൽനാനി എഴുതുന്നു: 'പ്രൊട്ടസ്റ്റന്റ് മിഷനറിമാർ രാജ്യത്തിന്റെ പല ഭാഗങ്ങളിലും സ്കൂളുകൾ സ്ഥാപിച്ചു. മിഷനറിമാരിൽ പലരും ബൈബിൾ കൈയിലേന്തിയ മതഭ്രാന്തൻമാരായിരുന്നില്ല. അത്തരം ഒരു സ്കോട്ടിഷ് സ്കൂളിൽ വെച്ചാണ് ഫൂലെ ജ്ഞാനോദയാശയങ്ങളെ കണ്ടുമുട്ടുന്നത്. മാർട്ടിൻലൂതറിനെയും ജോർജ് വാഷിംഗ്ടണെയും സർവോപരി തോമസ് പെയിനിനെയും അങ്ങനെയാണ് ഫൂലെ അടുത്തറിയുന്നത്. മനുഷ്യരുടെ മൂല്യങ്ങളെക്കുറിച്ചും അവകാശങ്ങളെക്കുറിച്ചും തോമസ് പെയിനിന്റെ Rights of Man ന്റെ വായനയിലൂടെയാണ് ഫൂലെ, ഇന്ത്യൻ സാമൂഹികയാഥാർത്ഥ്യങ്ങളോട് ചേർത്തുവെച്ച് ആശയരൂപീകരണം നടത്തുന്നത്.[11]

ഫൂലെയുടെ ബ്രാഹ്മണ്യ പ്രത്യയശാസ്ത്രവിരുദ്ധതയും സമത്വത്തെ

പ്പറ്റിയുള്ള സങ്കല്പനങ്ങളും കരുപ്പിടിപ്പിച്ചതിൽ പ്രൊട്ടസ്റ്റന്റ് മിഷനറി ബോധ നശാസ്ത്രം വഹിച്ച പങ്ക് ചെറുതല്ല. ബ്രിട്ടീഷുകാർ ഇന്ത്യയുടെ സമ്പത്ത് ചോർത്തുകയും ഉപഭൂഖണ്ഡത്തെ ദരിദ്രമാക്കുകയും ചെയ്തെങ്കിലും ഫൂലെയ്ക്കും അംബേദ്കർക്കും പുതിയ വ്യവഹാരങ്ങളുടെ വാതിൽ തുറന്നിട്ട് തൽസ്ഥി തിയെ മാറ്റാനുള്ള ബൗദ്ധികോർജ്ജം പ്രദാനം ചെയ്തുവെന്നും അരുന്ധതി റോയ് നിരീക്ഷിക്കുന്നുണ്ട്. ഫൂലെയെ ഇന്ത്യൻ ദേശീയവാദികളുടെ ഗണത്തിൽ പ്പെടുത്തുന്നത് തെറ്റിദ്ധരിപ്പിക്കുന്നതാണെന്നും അദ്ദേഹം ഒരു യഥാർഥ ദേശീ യവാദവിരുദ്ധൻ ആയിരുന്നുവെന്നും മറ്റൊരർത്ഥത്തിൽ ഗെയിൽ ഓംവെദ്ത് എഴുതുന്നു. രാജ്യത്തെ എല്ലാ ശ്രേണീകൃതഘടനകളും വേർതിരിവുകളും മാറ്റി വെച്ച് ഇന്ത്യക്കാർ ഐക്യപ്പെടണമെന്ന ആശയം ഫൂലെയ്ക്ക് ദഹിച്ചിരുന്നി ല്ല. വിദ്യാഭ്യാസമായിരുന്നു, രാഷ്ട്രത്തെയോ ഭൂപ്രദേശത്തെയോ പറ്റിയുള്ള ആശയമായിരുന്നില്ല ഫൂലെയ്ക്ക് സ്വദേശിയും രാജ്യസ്നേഹവും എന്ന് ഗെയ്ൽ ഓംവെത്ത് എഴുതുന്നു.[12]

സ്കോട്ടിഷ് മിഷൻസ്കൂളിലെ പഠനം ഫൂലെയിൽ ചെലുത്തിയ സ്വാധീനവും കേരളത്തിലെ അടിമജാതികളിൽ പ്രൊട്ടസ്റ്റന്റ്മിഷണറികൾ സൃഷ്ടിച്ച സ്വാധീനവും ചേർത്തുവായിക്കാമെന്ന് തോന്നുന്നു. പി. സനൽമോഹൻ ഈ പരിവർത്തനാത്മകമായ മിഷനറി പ്രഭാവത്തെ ഇങ്ങനെ സംക്ഷേപിക്കുന്നു:

> “പ്രൊട്ടസ്റ്റന്റ് മിഷനറി ആഖ്യാനങ്ങളിലാണ് അടിമജാതികൾ ആദ്യ മായി മനുഷ്യരായി കണക്കാക്കപ്പെട്ടത്. ഈ ആഖ്യാനങ്ങളിൽ മാത്ര മാണ് അടിമജാതികൾ ശരീരവും ആത്മാവും വികാരവും വിചാരവും ഭൂതവും വർത്തമാനവും ഭാവിയുമുള്ള, എല്ലാറ്റിലുമുപരി പേരുമുള്ള മനുഷ്യരായി പരിഗണിക്കപ്പെടുന്നത്... .... ഡിക്ക് കുയ്മാനെപ്പോലുള്ള ചരിത്രകാരൻമാരും ദേശീയവാദസമീപനമുള്ള ചരിത്രകാരൻമാരും വാദിക്കുന്നത് അടിമജാതികളുടെ മതപരിവർത്തനം ജീവിത സാ ഹചര്യങ്ങളാൽ പ്രചോദിതമായി നടന്നതാണെന്നും ക്രിസ്തുമതത്തി ലെ പാപ-പശ്ചാത്താപ ചിന്തകളല്ല അവരെ നയിച്ചതെന്നുമാണ്. എന്നാൽ തിരുവിതാംകൂറിലെ അടിമജാതികൾക്ക് മിഷണറിമാർ പുതിയ മതശൈലീ വ്യവഹാരവും അനുഷ്ഠാനങ്ങളും പരിചയപ്പെടു ത്തി. അതാണ് അവർക്ക് പുതിയ കർതൃത്വം പ്രദാനം ചെയ്തത്. ക്രി സ്തുമതത്തിലെ പത്തു കല്പനകൾ, വിശുദ്ധത്രിത്വ സങ്കല്പം, വിശ്വാസം, പാപം, പശ്ചാത്താപം, കുറ്റസമ്മതം തുടങ്ങിയവ അടിമജാതികളിൽ ഒരു പുതുമന:സ്ഥിതി ഉരുത്തിരിച്ചു. അതാണ് സ്വാതന്ത്ര്യത്തെക്കുറിച്ചും വിമോചനത്തെക്കുറിച്ചും ഭാവന ചെയ്യാനുള്ള ഉൾക്കരുത്തും നിർ

> വാഹകത്വവും അവർക്ക് നൽകിയത്. അടിമജാതികൾക്കിടയിൽ പ്രവർത്തിച്ച ചർച്ച് മിഷനറി സൊസൈറ്റിയാണ് ജോലി, സമയം, വിശ്രമം, മിതവ്യയം, കുടുംബജീവിതം, ഭക്ഷണം, വസ്ത്രധാരണം, വീട് എന്നിവയെപ്പറ്റി അവർക്ക് പുതിയ ആശയങ്ങൾ നൽകിയത്. ഇവ മിഷനറിമാരുടെ 'ശുചിത്വം' എന്ന കേന്ദ്രാശയത്തെ അടിസ്ഥാനമാക്കിയായിരുന്നുവെങ്കിലും സ്വാതന്ത്ര്യവും സമത്വവും അതേ അളവിൽ ത്തന്നെ മിഷനറിമാർക്ക് പ്രാധാന്യമുള്ളതായിരുന്നു".[13]

അടിമത്തം അവസാനിപ്പിച്ച അമേരിക്കക്കാരെ അഭിവാദനം ചെയ്ത് ഫൂലെ എഴുതി:

> "മറ്റാരെക്കാളും ഇതിനെ വിലമതിക്കുക ശൂദ്രരും ആദി ശൂദ്രരുമാണ്. ഒരു അടിമയായിരിക്കുക എന്ന അവസ്ഥ അടിമയ്ക്ക് മാത്രമേ മനസ്സിലാക്കാൻ കഴിയൂ. അടിമത്തത്തിന്റെ ചങ്ങലകളിൽ നിന്ന് മോചിപ്പിക്കപ്പെടുന്നതിന്റെ ഹർഷാതിരേകവും അടിമകൾക്കു മാത്രമേ ഗ്രഹിക്കാൻ കഴിയൂ... കറുത്തവർഗക്കാരെ പിടിച്ചെടുത്ത് തടവുകാരാക്കി അടിമകളായി വിൽക്കുകയായിരുന്നുവെങ്കിൽ ശൂദ്ര-ആദിശൂദ്ര ജനവിഭാഗങ്ങളെ ഭട്ടന്മാരും ബ്രാഹ്മണരും കീഴടക്കി അടിമകളാക്കുകയായിരുന്നു. ഈ ഒരു വ്യത്യാസമൊഴിച്ച് രണ്ടു കൂട്ടരുടെയും അവസ്ഥ വളരെ സാമ്യമുള്ളതായിരുന്നു. കറുത്ത ജനവിഭാഗം അനുഭവിച്ച എല്ലാ ദുരിതങ്ങളിലൂടെയും ദുരന്തങ്ങളിലൂടെയും ശൂദ്രരും ആദിശൂദ്രരും കടന്നുപോയിട്ടുണ്ട്. ഒരുപക്ഷെ, ഇവർ ബ്രാഹ്മണരിൽ നിന്ന്കൂടുതൽ ക്ലേശം അനുഭവിച്ചിട്ടുണ്ട്".[14]

### അംബേദ്കറും 'കറുത്ത അമേരിക്കയും'

അമേരിക്കയിലെ അടിമത്തത്തെക്കുറിച്ചും ആഫ്രിക്കൻ-അമേരിക്കക്കാരുടെ ഔപചാരികമായ അടിമത്ത നിരോധനത്തിനുശേഷം അവർ അഭിമുഖീകരിച്ചിരുന്ന കടുത്ത വിവേചനത്തെക്കുറിച്ചും ബി.ആർ. അംബേദ്കർക്കുണ്ടായിരുന്ന ധാരണ വ്യത്യസ്തമായിരുന്നു. ജോതിറാവു ഫൂലെയെപ്പോലെ അടിമത്തനിരോധനം നടപ്പിൽ വരുത്തിയ അമേരിക്കയെ കാല്പനികവത്കരിക്കാൻ അംബേദ്കറുടെ ഭാഗത്തുനിന്ന് ഒരു ഉദ്യമവുമുണ്ടായില്ല. മറിച്ച്, അമേരിക്കൻ അടിമത്തത്തെ അപേക്ഷിച്ച് അത്യന്തം നീചവും നികൃഷ്ടവുമാണ് ഇന്ത്യയിലെ ജാതിവ്യവസ്ഥയും അയിത്തവും ജാതി അടിമത്തവും എന്നായിരുന്നു അംബേദ്കറുടെ സുചിന്തിതമായ നിലപാട്. 'അടിമകളും അയിത്തജാതികളും' (Slaves and Untouchables) എന്ന പ്രബന്ധത്തിൽ ഈ രണ്ട് മനുഷ്യത്വശൂന്യമായ വ്യവസ്ഥകളെയും അംബേദ്കർ താരതമ്യം ചെയ്യുന്നു:

'അടിമത്തം (അമേരിക്കയിലെ) ഒരിക്കലും നിയമബദ്ധ കർത്തവ്യമായിരുന്നില്ല. അടിമത്തവുമായി ബന്ധപ്പെട്ട നിയമങ്ങൾ അടിമകളുടെ വിമോചനത്തിന് അവസരം നൽകുന്നുണ്ട്. ഒരിക്കൽ അടിമയായിത്തീർന്നാൽ എല്ലാക്കാലത്തും അടിമയായി തുടരണമെന്നത് അമേരിക്കനടിമകളുടെ ഭാഗധേയമായിരുന്നില്ല. പക്ഷേ, ഒരിക്കൽ അയിത്തജാതിക്കാർ ആയാൽ എക്കാലത്തും അവർ അയിത്തജാതിക്കാർ തന്നെയാണ്. മറ്റൊരു വ്യത്യാസമുള്ളത്, അയിത്തം അടിമത്തത്തിന്റെ പരോക്ഷരൂപമാണെന്നാണ്. മനുഷ്യരുടെ സ്വാതന്ത്ര്യം പ്രത്യക്ഷമായിത്തന്നെ അപഹരിച്ച് അടിമകളാക്കുന്നതാണ് അമേരിക്കയിലെ രീതി. ഇത് 'മെച്ചപ്പെട്ട' മാർഗമാണ്. കാരണം, ഇത് അടിമയെ അടിമത്തത്തെക്കുറിച്ച് ബോധമുള്ളവരാക്കി മാറ്റുകയും സ്വാതന്ത്ര്യത്തിനായുള്ള പോരാട്ടത്തിന്റെ പ്രഥമവും പ്രധാനവുമായ പടിയാക്കി മാറ്റുകയും ചെയ്യുന്നു. മനുഷ്യരുടെ സ്വാതന്ത്ര്യം പരോക്ഷമായാണ് എടുത്തുകളയുന്നതെങ്കിൽ അവർക്ക് അടിമവത്കരണത്തെക്കുറിച്ച് ബോധമുണ്ടാകില്ല. ഇതാണ് അയിത്തത്തെ കൂടുതൽ ഹീനമാക്കുന്നത്.[15]

എന്നാൽ ദളിത്പഠനങ്ങളിൽ വ്യാപൃതയായിരുന്ന എലനോർ സെലിയറ്റ് (1926-2016) 'ബി.ആർ അംബേദ്കറുടെ അമേരിക്കനനുഭവം' (The American Experience of B.R Ambedkar) എന്ന പ്രബന്ധത്തിൽ (ഈ പ്രബന്ധം അവരുടെ 'From Untouchable to Dalit' എന്ന ഗ്രന്ഥത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്) എഴുതുന്നു: 'അംബേദ്കറുടെ രചനകളിൽ അമേരിക്കയിലെ 'നീഗ്രോ'കളും ഇന്ത്യയിലെ അയിത്തജാതിക്കാരും തമ്മിലുള്ള പ്രത്യക്ഷമായ താരതമ്യം കാണാൻ കഴിയില്ല.[16] അമേരിക്കയിലെ അടിമകളും ഇന്ത്യയിലെ അയിത്തജാതിക്കാരും തമ്മിലുള്ള താരതമ്യം മേൽസൂചിപ്പിച്ച പ്രബന്ധത്തിൽ അംബേദ്കർ നടത്തുന്നുണ്ട് എന്നു മാത്രമല്ല അടിമത്തത്തെക്കുറിച്ച് വെള്ളക്കാരായ അമേരിക്കക്കാർക്ക് ഉള്ളതു പോലുള്ള സാമൂഹികവും സാമാന്യവുമായ ഒരു ധർമബോധം ജാതിഹിന്ദുക്കൾക്കില്ല എന്നും അദ്ദേഹം അതിൽ പറയുന്നുണ്ട്.

രണ്ട് അടിച്ചമർത്തപ്പെട്ട വിഭാഗങ്ങൾ തമ്മിൽ പ്രത്യക്ഷ താരതമ്യ ചിന്തനത്തിന് അംബേദ്കർ മുതിരുകയുണ്ടായിരുന്നില്ല എന്ന എലനോർ സെലിയറ്റിന്റെ നിരീക്ഷണത്തിനു പിന്നിലുള്ള കാരണത്തെക്കുറിച്ച് എസ്. ഡി കപൂർ നൽകുന്ന വിശദീകരണമിതാണ്: 'രണ്ട് അടിച്ചമർത്തപ്പെട്ട വിഭാഗങ്ങൾ തമ്മിലുള്ള പ്രത്യക്ഷ താരതമ്യവിചാരം അംബേദ്കറിന്റെ രചനകളിൽ കാണുന്നില്ല എന്ന് എലനോർ സെലിയറ്റ് പ്രസ്താവിക്കുന്നതിന്റെ

പിന്നിലുള്ളത് അംബേദ്കർ അയിത്തത്തിന് ഒരു വംശീയാടിസ്ഥാനം (racial basis) കല്പിച്ചിരുന്നില്ല എന്നതത്രെ.[17] ഇതുകൊണ്ടാണ് അംബേദ്കർ ആക്കൻ-അമേരിക്കക്കാരുടെ പോരാട്ടങ്ങളാൽ സ്വാധീനിക്കപ്പെട്ടിരുന്നില്ല എന്നും അമേരിക്കൻ സംസ്കാരത്തെപ്പറ്റിയുള്ള അംബേദ്കറുടെ അറിവ് സ്വരാജ്യത്തെ സാമൂഹികാവസ്ഥയെ അപഗ്രഥിക്കാൻ അദ്ദേഹം ഉപയോഗപ്പെടുത്തിയില്ല എന്നുമുള്ള നിഗമനത്തിലേക്ക് സെലിയറ്റ് എത്തിച്ചേരുന്നത്. സെലിയറ്റിനെ സംബന്ധിച്ചിടത്തോളം 'അംബേദ്കറുടെ അമേരിക്കനനുഭവം' മുഖ്യമായും അദ്ദേഹത്തെ പ്രതിബദ്ധമാക്കിയത് പ്രായോഗികവും അയവുള്ളതുമായ ഒരു ജനാധിപത്യവ്യവസ്ഥ ഇവിടെ വികസിപ്പിക്കുന്നതിലായിരുന്നു'. അങ്ങനെ സെലിയറ്റ്, വെള്ളക്കാരായ അമേരിക്കക്കാരുടെ സമത്വാധിഷ്ഠിത സമൂഹസൃഷ്ടിയുടെ പരിശ്രമത്തിലുള്ള ഏകമുഖതാല്പര്യത്തിൽ അംബേദ്കറുടെ അമേരിക്കൻ അനുഭവത്തെ വെട്ടിച്ചുരുക്കി.

അമേരിക്കൻ ജനാധിപത്യത്തിന്റെ വേഷഭൂഷകൾ അംബേദ്കർക്കു മുൻപിൽ തുറന്നുവയ്ക്കപ്പെട്ടപ്പോൾ തന്നെ കറുത്ത അമേരിക്കയുടെ (Black America) തിക്തയാഥാർഥ്യവും അദ്ദേഹത്തിന് ദൃശ്യമായിരുന്നു. എന്നാൽ അംബേദ്കറുടെ അനുഭവത്തിലെ ഈ കറുത്ത അമേരിക്കയുടെ ഭാഗം വേണ്ടത്ര ശ്രദ്ധയിൽപ്പെടാതെ പോവുകയോ ഗൗരവപൂർണമായ ഗവേഷണത്തിന് വിഷയീഭവിക്കുകയോ ചെയ്തില്ലെന്ന് കപൂർ തുടർന്നെഴുതുന്നു.[18]

അംബേദ്കർ കൊളംബിയ സർവകലാശാലയിൽ പഠിക്കുന്ന കാലത്ത് (1913-16) ബ്ലാക്ക് അമേരിക്കയുടെ ചരിത്രത്തിലെ ഒരു നിർണായകഘട്ടമായിരുന്നു. ഹാർലം നവോത്ഥാനത്തിന്റെ ആരംഭകാലമായിരുന്നു അത്. ആഫ്രിക്കൻ-അമേരിക്കക്കാരുടെ വംശീയവിവേചനത്തിനെതിരായ പോരാട്ടം അമേരിക്കൻ ആഭ്യന്തരയുദ്ധത്തിനും ഭരണഘടനയുടെ പതിനഞ്ചാം ഭേദഗതിക്കു ശേഷവും തുടരുന്നുണ്ടായിരുന്നു. ആഫ്രിക്കൻ-അമേരിക്കൻ എഴുത്തുകാരും ചിന്തകരും കലാകാരൻമാരും കറുത്ത വർഗക്കാരുടെ ജീവിതാസ്തിത്വത്തിന്റെ വശങ്ങളെ വെള്ളക്കാരിൽ നിന്ന് വേർതിരിച്ച് കാണാൻ തുടങ്ങിയിരുന്നു. വെള്ളക്കാർ വിഭാവനം ചെയ്ത ആഫ്രിക്കൻ-അമേരിക്കൻ അസ്തിത്വത്തിൽ നിന്നുള്ള വിടുതലിനായുള്ള സമരമാണ് അക്കാലത്ത് നടന്നത്. കൊളംബിയ സർവകലാശാല ഹാർലമിന്റെ സമീപവുമായിരുന്നു. ഹാർലം നവോത്ഥാനകാലത്ത് സംഭവിച്ചുകൊണ്ടിരിക്കുന്ന ചലനങ്ങളെപ്പറ്റി അംബേദ്കർക്ക് ബോധ്യമില്ലാതിരിക്കാൻ അതുകൊണ്ടുതന്നെ ഒരിടയുമില്ല.

അക്കാലത്ത് ആഫ്രിക്കൻ-അമേരിക്കൻ ചിന്തകരായ ബുക്കർ ടി.

വാഷിംഗടണും ഡബ്ല്യൂ.ഇ.ബി. ഡുബോയിസും തമ്മിൽ ആഫ്രിക്കനമേരിക്ക ക്കാരുടെ പ്രശ്നങ്ങളെ സംബന്ധിച്ച് വാദപ്രതിവാദങ്ങളുമുണ്ടായിരുന്നു. ഇരുവ രുടെയും വിദ്യാഭ്യാസത്തെപ്പറ്റിയുള്ള സമീപനം എതിർധ്രുവങ്ങളിലായിരുന്നു. ബുക്കർ ടി. വാഷിംഗ്ടനും ഡുബോയിസും ആഫ്രിക്കൻ-അമേരിക്കക്കാർ നേടേണ്ട വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ തീക്ഷ്ണമായി വിയോജിച്ചു. ബുക്കർ ടി.വാഷിംഗ്ടൺ, ആഫ്രിക്കൻ-അമേരിക്കക്കാർ വെള്ളക്കാരെപ്പോലെ ആവാനല്ല കാംക്ഷിക്കേണ്ടതെന്നും തങ്ങൾക്ക് ചെയ്യാൻ പറ്റുന്ന ജോലികളിൽ സംതൃപ്തി കണ്ടെത്തണമെന്നുമുള്ള പക്ഷക്കാരനായിരുന്നു. താൻ സ്ഥാപിച്ച ടസ്ഗീ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങളിലാണ് വാഷിംഗ്ടൺ വ്യാപൃത നായിരുന്നത്. ആഫ്രോ-അമേരിക്കക്കാരെ മെക്കാനിക്കൽ ജോലികൾ പരിശീലിപ്പിക്കുന്നതിലായിരുന്നു ആ സ്ഥാപനം അക്കാലത്ത് ശ്രദ്ധ കേന്ദ്രീക രിച്ചിരുന്നത്. എന്നാൽ ഡുബോയിസിന്റെ നിലപാട് വിപ്ലവാത്മകമായിരുന്നു. ആഫ്രിക്കൻ-അമേരിക്കക്കാർ ഏറ്റവും മികച്ച വിദ്യാഭ്യാസം നേടണമെന്നും വെള്ളക്കാരോട് മൽസരിക്കാനും അവരോടൊപ്പം കിടപിടിക്കാനുമുള്ള പ്രാപ്തി കൈവരിക്കണമെന്നും ഡുബോയിസ് വാദിച്ചു. വെറും മെക്കാനിക്കൽ ജോലികളിൽ അവരെ തളച്ചിടരുത്.[19]

എ.എൻ. രാജശേഖര ഇതേപ്പറ്റി എഴുതുന്നു: 'അമേരിക്ക സൃഷ്ടിച്ച ഏറ്റവും ശ്രദ്ധേയ വ്യക്തിത്വമായിരുന്നു ജോർജ് ടി.വാഷിംഗ്ടൺ. അടിമസ്ത്രീയുടെ മകനായി ജനിച്ച് സ്വദർശനവും സ്ഥിരോൽസാഹവും കൊണ്ട് നേതാവായി ത്തീർന്ന വ്യക്തി. അമേരിക്കയിലെ പഠനകാലത്ത് ജോർജ് ടി. വാഷിംഗ്ട ണെപ്പറ്റി പലപാട് കേട്ടിരിക്കാനിടയുള്ള അംബേദ്കറിൽ അദ്ദേഹത്തിന്റെ സ്വാധീനം അശേഷം ഇല്ലായിരുന്നു എന്ന് പറയുന്നത് അചിന്ത്യമാണ്.[20] രാജശേഖരയുടെ പുസ്തകത്തിന്റെ അവസാനംഅംബേദ്കർ ഡുബോയിസിന് എഴുതിയ കത്തിനെപ്പറ്റിയും പരാമർശിക്കുന്നുണ്ട്.[21] 1946 ജൂലൈ 2-നാണ് ഈ കത്ത് ജോർജിയയിലെ അറ്റ്ലാന്റ സർവകലാശാലയുടെ മേൽവി ലാസത്തിൽ അംബേദ്കർ ഡുബോയിസിന് അയക്കുന്നത്. ഡുബോയിസ് അപ്പോൾ അവിടെ പ്രൊഫസറായിരുന്നു. ഇന്ത്യയിലെ അയിത്തജാതിക്കാ രുടെ പ്രശ്നം പുതുതായി രൂപംകൊണ്ട ഐക്യരാഷ്ട്രസഭയിൽ ഉയർത്താനുള്ള സാധ്യതകൾ ആരായുന്നതായിരുന്നു കത്ത്. അംബേദ്കർക്ക് തീർച്ചയായും ഡുബോയിസിനെ അറിയാമായിരുന്നുവെന്നും ഡുബോയിസിന്റെ കൃതികൾ അംബേദ്കർ വായിച്ചിരിക്കാമെന്നുമാണ് ഇതെല്ലാം വെളിപ്പെടുത്തുന്നത്.[22]

വംശത്തെയും ലിംഗപദവിയെയും വർഗ-ഭാഷാ-പ്രദേശാതിർത്തി

കൾക്കപ്പുറമുള്ള സാമൂഹികയാഥാർഥ്യമെന്ന നിലയിൽ പ്രശ്നവത്കരിച്ചുള്ള പഠനമനനങ്ങൾ പോൾ ഗിൽറോയ്, റ്റോണി മോറിസൺ, ബെൽ ഹുക്സ്, ആഞ്ജല ഡേവിസ് തുടങ്ങിയ പാശ്ചാത്യ അക്കാദമിക ധൈഷണികരും ജാതി-ലിംഗപദവികളെ പ്രശ്നവത്കരിക്കുന്ന പഠനങ്ങൾ ഇന്ത്യയിൽ ഗോപാൽ ഗുരു, ഷർമിള റെഗെ, ഉമ ചക്രവർത്തി ഗെയ്ൽ ഓംവെത്ത് തുടങ്ങിയ മറ്റു ചിലരും നടത്തിയിട്ടുണ്ട്. ഇസബെൽ വിൽകെർസണിന്റെ പഠനം 'ജാതി' എന്ന പൊതുശീർഷകത്തിൽ അമേരിക്കയിലും ഇന്ത്യയിലും അഭംഗുരം തുടരുന്ന വംശീയ ജാതീയഹിംസയെയും അപമാനവീകരണത്തെയും അഭിസംബോധന ചെയ്യുന്നു. വംശ-ജാതി-ലിംഗ വിവേചനങ്ങൾക്കെതിരെ ആഗോളമായി ഒരു ധൈഷണിക സമരമുഖം തുറക്കപ്പെടുന്നതിന്റെ നിദർശന മായി ഇവയെല്ലാം കാണാം. ജോതിബ ഫുലെയും അംബേദ്കറും ആ ദിശയിൽ പ്രാരംഭ നിരീക്ഷണങ്ങളും ഉൾക്കാഴ്ചകളും മുന്നോട്ടുവെച്ചവരത്രെ.

## കുറിപ്പുകൾ

1 Sukhadeo Thorat and Umakant (ed).,2004. Caste, Race, and Discrimination – Discourses in International Context, New Delhi: Rawat. Balmurali, Natartajan and Paul Greenough,2009, Against Stigma: Studies in Caste, Race and Justice since Durban. Hydrebad: Orient Blackswan.

2 Isabel Wilkerson, 2020,Caste: The Lies that Divide Us. India, UK: Allen Lane/Penguin Random House.

3 Romila Thapar, The Past as Present: Forging Contemporary Identities Through History, New Delhi: Aleph Book Company, 2014, p. 48.

4 Irfan Habeeb, The Indus Civilization, New Delhi: Tulika Books, 2015, pp. 83-84..

5 Gail Omvedt, Jotirao Phule and the Ideology of Social Revolution in India, New Delhi: Critical Quest, 2004, p. 48.

6 'നീഗ്രോ' എന്ന വാക്ക് സാമൂഹികമായി അസ്വീകാര്യമല്ലാതായിട്ട് ആറ് പതിറ്റാണ്ടെങ്കിലുമായി. 1967-ൽ അമേരിക്കൻ പൗരാവകാശ പ്രസ്ഥാനത്തിന്റെയും ആഗോള പാൻ ആഫ്രിക്കൻ പ്രസ്ഥാനത്തിന്റെയും സംഘാടകരിലൊരാളായ സ്റ്റോക് ലി കാർമെക്ക്ൾ 'Black Power: The Politics of Liberation in America' എന്ന പുസ്തകം പ്രസിദ്ധീകരിച്ചതോടെ നീഗ്രോ എന്ന പ്രയോഗം കറുത്തവർ (Black) എന്ന വാക്കിന് വഴിമാറി. തുടർന്ന് പ്രബല ബ്ലാക്ക് പ്രസിദ്ധീകരണമായ Ebony പോലുള്ളവ ബ്ലാക്ക് എന്ന പദം ഉപയോഗിച്ചു തുടങ്ങി. ഡബ്ല്യു.ഇ.ബി. ഡുബോയിസ് അദ്ദേഹത്തിന്റെ രചനകളിൽ 'Colored'

എന്ന വാക്കിന് പകരം നീഗ്രോ തന്നെയാണ് ഉപയോഗിച്ചിരുന്നത്. പദോത്പത്തിപരമായും സ്വരസൂചകപരമായും കൂടുതൽ അഭിലഷണീയം നീഗ്രോ ആണെന്ന് ഡുബോയിസ് വാദിച്ചിരു ന്നുവെങ്കിലും പിന്നീട് അദ്ദേഹവും 'ബ്ലാക്' ഉപയോഗിക്കാൻ തുടങ്ങി. 1980-കളിൽ ജെസ്സി ജാക്സന്റെ നേതൃത്വത്തിലാണ് 'ആഫ്രിക്കൻ-അമേരിക്കൻ' എന്ന പ്രയോഗം പ്രചാരം നേടിയത് ഇപ്പോൾ അമേരിക്കയിലെ കറുത്ത വർഗക്കാരെ കുറിക്കാൻ 'ആഫ്രിക്കൻ-അമേരിക്കൻ' എന്ന വാക്കാണ് വ്യാപകമായി ഉപ യോഗിക്കുന്നത്. ജോതിറാവു ഫൂലെ എഴുതുന്ന കാലത്ത് നീഗ്രോ എന്ന വാക്കിനു തന്നെയായിരുന്നു പ്രചുര പ്രചാരം; അത് വെള്ളക്കാർ ഉണ്ടാക്കിയ വാക്കായിരുന്നുവെങ്കിലും. ഫൂലെയുടെ പാഠത്തിലെ പ്രയോഗം അതേപടി നിലനിർത്തുകയാണ് ഈ പ്രബന്ധത്തിൽ ചെയ്തിട്ടുള്ളത്, ഈ പ്രബന്ധത്തിലെ മറ്റിടങ്ങളിൽ 'ആഫ്രിക്കൻ-അമേരിക്കക്കാർ' എന്നുതന്നെയാണ് എഴുതിയിരിക്കുന്നത്..

7 G.D Deshpande, (ed.), Selected Works of Jotirao Phule, New Delhi: LeftWord Books, 2002, p. 38.

8 Dhananjay Keer, Mahatma Jotirao Phule, Bombay: Popular Prakashan, 1974, pp. 13-14.

9 Christophe Jeffrelot, Dr. Ambedkar and Untouchability, New Delhi: Permanent Black, 2005, p.15.

10 Sunil Khilnani, Incarnations: A History of India in 50 Lives, Penguin Random House, Gurgaon, 2026, p. 179.

11 Ibid., p.178

12 Sanal Mohan, Modernity of Slavery: Struggles Against Caste Inequality in Colon-al Kerala, New Delhi: Oxford University Press, pp.83-84.

13 Dananjay Keer, Mahatma Jotirao Phule, p. 40

14 Ambedkar Writings and Speeches, Vol. 5, (compiled by Vasant Moon), Education Department, Government of Maharashtra, 1989, p.15

15 Eleanor Zelliot, From Untouchable to Dalit, New Delhi: Manohar, 1988, pp. 79-80.

16 ന്യൂയോർക്ക്നഗരത്തിലെമാൻഹാട്ടൻഅയൽപക്കമായഹാർലമിലാണ്1910 1930 കാലത്ത് ആഫ്രിക്കൻ-അമേരിക്കൻ സംസ്കാര ത്തിന്റെയും കലയുടെയും ചിന്തയുടെയും ആവേശകരമായ വിസ്ഫോടനം സംഭവിച്ചത് പത്തൊമ്പതാം നൂറ്റാണ്ടിന്റെ അന്ത്യപാദം വരെ വെള്ളക്കാരായ വരേണ്യ അമേരിക്കക്കാരുടെ ആവാസകേന്ദ്രമായിരുന്നു ഹാർലം. ഇരുപതാംനൂറ്റാണ്ടിന്റെ തുടക്കത്തിൽ ബ്ലാക്ക് ബൊഹീമിയ എന്നറിയപ്പെട്ടിരുന്ന സമീപ പ്രദേശത്തുനിന്ന് ആഫ്രിക്കൻ-അമേരിക്കക്കാർ ഹാർലമിൽ വന്ന് താമസിക്കാൻ തുടങ്ങി. ഇക്കാലത്തുതന്നെ അമേരിക്കയുടെ ദക്ഷിണഭാഗത്തുനിന്ന് ഉത്തരഭാഗത്തേക്ക്

ആഫ്രിക്കൻ-അമേരിക്കക്കാരുടെ കുടിയേറ്റവും നടക്കുന്നുണ്ടായിരുന്നു. ഡബ്ല്യു .ഇ.ബി ഡുബോയിസ് ഒക്കെ അങ്ങനെയാണ് ഉത്തര അമേരിക്കയിലെത്തിയത്. ഇത് മഹാകുടിയേറ്റം എന്നറിയപ്പെടുന്നു. 1929-ൽ ആരംഭിച്ച മഹാസാമ്പത്തികമാന്ദ്യമാണ് ഹാർലം നവോത്ഥാനത്തെ പരീക്ഷണമാക്കിയത്.

17 S.D. Kapoor, 'B.R Ambedkar, WEB. DuBois and the Process of Liberation, Economic and Political Weekly, December 27, 2003, pp. 5344 – 49.

18 Ibid

19 A.N Rajasekhariah, B.R Ambedkar: The Politics of Emancipation, Bombay: Sindhu Publication, 1994, p. 11.

20 എ.എൻ രാജശേഖര ഈ കത്ത് കണ്ടെടുക്കുന്നത് ബോംബെയിലെ സിദ്ധാർഥ് കോളേജ് ലൈബ്രറിയിൽ നിന്നാണ്. അംബേദ്കർ ക്യാബിനറ്റ് മിഷനുമായും ദേശീയപ്രസ്ഥാന നേതാക്കളുമായും കത്തിടപാടുകൾ സൂക്ഷിച്ച ഫയലിൽ നിന്നാണ് ഈ കത്ത് കിട്ടിയത്.

## ആധാരസൂചി

1. Ambedkar Writings and speeches Vol. 5. (compiled by Vasant Moon),1989,Bombay: Education Department, Govt. of Maharashtra.

2. Deshpande, G.D. (ed). 2002, Selected Works of Jotirao Phule, New Delhi: Left word Books.

3. Gilroy, Paul. 1993, The Black Atlantic Modernity and Double Consciousness. London: Verso.

4. Gramsci, Antonio (ed; trans. By Quintine Hoare and Geoffry Nowellsmith). 1987, Selections from the Prison Notebook. New York: International Publishers.

5. Herman, Gad and James, Walvin, eds. 2003, The Slavery Reader. New York: Routledge.

6. Jadhav, Narendra. 2014, Ambedkar: Awakening India's Social Conserance. New Delhi: Konark Publishers International.

7. Jeffrelot, Christophe. 2005. Dr. Ambedkar and Untouchability. New Delhi. Permanent Black.

8. Keer, Dhananjay. 1974. Mahatma Jotirao Phule. Bombay: Popular Prakashan.

9. Mohan, Sanal. 2015. Modernity of Slavery: Struggles Against Caste Inequality in Colonial Kerala. New Delhi: Oxford University Press.

10. Omvedt, Gail. 2004. Ambedkar: Towards an Enlightened India. New Delhi: Penguin.

11. Rajasekhariah, A.N. 1994. B.R Ambedkar: The Politics of Emancipation. Bombay: Sindhu Publication.

12. Roy, Arundhati. 2014. The Doctor and the Saint. Gurgaon: Penguin Random House.

13. Saradamani, K. 1980 Emergence of a Slave Caste.: Pulayas of Kerala. Delhi: Peoples Publishing House.

14. Thapar, Romila. 2008. The Aryan: recasting Constructs. New Delhi: Three Essays Publications.

15. Thorat, S.K. and Umakant, (eds). 2004. Caste, Race, and Discrimination: Discourses in International Context. New Delhi: Rawat.

16. Zelliot, Eleanor. 1988. From Untouchable to Dalit. New Delhi: Manohar.

17. Zinn, Howard and Anthony Arnove. 2004. Voices of a People's History of the United States. New York: Seven Stories Press.

## Journals

1. Kapoor, S.D. 2003. 'B.R Ambedkar, W.E.B. DuBois and the Process of Liberation' Economic and Political Weekly, 27 December: 5344-5349.

2. Natarajan, Balmurli. 2007. 'Misrepresenting Caste and Race', Seminar, April.

*shinasamm@gmail.com*

# Slavery, Colonial Rule and Tribal History: Analyzing the 'Adiyas' and 'Paniyas' of Kerala through the Colonial Archives

Parvathy P.

Doctoral Research Scholar, Dept. of Cultural Studies, EFLU, Hyderabad.

## Abstract

കേരളചരിത്രത്തിന്റെ മധ്യകാലഘട്ടത്തിൽ ഫ്യൂഡലിസത്തെ തുടർന്ന് നിലനിർത്തിയിരുന്ന ഒന്നാണ് അടിമത്തം. സാമ്പത്തികവും സാമൂഹികവും രാഷ്ട്രീയവുമായ നിരവധി സംഭവങ്ങൾ അടിമത്തവ്യവസ്ഥിതിക്ക് കാരണമായി. അങ്ങനെ കരുതുമ്പോൾ തന്നെ ഇവയുടെ ആദിരൂപമാതൃകയിലേക്ക് ഇറങ്ങി പരിശോധിച്ചാൽ പല വേർതിരിവുകളും മേൽ-കീഴ്ദ്വന്ദ്വങ്ങളെ സ്ഥാപിച്ചെടു ക്കാൻ ഉണ്ടാക്കിയെടുത്തവയല്ലെന്ന് ബോധ്യമാകും. കാലാനുസൃതമാറ്റങ്ങളാൽ അവയെ ചില അധീശതാല്പര്യങ്ങൾ മാറ്റിയെടുത്തതാണ്. കേരളസംസ്കാര ത്തിൽ ആര്യാഗമനം ഉണ്ടാക്കിയ മാറ്റങ്ങളുടെ ഒരു ഉപോല്പന്നമാണ് അടി മത്തവും.സംസ്കാരത്തിലും സമൂഹജീവിതത്തിലും എന്തിന്, ആരാധനയിൽ പോലും അരികുവൽക്കരണമുണ്ടായതോടെ മേധാവിത്വം സ്ഥാപിച്ചെടുത്ത് അടിമ-ഉടമ സംസ്കാരത്തെ രൂപപ്പെടുത്തി. എ.ഡി എട്ടാം നൂറ്റാണ്ടോടെ ആര്യാധിനിവേശം ഉന്നതാവസ്ഥയിൽ എത്തിച്ചേർന്നു.തുടർന്ന് ദ്രാവിഡരായ സ്വദേശികൾക്കുമേൽ ആധിപത്യം സ്ഥാപിച്ചുകൊണ്ട് അടിമത്തസമ്പ്രദായം നിലവിൽവന്നു. ജാതിവ്യവസ്ഥ തൊഴിൽ എന്ന അടിസ്ഥാനത്തിൽ നിന്ന് താഴ്ച-ഉയർച്ചകൾക്ക് വഴിമാറി. താഴ്ന്നജാതിക്കാരായി മാറിയവരെ അടിമക ളായി കണക്കാക്കി. മൃഗങ്ങളെപ്പോലെ യജമാനനാൽ വില്ക്കുകയും വാങ്ങുകയും

ചെയ്യാവുന്ന വിധത്തിൽ അതുമാറി. മധ്യകാലഘട്ടത്തിൽ നിരന്തരമുണ്ടായ നാട്ടുരാജാക്കന്മാരുടെ യുദ്ധവും അടിമത്തവ്യവസ്ഥിതിയെ ഊട്ടിയുറപ്പിച്ചു. തടവുകാർ അടിമകളായി മാറി. സാമുവൽ മാറ്റീർ Native life in Travancore എന്ന പുസ്തകത്തിൽ ഉദ്ധരിക്കപ്പെട്ട ഒറ്റ വാചകത്തിൽ നിന്നും അടിമവ്യവസ്ഥിതിയുടെ ഭയാനകത വ്യക്തമാകും. "People had to throw their children to slavery for a quarter of a rupee." ദാരിദ്ര്യത്തിന്റെയും ഉടമസ്ഥതയുടെയും പരിസരത്തിൽ വില്പന വസ്തുക്കൾ ആകേണ്ടി വന്ന ഒരു സമൂഹം ഉണ്ടായിരുന്നു.എന്നാൽ അത് സർവ്വതലത്തിലും വ്യാപരിച്ചു കിടക്കുമ്പോൾ ഓരോ മേഖലകൾ പഠനവിധേയമാക്കേണ്ടതുണ്ട്.

കാർഷികപാരമ്പര്യത്തിൽ അധിഷ്ഠിതമായ കേരളത്തിന്റെ ആരാധനയിലും ജീവിതത്തിലും സ്ത്രീ പ്രാധാന്യത്തോടെ ഒരു കാലത്ത് വിരാജിച്ചിരുന്നു. കൃഷിയും നായാട്ടുമൊക്കെ തൊഴിലാക്കിയിരുന്ന ദ്രാവിഡജനത സ്ത്രീയുടെ പ്രജനനക്ഷമതയെ ആരാധനയോടെ കണ്ടിരുന്നു. കൃഷിയും സ്ത്രീയും ഉർവ്വരതയുടെ പ്രതീകങ്ങളായി. പ്രകൃതിയും അമ്മയും അഭയകേന്ദ്രവും അന്നദാതാവുമാണെന്ന സങ്കല്പത്തിൽ നിന്നും അമ്മദൈവാരാധന രൂപപ്പെട്ടു. "സർവ്വരക്ഷകയും സന്താനം, അന്നം, വിദ്യ, വീര്യം, ആരോഗ്യം ഇവ നൽകുന്നവളുമൊക്കെയാണ് അമ്മദേവത" (അമ്മദൈവവും സംസ്കാരവും: ഡോ. പി. സോമൻ) ഇത്തരത്തിൽ മാതൃപ്രാമാണ്യത്തെ അംഗീകരിച്ചുകൊണ്ട് ഗോത്രസംസ്കൃതി പുലർന്നു പോന്നു. പ്രകൃതിയെയും സ്ത്രീയെയും മാതാവായി കരുതി ആരാധിച്ചു. മാതൃദേവതാരാധനയിൽ ഉണ്ടായിരുന്ന ദ്വന്ദ്വ മുഖങ്ങൾ; അതായത് സൗമ്യ–രൗദ്ര രൂപങ്ങൾക്ക് അടിസ്ഥാനം ഈ പ്രാധാന്യമായിരുന്നു.അമ്മദൈവാരാധനയിൽ മാറ്റങ്ങൾ വന്നു തുടങ്ങിയത് ആര്യന്മാരുടെ വരവോടെയാണ്.അവൈദിക പാരമ്പര്യത്തിൽ അമ്മദൈവാരാധന പ്രധാനമായിരുന്നുവെങ്കിലും വൈദികകാലഘട്ടത്തിൽ ഈ പ്രാധാന്യം നഷ്ടപ്പെടുകയുണ്ടായി. അതായത് ആരാധനയിൽപ്പോലും വേർതിരിവു പുലർത്തി എന്നു വേണം കരുതാൻ. ഇത്തരത്തിൽ പല മാതൃദേവതാസങ്കല്പങ്ങളിലും മാറ്റങ്ങൾ ഉണ്ടായി. കേരളത്തിൽ ഉർവ്വരതാസങ്കല്പവുമായി ബന്ധപ്പെട്ടു നിന്ന ആരാധനാമൂർത്തിയായിരുന്നു യക്ഷിദേവത. ആ സങ്കല്പം തന്നെ പാടേ മാറ്റിമറിക്കപ്പെട്ടുകയുണ്ടായി. ഈ ദേവതയെ കറുത്തമാതാവിന്റെ ഗണത്തിൽ സ്ഥാനത്താഴ്ച വരുത്തി. ഒരു കാലത്ത് സംരക്ഷകസ്ഥാനത്ത് നിലനിന്ന യക്ഷിദേവത പൈശാചികതയുടെ മൂർത്തിയായി.എന്നാൽ ഇന്നും സന്താനലബ്ധിക്കായി നടത്തുന്ന യക്ഷിത്തോറ്റങ്ങളിൽ നിന്നും ചില പ്രത്യേക

വിഭാഗക്കാരുടെ വിവാഹത്തിൽ വരയ്ക്കുന്ന യക്ഷിക്കോലത്തിന്റെ സാന്നിദ്ധ്യത്തിൽ നിന്നും ഉർവ്വരതാദേവതയായി യക്ഷി ആരാധന നിലനിന്നതിന് തെളിവുകളാണ്. പിന്നീടാണ് യക്ഷി ആരാധനയിൽ താഴ്ച വരുത്തി ഭയാനകതയുടെ പര്യായമാക്കി മാറ്റിയത്.അത്തരം ഭയാനകസങ്കല്പങ്ങൾ വ്യാപിപ്പിച്ച് സ്വാർത്ഥ നേട്ടം ഉണ്ടാക്കിയെടുക്കാൻ പലരും ശ്രമിച്ചുവെന്നതാണ് ശരിയായ വസ്തുത. അപഥസഞ്ചാരങ്ങൾക്ക് തടസ്സം വരാതിരിക്കാനും ഇരുളിന്റെ മറവിലെ അതിക്രമങ്ങൾക്കും യക്ഷിയെ മറയാക്കി. രാത്രിയിലുയരുന്ന വിജനപ്രദേശങ്ങളിലെ പെൺനിലവിളികൾക്ക് ചെവികൊടുക്കാൻ തയ്യാറാകാത്ത വിധം മനുഷ്യമനസ്സിൽ ഭയാനകത പരത്താൻ ഇതിലൂടെ കഴിഞ്ഞു.സ്ത്രീയെയായിരുന്നു ഭീകരത പടർത്തിയ യക്ഷിസങ്കല്പത്തിൽ ചോര കുടിക്കുന്ന ക്രൂരതയുടെ പ്രതീകമാക്കി മാറ്റിയത്. വശ്യത മുറ്റിയ കാമോദ്ദീപകപരിവേഷങ്ങൾ നൽകി ഭീകരതയുടെ മറുമുഖം സൃഷ്ടിച്ചു കൊടുത്ത് സ്ത്രീയെ അനാദരിക്കാനാണ് അവിടെയും ശ്രമിച്ചത്. അലഞ്ഞു നടന്ന് നിരപരാധികളുടെ ചോര കുടിക്കുന്ന, പനഞ്ചുവട്ടിൽ ഇരയെ കാത്തുനിൽക്കുന്ന ഭീകരനായ പുരുഷരൂപത്തെ ഒരിടത്തും പരാമർശിച്ചതുമില്ല. ഇതു കൂടാതെ പല തെയ്യക്കോലങ്ങളിലും ഉയർന്നു വന്നിട്ടുള്ള അമ്മദൈവസങ്കല്പങ്ങൾ ഒരു കാലത്ത് ഏതെങ്കിലും തരത്തിൽ പുരുഷമേൽക്കോയ്മയുടെയോ രാഷ്ട്രീയഅധീശത്വത്തിന്റെയോ കരാളതയിൽ ഒടുങ്ങേണ്ടി വന്നവരാണ്. അത്തരം ബലിയാകലിൽ നിന്നും ഉരുവം കൊണ്ടവയാണ് പല അമ്മത്തെയ്യങ്ങളും. ഇതിൽ നിന്നും ആരാധനയിലും ഇത്തരത്തിലെ സ്ത്രീ-പുരുഷ വ്യത്യാസം നിലനിന്നുപോന്നിരുന്നുവെന്ന് കണക്കാക്കാം. ദ്രാവിഡമായ പല ആരാധനാസമ്പ്രദായങ്ങളിലും മാറ്റം വരുത്തി ആര്യാധിനിവേശം പുലർന്നു.അത്തരത്തിലുണ്ടായ ആരാധനാകേന്ദ്രങ്ങൾ കീഴാളരെന്ന് മുദ്ര കുത്തിയവർക്ക് വിലക്കപ്പെട്ട ഇടമായി.ആരാധന, അറിവ്, സഞ്ചാരം എന്നിവയൊക്കെ നിയന്ത്രണങ്ങൾക്ക് വഴിമാറി.

ആദിമസംസ്കൃതിയിൽ പുരുഷനെപ്പോലെ ലൈംഗികസ്വാതന്ത്ര്യം സ്ത്രീകൾക്ക് ഉണ്ടായിരുന്നു. വീരനായ ഏത് പുരുഷനെയും സ്വീകരിക്കുവാൻ വിലക്കില്ലാതിരുന്ന കാലത്ത് സ്ത്രീയെ ആകൃഷ്ടയാക്കാനായി പുരുഷൻ നല്ല വേട്ടക്കാരനും അവൾക്ക് വേണ്ടുന്ന വിഭവങ്ങൾ വിളയിച്ച് ശേഖരിക്കുന്നവനുമാകാൻ മത്സരിച്ചു.എന്നാൽ ആര്യന്മാരുടെ ആഗമനത്തോടെ സ്ഥിതി മാറുകയുണ്ടായി. ആര്യന്മാരുടെ തൊഴിൽ കൃഷിയായിരുന്നില്ല. പിതൃദായക്രമം തുടർന്നുപോന്നിരുന്ന അവർ കൃഷിയുടെയും സ്ത്രീയുടെയും മേൽ അധീശത്വം സ്ഥാപിച്ചു. പല വിലക്കുകൾ അടിച്ചേൽപ്പിച്ചു. തുടർന്നാണ് ഫ്യൂഡലിസത്തിന്റെ

വളർച്ചയും അടിമത്തവ്യവസ്ഥിതിയും വ്യാപകമായത്.സ്ത്രീവിരുദ്ധമായ നിരവധി നിയമങ്ങൾ സാമൂഹികജീവിതത്തിന്റെ ഭാഗമാക്കിക്കൊണ്ട് ചൂഷണത്തിന്റേതായ ഫലം അവർ നേടിക്കൊണ്ടിരുന്നു. ആദിമഗോത്രസംസ്കൃതിയിൽ വിവാഹമെന്ന ആശയം നിലനിന്നിരുന്നുവെങ്കിലും മറ്റൊരാളെ സ്വീകരിക്കുന്നതിൽ വിലക്കുണ്ടായിരുന്നില്ല.കാലക്രമത്തിൽ ഇതിൽ മാറ്റങ്ങൾ വരുന്നതും കാണാവുന്നതാണ്. ആദിമഗിരിവർഗ്ഗക്കാർക്കിടയിൽ ആർത്തവം, പ്രസവം എന്നിവ അന്നും അശുദ്ധി തന്നെയായിരുന്നു. തീണ്ടാരിയാകുന്ന പെണ്ണ് വീടിന് പുറത്ത് കെട്ടിയുണ്ടാക്കിയ സ്ഥലത്ത് പാർക്കണം.നിശ്ചിതദിവസം കഴിഞ്ഞശേഷം മാത്രമേ വീടിനുള്ളിൽ പ്രവേശനം അനുവദിച്ചിരുന്നുള്ളൂ. ഭാര്യ തീണ്ടാരിയാണെങ്കിൽ ഭർത്താവിന് നായാട്ടിൽ പങ്കെടുക്കുന്നതിനുപോലും വിലക്കുണ്ടായിരുന്നു. സ്ത്രീയുടെ ആർത്തവദിനങ്ങൾ അവളിലുണ്ടാക്കുന്ന ശാരീരികവും മാനസികവുമായ ബുദ്ധിമുട്ടുകളിൽ നിന്നുള്ള മോചനമായി പൂർണവിശ്രമാർത്ഥം പൂർവ്വികർ നിലനിർത്തി വന്ന ഈ മാറ്റിനിർത്തൽ കാലക്രമത്തിൽ ഒരു അനാചാരമായി വീടിന് പുറത്തേക്കുള്ള പുറന്തള്ളലായി മാറുന്ന കാഴ്ചയാണ് തുടർന്നുകാണുന്നത്. ആയാസകരമായ ജോലികളിൽ നിന്നും ആർത്തവകാലത്തും പ്രസവഘട്ടത്തിലും ഉണ്ടായ വിട്ടുനിൽക്കലിനെ സ്ഥിരമായ ഒഴിച്ചുനിർത്തലിലേക്ക് എത്തിച്ചത് ഒരു തരം ആധിപത്യമനോഭാവത്തോടെയുള്ള പുരുഷന്റെ മുന്നേറൽ കൊണ്ടു തന്നെയാണ്. തന്റെ കായികക്ഷമത കൊണ്ട് നേടിയെടുക്കുന്ന വസ്തുക്കളിൽ ക്രമേണ സ്ത്രീയും ഉൾപ്പെട്ടു. ആദിമഗിരിവർഗ്ഗക്കാർക്കിടയിൽ വിവാഹനിശ്ചയത്തിന് പെൺപണം നൽകി പെണ്ണിന്റെ അച്ഛനിൽ നിന്നും അവളെ സ്വീകരിക്കുന്ന രീതിയുണ്ട്. അവിടെയും സ്ത്രീയുടെ മേൽ പുരുഷനുള്ള കച്ചവടമനോഭാവമാണ് പ്രകടമാകുന്നത്. ഇങ്ങനെ സ്ത്രീയുടെ സാമൂഹികപദവികളിൽ മാറ്റം തുടർന്നുകൊണ്ടിരുന്നു.

സംഘകാലഘട്ടത്തിൽ സ്ത്രീക്കും പുരുഷനും തുല്യപ്രാധാന്യം കല്പിച്ചിരുന്നതായി കാണുന്നുണ്ടെങ്കിലും പലപ്പോഴും ഒരു മേൽക്കോയ്മാമനോഭാവം ദർശിക്കാൻ കഴിയുന്നുണ്ട്. സംഘകാലം അടിമത്തവ്യവസ്ഥിതിയിൽ നിന്നും മുക്തമായിരുന്നില്ലെന്നത് അന്നത്തെ സാഹിത്യകൃതികൾ വിളിച്ചോതുന്നു.വർഗ്ഗവിഭജനം തൊഴിലടിസ്ഥാനത്തിൽ ഉരുത്തിരിഞ്ഞെങ്കിലും മേലോർ കീഴോർ വിഭജനം സാമ്പത്തികാടിസ്ഥാനത്തിൽ നിലവിലുണ്ടായിരുന്നു. അന്നത്തെ അധികാരസ്ഥാനങ്ങളുമായി ബന്ധപ്പെട്ട് അടിമവിക്രയം പോലും നടന്നിരുന്നു.കീഴാളന്മാരായ തൊഴിലാളികളുടെ അധ്വാനത്തെ ഉപയോഗപ്പെടുത്തി കൃഷിസ്ഥലങ്ങളിൽ ജോലി ചെയ്യിച്ചിരുന്നു. ദാസന്മാർ എന്നു വിളിച്ചിരുന്ന

മറ്റൊരു കൂട്ടർ അടിമകൾ തന്നെയായിരുന്നു.” മൃഗങ്ങളെപ്പോലെയും ഉത്പന്നങ്ങളെപ്പോലെയും ഇവരെ കൈമാറ്റം ചെയ്തിരുന്നു.ചെൽവക്കടുങ്കോവാഴിയാതൻ എന്ന രാജാവ് അദ്ദേഹത്തെ സ്തുതിച്ച് പാടിയ കവിക്ക് ദാനം ചെയ്ത വസ്തുക്കളുടെ കൂട്ടത്തിൽ വീട്ടിൽ നിന്ന് ചോറും വസ്ത്രവും മാത്രം പ്രതിഫലം കൈപ്പറ്റി ജോലി ചെയ്യുന്ന വേലക്കാരും ഉണ്ടായിരുന്നു.” (കേരളത്തിന്റെ സാംസ്കാരികചരിത്രം, പി.കെ. ഗോപാലകൃഷ്ണൻ: പുറം 164) ഇതുകൂടാതെ അടിമകളുടെ ഇറക്കുമതിയും നടത്തിയിരുന്നതായി മനസ്സിലാക്കാം. കാവേരിപ്പൂംപട്ടണത്തിന്റെ നിർമ്മാണവേളയിൽ 12000 അടിമകളെ ഇറക്കുമതി ചെയ്തതായും ഇത്തരത്തിൽ കൊണ്ടുവരുന്ന യവനസ്ത്രീകളെ കൊട്ടാരത്തിൽ പരിചാരകരായി പാർപ്പിച്ചിരുന്നതായും കേരളത്തിന്റെ സാംസ്കാരികചരിത്രം എന്ന ഗ്രന്ഥത്തിൽ സൂചിപ്പിക്കുന്നു. ഇതിൽ നിന്നും അന്യനാടുകളിൽ നിന്നു പോലും വിപണനം ചെയ്യപ്പെടുന്ന സ്ത്രീകളെ നമുക്കുകാണാം. കച്ചവടമനോഭാവത്തിന്റെയും ഉപഭോഗസംസ്കാരത്തിന്റെയും ബഹിർസ്ഫുരണങ്ങൾ സംഘകാലം മുതൽ തന്നെ നിലനിന്നിരുന്നുവെന്നു സാരം. ഇതുകൂടാതെതന്നെ സതി അനുഷ്ഠിക്കുന്ന സമ്പ്രദായവും നിലനിന്നുപോന്നിരുന്നു.പുലച്ചിക്കല്ലുകൾ അതിനുതെളിവായി നിലനിൽക്കുന്നുമുണ്ട്. അതൊരു ആചാരമായി നിലനിൽക്കുമ്പോൾ സമാനമായ ഒന്ന് പുരുഷന്മാർ അനുഷ്ഠിച്ചതായി കാണുന്നില്ല. തൊൽക്കാപ്പിയം ഇതിനെ ‘മലൈനിലൈ’ എന്നാണ് വിളിച്ചിരുന്നത്. ആയ് ആണ്ടിരന്റെ ചിതയിൽ ചാടി മരിക്കുന്ന പത്നിയുടെ ദൃശ്യം സംഘസാഹിത്യത്തിൽ വർണ്ണിച്ചിട്ടുണ്ട്.ഇത് നിർബന്ധിതമായിരുന്നില്ലെങ്കിൽ കൂടിയും ആചാരപ്രകാരം പാലിച്ചു പോന്നിരുന്നു.എന്നാൽ ഭർത്താവിന്റെ മരണാനന്തരം ജീവിച്ചിരുന്ന സ്ത്രീകളുടെ ജീവിതം ദുരിതമയമായിരുന്നു. വിധവകൾ വളരെ പരുക്കൻ ജീവിതം നയിക്കാൻ നിർബന്ധിതരായി. ശിരസ്സ് മുണ്ഡനം ചെയ്ത് ആഭരണങ്ങൾ അണിയാതെയും സമൃദ്ധമായ ഭക്ഷണം ഉപേക്ഷിച്ചും വെറും നിലത്തുറങ്ങിയും മരണപ്പെട്ട ഭർത്താവിന്റെ ആത്മാവിന് ദിവസേന ആഹാരം നിവേദിച്ചും തികച്ചും ദയനീയമായ അവസ്ഥയിലൂടെ ജീവിതം നയിച്ചുപോന്നിരുന്നു. ഇത്തരത്തിൽ ആചാരത്തിന്റെ പേരിൽ വിലക്ക് സംഘകാലത്തിന് മുൻപുതന്നെ സ്ത്രീ മാത്രമാണ് അനുഭവിച്ചിരുന്നത് എന്ന തിരിച്ചറിവ് വ്യക്തമാക്കി തരുന്നത് ഒരു മേധാവിത്വമനോഭാവത്തെ തന്നെയാണ്.അതായത് അടിമത്തത്തിന്റെ മറുമുഖമാണ് അന്നേ ആചാരത്തിന്റെ മുഖംമൂടിയണിഞ്ഞ് സ്ത്രീസമൂഹത്തെ ഗ്രസിക്കാൻ തുടങ്ങിയിരുന്നത്.

ആര്യാധിനിവേശത്തോടെ മാറ്റിമറിക്കപ്പെട്ട സാമൂഹിക

വ്യവസ്ഥിതിയിൽ അടിമത്തത്തിന്റെ വേരുകൾ പടർന്നുപിടിച്ചു. ബ്രാഹ്മണാധിപത്യം ഏറി വന്നതോടെ തൊട്ടുകൂടായ്മ, തീണ്ടിക്കൂടായ്മ എന്നീ അയിത്താചാരങ്ങൾ നിലവിലുണ്ടായി. ഇതിന്റെ പേരിൽ താഴ്ന്ന വിഭാഗക്കാർ എന്ന വർഗ്ഗം അനുഭവിക്കേണ്ടി വന്നത് യാതനകളാണ്. പകലന്തിയോളം യജമാനന്റെ വയലിൽ ജോലിചെയ്യുന്ന അടിമയ്ക്ക് കൂലി പോലും കൃത്യമായി ലഭിച്ചിരുന്നില്ല. പട്ടിണിയും ദാരിദ്ര്യവും കാരണം യാതന നിറഞ്ഞ ജീവിതത്തിലൂടെ അവർ കടന്നുപോയി. ജാതിവ്യവസ്ഥ ശക്തമായതോടെ അയിത്താചാരങ്ങളും ഉണ്ടായി വന്നു. ഭക്ഷണരീതിയിലും ആചാരങ്ങളിലും വസ്ത്രധാരണത്തിലും താഴ്ന്ന നിലയിൽ നിർത്തി അവരെ കീഴാളരാക്കി. തൊട്ടുകൂടാത്ത തീണ്ടിക്കൂടാത്ത അടിമകൾക്ക് ക്ഷേത്രങ്ങൾക്ക് ചുറ്റിലുള്ള പൊതുവഴി പോലും വിലക്കപ്പെട്ടയിടമായി. മേലോർ വഴിയാത്ര ചെയ്യുമ്പോൾ തുണക്കാരായ ദാസന്മാർ 'പോ...പോ' എന്ന് ഉറക്കെ ശബ്ദമുണ്ടാക്കിയിരുന്നു. ഇതു കേട്ടാലുടൻ തീണ്ടാപ്പാടകലെ ഓടിയൊളിക്കാൻ വിധിക്കപ്പെട്ട ഒരു മനുഷ്യസമൂഹം ഉണ്ടായിരുന്നു. വിദ്യാഭ്യാസം അത്തരക്കാർക്ക് നിഷിദ്ധമായിരുന്നു. ഏതെങ്കിലും കാരണത്താൽ ഇവർ വേദപാഠങ്ങൾ കേൾക്കാനിടയായാൽ അവന്റെ ചെവിയിൽ ഈയം ഉരുക്കി ഒഴിക്കുക എന്ന ശിക്ഷാ നടപടി ഉണ്ടായിരുന്നു.ഇത് കൂടാതെ അടിമവിഭാഗത്തിൽ പെട്ടവരെ കടുത്ത ശിക്ഷകൾക്കും വിധേയരാക്കി. "Every prince, Zamindar or Nair cheif owened slaves as they possessed cows and buffaloes. The master had the right to sell them and also put them to death." (A History of social changes in Travancore, Dr. Mayadevi S.: Page–69) ഇങ്ങനെ അടിമയുടെ ജീവിതവും മരണവും യജമാനനെ ആശ്രയിച്ചു നിന്നിരുന്നു.

ബ്രാഹ്മണമേൽക്കോയ്മ പ്രധാനമായും തകർത്തത് സ്ത്രീകളുടെ മാന്യതയെ ആയിരുന്നു. വെറും ഭോഗവസ്തു എന്ന നിലയിലേക്ക് തരംതാഴ്ന്ന കാഴ്ചയാണ് പിന്നീട് കാണാൻകഴിയുന്നത്. വളരെ മാന്യമായി നിലനിർത്തി വന്നിരുന്ന ദേവദാസിസമ്പ്രദായത്തിന്റെ അധഃപതനം ഇവിടെ തുടങ്ങുന്നു. ക്ഷേത്ര സംസ്കാരത്തിന്റെ ഭാഗമായി രൂപമെടുത്ത ദേവദാസിസമ്പ്രദായം എ ഡി ഏഴാം നൂറ്റാണ്ടു മുതൽ തന്നെ നിലവിലുണ്ടായിരുന്നു. അക്കാലത്ത് തികച്ചും പവിത്രമായ ഒന്നായി, ദേവന്റെ ദാസിയായി തന്നെ കരുതി വന്ന സ്ത്രീകൾക്ക് മാന്യസ്ഥാനവും കല്പിച്ചിരുന്നു. രാജാക്കന്മാർ പോലും ആദരിച്ചിരുന്ന ദേവദാസിമാർക്ക് ഉന്നതനിലയുണ്ടായിരുന്നു എന്നതിന് തെളിവാണ് കുലശേഖര ആഴ്വാർ തന്റെ മകളെ ദേവദാസിയാക്കിയത്.അക്കാലത്തെ

പാണ്ഡിത്യത്തിന്റെയും സംഗീതനൃത്താദി കലകളിലെ പ്രാവീണ്യത്തിന്റെയും മകുടോദാഹരണങ്ങൾ ദേവദാസികൾ തന്നെയായിരുന്നു. അവർക്ക് സ്വത്തും ധനവും കല്പിച്ച് നൽകിയിരുന്നു.എന്നാൽ ബ്രാഹ്മണാധിപത്യം വന്നതോടെ സ്ഥിതി മാറി.ദേവദാസികൾക്ക് അവർ വേശ്യാപദവിയാണ് നൽകിയത്. ഉന്നതസ്ഥാനീയരായവർക്ക് മുന്നിൽ നൃത്തം ചെയ്തും പാട്ടു പാടിയും ശരീരം നൽകിയും പ്രീതിപ്പെടുത്തുന്ന ഗണികാവൃത്തിയിലേക്ക് തള്ളിവിട്ടത് അക്കാലത്തെ ഫ്യൂഡൽ മേൽക്കോയ്മ തന്നെയാണ്.കേരളത്തിന്റെ തനത് കലാരൂപമായ മോഹിനിയാട്ടത്തിന് ദാസിയാട്ടത്തിൽ നിന്ന് രൂപമെടുത്ത ഒരു ചരിത്രവഴി കല്പിച്ചിരിക്കുന്നതും അറിവുള്ളതാണ്. കേരളത്തിൽ ദേവദാസീ സമ്പ്രദായം നിലനിന്നിരുന്നുവോ എന്ന് തർക്കങ്ങൾ നിലനിൽക്കുമ്പോഴും നാം കേട്ടുവന്ന കഥകളിലെ അച്ചീചരിതങ്ങൾ വിളിച്ചോതുന്നത് സ്ത്രീ ഉപഭോഗവസ്തുവായി മാറിയിരുന്ന ഒരു ദുഷിച്ച വ്യവസ്ഥിതി ഉണ്ടായിരുന്നു എന്നു തന്നെയാണ്. 12-ാം നൂറ്റാണ്ടു മുതലുണ്ടായ മണിപ്രവാളകാവ്യങ്ങൾ പരിശോധിച്ചാൽ അന്നത്തെ സമൂഹത്തിൽ സ്ത്രീകളുടെ സ്ഥാനം വ്യക്തമാകും. സ്ത്രീ വെറും ശരീരമായി മാത്രം വർണ്ണിക്കപ്പെടുകയാണവിടെ. ‘മഹിളാളി മഹാസ്പദ ‘മായി ഈ കൃതികൾ വികസിക്കാനുള്ള പ്രധാന കാരണം സ്ത്രീ ഭോഗവസ്തു മാത്രമാണെന്ന ചിന്താഗതി കാരണമാണ്. മണ്ണിന്റെയും പെണ്ണിന്റെയും മേൽ ജന്മിത്തം ഉറപ്പിച്ച ഒരു വിഭാഗത്തിന്റെ വൈകാരിക മുതലാളിത്ത മനോഭാവത്തിന്റെ പ്രതിഫലനമായിരുന്നു മണിപ്രവാളകാവ്യങ്ങൾ. വരേണ്യവർഗ്ഗത്തിന്റെ സുഖാസക്തിക്കു വേണ്ടി ദേവദാസീസമ്പ്രദായത്തെ മാറ്റിയെടുത്തു. മണിപ്രവാളകാലഘട്ടം അന്നത്തെ സാംസ്കാരിക അപചയത്തിന്റെ മുഖമുദ്രയാണ്. കൃതികളിലെ വർണ്ണനാ ഭാഗങ്ങൾ പരിശോധിച്ചാൽ കാണാനാകുന്നത് ഏറിയകൂറും സ്തനവർണ്ണനയാണ്.ഈ വർണ്ണന അധികമാകാനുള്ള കാരണം അക്കാലത്ത് അനാവൃതമായിരുന്ന, പുരുഷന്റെ കാമനകൾക്ക് പ്രചോദനപരമായി വർത്തിക്കാൻ പാകപ്പെടുത്തിയ ഒരു ഭോഗവസ്തു എന്ന നിലയിൽ മറയ്ക്കപ്പെടാതെ വെളിപ്പെട്ടിരുന്ന ശരീരഭാഗമായതുകൊണ്ടു തന്നെയാണ്. അനാവൃതമായിരുന്ന ഏത് ശരീരാവയവത്തെയും വർണ്ണിക്കുന്നതുപോലെ സ്തനവർണ്ണനയും പരക്കെ ഉണ്ടായി. അക്കാലത്തെ രതിശില്പങ്ങളും ചിത്രങ്ങളും നല്കുന്ന തെളിവും ഭിന്നമല്ല.കാമോദ്ദീപകമായ രീതിയിലുള്ള ശില്പങ്ങളിലും സ്ത്രീശരീരം ഒരു കാഴ്ചവസ്തുവായി മാറുന്നത് കാണാൻ സാധിക്കും.ഈ ഒരു കാലഘട്ടം മുതൽ തുടർന്നുപോന്നിരുന്ന ഒന്നാണ് മറയ്ക്കപ്പെടാത്ത മാറിടങ്ങൾ പ്രദർശിപ്പിച്ച് പുരുഷനു മുന്നിൽ നിൽക്കേണ്ടിവന്നിരുന്ന സ്ത്രീകളുടെ അവസ്ഥ.

അക്കാലത്ത് പലതരം കരംപിരിവുകൾ ഉണ്ടായിരുന്ന കൂട്ടത്തിൽ കണ്ടിരുന്ന ഒന്നാണ് മുലക്കരം. ഇത് സ്ത്രീകൾക്ക് ഏർപ്പെടുത്തിയിരുന്ന ഒന്നാണ്. തൊഴിൽ ചെയ്യുന്ന വിഭാഗമനുസരിച്ചും സ്ത്രീ പുരുഷന്മാരും നികുതി കൊടുക്കേണ്ടതായി വന്നിരുന്നു. സ്ത്രീകൾക്ക് നൽകേണ്ടിയിരുന്ന മുലക്കരം എന്ന നികുതി കൊടുക്കാൻ നിവൃത്തിയില്ലാതെ നികുതിപ്പണത്തിന് പകരം തന്റെ മുല മുറിച്ച് രാജകിങ്കരന്മാർക്കു മുന്നിൽ വെച്ചുകൊടുത്ത നങ്ങേലിയുടെ കഥ കേൾക്കാത്തവർ ഉണ്ടാകില്ല.ഒടുവിൽ രക്തം വാർന്നു മരണം വരിക്കേണ്ടി വന്ന നങ്ങേലി അടിമത്ത വ്യവസ്ഥിതിയുടെ നീറുന്ന ഉദാഹരണമാണ്. സ്വന്തം ശരീരാവയവത്തിന്റെ പേരിൽ നികുതി നൽകേണ്ടി വന്ന, മാറു മറയ്ക്കാൻ സമരം ചെയ്യേണ്ടി വന്ന പെൺകഥകളിൽ തെളിയുന്നത് സ്ത്രീയെ അടിമയാക്കി വിജയിച്ചു നിന്നിരുന്ന മേൽക്കോയ്മാമനോഭാവം തന്നെയാണ്.

താഴ്ന്നജാതിയിൽ പെട്ട സ്ത്രീകൾ ധാരാളമായി ചൂഷണങ്ങൾക്ക് വിധേയരായിരുന്നു. അടിമകളാക്കി കൈമാറ്റം ചെയ്യാനും രാപകൽ കഷ്ടപ്പെടുത്താനും ലൈംഗികചൂഷണത്തിന് ഇരയാക്കാനും യാതൊരു മടിയും കാട്ടിയിരുന്നില്ല. അടിമപ്പെണ്ണിന് തന്റെ യജമാനനെക്കുറിച്ച് ഒരു വാക്കുപോലും എതിരായി മിണ്ടാൻ കഴിയുമായിരുന്നില്ല. അധ്വാനശീലയായ അടിമപ്പെണ്ണിന് പുരുഷനേക്കാൾ വിലയുണ്ടായിരുന്നു. പെണ്ണിന് 300 പണവും പുരുഷന് 250 പണവുമാണ് വില നിശ്ചയിച്ചിരുന്നത്. പ്രജനനശേഷിയാണ് പെണ്ണിന്റെ വിലവർദ്ധനയ്ക്ക് കാരണം. അടിമപ്പെണ്ണ് പ്രസവിക്കുന്ന കുഞ്ഞിനെ വില്ക്കാനുള്ള അവകാശം ജന്മിക്കുണ്ടായിരുന്നു. “1788 ലെ ഒരു ആൾവെലയോലക്കരണത്തിൽ പെരുമ്പറാൽ പൊലിത്തയെന്ന പെലയിയെയും അവൾ പെറ്റ പെറും മക്കളെയും വെലെയാക എഴുതിക്കൊടുത്തിരിക്കുന്നു” (കേരള സംസ്കാരം, പ്രൊഫ. എസ്സ്. അച്യുതവാര്യർ: പുറം 129) ഇങ്ങനെ ഒരു രേഖയെ സൂചിപ്പിക്കുന്നതിൽ നിന്നും അക്കാലത്തെ പെണ്ണടിമകളുടെ ദയനീയസ്ഥിതി മനസ്സിലാക്കാം. പെറ്റ കുഞ്ഞിന്റെ സംരക്ഷണം പോലും ഉറപ്പാക്കാൻ കഴിയാത്ത അടിമപ്പെണ്ണ് നിസ്സഹായ മാതൃത്വത്തിന്റെ നേർപ്പതിപ്പാണ്.അമ്മയുടെ അടിസ്ഥാന അവകാശങ്ങൾ പോലും അടിയറവച്ച് ജീവിച്ചു മരിച്ച അനേകം പെണ്ണടിമകൾ കേരളചരിത്രത്തിന്റെ കറുത്ത ഏടുകളിലുണ്ട്.

ജന്മം, കാണം, പാട്ടം എന്നിങ്ങനെ മൂന്നുതരം അടിമാവകാശ കൈമാറ്റം നിലവിലുണ്ടായിരുന്നു. അക്കാലത്ത് സമൂഹത്തിൽ വില്പന നടത്താൻ കഴിയുന്ന ഒരു വലിയവിഭാഗം അടിമകൾ തന്നെ ജനസംഖ്യയിൽ ഉണ്ടായിരുന്നു. “According to the estimate of Dr. Francis Buchanan 29336 person

out of 41367 of the population of three divisions of Malabar were the slaves in 1801 (Survey of Kerala History, A Sreedhara Menon: Page 97) അടിമവിഭാഗത്തിന്റെ ജനസംഖ്യാക്കണക്ക് ഇങ്ങനെ നീളുന്നു. കൂടുതൽ അടിമകൾ ഉണ്ടായിവരുന്നത് നേട്ടമായിത്തന്നെ കണക്കാക്കി. പരിമിതസൗകര്യങ്ങളിൽ ഉടുക്കാനും ഉണ്ണാനുമില്ലാതെ ചെറ്റപ്പുരകളിൽ പാർത്തിരുന്ന അവരുടെ പരാധീനതകൾ നാടൻപാട്ടുകളിൽ വെളിപ്പെടുന്നുണ്ട്. അവരുടെ പയ്യാരങ്ങൾ വയലേലകളിൽ ഒതുങ്ങി. അദ്ധ്വാനവും കുടുംബഭാരവും കൊണ്ട് അടിമപ്പെണ്ണുങ്ങൾ വലഞ്ഞിരുന്നു. പാടത്തെ പണികഴിഞ്ഞ് കൂലി കിട്ടിയ ഇത്തിരി നെല്ല് അരിയാക്കി കഞ്ഞി വച്ച് വിശപ്പടക്കേണ്ടി വന്ന കാലത്ത് ഏറെ കഷ്ടപ്പെട്ടത് സ്ത്രീകൾ തന്നെയാണ്.

എക്കാലത്തും ചൂഷണം ഏറെയും സ്ത്രീകളെയായിരുന്നു കേന്ദ്രീകരിച്ച് നിന്നത്. കീഴാളവിഭാഗത്തിലെ പെൺശരീരങ്ങളുടെ നഗ്നത കണ്ട് രസിച്ച് അവരെ ലൈംഗികചൂഷണത്തിന് വിധേയരാക്കിയിരുന്ന ഒരു ഫ്യൂഡൽ പ്രഭുവർഗ്ഗം അക്കാലത്ത് ഉണ്ടായിരുന്നു. ഇവിടെയൊക്കെത്തന്നെ സ്ത്രീകൾ ഏറെ അടിച്ചമർത്തൽ അനുഭവിക്കേണ്ടി വന്നത് പുരുഷന്മാരിൽ നിന്നു മാത്രമായിരുന്നു. സ്വന്തം ശരീരത്തിന്റെ മേൽ പോലും യാതൊരു അവകാശവും ഇല്ലാത്ത സ്വത്വബോധമില്ലാത്ത ഒരു പെൺസമൂഹത്തെ തന്നെ സൃഷ്ടിച്ചെടുക്കുവാൻ കാലാകാലങ്ങളായി സാധിച്ചിരുന്നു എന്നതാണ് പ്രധാനമായ വസ്തുത. കീഴാളസ്ത്രീകൾക്കായാലും മേലാളസ്ത്രീകൾക്കായാലും 'സ്ത്രീ' എന്ന വർഗ്ഗത്തിൽ പെട്ടതിനാൽ തന്നെ വസ്ത്രധാരണത്തിൽ പോലും സ്വന്തം നിലപാടിൽ പ്രവർത്തിക്കാൻ സാധിച്ചിരുന്നില്ല. കീഴാളസ്ത്രീകൾ കാൽമുട്ടിനു താഴെ നീളുന്ന വസ്ത്രങ്ങൾ ധരിക്കുന്നത് കർശനമായി വിലക്കിയിരുന്നു. അതുപോലെതന്നെ അവർക്ക് മാറു മറയ്ക്കുന്നതിനും അവകാശം ഉണ്ടായിരുന്നില്ല. സ്വന്തം ശരീരത്തിന്റെ നഗ്നത കീഴാളവിഭാഗം പ്രദർശിപ്പിക്കേണ്ടതാണ് എന്നത് നിയമമായി തന്നെ നിലനിന്നിരുന്നു. അതായത് സ്വത്വബോധം ഇല്ലാത്ത, അവകാശങ്ങൾ ഇല്ലാത്ത ഒരു സ്ത്രീസമൂഹം ഉണ്ടായി വരണമെന്നത് ലൈംഗികാധിപത്യം സ്ഥാപിച്ചെടുത്ത ഒരു വിഭാഗത്തിന്റെ ആവശ്യമായിരുന്നു. കീഴാളസ്ത്രീകൾ ഒരു കച്ചത്തോർത്തിൽ അവരുടെ വസ്ത്രധാരണ സ്വാതന്ത്ര്യത്തെ ഒതുക്കിയിരുന്ന അതേ കാലഘട്ടത്തിൽ നമ്പൂതിരിസ്ത്രീകൾക്ക് പുറത്തിറങ്ങണമെങ്കിൽ ശരീരം മുഴുവൻ മറയ്ക്കുന്ന വിധം ഘോഷയും ധരിച്ച് മറക്കുടയും പിടിച്ച് കാൽനഖം നോക്കി മാത്രം നടക്കേണ്ടുന്ന നിയമവ്യവസ്ഥയാണ് കല്പിച്ചു നൽകിയത്. സ്ത്രീകൾക്ക് ഒരേ കാലഘട്ടത്തിൽ തന്നെ വസ്ത്രധാരണ നിയമം രണ്ടുതരമായി.

അത് എന്തുകൊണ്ട് എന്നതു ചിന്തിക്കുമ്പോൾ വ്യക്തമാകും. ഭൂമിയുടെയും പെണ്ണിന്റെയും മേൽ അധികാരം കാംക്ഷിച്ചിരുന്നവർ തങ്ങളുടെ അന്തഃപുര സ്ത്രീകൾ മറ്റുള്ളവരുടെ ലൈംഗികതാല്പര്യങ്ങൾക്ക് ഇരയാകരുതെന്ന് ശഠിച്ചി രുന്നതിന്റെ ഫലമാണ് മുഖം പോലും കാണാൻ പാടില്ലാത്ത വിധത്തിലുള്ള വസ്ത്രധാരണം. എന്നാൽ ഇതേ അന്തഃപുരസ്ത്രീയുടെ തുണക്കാരി മാറുമറയ്ക്കാതെ പുരുഷനു മുന്നിൽ നിൽക്കണമെന്നത് അവരുടെ മേൽ ലൈംഗികാധിപത്യം ഉറപ്പിക്കേണ്ടതാണെന്ന ചിന്താഗതി കൊണ്ടുമാണ്.സ്ത്രീകൾക്ക് സ്വത്വബോധം ഉണ്ടായിത്തുടങ്ങിയതോടെ മാറുമറയ്ക്കേണ്ടതിന്റെ ആവശ്യകത വ്യക്തമായി.ആ സ്വത്വബോധത്തിന്റെ ഫലമാണ് 19-ാം നൂറ്റാണ്ടിൽ നടന്ന മാറുമറയ്ക്കൽ സമരം. സ്ത്രീകളുടെ വസ്ത്രധാരണം എങ്ങനെ ആകണമെന്നത് അധികാരവർഗ്ഗത്തി ന്റെ ഇച്ഛയ്ക്കനുസൃതമായിട്ടായിരുന്നു. ഇതുമായി ബന്ധപ്പെട്ട് ഭരണാധികാ രികൾ തന്നെ പല നിയമങ്ങൾ കൊണ്ടുവന്നിട്ടുണ്ട്. 1822-ൽ ജാക്കറ്റ് ധരിച്ച് ചന്തയിലെത്തിയ ചാന്നാർസ്ത്രീകളെ കുറച്ചുപേർ ചേർന്നു തടയുകയുണ്ടായി. ആദ്യഘട്ടങ്ങളിൽ മേൽമുണ്ട് ധരിച്ചു പുറത്തിറങ്ങിയ ചാന്നാർസ്ത്രീകൾക്കു നേരെ ആക്രമണങ്ങൾ ഉണ്ടായി.1828-29 കാലഘട്ടങ്ങൾ ഇതിന് സാക്ഷ്യം വഹിക്കുന്നു. വലിയൊരു ലഹളയായി പോലും മാറിയ ഈ സംഭവത്തിൽ 1829-ൽ റാണി ഗൗരി പാർവ്വതീഭായി ഒരു വിളംബരം പുറപ്പെടുവിച്ചു. ചാന്നാർ സ്ത്രീകൾ കുപ്പായത്തിന് മുകളിൽ മേൽമുണ്ട് ധരിക്കരുതെന്നതായിരുന്നു വിളംബരത്തിന്റെ ചുരുക്കം. അതായത് എത്ര കടുത്ത മാർഗ്ഗങ്ങളിലൂടെയും പെണ്ണിന്റെ സ്വത്വത്തെ അടിച്ചമർത്താൻ പോന്ന സമൂഹത്തിന്റെ സങ്കുചിത ചിന്താഗതിയാണ് അതിനു പിന്നിൽ പ്രവർത്തിച്ചത്. സമരം അവിടം കൊണ്ട് അവസാനിച്ചില്ല. തുടർന്നുവന്ന വർഷങ്ങളിൽ അതു വ്യാപകമായി. തുടർ സമരവുമായി മുന്നേറിയ സ്ത്രീകൾക്ക് അനുകൂലമായിത്തന്നെ ഉത്തരവ് വന്നു.1859-ന് ഉത്രം തിരുനാൾ മാർത്താണ്ഡവർമ്മ ചാന്നാർ സ്ത്രീകൾക്ക് അവരുടെ ആഭിജാത്യബോധമനുസരിച്ച് ഏതു തരം വസ്ത്രം ധരിക്കുന്നതിനും അനുവാദം നൽകി വിളംബരം ഉണ്ടായി. സ്വന്തം ശരീരം മറയ്ക്കാൻ പോലും ഉള്ള അവകാശം നേടാൻ സ്ത്രീവർഗത്തിന് എത്രകാലം വേണ്ടി വന്നു എന്നത് ചിന്തിക്കേണ്ടതാണ്.കായംകുളത്ത് പൊതുനിരത്തിൽക്കൂടി മാറിൽ തുണിയിട്ടു പോയ ഈഴവസ്ത്രീയുടെ മാറിലെ തുണി എടുത്തു മാറ്റി മാറിൽ വെള്ളയ്ക്കാമോട് പിടിപ്പിച്ച് അധിക്ഷേപിച്ച സംഭവത്തെ കുറിച്ച് സി.എസ്. ചന്ദ്രിക തന്റെ കേരളത്തിലെ സ്ത്രീചരിത്രങ്ങൾ സ്ത്രീമുന്നേറ്റങ്ങൾ എന്ന പുസ്തകത്തിൽ പരാ മർശിച്ചിട്ടുണ്ട്. വസ്ത്രധാരണസ്വാതന്ത്ര്യം നേടിയെടുക്കാൻ സമരം ചെയ്യേണ്ടി

വന്നത് താഴ്ന്നവിഭാഗക്കാർക്ക് മാത്രമല്ല. നമ്പൂതിരി സമുദായത്തിലെ സ്ത്രീകൾക്ക് സാരി ഉപയോഗിക്കുവാനോ ബ്ലൗസ് ധരിക്കുവാനോ കർശന വിലക്കായിരുന്നു. അതിനെതിരെയും കുറേപ്പേർ രംഗത്തിറങ്ങി. വസ്ത്രധാരണസ്വാതന്ത്ര്യം നേടിയെടുത്തു.നാടകങ്ങൾ, ഘോഷ ബഹിഷ്കരണം എന്നിവ നടന്നതും ഏറെ വിപ്ലവം സൃഷ്ടിച്ചതും ഈ മണ്ണിൽ തന്നെ.ഇവിടെ സവർണ അവർണഭേദത്തിനപ്പുറം സ്ത്രീകളെ അടക്കിനിർത്താനുള്ള അധികാരഭാവമാണ് സ്ത്രീവിരുദ്ധനിയമങ്ങളിൽ പ്രകടമാകുന്നത്.

വസ്ത്രധാരണത്തിൽ മാത്രമല്ല ഏതുവിധത്തിൽ ചമയണമെന്നും സമൂഹത്തിലെ അധികാരകേന്ദ്രങ്ങൾ തീരുമാനിച്ചിരുന്നു. താഴ്ന്നജാതിയിൽപെട്ട സ്ത്രീകൾക്ക് കല്ലുമാലയും ഇരുമ്പു വളകളും അത്തരം കമ്മലുകളുമാണ് ധരിക്കാൻ അനുമതി നൽകിയിരുന്നത്. മേൽമുണ്ടു സമരം പോലെത്തന്നെ തങ്ങളുടെ അലങ്കാര സ്വാതന്ത്ര്യത്തിനുവേണ്ടിയും വലിയ ലഹളതന്നെ വേണ്ടി വന്നു. എന്നാൽ പ്രതിഷേധിച്ച സ്ത്രീകൾക്കാകട്ടെ കടുത്ത ശിക്ഷ ഏറ്റു വാങ്ങേണ്ടി വന്നു. കൊല്ലത്തെ പെരിനാട് എന്ന സ്ഥലത്തു വെച്ച് 1915-ൽ നടന്ന സമരഫലമായി പല കുടിലുകളും തീവെച്ചു നശിപ്പിക്കപ്പെട്ടു. ജാതീയമായ വ്യത്യാസത്തെ അടയാളപ്പെടുത്തുന്ന കല്ലുമാലകൾ ബഹിഷ്കരിച്ച് തങ്ങളുടെ ശക്തി തെളിയിക്കാൻ പലരും തയ്യാറായി വന്നു. തങ്ങൾക്കു കല്പിച്ചു പോന്നിരുന്ന അത്തരം അടയാളങ്ങളെ അരിവാൾ കൊണ്ട് പൊട്ടിച്ചെറിഞ്ഞ് അവർ പ്രതിഷേധിച്ചു. ഇങ്ങനെ സമരത്തിന്റെ ഭാഗമായി പ്രതികരിച്ച പെണ്ണിന് നേരിടേണ്ടിവന്ന ദാരുണമായ അനുഭവങ്ങൾ ചെറുതല്ല. അവരുടെ വീടുകൾ നശിപ്പിക്കപ്പെട്ടു. മാനഭംഗത്തിനിരയായി. കല്ലുമാല ഉപേക്ഷിച്ച് വഴിയിൽ വന്ന പെണ്ണിന്റെ ചെവി മുറിച്ചു. ഇത്തരത്തിൽ എത്ര തിരിച്ചടികൾ ഉണ്ടായിട്ടും അവർണ്ണവിഭാഗത്തിനായി അടയാളമാക്കി വച്ചിരുന്ന കല്ലും മാലയും ഉപേക്ഷിച്ച് പ്രതിഷേധിക്കാൻ അവർ തയ്യാറായത് തങ്ങളുടെ സ്വത്വബോധം ഉണർന്നതോടെയാണ്. ഇവിടെയും ഉയർന്ന വിഭാഗത്തിലെ സ്ത്രീകൾക്കും അലങ്കാരങ്ങൾക്ക് വ്യവസ്ഥയുണ്ടായിരുന്നതായി കാണാം. ഓട്ടുവള, വരക്കുറി, പൂത്താലി എന്നിങ്ങനെ നിശ്ചയിക്കപ്പെട്ടവ മാത്രം ഉപയോഗിക്കുക എന്നതു നിർബന്ധമായിരുന്നു. നെറ്റിയിൽ വരയ്ക്കേണ്ടുന്ന കുറിയുടെ എണ്ണവും നീളവും പോലും വ്യവസ്ഥ ചെയ്യപ്പെട്ടിരുന്നു. ഏതു വിഭാഗത്തിലെ സ്ത്രീയായാലും നിയമത്തിന്റെ ചട്ടക്കൂടിൽ നിർത്തി അനുസരിപ്പിക്കാൻ കഴിഞ്ഞിരുന്നു എന്നതാണ് ഇവ വെളിപ്പെടുത്തുന്നത്. ഇതുകൂടാതെ ചാപിള്ളയെ പ്രസവിക്കുന്ന സ്ത്രീകളെയും വിധവകളെയും ദുഃശകുനമായി മാത്രം കണ്ടിരുന്നു. ഭാഗ്യഹീനയായി

മുദ്രകുത്തി എല്ലാ ചടങ്ങുകളിൽ നിന്നും മാറ്റി നിർത്തിയിരുന്നു. മക്കൾ ജനിക്കാത്ത സ്ത്രീകളുടെ വന്ധ്യതയെ ഒരു പാപമായി ആരോപിച്ചു. അതെന്നും സ്ത്രീയുടെ മാത്രം കുറ്റമായി നിലനിർത്തിയിരുന്നു. ഓരോരോ സംഭവങ്ങളായി എടുത്തു പരിശോധിച്ചാൽ സവർണാവർണ്ണഭേദമില്ലാതെ സ്ത്രീ സമൂഹം അടിമത്തത്തിനു വിധേയരായിരുന്നു എന്നു വേണം കരുതാൻ.

കേരളത്തിലെ ആര്യാധിനിവേശം നമ്പൂതിരിമാർക്ക് മേധാവിത്വ പദവി നൽകിയപ്പോഴും അവരുടെ സ്ത്രീകളുടെ നില പരിതാപകരമായിരുന്നു. അതിന് ഉത്തമോദാഹരണമാണ് സ്മാർത്തവിചാരം എന്ന ക്രൂരവിനോദം. ഒരു നമ്പൂതിരിക്ക് എത്ര വിവാഹം വേണമെങ്കിലും അനുവദനീയമായിരുന്നു.എന്നാൽ അവരുടെ സ്ത്രീകൾക്ക് അത് നിഷേധിക്കപ്പെട്ടിരുന്നു. സ്വസമുദായത്തിൽ നിന്നും കുടുംബത്തിലെ മൂത്തയാൾ മാത്രം വിവാഹം ചെയ്യാവൂ എന്ന നിയമം കാരണം നമ്പൂതിരി പെൺകുട്ടികളാണ് വലിയ യാതന അനുഭവിക്കേണ്ടി വന്നത്.അതോടൊപ്പം തന്നെ ഭദ്രമായ കുടുംബജീവിതം ലഭ്യമാകാതെ അലയേണ്ടി വന്ന, സ്വന്തം കുടുംബത്തിൽ അന്യനായി നിൽക്കേണ്ടിവന്ന അപ്ഫന്മാരുടെ അവസ്ഥയും പരിതാപകരമായിരുന്നു. വ്യക്തിസ്വാതന്ത്ര്യങ്ങൾക്കു മേലെ സ്മൃതി നിയമങ്ങളുടെ അധീശത്വം അടിമപ്പെടുത്തിയ വലിയ വിഭാഗം പ്രതികരണശേഷിയില്ലാതെ ജീവിച്ചു. പെൺകിടാങ്ങളുടെ അവസ്ഥയാകട്ടെ ഇതിലും ദയനീയം .എഴുപതുകാരനായ നമ്പൂതിരിയുടെ എത്രാമത്തെയെങ്കിലും വേളിയായി മാറുന്നത് പതിനഞ്ചു വയസ്സുകാരിയായിരിക്കും. നല്ല നേരം നോക്കി മാത്രം വേളിയുമായി സംസർഗ്ഗത്തിന് എത്തുന്ന ഭർത്താവ് പെണ്ണിന് അപ്രാപ്യനായിരുന്നു. സന്തത്യുൽപാദനം എന്നതിലുപരി ഒന്നും തന്നെ ഉണ്ടായിരുന്നില്ല. അധികം വൈകാതെ പ്രായാധിക്യത്താൽ നമ്പൂതിരി മരിക്കുന്നു. അതോടെ വിധവയാകുന്ന പെൺകുട്ടി നരകതുല്യമായ ജീവിതം അനുഭവിക്കുന്നു. ജീവിതം തുടങ്ങും മുമ്പ് ഒടുങ്ങുന്ന കാഴ്ച പല ഇല്ലങ്ങളിലും കാണാൻ കഴിഞ്ഞിരുന്നു. പുരുഷന്മാർ ലൈംഗികസ്വാതന്ത്ര്യം അനുഭവിക്കുമ്പോൾ അവരുടെ സ്ത്രീകൾക്ക് തങ്ങളുടെ ഇത്തരം അവകാശങ്ങളെ മനഃപൂർവ്വം നിഷേധിക്കപ്പെട്ടു. അതുകൊണ്ടുതന്നെ അവരുടെ വൈകാരികതയുടെ മേൽ അടിച്ചേൽപ്പിക്കപ്പെട്ട കടുത്ത നിയന്ത്രണമായിരുന്നു സ്മാർത്തവിചാരം.നമ്പൂതിരിസ്ത്രീകൾക്ക് ചാരിത്ര്യദോഷമോ ശങ്കയോ ഉണ്ടായാൽ പരസ്യവിചാരണ നടത്തിയിരുന്നു. ഇതാണ് സ്മാർത്തവിചാരം. വെറുമൊരു സംശയത്തിന്റെ പേരിൽപ്പോലും ക്രൂരമായ രീതിയിൽ വിചാരണ നടത്തുവാനും മാനസികമായും ശാരീരികമായും തളർത്തുവാനും പോന്ന നിയമമായിരുന്നു ഇത്.കുടുംബസ്ഥന് ശങ്കയുണ്ടായാലുടൻ ആ

സ്ത്രീയെ ഒറ്റപ്പെട്ട മറ്റൊരിടത്തേക്ക് (അഞ്ചാം പുര) മാറ്റി വിചാരണ നടത്തുന്നു. വിചാരണഘട്ടത്തിൽ നേരിടേണ്ടിവരുന്ന മാനസികപീഡനം ചെറുതല്ല. കുറ്റസമ്മതം നടത്തുംവരെ കടുത്തപ്രയോഗങ്ങൾക്ക് ആ സ്ത്രീയെ ഇരയാക്കും. അഞ്ചാംപുരയിലേക്ക് ഇഴജന്തുക്കളെ കടത്തിവിടുക, പായയിൽ പൊതിഞ്ഞ് കെട്ടി പുരപ്പുറത്തു നിന്ന് താഴേയ്ക്ക് ഉരുട്ടിയിടുക തുടങ്ങിയ ക്രൂരമായ മുറകൾ പ്രയോഗിച്ചു വന്നു.ഇതിനിടെ മരണപ്പെട്ട സ്ത്രീകളും ഉണ്ടായിരുന്നു. ഒടുവിൽ കുറ്റസമ്മതം നടത്തുന്നതോടെ അവരെ പുറത്താക്കുന്നു. കുടുംബവുമായുള്ള സകലബന്ധവും ഇല്ലാതാക്കി പടിയടച്ച് പിണ്ഡംവെയ്ക്കുന്നു. അത്രയും കാലം ഇല്ലത്തിന്റെ ഇരുളറകൾ മാത്രം പരിചയമുണ്ടായിരുന്ന അവർ പുറംലോക ത്തേക്ക് എത്തുന്നതോടെ പകച്ചുപോകുന്നു. ഇങ്ങനെ പുറത്താക്കുന്ന സ്ത്രീകളെ കൊണ്ടുപോകാൻ പല ജാതിക്കാർ പുറത്ത് കാത്തുനിൽക്കും. പടിപ്പുരയ്ക്ക് പുറത്ത് അവരെ കാത്തുനിൽക്കുന്ന ആൺകൂട്ടത്തിൽ കാമത്തിന്റെ കഴുകൻ കണ്ണുകൾ അല്ലാതെ മറ്റൊന്നും ഉണ്ടായിരുന്നില്ല.ഇത്തരത്തിൽ ക്രൂരമായ അനാചാരം സ്ത്രീകളുടെ മേലാണ് അടിച്ചേൽപ്പിക്കപ്പെട്ടിരുന്നത്. ഒരുതരമായ സ്വാതന്ത്ര്യവും അനുവദിക്കപ്പെടാത്ത വർഗ്ഗമായി കണക്കാക്കി മാറ്റിനിർത്തി മേധാവിത്വം പുലർത്തിപ്പോന്നു.

ശീലാവതീചരിതം പാടിപ്പഠിപ്പിച്ച് കർശനമായി തങ്ങളുടെ സ്ത്രീകളുടെ ചാരിത്ര്യശുദ്ധിയെക്കുറിച്ച് ശ്രദ്ധാലുക്കളാകുമ്പോഴും അവരുടെ സ്ത്രീകൾ സ്വന്തം ഇല്ലങ്ങളിൽ സുരക്ഷിതരായിരുന്നില്ല എന്നതാണ് ചരിത്രം നൽകുന്ന തെളിവ്. അതിന് ഉദാഹരണമാണ് കുറിയേടത്ത് സാവിത്രി അന്തർജനമെന്ന കുറിയേടത്ത് താത്രിയുടെ ചരിത്രം. സ്വന്തം ബന്ധുക്കളാൽ ബാല്യകാലം മുതൽ തന്നെ അവർ ലൈംഗികമായി ചൂഷണം ചെയ്യപ്പെട്ടു.വെറും ഒൻപത് വയസ്സും പത്തു മാസവും ഉള്ളപ്പോഴാണ് അവർ ആദ്യചൂഷണത്തിന് ഇരയായത്.തുടർന്ന് പലരും അവരെ പ്രാപിച്ചതായി സ്മാർത്തവിചാര രേഖകൾ പറയുന്നു. അറുപത്തിനാല് പുരുഷന്മാർ ഒരു അന്തർജനത്തെ പ്രാപിച്ചു എന്നത് തെളിവുസഹിതം നിരത്തുമ്പോൾ സ്ത്രീകൾ സ്വഗൃഹങ്ങളിൽ പോലും സുരക്ഷിതരായിരുന്നില്ലെന്ന് മനസ്സിലാക്കണം. ആദ്യകാലങ്ങളിൽ ഭീഷണിയുടെയും പ്രലോഭനങ്ങളുടെയും ചൂഷണാത്മക സമീപനത്തിലൂടെ അവർ പീഡനത്തിനിരയായി.ഇത്തരത്തിൽ സമാനമായ സംഭവങ്ങൾ നിരവധി ഉണ്ടായിരുന്നിരിക്കണം. താത്രി തന്റെ സ്വത്വബോധത്തിൽ നിന്നും ഉയർന്നുവന്ന ആത്മധൈര്യത്താൽ ഒരു സ്മാർത്തവിചാരത്തിലൂടെ നവോത്ഥാനത്തിന് തുടക്കമിട്ടപ്പോൾ എത്രയോ സാധുസ്ത്രീകൾ തങ്ങളുടെ

പടിക്കുപുറത്ത് ആലംബം നഷ്ടപ്പെട്ട് കച്ചവടവസ്തുക്കളായി നിന്നു.സ്മാർത്തവിചാരത്താൽ പുറത്താക്കപ്പെട്ട സ്ത്രീകളെ സ്വീകരിക്കുന്നവർക്ക് അവരെ വില്പന നടത്താനും വിഘാതമുണ്ടായിരുന്നില്ല. അത്തരത്തിൽ സമൂഹമേൽപ്പിച്ച നീചത വഹിക്കാൻ വിധിക്കപ്പെട്ടത് എക്കാലവും സ്ത്രീകളായിരുന്നു.

അന്നത്തെ ഫ്യൂഡൽ വ്യവസ്ഥിതി അടിമകളാക്കിയിരുന്നവർക്കു പോലും സ്വാതന്ത്ര്യം അനുവദിച്ചിരുന്ന ചില അവസരങ്ങൾ ഉണ്ടായിരുന്നു.എന്നാൽ അതുപോലും സ്ത്രീകൾക്ക് ലഭിച്ചില്ല. അതിന്റെ പേരിലും ദുരിതമനുഭവിച്ചിരുന്നത് സ്ത്രീകൾ തന്നെ. അത്തരത്തിൽ നിലവിലുണ്ടായിരുന്ന കേരളചരിത്രത്തിലെ മറ്റൊരനാചാരമായിരുന്നു പുലപ്പേടിയും മണ്ണാപ്പേടിയും.എന്നാൽ ഇതിന്റെ തിക്തഫലം മുഴുവൻ അനുഭവിച്ചിരുന്നത് സ്ത്രീകളുമായിരുന്നു. ചില പ്രത്യേക നാളിൽ സന്ധ്യ കഴിഞ്ഞ് സവർണ്ണവിഭാഗത്തിലെ സ്ത്രീകൾ തുണയില്ലാതെ പുറത്തിറങ്ങിയാൽ വീടിന് പുറത്തുവച്ച് മണ്ണാനോ പുലയനോ പറയനോ അവരെ തൊട്ടുകയോ കമ്പോ കല്ലോ ഉപയോഗിച്ച് എറിഞ്ഞ് കൊള്ളിക്കുകയോ ചെയ്താൽ അവളെ അശുദ്ധയായി കണക്കാക്കും. ഇങ്ങനെയുണ്ടായാൽ അവൾ താഴ്ന്ന ജാതിക്കാരനായ അയാൾക്കൊപ്പം പൊയ്ക്കൊള്ളണം. അല്ലാത്തപക്ഷം വീട്ടുകാർക്ക് അവളെ വധിക്കാം. "The designated period was between 28th makaram and first Medam of the year" (Early History of Kerala up to AD 1500, K. Sivasankaran Nair: Page 247) ഈ കാലയളവിലാണ് അടിമകൾക്കു സ്വാതന്ത്ര്യം നൽകിപ്പോന്നത്. എന്നാൽ ആ സ്വാതന്ത്ര്യം പോലും സ്ത്രീവിരുദ്ധതയായാണ് നിലകൊണ്ടത്. ഒന്നുകിൽ മരണം അല്ലെങ്കിൽ തികച്ചും അപരിചിതമായ സാഹചര്യങ്ങളിലെ ജീവിതം. രണ്ടും ഒരു സ്ത്രീയ്ക്ക് നൽകിയിരുന്നത് ക്രൂരമായ അവസ്ഥ തന്നെയാണ്.ഇതിൽ നിന്നും മനസ്സിലാക്കാൻ കഴിയുന്നത് വർഗ്ഗ-വർണ്ണ വ്യത്യാസത്തിനപ്പുറം സ്ത്രീകൾ മാത്രം അനുഭവിക്കേണ്ടി വന്ന സാമൂഹിക അടിമത്തത്തെയാണ്. അത്രയും നാൾ അടിമകളായി അടിച്ചമർത്തപ്പെട്ടിരുന്നവർ അനുവദിക്കപ്പെട്ട ഈ സ്വാതന്ത്ര്യത്തെ ജന്മിമാരോടുള്ള പക പോക്കലായി അവർ ഉപയോഗിച്ചു. എന്നാൽ ഒന്നുമറിയാത്ത നിരപരാധികളായ സ്ത്രീകൾ ബലിയാടുകളാവുകയാണ് ഉണ്ടായത്.തങ്ങളുടെ സ്ത്രീകൾക്കുമേൽ ഏല്പിച്ച എല്ലാ ക്രൂരതകളും അവർ ഈ അവസരം ഉപയോഗിച്ച് തിരിച്ച് നൽകി.

കേരളത്തിൽ അടിമത്ത നിരോധനത്തിന് ആദ്യ നടപടിയുണ്ടായത് 1792-ൽ മലബാർ കമ്മീഷണർ പുറപ്പെടുവിച്ച ഒരു ഉത്തരവിലാണ്.ഇതനുസരിച്ച് അടിമകളെ വാങ്ങുന്നതും വില്ക്കുന്നതും കുറ്റകരമായി കണക്കാക്കി.

ഇതുകൂടാതെ 1812-ൽ റാണി ലക്ഷ്മീഭായി അടിമകളുടെ ക്രയവിക്രയം തടഞ്ഞു കൊണ്ട് വിളംബരം പുറപ്പെടുവിച്ചു. അടിമത്തം ഇന്ത്യൻ ശിക്ഷാനിയമപ്രകാരം കുറ്റകൃത്യമായി കണക്കാക്കിയതോടെ പൂർണമായ നിരോധനം വന്നു.1814-ൽ ദിവാൻ ശങ്കരവാര്യർ അടിമവ്യാപാരം നിരോധിക്കുകയും അടിമകളെ മോചിപ്പിക്കുകയും ചെയ്തുകൊണ്ട് സുപ്രധാനമായ ഉത്തരവിറക്കി. ഈ രംഗത്ത് ക്രിസ്ത്യൻ മിഷണറിമാരുടെ സേവനം വിസ്മരിക്കാവുന്നതല്ല. അവർ ഇത്തരം നീചസമ്പ്രദായത്തിനെതിരെ പ്രവർത്തിക്കുകയും അത് ഒരുപാടുപേർക്ക് ആശ്വാസകരമാവുകയും ചെയ്തു.

അടിമത്തവ്യവസ്ഥിതിയിൽ മാറ്റങ്ങൾ വന്നിട്ടും മാനസികമായ അടിമത്തത്തിന്റെ സാക്ഷ്യപ്പെടുത്തലുകൾ പിന്നെയും ഉണ്ടായി. പൊതുവിൽ നായർ സമുദായത്തിൽ മരുമക്കത്തായ വ്യവസ്ഥിതിയാൽ സ്ത്രീകൾ ഏറെക്കുറെ സ്വാതന്ത്ര്യവും സ്ഥാനവും നേടിയിരുന്നു എന്നാണ് പറയുന്നത്. എങ്കിലും വ്യക്തമായി വിശകലനം ചെയ്താൽ അതിലും വ്യത്യസ്തതയുണ്ട്.നായർ– നമ്പൂതിരി സംബന്ധം അക്കാലത്ത് നിലനിന്നിരുന്ന വ്യവസ്ഥിതിയാണ്. എന്നാൽ ഈ സംബന്ധമെന്ന ഏർപ്പാടു തന്നെ ഉണ്ടായി വന്നത് നമ്പൂതിരിസമുദായത്തിൽ സ്വസമുദായത്തിൽ നിന്നും വിവാഹത്തിന് പരിമിതി കല്പിച്ചതോടെയാണ്. അപ്ഫന്മാർ നായർ തറവാട്ടിൽ സംബന്ധം കൂടുന്നത് ഒരു മാന്യതയായി കരുതിയിരുന്നു.എന്നാൽ ഇവർ നായർസ്ത്രീകൾക്ക് ഭാര്യയുടേതായ സ്വാതന്ത്ര്യങ്ങൾ കല്പിച്ചു നൽകിയിരുന്നില്ല. അവർക്കുണ്ടാകുന്ന കുട്ടികളുടെ മേൽ ഒരുത്തരവാദിത്തവും പുലർത്താത്ത അപ്രാപ്യന്മാരായ ഭർത്താവായി മാറിയിരുന്നു. കുട്ടികൾക്ക് സ്വന്തം പിതാവിനെ അച്ഛനെന്ന് വിളിക്കാനുള്ള സ്വാതന്ത്ര്യംപോലും ഉണ്ടായിരുന്നില്ല. ഇങ്ങനെ അച്ഛന്റെ സംരക്ഷണം ഏൽക്കാത്ത മക്കളെ വളർത്തേണ്ടി വന്നിരുന്ന സ്ത്രീകൾ തീർച്ചയായും മാനസികവ്യഥ അനുഭവിച്ചിരിക്കും. സ്ത്രീ സഹജമായ പല ആഗ്രഹങ്ങളും നിറവേറ്റപ്പെടാതെ വൈകാരിക അടിമത്തം അനുഭവിച്ചു ജീവിച്ചിരുന്ന അത്തരം സ്ത്രീകളെ പൊതുസമൂഹം സ്വതന്ത്രരായി കണക്കാക്കി. കുടുംബത്തിന്റെ നെടുംതൂണായ കാരണവന്മാരുടെ ആജ്ഞാനുവർത്തികളായിരുന്ന പെൺ സമൂഹത്തിന് കാരണവർ നിശ്ചയിക്കുന്ന ഏതെങ്കിലും നമ്പൂതിരിയെ സ്വീകരിക്കേണ്ട അവസ്ഥയായിരുന്നു.അത് ലൈംഗിക സ്വാതന്ത്ര്യമായിരുന്നില്ല അടിമത്തമായിരുന്നു. ഇന്ദുലേഖ എന്ന നോവലിൽ ആ അവസ്ഥയുടെ ഭീകരത വ്യക്തമാണ്. സൂരി നമ്പൂതിരിപ്പാടിന്റെപ്പോലെ സ്വന്തം താല്പര്യങ്ങളെ തൃപ്തിപ്പെടുത്താൻ സംബന്ധത്തിന് ഒരുങ്ങുന്ന ഒരു സമൂഹം ഉണ്ടായിരുന്നു. വൈകാരികതയ്ക്ക് ഒരു പ്രാധാന്യവും കല്പിക്കാത്ത

ഒരു സമൂഹത്തിൽ അടിമത്തം അനുഭവിച്ചത് സ്ത്രീകൾ തന്നെ. ശാരീരികവും മാനസികവുമായ അടിമത്തമായിരുന്നു അത്. താലികെട്ട് കല്യാണം പോലുള്ള ശൈശവവിവാഹത്തിലും തുടർന്നുവന്ന സമാനമായ പല ആചാരങ്ങളിലും സമ്മർദ്ദം അനുഭവിക്കേണ്ടി വന്നത് സ്ത്രീകൾ തന്നെ. അവയിൽ നിന്നൊക്കെ മോചനം സൃഷ്ടിച്ചെടുക്കാൻ പല നവോത്ഥാനനായകന്മാരും മുന്നിട്ടിറങ്ങി. അതിന്റെ ഫലമായി പല അനാചാരങ്ങളും നിർത്തലാക്കുകയും ചെയ്തു.

സ്ത്രീവിരുദ്ധനിലപാടുകൾ അതിക്രൂരമായി നിലനിന്നിരുന്ന ഏതു കാലത്തും അതിജീവനത്തിനു തയ്യാറായിവന്ന ചെറിയ ഒരു വിഭാഗമേ ഉണ്ടായിരുന്നുള്ളൂ. സ്ത്രീകളെയും പുരുഷന്മാരെയും ആക്രമിച്ച് കീഴ്പ്പെടുത്തിയ നാദാപുരത്തെ ജോനകപ്പടയെ എതിർക്കാൻ ഉണ്ണിയാർച്ച ഉണ്ടായി. സ്വന്തം മുലയരിഞ്ഞ് ഭരണാധിപത്യത്തിലെ സ്ത്രീവിരുദ്ധതയെ എതിർക്കാൻ നങ്ങേലി ഉണ്ടായി. സ്വന്തം ശരീരത്തെ ആയുധമാക്കി മാന്യന്മാരുടെ മുഖംമൂടി യഴിച്ച് സ്വയം ദുർവിധിയേറ്റുവാങ്ങി നവോത്ഥാനത്തിന്റെ തിരികൊളുത്താൻ താത്രിയേ ഉണ്ടായി.എന്നാൽ ഇവർക്ക് മുൻപും കാലാകാലങ്ങളായി തുടർന്നു വന്ന സ്ത്രീവിരുദ്ധമനോഭാവത്തിനെതിരെ പോരാടാൻ കെല്പുള്ള ഒരു പെണ്ണും ഉണ്ടായിരുന്നില്ല. മാനസികമായ അടിമത്തവും സ്വത്വബോധമില്ലായ്മയും അവരെ എക്കാലവും കീഴോരാക്കി നിർത്തിയിരുന്നു. അതിൽനിന്ന് ചില മാറ്റങ്ങൾ വരാൻ ഏറെ കാലമെടുത്തു. എന്നാൽ വർത്തമാനകാലത്തിൽ സ്ത്രീസ്വാതന്ത്ര്യവും ശാക്തീകരണ പ്രവർത്തനങ്ങളും ശക്തിയാർജ്ജിച്ച എന്നത് സമ്മതിക്കാവുന്നതാണെങ്കിലും എല്ലായിടത്തും അത് പ്രാവർത്തികമായോ എന്നത് ചിന്തിക്കേണ്ടതാണ്.സാഹിത്യരചനയുടെ മേഖലയിൽ ഇന്ന് പെണ്ണെ ഴുത്തുകാർ ഉണ്ട്.പല പ്രശ്നങ്ങളെയും അനാവരണം ചെയ്യുന്നുമുണ്ട് എങ്കിലും അസ്വാതന്ത്ര്യത്തിന്റെ ചട്ടക്കൂടുകളിൽ ഒതുങ്ങിപ്പോയ പുറംലോകമറിയാത്ത എത്രയോ പ്രതിഭകൾ ഉണ്ട്. സംഗീതത്തിൽ, സാഹിത്യത്തിൽ അങ്ങനെ പലയിടത്തും ഉയർന്നുവരാനാകാതെ ഒരു പകുതിയെങ്കിലും ഉണ്ടെന്നത് നിസംശയം പറയാം. പെണ്ണെഴുത്ത് എന്ന സംജ്ഞ സൃഷ്ടിച്ച കോലാഹല ങ്ങൾ ചെറുതായിരുന്നില്ല .സ്ത്രീകളുടെ പ്രശ്നങ്ങളും മാനസികവ്യാപാരങ്ങളും മറയില്ലാതെ വിളിച്ചുപറഞ്ഞ സ്വാതന്ത്ര്യേച്ഛുക്കളായ എഴുത്തുകാരികൾക്ക് കടുത്ത വിമർശനശരങ്ങൾ ഏല്ക്കേണ്ടിവന്നു.ഇത്തരത്തിൽ സ്ത്രീവിരുദ്ധ നിലപാടുകൾ ഇന്നും തുടരുന്നു.പീഡനങ്ങൾക്കിരയായ അഭിനവ താത്രിമാർ ഇന്നുമുണ്ട്. മാധ്യമങ്ങൾ കച്ചവടവൽക്കരണത്തിന്റെ ഭാഗമായി സ്ത്രീശരീരത്തി ന്റെ മുഴപ്പും മിനുപ്പും ഉപയോഗപ്പെടുത്തുമ്പോൾ ദേവദാസി സംസ്കാരത്തിന്റെ

ഏതോ രംഗങ്ങൾ മുന്നിലെത്തുന്നു.ഇത്തരത്തിൽ സ്ത്രീയുടെ അർദ്ധനഗ്നശരീരത്തിന്റെ പ്രദർശനത്തിനൊപ്പം അത്തരത്തിൽ പുരുഷനെ ചിത്രീകരിക്കുന്നില്ല. പ്രദർശനപരതയുടെ അടയാളപ്പെടുത്തലായി അന്നും ഇന്നും ഉപയോഗിക്കപ്പെടുന്നത് പെണ്ണുടൽ മാത്രമാണ്.നിരവധി പെൺകുട്ടികൾ ഇന്നും വില്പനവസ്തുക്കളാകുന്നുണ്ട്. അവയിൽനിന്നും ഇന്നും മോചനം ലഭിച്ചിട്ടില്ല.പണ്ടുകാലത്ത് അടിമകളാക്കി കണക്കാക്കിയ സമുദായങ്ങൾ കാലാന്തരത്തിൽ മോചിതരായി. ജോലിക്ക് കൃത്യമായ കൂലിയുണ്ടായി.അവകാശങ്ങൾക്ക് അംഗീകാരമുണ്ടായി. എല്ലായിടത്തും സ്വാതന്ത്ര്യവും ഉണ്ടായി.എന്നിരിക്കിലും സ്ത്രീകൾ ഇന്നും മാനസികവും ശാരീരികവും വൈയക്തികവുമായ അടിമത്തത്തിൽ നിന്നും പൂർണമായ മോചനം നേടിയിട്ടില്ല. എന്നും ചൂഷണങ്ങൾക്കും ആധിപത്യത്തിനും ഒരു പോലെ ഇരയായിരുന്നത് പ്രകൃതിയും സ്ത്രീയും തന്നെയായിരുന്നു. മാറ്റങ്ങൾ അനിവാര്യമാണ്. സ്ത്രീ സ്വാതന്ത്ര്യത്തിൽ സമൂഹത്തിന്റെ കാഴ്ചപ്പാട് ഇനിയും മാറേണ്ടിയിരിക്കുന്നു. സമൂഹത്തിന്റെ സകല മേഖലകളിലും സ്ത്രീപ്രാതിനിധ്യം ഉണ്ടെങ്കിലും ചില പൂർത്തീകരണങ്ങൾ ഇനിയും ആവശ്യമാണ്. സ്വാതന്ത്ര്യം എന്നതിലുപരി സുരക്ഷിതത്വമാണ് അനിവാര്യം. അതിന് സജ്ജമാകുന്ന ഒരു സമൂഹം നിലവിൽ ഉണ്ടാകേണ്ടതാണ് ആവശ്യം. അത്യന്താധുനികതയിൽ സർവ്വതന്ത്ര സ്വതന്ത്രരായി വിരാജിക്കുമ്പോഴും സ്ത്രീസുരക്ഷ കൂടി ഉറപ്പാകുമ്പോൾ മാത്രമേ പൂർണമായ അടിമ വിമോചനം സാധ്യമാകൂ.

## ആധാരസൂചി

1. അച്യുതവാര്യർ എസ്സ്, പ്രൊഫ., കേരളസംസ്കാരം,കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2006.

2. ഗോപാലകൃഷ്ണൻ പി.കെ., കേരളത്തിന്റെ സാംസ്കാരികചരിത്രം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്,തിരുവനന്തപുരം, 2012.

3. ചന്ദ്രിക സി.എസ്സ്., കേരളത്തിലെ സ്ത്രീചരിത്രങ്ങൾ മുന്നേറ്റങ്ങൾ, ഡി.സി. ബുക്ക്സ്, കോട്ടയം, 2016.

4. ജേക്കബ് നായത്തോട്, സംഘകാലത്തെ ജനജീവിതം, ചിന്തപബ്ലിഷേഴ്സ്, തിരുവനന്തപുരം, 2016.

5. രവിവർമ്മ കെ.ടി., പണ്ടത്തെ മലയാളക്കര കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്,തിരുവനന്തപുരം 2014.

6. രാജൻ ചുങ്കത്ത്, ഡോ., സ്മാർത്തം പൂർണ്ണാപബ്ലിക്കേഷൻസ്, കോഴിക്കോട്, 2016.

7. രാജീവ്, വി. ഡോ., ആര്യാധിനിവേശവും നമ്പൂതിരി സംസ്കാരവും, സാഹിത്യ

പ്രവർത്തകസഹകരണസംഘം, കോട്ടയം, 2015.

8. ശ്രീധരൻ പുറത്തൂർ, കേരളചരിത്രം, എച്ച് & സി പബ്ലിഷിംഗ് ഹൗസ്, തൃശ്ശൂർ, 2017.

9. ശ്രീധരമേനോൻ, എ., കേരളചരിത്രം, ഡി.സി. ബുക്സ്, കോട്ടയം, 2013.

10. സോമൻ പി., ഡോ., അമ്മദൈവവും സംസ്കാരവും, കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, ഡിസംബർ, 2011.

11. Maya devi, S. Dr., A History of social changes in Travancore, Krishna publications, Thiruvananthapuram, 2014.

12. Mateer Samuel, Rev. Native Life in Travancore, W.H. Allen and co., London 1883.

13. Sivasankaran Nair K., Early History of Kerala, International Centre for Kerala Studies, University of Kerala, kariavattom, 2010.

14. Sreedhara Menon A., Survey of Kerala History, Viswanathan Printers and Publishers Pvt. Ltd., Madras.

*priyanarayanan198@gmail.com*

# ഉദ്ഗ്രഥനത്തിന്റെ കാവ്യശാസ്ത്രവും പ്രതിനിധാനത്തിന്റെ രാഷ്ട്രീയവും

പ്രൊഫ. ടി.എം. യേശുദാസൻ
പ്രൊഫസർ (റിട്ട.), ഇംഗ്ലീഷ് വിഭാഗം, സി.എം.എസ് കോളേജ്, കോട്ടയം .

**സംഗ്രഹം**

അടിമത്തത്തിന്റെ അവശിഷ്ടഘട്ടവും മലയാളനോവലിന്റെ രൂപീകരണവും തമ്മിലുള്ള സമകാലികത പഠനവിധേയമാക്കുന്നു. മലയാളിത്തനിമ എന്ന ആധുനിക സങ്കൽപ്പം അതിന്റെ ലിബറൽ/മതേതര/പുരോഗമന ആവരണത്തിനിടയിൽ ദളിതരുടെ അധമത്വം വാദിക്കുന്ന ക്ലാസിക്കൽലാവണ്യശാസ്ത്രത്തിന്റെയും സംസ്കാരത്തിന്റെയും മൂല്യങ്ങളുമായി കുറ്റകരമായി ബന്ധപ്പെട്ടാണ് കിടക്കുന്നത്. മലയാള നോവലിന്റെ ഔദാര്യരഹിതമായ ഭൂമികയിലൂടെ പുരോഗമിക്കുന്ന ദളിത് വിഷയിയുടെ സഞ്ചാരപഥം പിൻതുടരുന്നതിനുള്ള ശ്രമമാണ് പ്രബന്ധലക്ഷ്യം. ദളിത് അനുഭവത്തെ ഒഴിവാക്കാതെ ഉൾപ്പെടുത്തുന്ന വിധത്തിൽ സമകാലിക കേരള സാംസ്കാരിക ശീലങ്ങളെ പുനർനിർവചിക്കാൻ ശ്രമിക്കുന്നു ഈ പഠനം.

**താക്കോൽ വാക്കുകൾ**: മൃൂട്ട്, അടിമ, ദലിത്, ഇരട്ടദൗത്യം, കൊളോണിയലിസം

ദളിതരെ മുഖ്യപ്രമേയമായോ നിർവാഹകത്വമുള്ള കഥാപാത്രങ്ങളായോ ഒഴിവാക്കിക്കൊണ്ടാണ് മലയാള നോവൽ അതിന്റെ സ്വത്വം വീര്യം കെടാതെ കാത്തുസൂക്ഷിക്കുന്നത്. മലയാളനോവലിൽ ദളിതർ ഒരിക്കലും പ്രത്യക്ഷപ്പെടാറില്ലെന്നല്ല ഇതിനർത്ഥം. നോവലിന്റെ ഓരോ പേജിലും ദളിതരെ ഉൾപ്പെടുത്തണമെന്ന വാശിയും ഇല്ല. എന്നാൽ, അവരെ ഉൾപ്പെടുത്തുമ്പോഴൊക്കെ ഒരു പ്രത്യേക രൂപകൽപ്പനപ്രകാരം അത് നിർവഹിക്കുകയും അവരുടെ

ശ്വാസം മുട്ടുന്ന സാന്നിദ്ധ്യം മലയാളി ഏകീഭാവം ചിട്ടപ്പെടുത്തുന്നതിൽ ഒരു ദൂരീകരണ ഘടകമായി പ്രവർത്തിക്കുകയും ചെയ്യുന്നു. മലയാളിത്തനിമ എന്ന ആധുനികസങ്കൽപ്പം അതിന്റെ ലിബറൽ/മതേതര/പുരോഗമന ആവരണത്തിനടിയിൽ, ദളിതരുടെ അധമത്വം വാദിക്കുന്ന ക്ലാസ്സിക്കൽലാവണ്യശാസ്ത്രത്തിന്റെയും സംസ്കാരത്തിന്റെയും മൂല്യങ്ങളുമായി കുറ്റകരമായി ബന്ധപ്പെട്ടാണ് കിടക്കുന്നത്. മലയാളിത്തനിമയും ക്ലാസ്സിക്കൽ മൂല്യങ്ങളും തമ്മിലുള്ള ഈ ഗൂഢബന്ധം ദളിതർക്കെതിരായ ഒഴിവാക്കലും വിവേചനവും വെറും സ്വാഭാവികമാണെന്ന തോന്നൽ സൃഷ്ടിക്കുന്നു. (മോറിസൺ1992:8; ജോർഡൻ & വീഡൻ 1997: 259)

മലയാളനോവലിന്റെ ഔദാര്യരഹിതമായ ഭൂമികയിലൂടെ പുരോഗമിക്കുന്ന ദളിത്‌വിഷയിയുടെ സഞ്ചാരപഥം പിൻതുടരാനുള്ള ശ്രമമാണിവിടെ നടത്തുന്നത്. മലയാള നോവലും മലയാളിത്തനിമയും തമ്മിലുള്ള പരസ്പരമായ അകപ്പെടൽ ദളിത് വിഷയികളുടെ സ്വന്തം പ്രതിഛായയെയും സ്വത്വബോധത്തെയും ബാധിക്കുന്നതെങ്ങനെയെന്ന അന്വേഷണമാണ് മുഖ്യലക്ഷ്യം. ദളിത് അനുഭവത്തെ ഒഴിവാക്കാതെ ഉൾപ്പെടുത്തുന്ന വിധത്തിൽ സമകാലിക കേരള സാംസ്കാരികശീലങ്ങളെ പുനർനിർവചിക്കുക എന്ന ഒരു ദ്വിതീയ ലക്ഷ്യവുമുണ്ട്. ഇത്തരമൊരു പുനർനിർവചനത്തിന്റെ വിവക്ഷകൾക്ക് നിരൂപണത്തിന്റെയും ബോധനശാസ്ത്രത്തിന്റെയും പ്രയോഗങ്ങളുമായി ബന്ധമുണ്ട്.

കേരളത്തിൽ നോവൽ പിറന്നത് രണ്ടുഭാഷകൾ—ഇംഗ്ലീഷും മലയാളവും—തമ്മിലുള്ള പരസ്പരസജീവതയിലാണ്. ബക്തിന്റെ അഭിപ്രായത്തിൽ, ഇത്തരമൊരു പരസ്പരസജീവതയെ സാമൂഹ്യവും പ്രത്യയശാസ്ത്രപരവുമായ പോരാട്ടത്തിൽ നിന്നോ ജനതയുടെയും സമൂഹത്തിന്റെയും പരിണാമവും പുതുക്കവുമായി ബന്ധപ്പെട്ട പ്രക്രിയകളിൽ നിന്നോ വേർപെടുത്താനാവില്ല (ലോഡ്ജ് 1988: 144, 155). അതുകൊണ്ട് , മലയാള നോവലിനെ, പ്രത്യേകിച്ച് ജാതിയും അടിമത്തവുമായി ബന്ധപ്പെടുത്തി, മനസ്സിലാക്കാൻ മനപ്പൂർവമായ ഒരു ഭാഷാഭേദമില്ലായ്മ സ്വീകരിക്കേണ്ടത് അടിസ്ഥാനപരമാണ്.

കോളിൻസ് മദാമ്മയുടെ 'ദ സ്ലേയർ സ്ലെയ്ൻ' (1864), പോത്തേരി കുഞ്ഞമ്പുവിന്റെ 'സരസ്വതീവിജയം' (1892), തകഴിയുടെ 'രണ്ടിടങ്ങഴി' (1948), സാറാ തോമസിന്റെ 'ദൈവമക്കൾ' (1982), അരുന്ധതി റോയിയുടെ 'ദ ഗോഡ് ഓഫ് സ്മോൾ തിങ്സ്' (1997) എന്നീ അഞ്ചു നോവലുകളാണ് ചർച്ചയ്ക്കായി തെരഞ്ഞെടുത്തിട്ടുള്ളത്. ഇതിൽ ആദ്യത്തെയും അവസാനത്തെയും നോവലുകൾ പ്രാരംഭത്തിൽ ഇംഗ്ലീഷിൽ എഴുതി പ്രസിദ്ധീകരിച്ചവയും പിന്നീട്

മലയാളത്തിലേയ്ക്ക് വിവർത്തനം ചെയ്യപ്പെട്ടവയുമാണ്. ഈ നോവലുകൾ തെരഞ്ഞെടുക്കാൻ ഭാഷയ്ക്കുപകരം പ്രദേശം മാനദണ്ഡമായി സ്വീകരിച്ചതിനു പിന്നിൽ മലയാളിസാഹിത്യബോധത്തിന്റെ സാംസ്കാരികമായ ദ്വിഭാഷാപരിചയം അല്ലെങ്കിൽ ബഹുഭാഷാപരിചയം എടുത്തു കാട്ടാനുള്ള പ്രേരണയുണ്ട്. ഹിന്ദുത്വം എന്ന രാഷ്ട്രീയാദർശത്തിനു ചുറ്റും സംസ്കാരത്തെ ഏകരൂപമാക്കാൻ ശ്രമങ്ങൾ നടക്കുന്ന ഈ സന്ദർഭത്തിൽ ഇത്തരമൊരു അവകാശവാദം പ്രസക്തമാണ്.

വർഗ്ഗലഘൂകരണത്തിന്റെയും ഗാന്ധിയൻ പിതൃഭാവകോയ്മയുടെയും കാല്പനികപുനരുത്ഥാനവാദത്തിന്റെയും വഴികൾ ഒഴിവാക്കി മുന്നോട്ടു നീങ്ങാൻ അംബേദ്കറുടെ ജാതിവിരുദ്ധ ജേർണലുകളുടെ പേരുകളിൽ നിന്നു തട്ടിക്കൂട്ടിയ ചില താത്കാലിക സംവർഗ്ഗങ്ങളെ ഈ ലേഖനം നിർബന്ധ സേവനത്തിലെടുത്തിട്ടുണ്ട്. യഥാക്രമം ' മൂക്നായക്'(1920),' ബഹിഷ്കൃത് ഭാരത്'(1927), 'സമത'(1927-28), 'ജനത' (1930), 'പ്രബുദ്ധഭാരത്' (1956) എന്നീ ജേർണൽ തലക്കെട്ടുകളിൽ നിന്ന് വേർതിരിച്ചെടുത്ത മൂക്, ബഹിഷ്കൃത്, സമത, ജനത, പ്രബുദ്ധത എന്നിവയാണ് വിശദീകരണം ആവശ്യമില്ലാത്ത ആ അഞ്ച് സംവർഗ്ഗങ്ങൾ.ഇളകുന്ന എന്നാൽ പ്രയോജനമുള്ള ഈ സംവർഗ്ഗങ്ങൾ ഇൻഡ്യൻചരിത്രം, സംസ്കാരം, ഗാന്ധിയൻ ദേശീയത, വർഗ്ഗരാഷ്ട്രീയം എന്നിവയുമായി അംബേദ്കർ നടത്തിയ പ്രകോപനപരമായ ഇടപെടലുകളെ അനുസ്മരിപ്പിക്കുന്നവയാണ്. ഒരുപക്ഷേ, ദളിത്പ്രസ്ഥാനത്തിന്റെ വ്യത്യസ്തമായ വികാസഘട്ടങ്ങളെ സൂചിപ്പിക്കുന്നതിനു വേണ്ടിയാകാം അംബേദ്കർ ഈ പേരുകൾ ഉപയോഗിച്ചത്. എന്നാൽ, ഇവ സൂചിപ്പിക്കുന്ന മനോഭാവങ്ങളും പ്രശ്നങ്ങളും നിർവചനങ്ങളും അഖിലേന്ത്യാതലത്തിൽ സമകാലിക ദളിത് അനുഭവവുമായി പൊരുത്തപ്പെടുന്നതു കൊണ്ട് ഞാൻ അവയെ രണ്ടർത്ഥത്തിലും—ഡയക്രോണിക്കും സിങ്ക്റോണിക്കും ആയി—ഉപയോഗിക്കുന്നു.

ചുരുക്കത്തിനും സൗകര്യത്തിനും വേണ്ടി മൂക്, ബഹിഷ്കൃത് എന്നീ രണ്ട് അംബേദ്കർ സംവർഗ്ഗങ്ങളെ കൂട്ടിച്ചേർത്ത് ദ മ്യൂട്ട് അഥവാ ഊമ എന്ന ഒറ്റ സംവർഗ്ഗമായി ചുരുക്കുകയാണ്. കൊളോണിയൽ കുടിയേറ്റം മൂലം ഭൂമി നഷ്ടപ്പെട്ട ആദിമനിവാസികൾ എങ്ങനെയാണ് നിശ്ശബ്ദരാക്കപ്പെടുകയും പാർശ്വവൽക്കരിക്കപ്പെടുകയും ചെയ്തതെന്ന് കാട്ടിത്തരുന്ന വെർണർ ഹെർസോഗിന്റെ 'വെയർ ഗ്രീൻ ആന്റ്സ് ഡ്രീം' എന്ന സിനിമയിലെ ദ മ്യൂട്ട് എന്ന കഥാപാത്രത്തെയാണ് ഓർമ്മ വരുന്നത്. അയാളുടെ ഭാഷ സംസാരിക്കുന്ന വേറൊരാളും ജീവിച്ചിരിപ്പില്ല. അയാൾക്ക് അയാളുടെ ഭാഷയല്ലാതെ

വേറൊരു ഭാഷയും അറിയുകയില്ല. ഇക്കാരണത്താലാണ് അയാൾ ഊമയായി മാറിയതും ദ മ്യൂട്ട് എന്ന് വിളിക്കപ്പെടുന്നതും. അയാളുടെ ഗോത്രത്തിലെ മറ്റെല്ലാ അംഗങ്ങളെയും കുടിയേറ്റക്കാർ ഉന്മൂലനം ചെയ്തിരുന്നു.

കൊളോണിയലിസത്തെപ്പോലെ, സവർണാധിപത്യവും ദളിതരെ നിശ്ശബ്ദരാക്കുന്നുണ്ട്. പോത്തേരി കുഞ്ഞമ്പുവിന്റെ സരസ്വതീവിജയം എന്ന നോവലിൽ, ഒരു കീർത്തനം ആലപിച്ച കുറ്റത്തിന് മരത്തൻ എന്ന ദളിത് യുവാവിനെ സവർണർ മർദ്ദിച്ച് മൃതപ്രായനാക്കുന്നുണ്ട്. വേദങ്ങളുടെയും ശാസ്ത്രങ്ങളുടെയും അധികാരം ഉപയോഗിച്ചാണ് മേൽജാതിക്കാർ അയാളെ നിശ്ശബ്ദനാക്കിയത്. ജാതിമർദ്ദനത്തിന് അടിസ്ഥാനമായ വിശുദ്ധഗ്രന്ഥങ്ങളുടെ അധികാരത്തെ തകർക്കാനുള്ള രോഷാകുലമായ ആഹ്വാനം അംബേദ്കർ ജാതിനിർമൂലനം എന്ന പ്രബന്ധത്തിൽ നടത്തുന്നുണ്ട് (1987:64)

ഈ പ്രബന്ധത്തിൽ, ഒരു സമൂഹത്തെ കെട്ടിപ്പടുക്കുന്നതിലും നിലനിർത്തുന്നതിലും ആശയവിനിമയം വഹിക്കുന്ന പങ്കിനെക്കുറിച്ച് അംബേദ്കർ പറയുന്നുണ്ട്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ, മറ്റുള്ളവരുമായി കാര്യങ്ങൾ പൊതുവായി പങ്കുവയ്ക്കാനുള്ള ഒരേയൊരു മാർഗ്ഗം പരസ്പരം ആശയവിനിമയം തുടരുകയാണ്. ആശയവിനിമയം കൊണ്ടും ആശയവിനിമയത്തിലും ആണ് സമൂഹം തുടരുന്നതും നിലനിൽക്കുന്നതും (41). വളരെ പിന്നീട്, ബെനഡിക്ട് അൻഡേഴ്സൺ രാഷ്ട്രങ്ങളെ ഭാവന ചെയ്യാൻ അച്ചടിസംസ്കാരം സഹായിച്ചതെങ്ങനെയെന്ന് നമുക്ക് കാട്ടിത്തന്നു. മാർക്സിസ്റ്റുകളും അംബേദ്കറൈറ്റുകളും തമ്മിലുള്ള ശത്രുതാപരമായ അപരിചിതത്വം കൂട്ടാക്കാതെ, അംബേദ്കർ ആശയവിനിമയത്തിനു നൽകുന്ന ഊന്നലും മാർക്സിന്റെ സാന്ദ്രത എന്ന ആശയവും കൂട്ടി ഘടിപ്പിക്കുന്നത് പ്രയോജനകരമാണെന്ന് എനിക്ക് തോന്നുന്നു. മാർക്സിന്റെ അഭിപ്രായത്തിൽ, തിങ്ങിപ്പാർക്കുന്ന ജനങ്ങളും മോശമായ ആശയവിനിമയമാർഗ്ഗങ്ങളുമുള്ള ഒരു രാജ്യത്തെ അപേക്ഷിച്ച് ജനങ്ങൾ അങ്ങിങ്ങായി ചിതറിക്കിടക്കുന്നതെങ്കിലും മെച്ചപ്പെട്ട ആശയവിനിമയമാർഗ്ഗങ്ങളാൽ ബന്ധിപ്പിച്ച രാജ്യത്തിനാണ് സാന്ദ്രത കൂടുതൽ(അരനോവിറ്റ്സ് 1992: 22). പ്രായോഗികബന്ധങ്ങളുടെ ശൃംഖലയായ സാമൂഹ്യമൂലധനത്തെക്കുറിച്ചുള്ള ബൂർദിയേയുടെ ആശയവും ഇതിനോടു ചേർത്ത് ഘടിപ്പിക്കാവുന്നതാണ്.

ഭ്രഷ്ടരാക്കപ്പെട്ട പുറജാതികളാക്കി ദളിതരെ ആശയവിനിമയത്തിൽ നിന്നും ചരിത്രത്തിൽ നിന്നും സംസ്കാരത്തിൽ നിന്നും വിച്ഛേദിച്ചു കൊണ്ട് ആധിപത്യ വിഭാഗങ്ങൾ അവരെ ഊമകളാക്കി മാറ്റി. ജനങ്ങളെ സംബന്ധിച്ച

ഈ സത്യമാണ് ആദ്യത്തെ ജേർണലിന് മൂക് നായക് എന്ന പേരിടാൻ അംബേദ്കറെ നിർബന്ധിച്ചത്.

ജനസംഖ്യയിൽ പത്തു ശതമാനം പേരും മുൻ അടിമകളുടെ സന്തതികൾ ആയിട്ടു കൂടി എന്തുകൊണ്ടാണ് അടിമത്തത്തിന്റെ ചരിത്രവുമായി ബന്ധപ്പെട്ട ഒരു നോവൽ പോലും ഇവിടെ ഉണ്ടാകാത്തത് എന്ന ചോദ്യമാണ് കേരളത്തിലെ നോവൽ സാഹിത്യവുമായി ബന്ധപ്പെട്ട ഏറ്റവും ദുർഗ്രഹമായ പ്രശ്നം. അടിമത്തത്തോടുള്ള ഭാഷാസാഹിത്യത്തിന്റെ പ്രതികരണം നിശ്ചയമായും മറവിയുടെയും മൗനത്തിന്റെയും ആയിരുന്നു. പത്തൊൻപതാംനൂറ്റാണ്ടിന്റെ രണ്ടാംപാദം വരെയുള്ള മലയാളഗ്രന്ഥങ്ങൾ മുഴുവൻ പരിശോധിച്ചാലും കേരളത്തിൽ അടിമത്തം ഉണ്ടായിരുന്നു എന്നതിന് തെളിവൊന്നും ലഭിക്കുകയില്ല. ഈ ദേശത്തിലെ ആദ്യ ജനതയായി തുടക്കം മുതലേ ഉണ്ടായിരുന്ന മനുഷ്യരെക്കുറിച്ചാണ് ഈ നിശ്ശബ്ദത എന്നോർക്കണം. മലയാളി സംസ്കാരത്തിന്റെ ഉദ്ഭവത്തിലും വികസനത്തിലും ഗണ്യമായ സ്ഥാനമോ സ്വാധീനമോ ഇല്ലാതിരുന്ന ദളിത് ജനസമൂഹത്തിന് പരമ്പരാഗതവും പ്രാമാണികവുമായ മലയാളിസംസ്കാരത്തെ ഏതെങ്കിലും തരത്തിൽ രൂപപ്പെടുത്താനോ അഭ്യസിപ്പിക്കാനോ കഴിഞ്ഞിട്ടില്ലെന്നാണ് ഈ നിശ്ശബ്ദതയുടെ ഇപ്പോഴത്തെ ദുഷ്കർമ്മികൾ ഉറച്ചു വിശ്വസിക്കുന്നത്. അടിമത്തത്തിന്റെ ആനുകൂല്യമില്ലാതെ ആധുനികകേരളത്തിന്റെ സാമ്പത്തിക പുരോഗതിയെപ്പറ്റി ചിന്തിക്കാനാവില്ലെന്നും ദളിതരുടെ ചെലവിലാണ് മലയാളിജീവിത രീതി പൂർണത കൈവരിച്ചതെന്നും ഉള്ള കാര്യമാണ് അവർ സൗകര്യപൂർവം വിസ്മരിക്കുന്നത് (മോറിസൺ :45; ജോർഡൻ & വീഡൻ1997:33). ചരിത്രപരമായ മൗനത്തിന്റെയും സാമൂഹ്യമായ നിശ്ശബ്ദമാക്കലിന്റെയും ഇരട്ട കാര്യക്രമങ്ങളാണ് ദളിത് വ്യക്തിത്വത്തെ ഊമയായി നിർമ്മിച്ചെടുക്കുന്നത്.

കേരളത്തിൽ പത്തൊൻപതാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിൽ അടിമത്തം നിർത്തലാക്കിയെങ്കിലും ഫലപ്രദമായ വിമോചനം തെന്നിമാറിക്കൊണ്ടിരുന്നു. അടിമത്തം, സത്യത്തിൽ ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിലും വലിയ മാറ്റമൊന്നും കൂടാതെ അവശേഷിച്ചു. അടിമത്തത്തിന്റെ ഈ അവശിഷ്ടഘട്ടത്തിന്റെ (1860-1920)പശ്ചാത്തലത്തിൽ വേണം അയ്യങ്കാളി (1863-1941) യുടെ സമരോത്സുകതയും പൊയ്കയിൽ യോഹന്നാൻ (1879-1939)നടത്തിയ പ്രത്യക്ഷരക്ഷാസുവിശേഷ പ്രചാരണങ്ങളും പാമ്പാടിജോൺജോസഫ് (1887-1940) ഉയർത്തിയ ചേരമർവാദവും മനസ്സിലാക്കേണ്ടത്.

അടിമത്തത്തിന്റെ അവശിഷ്ടഘട്ടവും മലയാളനോവലിന്റെ

രൂപീകരണകാലവും തമ്മിലുള്ള സമകാലികതയാണ് എന്റെ ശ്രദ്ധയിൽപ്പെട്ട സുപ്രധാനമായ കാര്യം.

അകന്നുപോകുന്ന വിടുതലിന്റെ പ്രതീക്ഷകൾക്കിടയിൽ അടിമത്തത്തിന്റെ കഷ്ടതകളിൽപ്പെട്ട് ദളിതർ ക്ഷീണിച്ച് തളർന്നുകൊണ്ടിരുന്നപ്പോൾ അവരുടെ ഉടമകളായ നായന്മാർ,ഒരു വശത്ത്, പാശ്ചാത്യവൽക്കരണത്തിലൂടെ കൊളോണിയൽ മോഡേണിറ്റി കൈവശപ്പെടുത്തുകയും, മറുവശത്ത് വീരോചിതവും രാജപക്ഷവുമായ ഒരു ഭൂതകാലം അവകാശപ്പെട്ടുകൊണ്ട് കുലീനമായ ഒരു പാരമ്പര്യം സൃഷ്ടിക്കുകയും ചെയ്യുകയെന്ന ഇരട്ടകർത്തവ്യങ്ങളിൽ വ്യാപൃതരായിരുന്നു. ഈ ഇരട്ടദൗത്യത്തിന്റെ നോവൽ വ്യവഹാരം, ഒരു വശത്ത്, ഒ. ചന്തു മേനോന്റെ സാമൂഹ്യ നോവലുകളായ ഇന്ദുലേഖയും (1889), ശാരദയും (1892), മറുവശത്ത്, സി. വി രാമൻപിള്ളയുടെ ചരിത്രനോവലുകളായ മാർത്താണ്ഡവർമ്മ (1891), ധർമ്മരാജ (1917), രാമരാജബഹദൂർ (1920) എന്നിവയും ഉല്പാദിപ്പിച്ചു.

ആധുനിക നായർ കുടുംബത്തിന്റെ ആവിർഭാവം വിളംബരം ചെയ്യുന്നതായിരുന്നു ചന്തുമേനോന്റെ നോവലുകൾ. നമ്പൂതിരി ബ്രാഹ്മണ പുരുഷന്മാർക്ക് നായർസ്ത്രീകളുമായി ജാത്യചാരപ്രകാരം അനുലോമബന്ധം അനുവദിക്കുന്ന സംബന്ധം (ഭാസ്കരനുണ്ണി 1988: 78) എന്ന ബാഹ്യഗോത്രബന്ധം കാലഹരണപ്പെട്ടതായി പ്രഖ്യാപിച്ചുകൊണ്ട് ഇന്ദുലേഖ നായർകുടുംബത്തെ ബാഹ്യമായ ഒരു മേൽക്കോയ്മയിൽ നിന്ന് സ്വതന്ത്രമാക്കി. അണുകുടുംബത്തിലേക്കുള്ള വഴി തെളിച്ചുകൊണ്ട് ശാരദ അമ്മാവന്റെ ഇച്ഛാധിപത്യം എന്ന ആഭ്യന്തര മേൽക്കോയ്മയിൽ നിന്ന് നായർ കുടുംബത്തിന്റെ സ്വാതന്ത്ര്യം പ്രഖ്യാപിച്ചു. ബ്രിട്ടനിലെ ബൂർഷ്വാവിഭാഗത്തിന്റെ ഉരുത്തിരിയലും ഏകീകരണവുമായി ബന്ധപ്പെട്ട് വിപുലമായ ജനപ്രിയത നേടിയ റിച്ചാർഡ്സന്റെ പമേലയും ക്ലാരിസ്സയും പോലെ, സ്ത്രീകളുടെ പേരുള്ള ചന്തുമേനോൻ നോവലുകൾ കൈമാറ്റത്തിന്റെയും പിന്തുടർച്ചവകാശത്തിന്റെയും കാര്യത്തിൽ ഫ്യൂഡൽ മാതൃദായക്രമത്തിൽ നിന്ന് മോഡേൺ പിതൃദായക്രമത്തിലേക്ക് നായർ സമുദായം നടത്തുന്ന മാറ്റത്തെ സൂചിപ്പിക്കുന്നു.

എങ്കിലും, പേരുകേട്ട സാമൂഹ്യ പരിഷ്കർത്താക്കൾ കൂടിയായ ഒ. ചന്തുമേനോനും, സി. വി രാമൻപിള്ളയും എന്തുകൊണ്ടാണ് ജാതിയുടെയും അടിമത്തത്തിന്റെയും ദളിത് അനുഭവത്തെ ഒഴിവാക്കിക്കൊണ്ട് സാമൂഹ്യം, ചരിത്രപരം എന്നീ സങ്കല്പങ്ങളെ നിർവചിച്ചത്?എന്തുകൊണ്ടാണ് പത്തൊൻപതാംനൂറ്റാണ്ടിലെ റിയലിസം ജാതിയുടെയും അടിമത്തത്തിന്റെയും പൊള്ളുന്ന പ്രശ്നം

റിയൽ/യഥാർത്ഥം എന്ന് നിരൂപിക്കാതിരുന്നത്? മലയാള നോവലിന്റെ ഉരുത്തിരിയലും സ്വതന്ത്രവും ആധുനികവും അന്തസ്സുറ്റതും ആയ ഒരു പുത്തൻ മലയാളിയുടെ ഉദയവും തമ്മിലുള്ള ബന്ധത്തിലേക്കാണ് ഈ ചോദ്യങ്ങൾ നമ്മെ നയിക്കുന്നത്. അടിമ/ദലിത് എന്ന പരികല്പന നിർവചനം കൊണ്ടുതന്നെ പരിഷ്കൃതം, ആദരണീയം എന്നിവയുടെ വേലിക്കെട്ടുകൾക്ക് പുറത്തായിരുന്നു. അതുകൊണ്ട് അവ ഊമ/ദ മ്യൂട്ട് ആയി.

തിരുവനന്തപുരത്തെ അഭ്യസ്തവിദ്യരായ നായർ യുവാക്കൾ ചേർന്ന് സംഘടിപ്പിച്ച മലയാളിസഭ (1885)യുടെ സ്ഥാപകഅംഗങ്ങളിൽ ഒരാളും അതിന്റെ ജേർണൽ ആയ 'മലയാളി' (1886) യുടെ എഡിറ്ററും ആയിരുന്നു സി.വി. രാമൻ പിള്ള. അതുവരെ വിദേശ ബ്രാഹ്മണരുടെ അവകാശസങ്കേതമായിരുന്ന ഭരണത്തിലെയും ഉദ്യോഗങ്ങളിലെയും ഉന്നതസ്ഥാനങ്ങളിൽ മലയാളികൾക്ക് മുൻഗണന നൽകണമെന്നാവശ്യപ്പെട്ട് 1891-ൽ നായന്മാർ തിരുവിതാംകൂർ മഹാരാജാവിന് നൽകിയ മലയാളിമെമ്മോറിയൽ ഡ്രാഫ്റ്റ് ചെയ്തത് അദ്ദേഹമാണെന്ന് പറയപ്പെടുന്നു. അഞ്ചുവർഷങ്ങൾക്കുശേഷം 1896-ൽ, ഈഴവർ ചേർന്ന് ഈഴവമെമ്മോറിയൽ എന്നറിയപ്പെടുന്ന ഒരു നിവേദനം രാജാവിന് നൽകി. ദളിതർ രണ്ടിൽനിന്നും ഒഴിവാക്കപ്പെട്ടിരുന്നു. ജാതിയുടെ ഘടനകളാണ് സാമൂഹ്യപരിഷ്കരണ പ്രസ്ഥാനങ്ങളുടെ ഘടനകളെയും നിർണയിച്ചത്. എന്നാലും മലയാളിമെമ്മോറിയലിന്റെ ഒപ്പുകാരിൽ കുറെ ഈഴവരെയും ഉൾപ്പെടുത്തിയിരുന്നു.

ഒഴിവാക്കലിന്റെ ഈ മൗനമായ ഉത്തരവ് അയ്യങ്കാളിയുടെ ചരിത്രപ്രധാനമായ സമരങ്ങളെ, പ്രത്യേകിച്ച് ,മേല്പറഞ്ഞ രണ്ട് മെമ്മോറിയലുകൾക്കിടയിൽ 1893-ൽ നടന്ന വില്ലുവണ്ടിസമരത്തെ ബാധിച്ചു. ജാതിവിലക്കുകൾ വകവെയ്ക്കാതെ, ഒരു ദിവസം അലങ്കരിച്ച കാളവണ്ടിയിൽ പൊതുനിരത്തിലൂടെ അയ്യങ്കാളി സവാരി ചെയ്തു. ഇത് ദളിതരും മറുവശത്ത് പ്രധാനമായും ഈഴവരടങ്ങിയ ജാതിവാദികളും തമ്മിലുള്ള അക്രമത്തിൽ കലാശിച്ചു. കേരളചരിത്രത്തിലെ പ്രമുഖ സംഭവങ്ങളായി രണ്ട് മെമ്മോറിയലുകളെയും സ്ഥാപിച്ച് പുകഴ്ത്തിയപ്പോൾ അയ്യങ്കാളിയുടെ വില്ലുവണ്ടിസമരത്തെ ഊമയായി, ദ മ്യൂട്ട് ആയി വിസ്മൃതിയിൽ തള്ളിവിട്ടുകളഞ്ഞു.

ഒരുവശത്ത്, മേൽത്തട്ടിലെ അതിപരിഷ്കൃതരായ വിദേശബ്രാഹ്മണരടങ്ങിയ നോൺ-മലയാളി അപരരേയും മറുവശത്ത്, കീഴ്ത്തട്ടിലെ അപരിഷ്കൃതരായ നാടൻ ദളിത് അപരരേയും എതിരായി നിർത്തിക്കൊണ്ടാണ് പുത്തൻമലയാളി സ്വത്വം നിർവചിക്കപ്പെട്ടത്. വിദേശ ബ്രാഹ്മണർ കാലക്രമേണ

കേരളസമൂഹത്തിൽ അലിഞ്ഞുചേർന്നു. ദളിതരുടെ ഉദ്ഗ്രഥനം നിരന്തരം അകന്നു പൊയ്ക്കൊണ്ടിരിക്കുന്നു. ഇതിന്റെ ഫലമായി മലയാളിയുടെ സ്വന്തം പ്രതിച്ഛായ എപ്പോഴും നിർവചിക്കപ്പെടുന്നത് ഊമ/മൃട്ട് ആക്കപ്പെട്ട സ്വദേശി ദളിത് അപരർക്കെതിരായിട്ടാണ്. ദളിതരെ ഒഴിവാക്കുന്ന ഇത്തരമൊരു മലയാളി സ്വത്വസങ്കല്പം ഒരു പാശ്ചാത്യമിഷനറിയുടെ രചനകളിൽ മുൻകൂട്ടി സൂചിപ്പിക്കപ്പെടുന്നതും പിന്നീട് മാർക്സിസ്റ്റ് ചരിത്രരചനയിൽ വീണ്ടും പ്രത്യക്ഷപ്പെടുന്നതും എങ്ങനെയെന്നതാണ് വളരെ രസകരമായ ഒരു കാര്യം.

സിഎംഎസ് മിഷനറിയായ ജോസഫ് പീറ്റ് 1860-ൽ എഴുതി:

> "ഈ അടിമജനം തിരുവതാംകൂർ സമുദായത്തിന്റെ ഒരു ഭാഗമാണെന്ന് ഞാൻ കരുതുന്നില്ല. അവരെ നമ്മുടെ മിഷനറി വേലയുടെ മുഖ്യലക്ഷ്യമാക്കാൻ ഞാൻ ഉദ്ദേശിക്കുന്നില്ല... അച്ചടക്കത്തെ കാര്യമായി ബാധിക്കാത്ത വിധത്തിൽ അവർക്കിടയിൽ സ്കൂളുകൾ തുടങ്ങാനും അവരെ ക്രൈസ്തവമാർഗ്ഗത്തിൽ അഭ്യസിപ്പിക്കാനും ഞാൻ ആഗ്രഹിക്കുന്നു... എന്നാലും നിലവിലുള്ള സാഹചര്യത്തിൽ, അവരുടെ നിയമപരമായ പദവിയിൽ തലയിടാനോ തിരുവതാംകൂർ സമുദായം അവർക്ക് ഒരിക്കലും അനുവദിച്ചിട്ടില്ലാത്ത ഒരു സ്ഥാനം അവർക്കുണ്ടെന്നു ഭാവിക്കാൻ അവരെ പ്രോത്സാഹിപ്പിക്കാനോ ഞാൻ ഒരുക്കമല്ല" (ഹണ്ട് 1968:111 )

മിഷനറി ഇവിടെ അഞ്ചു പ്രസ്താവനകൾ നടത്തുന്നുണ്ട്. ഒന്നാമതായി, അടിമകൾ/ദളിതർ തിരുവിതാംകൂർ/മലയാളി സമൂഹത്തിന്റെ ഭാഗമല്ല. രണ്ടാമതായി അവർ അദ്ദേഹത്തിന്റെ മുൻഗണനയിൽ പെടുന്നില്ല. മൂന്നാമതായി, വളരെ ഒതുക്കത്തിൽ മറ്റുള്ളവർക്ക് പ്രശ്നമുണ്ടാക്കാതെ അവരെ ക്രൈസ്തവവൽക്കരിക്കും. നാലാമതായി, അവരുടെ നിയമപരമായ പദവിയിൽ മാറ്റം വരുത്താൻ യാതൊന്നും ചെയ്യുകയില്ല. അഞ്ചാമതായി, മറ്റുള്ളവരുമായി തുല്യത/സമത ഭാവിക്കാൻ അവരെ പ്രോത്സാഹിപ്പിക്കുകയില്ല. മിഷനറി രേഖകളിൽ നാം നാട്ടു മിഷണറിമാരെക്കുറിച്ച് വായിക്കാറുണ്ട്. എന്നാൽ,ഈ നാട്ടുകാരിൽ ഒറ്റ ദളിതനെപ്പോലും നാം കാണുന്നില്ല. മലയാളിയെപ്പോലെ നാട്ടുകാരനും മാറ്റമില്ലാതെ നോൺ-ദളിത് ആണ്. ക്രിസ്ത്യൻ ദളിത് ദ മൃട്ട്.

കേരളം മലയാളികളുടെ മാതൃഭൂമി (1948) എന്ന കൃതിയിൽ ഇ.എം.എസ് നമ്പൂതിരിപ്പാട് കേരളത്തിന്റെ ആധുനികപൂർവ്വസാമൂഹ്യരൂപീകരണത്തെ വിശദമാക്കാൻ ജാതി-ജന്മി-നാടുവാഴി മേധാവിത്തം എന്ന ഫോർമുലയാണ് ഉപയോഗിച്ചത്. കേരളത്തിലെ ദളിതരുടെ ജംഗമ അടിമത്തം/ചാറ്റൽ

സ്ലേവറിഎന്ന ചരിത്രാനുഭവത്തെയാണ് ത്രയരൂപത്തിലുള്ള ഇ.എം.എസ് ഫോർമുല അതിദാരുണമായി ഒഴിവാക്കിയത്. അദ്ദേഹത്തിന്റെ കേരളചരിത്രം മാർക്സിസ്റ്റ് വീക്ഷണത്തിൽ (1990) എന്ന കൃതിയും ദളിതർക്ക് ഭേദപ്പെട്ട ഒരു ഇടപാട് നൽകുന്നില്ല. അടിമ- ഉടമ പരസ്പരാശ്രിതത്വത്തിന്റെ നൂറ്റാണ്ടുകൾ അവഗണിച്ചുകൊണ്ട് ദളിതർ സമൂഹത്തിലെ മറ്റുള്ളവരെ സ്വാധീനിക്കുകയോ മറ്റുള്ളവരാൽ സ്വാധീനിക്കപ്പെടുകയോ ചെയ്തിട്ടില്ലെന്ന മിഷണറിയുടെ പ്രസ്താവനയോട് യോജിക്കുന്നതായിട്ടാണ് തോന്നുന്നത്. അടിമത്തത്തിന്റെ പ്രയോജനം കൂടാതെ ആധുനികകേരളത്തിന്റെ സാമ്പത്തികപുരോഗതിയെയും സാംസ്കാരികവികസനത്തെയും പറ്റി ചിന്തിക്കാനാവില്ലെന്ന സത്യമാണ് മിഷനറിയും മാർക്സിസ്റ്റും വിസ്മരിക്കുന്നത്.

ആദ്യകാല മലയാളനോവലുകളിലെ ക്ലാസിക് കൃതികളിൽ ഒന്നിലും ദളിതരെയോ അടിമത്തത്തെയോ പറ്റി യാതൊരു പരാമർശവും ഉണ്ടായിരുന്നില്ല. എന്നാൽ കേരളത്തിൽ ആദ്യം രചിക്കപ്പെട്ട ദ സ്ലേയർ സ്ലെയ്ൻ എന്ന നോവലിന്റെ പ്രതിപാദ്യവിഷയത്തിൽ അടിമത്തനിരോധനത്തിന്റെയും ഉദ്ഗ്രഥനത്തിന്റെയും ഘടകമുണ്ട്. ദളിതർ അനുഭവിക്കുന്ന സ്വത്വത്തിന്റെ ആധിക്യംമൂലം അടിമത്തത്തെക്കുറിച്ചും അടിമത്തത്തിനെതിരെയും ഉള്ള ഒരു നോവൽ എന്ന കീർത്തി ഈ മിഷൻ നോവൽ കൈവരിച്ചിട്ടുണ്ട്. കേരളത്തിലെ സിറിയൻ ക്രിസ്ത്യൻ സമുദായവുമായി ബന്ധപ്പെട്ട് പ്രൊട്ടസ്റ്റന്റ് മിഷൻ നേരിട്ട പ്രശ്നങ്ങളുടെ ഒരു വിവരണമാണ് ഈ നോവൽ നൽകാൻ ശ്രമിക്കുന്നതെന്ന് ഇതിന്റെ സന്ദർഭം സൂക്ഷിച്ച് പരിശോധിച്ചാൽ ആർക്കും ബോധ്യമാകും

മലങ്കര സുറിയാനി സഭയുടെ ഉദ്ധാരണമായിരുന്നു സി.എം.എസ് മിഷൻ ഓഫ് ഹെൽപിന്റെ ഏകലക്ഷ്യം. എന്നാൽ, ഇരുപതുവർഷങ്ങളുടെ സഹകരണത്തിനു ശേഷം 1836-ൽ സുറിയാനിസഭയും മിഷണറിമാരും തമ്മിൽ വഴിപിരിഞ്ഞു. പ്രൊട്ടസ്റ്റന്റ് പരിഷ്കരണങ്ങളെ നിരുപാധികം തള്ളിക്കളഞ്ഞ സിറിയൻ ക്രിസ്ത്യൻ പിൻമാറ്റം മിഷനറിമാരെ അക്ഷരാർത്ഥത്തിൽ ഞെട്ടിച്ചുകളഞ്ഞു. ഈയൊരു വെളിച്ചത്തിൽ വായിച്ചാൽ ദ സ്ലെയർ സ്ലെയ്ൻ തികച്ചും വ്യത്യസ്തമായ ഒരു അർത്ഥം ആയിരിക്കും പ്രസരിപ്പിക്കുക.

നോവലിലെ മുഖ്യകഥാപാത്രമായ കോശി കുര്യൻ പ്രൊട്ടസ്റ്റാന്റിസം ഉപേക്ഷിച്ച ഒരു സിറിയൻ ക്രിസ്ത്യൻ പിന്മാറ്റക്കാരനാണ്. അയാളുടെ മകൾ മറിയം മിഷൻസ്കൂളിൽ നിന്ന് മടങ്ങിയെത്തിയത് ഒരു തികഞ്ഞ പ്രൊട്ടസ്റ്റന്റ് വിശ്വാസി ആയിട്ടാണ്. ഈയൊരു പ്രാഥമികവൈരുദ്ധ്യത്തിലാണ് ഈ

നോവൽ ഉറപ്പിച്ചിരിക്കുന്നത്. അങ്കിൾ ടോമിന്റെ മാതൃകയിൽ സൃഷ്ടിച്ച പൗലോസ പുലയൻ എന്ന അടിമകഥാപാത്രത്തിലൂടെ പ്രൊട്ടസ്റ്റന്റ് അടിമ നിരോധനവ്യവഹാരം നോവലിൽ അവതരിപ്പിക്കുന്നുണ്ടെന്നത് ശരിതന്നെ. എന്നാൽ അടിമകളോട് ക്രൂരമായി പെരുമാറുന്ന സിറിയൻ ക്രിസ്ത്യൻ പിന്മാറ്റക്കാരൻ പിതാവിനെയും അടിമത്തത്തിന്റെ പ്രയോജനങ്ങൾ അനുഭവിച്ചു കൊണ്ടുതന്നെ അടിമകളോട് അനുകമ്പയോടെ പെരുമാറുന്ന പ്രൊട്ടസ്റ്റന്റ് വിശ്വാസിയായ മകളെയും തമ്മിൽ വേർതിരിക്കുന്ന ഒരു ഘടകം ആയിട്ടാണ് അടിമത്തം പ്രവർത്തിക്കുന്നത്.

അമേരിക്കൻ സിവിൽവാറിന്റെ കാലത്ത്, അടിമത്തത്തെ ഇതുപോലൊരു കാര്യത്തിനായി ഉപയോഗിക്കുന്നുണ്ട്. അടിമത്തം നിലനിൽക്കുന്ന ദക്ഷിണസംസ്ഥാനങ്ങളും ലിബറൽ നയങ്ങൾ പിന്തുടരുന്ന ഉത്തരസംസ്ഥാനങ്ങളും തമ്മിലുള്ള വ്യത്യാസം ചിത്രീകരിക്കാൻ ഹാരിയറ്റ് ബീച്ചർ സ്റ്റോവിന്റെ 'അങ്കിൾ ടോംസ് ക്യാബിൻ'(1852) എന്ന നോവലിലാണ് അടിമത്തം ഇത്തരത്തിൽ ഉപയോഗിക്കപ്പെടുന്നത്. ഹാപ്പി എൻഡിങ്ങിന്റെ കാര്യമൊഴിച്ചാൽ, ദ സ്ളേയർസ്ലെയ്ൻ അതിന്റെ കാവ്യശാസ്ത്രം കടം എടുത്തിരിക്കുന്നത് അങ്കിൾ ടോംസ് ക്യാബിനിൽ നിന്നാണ്. അങ്കിൾ ടോം എന്ന നല്ല അടിമക്കുള്ള കുറിപ്പടി നിർദേശങ്ങൾ പൗലോസ പുലയൻ അതേപടി പാലിക്കുകയും സഹനത്തിന്റെയും ലജ്ജിപ്പിക്കുന്ന നിഷ്ക്രിയതയുടെയും ദളിത് വാർപ്പ് മാതൃകയായി മാറുകയും ചെയ്യുന്നു (റൂലാൻഡ് & ബ്രാഡ്ബറി 1992: 181-3). അമേരിക്കയിലെ കറുത്ത അടിമകൾക്കിടയിൽ നടന്ന വെള്ളക്കാരുടെ പ്രൊട്ടസ്റ്റന്റ് മിഷനുകളെപ്പറ്റിയുള്ള ജെയിംസ് കോണിന്റെ വിമർശനം ഏറെ പ്രസക്തമാണ്.

> "യജമാനന്മാരുടെ ലക്ഷ്യം അനുസരണയും മെരുക്കവും ഉള്ള അടിമയെ സൃഷ്ടിക്കുന്ന ഒരു യേശുവിനെ അവതരിപ്പിക്കുക എന്നതായിരുന്നു. കറുത്തവരെ മെച്ചപ്പെട്ട അടിമകൾ അതായത്, വെള്ളക്കാരായ യജമാനന്മാരുടെ വിശ്വസ്ത സേവകരാക്കുന്ന ജോലിയാണ് യേശു നിർവഹിക്കേണ്ടിയിരുന്നത്." (കോൺ 1975: 31)

മിസ്സിസ്സിപ്പി നദിയിൽ മുങ്ങിച്ചാകുന്നതിൽനിന്ന് ഇവാ സെന്റ് ക്ലയർ എന്ന വെള്ളക്കാരി പെൺകുട്ടിയെ അങ്കിൾ ടോം രക്ഷപ്പെടുത്തിയപോലെ കോശി കുര്യന്റെ മകൾ മറിയത്തെ മുങ്ങിമരണത്തിൽനിന്ന് പൗലോസ രക്ഷപ്പെടുത്തുന്നുണ്ട്. പൗലോസക്കുനേരെ ഓങ്ങിയ കോശി കുര്യന്റെ അടിയേറ്റാണ് പൗലോസയുടെ പേരക്കുട്ടി ചത്തത്. ഒരു നല്ല അടിമയുടെ

കഥയെ എങ്ങനെയാണ് നമുക്ക് വിമോചനത്തിന്റെ കഥയായി പ്രതിനിധാനം ചെയ്യാൻ കഴിയുക? സബിസ്റ്റൺ പറയുംപോലെ, മർദ്ദകനോട് സഹകരിക്കുന്നുവെന്ന കുറ്റപ്പെടുത്തലിന്റെ ദുസ്സൂചന പേറുന്നതാണ് ഇന്ന് അങ്കിൾ ടോം എന്ന ലേബൽ (പ്ലാസ & റൈഡിങ് 1994: 95).

എന്നാലും, ദലിത് അടിമകൾ പ്രതിനിധാനം ചെയ്യപ്പെട്ടത് വക്രവും സ്വാർത്ഥപരവുമായ രീതിയിലായിരുന്നെങ്കിൽപ്പോലും, അവർക്ക് സാഹിത്യവ്യവഹാരത്തിൽ ആദ്യം ഇടം നൽകിയത് മിഷൻ നോവലുകളാണ്. ദളിതരെ ഒഴിവാക്കിയ കുറ്റത്തിൽ നിന്ന് ഈ കാലഘട്ടത്തിലെ പ്രാമാണിക മലയാള നോവലുകളെ ഒരു തരത്തിലും വിടുവിക്കാനാവില്ല. അടിമകളുടെ വിമോചനം മേൽജാതിക്കാരുടെ താൽപര്യങ്ങൾക്ക് അനുഗുണമായിരുന്നില്ലെന്നത് നേരാണ്. എന്നാൽ, ശബ്ദം വീണ്ടെടുക്കാൻ ദളിത് മൂട്ടുകൾ നടത്തിയ പരിശ്രമങ്ങളോട് ഏറ്റമുട്ടിയും അകലം പാലിച്ചും പരിണമിച്ച വികസിച്ച മലയാളിജ്ഞാനോദയത്തെ മനസ്സിലാക്കാൻ ഈ താല്പര്യമില്ലായ്മ വളരെ പ്രധാനപ്പെട്ടതാണ്.

ജാതിനിർമ്മൂലനം അനുപേക്ഷ്യമാക്കുകയും അടിത്തട്ടിൽനിന്ന് സമതയിലേയ്ക്കുള്ള ഒരു ഉണർവായി പ്രബുദ്ധതയെ സങ്കൽപ്പിക്കുകയും ചെയ്ത അംബേദ്കറുടെ ദർശനത്തോട് മലയാളി ജ്ഞാനോദയത്തിന്റെ ജാതി മനോഭാവശീലങ്ങൾ എതിരായിട്ടാണ് നിൽക്കുന്നത്. ഈ യാഥാർത്ഥ്യം അംഗീകരിക്കുക എന്നത് കേരളത്തിലെ വിമർശനാത്മക സാംസ്കാരിക പഠനങ്ങളെയും വിമോചനപരമായ രാഷ്ട്രീയപ്രയോഗങ്ങളെയും സംബന്ധിച്ച അടിസ്ഥാനപ്രാധാന്യമുള്ള കാര്യമാണ്.

ഉത്തരകേരളത്തിൽ ബാസൽമിഷന്റെ പ്രവർത്തനഫലമായി മരത്തൻ എന്ന ഒരു ദളിത് യുവാവ് യേശുദാസൻ എന്ന സെഷൻസ് ജഡ്ജിയായി മാറുന്ന കഥ പറയുന്ന നോവലാണ് പോത്തേരി കുഞ്ഞമ്പുവിന്റെ 'സരസ്വതീവിജയം'. ഇതൊരു മിഷൻ നോവലല്ലെങ്കിലും മിഷനെക്കുറിച്ചുള്ള നോവലാണ്. വിദ്യാധനം സർവധനാൽ പ്രധാനം എന്നാണ് ഇതിന്റെ ആദർശവാക്യം. ഇംഗ്ലീഷ് വിദ്യാഭ്യാസമാണ് സാമൂഹ്യമായ ചലനക്ഷമത കൈവരിക്കാനുള്ള മാർഗം എന്ന വാദമാണ് ഈ നോവൽ മുന്നോട്ടുവെയ്ക്കുന്നത്.ഒരു കീർത്തനം ആലപിച്ച കുറ്റത്തിന് ഒരു ബ്രാഹ്മണന്റെ നിർദ്ദേശപ്രകാരം മർദ്ദിച്ച മൃതപ്രായനാക്കപ്പെട്ട മരത്തൻ എന്ന ദളിത് യുവാവ് ഗ്രാമം വിട്ടോടി. ഒരു അജ്ഞാതജഡം മരത്തന്റേതാണെന്ന് ഒരു മുസ്ലീം തെറ്റായി തിരിച്ചറിഞ്ഞതിനെത്തുടർന്ന് ബ്രാഹ്മണൻ തടവിലായി. കൊല്ലപ്പെട്ട മരത്തൻ വർഷങ്ങൾക്കുശേഷം

യേശുദാസൻ എന്ന സെഷൻസ് ജഡ്ജിയായി സ്വന്തം നാട്ടിൽ ചാർജെടു ക്കുന്നു. മരത്തനെ കൊന്ന കുറ്റത്തിന് ബ്രാഹ്മണൻ വിചാരണ നേരിടുന്നത് യേശുദാസന്റെ കോർട്ടിലാണ്. കോടതി അയാളെ വെറുതെ വിടുന്നു. അയാൾ ക്രിസ്തുമതം സ്വീകരിച്ച ഭാര്യക്കും മകൾക്കുമൊപ്പം പോകുന്നു. അയാളുടെ മകൾ സരസ്വതിയെ യേശുദാസൻ വിവാഹം കഴിക്കുന്നു. നോവൽ ശുഭമായി അവസാനിക്കുന്നു.

നോവൽരചനയ്ക്കുതകുന്ന നിർമാണവസ്തുക്കളായി ജാതിബന്ധങ്ങളെ യും ജാതി സംഘർഷങ്ങളെയും കുഞ്ഞമ്പു മനപ്പൂർവ്വം അംഗീകരിക്കുന്നുണ്ട്. എന്നാൽ, ഒന്നുകിൽ ഒത്തുതീർപ്പിന്നോ അല്ലെങ്കിൽ ഒഴിഞ്ഞുമാറലിനോ വേണ്ടിയാണ് അദ്ദേഹം ജാതിസംഘർഷം നോവലിൽ അനുവദിക്കുന്നത്. ഒരു ബ്രാഹ്മണയുവതിയും ദളിത് യുവാവും തമ്മിലുള്ള പുരോഗമനപരമായ പ്രതിലോമബന്ധം എന്ന തന്ത്രം കണ്ടുപിടിച്ചുകൊണ്ടാണ് ജാതിയുടെ സാമൂഹ്യവൈരുദ്ധ്യം സാഹിത്യപരമായി പരിഹരിക്കുന്നത്. ആദ്യം സാഹിത്യത്തിൽ നിന്നും പിന്നീട് സാമൂഹ്യപ്രയോഗത്തിൽ നിന്നും സംബന്ധം എന്ന ആചാരം അപ്രത്യക്ഷമായതിനെ തുടർന്നാണ് ഇത്തരമൊരു ആദർശവൽകൃത ജാതിസങ്കരം മലയാളസാഹിത്യത്തിൽ പ്രത്യക്ഷപ്പെട്ടത്. ദളിതനുമായുള്ള വിവാഹത്തിനുമുമ്പ് ഒരു മാന്ത്രികമായ കയ്യടക്കം വഴി ബ്രാഹ്മണസ്ത്രീയുടെ ബ്രാഹ്മണത്വം തുടച്ചുകളഞ്ഞുകൊണ്ടാണ് വിധ്വംസകമെന്നു തോന്നുന്ന എന്നാൽ സമാധാനപരമായ ഈ ജാതിക്കലർപ്പ് സാക്ഷാത്കരിക്കുന്നത്. ബ്രാഹ്മണത്വം നഷ്ടപ്പെട്ട ബ്രാഹ്മണസ്ത്രീ അടിമവ്യവസ്ഥയിൽ വെറും ജംഗമവസ്തുവായ ദലിതന് തുല്യമായ സാധനമായി മാറുന്നു.

സാമൂഹ്യമായി അസാധ്യമായ കാര്യങ്ങൾക്കു പരിഹാരം തേടി മിശ്ര വിവാഹം എന്ന ഉപായത്തിലേക്ക് തിരിയുന്ന പ്രവണത കുമാരനാശാന്റെ ദുരവസ്ഥ (1922) എന്ന കവിതാഖ്യാനത്തിൽ ആവർത്തിക്കുന്നുണ്ട്. 1921-ലെ മലബാർ കലാപത്തിന്റെ അതിക്രമങ്ങൾക്കെതിരെ രോഷം പ്രകടിപ്പിക്കാനാണ് ആശാൻ ഇതെഴുതിയത്. കലാപത്തിന്റെ ഇരയായ സാവിത്രി എന്ന ബ്രാഹ്മണപെൺകുട്ടി സാഹചര്യങ്ങളുടെ സമ്മർദ്ദം മൂലം ചാത്തൻ എന്ന ദളിത് യുവാവിന്റെ കുടിലിൽ അഭയം തേടുന്നു. ഇതിന്റെ ഫലമായി ജാതി നഷ്ടപ്പെട്ട സാവിത്രി ചാത്തന്റെ ആത്മാവ് നിറയെ ഹിന്ദു പുരാണകഥകൾ നിക്ഷേപിച്ച ശേഷം അവനെ വിവാഹം കഴിക്കുന്നു. പ്രൊട്ടസ്റ്റന്റ് ക്രിസ്തുമതത്തിന്റെ പുരോഗമന ചുറ്റുപാടുകളിൽ ആണ് സരസ്വതീവിജയത്തിൽ ജാതിസങ്കരം നടക്കുന്നത്. ഹിന്ദുദേശീയതയുടെ പശ്ചാത്തലത്തിലാണ് ദുരവസ്ഥയിൽ ഇത്

സംഭവിക്കുന്നത്. വിശദാംശത്തിലെ ഈ വ്യത്യാസമൊഴിച്ചാൽ ഹിന്ദുമതത്തിനും രാഷ്ട്രത്തിനും ഭീഷണിയായ മുസ്ലീങ്ങളെ നോവലും കവിതയും ഒരുപോലെ ഉന്നം വെയ്ക്കുന്നുണ്ട്. നോവലിലെ ബ്രാഹ്മണന്റെ വാക്കുകൾ ഇത് ശരിവെക്കുന്നുണ്ട്. ഈ കള്ളമാപ്പിളകൾ ആരാണ്? ഈ മൊട്ടത്തലയൻമാർ ഈ നാട്ടിൽ വന്നതോടെ ധർമ്മം പമ്പകടന്നു (ഇരുമ്പയം1985:65).മതത്തെയും രാഷ്ട്രത്തെയും രക്ഷിക്കാൻ കൂടുതൽ പ്രബലരാകുവാൻ ബ്രാഹ്മണരെ ആഹ്വാനം ചെയ്തുകൊണ്ടാണ് ദുരവസ്ഥ അവസാനിക്കുന്നത്.

തകഴിയുടെ രണ്ട് നോവലുകൾ-തോട്ടിയുടെ മകൻ (1947) രണ്ടിടങ്ങഴി (1948) ദളിതരെ സംബന്ധിച്ച് നോവൽസാഹിത്യം പുലർത്തിയ ദീർഘമൗനം ഭഞ്ജിച്ചു. ഈ നോവലുകൾ യഥാക്രമം പുന്നപ്ര-വയലാർ സമരത്തിനും ഇന്ത്യൻ സ്വാതന്ത്ര്യത്തിനും ശേഷമാണ് പ്രസിദ്ധീകരിച്ചത്. നാല്പതുകളിലും അൻപതുകളിലും തകഴിയെപ്പോലെ ദളിതരല്ലാത്ത എഴുത്തുകാർ ദളിത്ജീവിതത്തെ അപൂർവ്വമായ തന്മയീഭാവത്തോടും ആധികാരികതയോടും കൂടി അവതരിപ്പിച്ചിരുന്നതിനാലാണ് മലയാളത്തിൽ ദലിത്കഥാസാഹിത്യത്തിന്റെ വ്യതിരിക്തമായ ഒരു വിഭാഗം ഇപ്പോഴും ഉണ്ടാകാത്തതിന്റെ മുഖ്യ കാരണം എന്നാണ് മലയാളപുരോഗമനസാഹിത്യചരിത്രത്തിലെ രണ്ട് പ്രധാന സംഭവങ്ങൾ ആയ ഈ നോവലുകളെ വിലയിരുത്തിക്കൊണ്ട് കെ സച്ചിദാനന്ദൻ പറഞ്ഞത് (1999:11-18).

അധീശത്വവുമായി ബന്ധമില്ലാത്ത പദങ്ങളല്ല തന്മയീഭാവവും ആധികാരികതയും. രണ്ടിടങ്ങഴി തന്നെ ഉദാഹരണം. തകഴി,സത്യത്തിൽ,രണ്ടു കഥകളെഴുതി അവ ഒന്നാക്കി തുന്നിച്ചേർത്തിരിക്കുകയാണ്. എന്നാൽ പരസ്പരവിരുദ്ധമായ ഈ രണ്ടു കഥകളെയും വെളിപ്പെടുത്തിക്കൊണ്ട് തുന്നൽ പലയിടങ്ങളിലും കീറിപ്പൊളിഞ്ഞിട്ടുണ്ട്. ദളിതരുടെ തൊഴിലാളിവൽക്കരണത്തിലേക്ക് നയിച്ച ഉണർവിന്റെ കഥയാണ് ഒന്നാമത്തേത്. പണ്ട് യജമാനന്മാരും അടിമകളും തമ്മിൽ നിലനിന്നിരുന്നെന്നുപറയുന്ന ഗ്രാമ്യമായ സൗഹൃദബന്ധത്തിന്റെ ഗൃഹാതുരത്വം തുളുമ്പുന്ന വിവരണമാണ് രണ്ടാമത്തെ കഥ. തകഴി നോവൽ സമർപ്പിച്ചിരിക്കുന്നത് തന്റെ പിതാവിന്റെ വിശ്വസ്തസേവകനായ മടിയേത്രു കുഞ്ചേപ്പന്റെ പേരിലാണ്. കൂടാതെ കുഞ്ചേപ്പന് ആദരാഞ്ജലി അർപ്പിക്കുന്ന ഒരു മുഖവുര കൂടി ചേർത്തിട്ടുണ്ട്.

ബുദ്ധിമുട്ടിന്റെ നേരങ്ങളിൽ ദളിതരെ നിസ്സഹായരാക്കി കയ്യൊഴിയുന്ന പുതിയ മുതലാളിത്തരീതിയിലെ കരാറിന്റെയും പണത്തിന്റെയും ദയാരഹിതബന്ധങ്ങളുടെ സ്ഥാനത്ത്, പഴയ അടിമത്ത ഉല്പാദനരീതിയിലെ

കർഷകവൃത്തിക്കുചുറ്റം സംഘടിക്കപെട്ട സാമ്പ്രദായിക അടിമ-ഉടമ വിനിമയബന്ധങ്ങളെ അനുസ്മരിച്ചുകൊണ്ടാണ് രണ്ടിടങ്ങഴി ഏഴാംഅദ്ധ്യായം അവസാനിക്കുന്നത്.വിശ്വസ്ത ഭൃത്യന്റെ ജഡം മറവുചെയ്തപ്പോൾ മൂത്തതമ്പുരാൻ വിതുമ്പിയത് കോരൻ ഓർക്കുന്നു. പണ്ടുകാലങ്ങളിൽ കുട്ടനാടൻ കർഷകനും അയാളുടെ പുലയരും തമ്മിൽ അവർ ഒരു കൂട്ടുകുടുംബത്തിൽപ്പെട്ടവരെപ്പോലെ സൗഹാർദ്ദമായ ഒരു ബന്ധം നിലനിന്നിരുന്ന കാര്യം ആഖ്യാതാവ് ഈ സന്ദർഭത്തിൽ കൂട്ടിച്ചേർക്കുന്നു. എന്നാൽ, ആത്മാർത്ഥമായ ഈ ബന്ധം തകർത്തത് അത്യാഗ്രഹികളായ (അവർ ക്രിസ്ത്യാനികളാണ് ) ഒരു കൂട്ടം പുതിയ കർഷകരാണെന്ന് ഈ നോവൽ വാദിക്കുന്നതുപോലെ തോന്നുന്നു. അടിമത്തതിന്റെ ചരിത്രം, പക്ഷേ,ഇത്തരമൊരു സൗഹാർദ്ദബന്ധത്തെ സാക്ഷ്യപ്പെടുത്തുന്നില്ല.

സൂക്ഷ്മമായി വിശകലനം ചെയ്താൽ, ദ സ്ലെയർ സ്ലെയ്ൻ നോവലിലെപ്പോലെ, രണ്ടിടങ്ങഴിയിലെ ദളിത് കഥയും ചിട്ടപ്പെടുത്തിയിരിക്കുന്നത് ദയവുള്ള/ക്രൂരമായ എന്ന ദ്വന്ദത്തിൽ ഉറപ്പിച്ച അർദ്ധകുടുംബബന്ധങ്ങളുടെ ഒരു ചട്ടക്കൂടിലാണ്. മുൻവാക്യത്തിലെ ദ്വന്ദ്വത്തിന് നോവലിലെ നായർ/ക്രിസ്ത്യൻ വിഭജനവുമായി ഓവർലാപ് ചെയ്യാനുള്ള പ്രവണതയുണ്ട്. പ്രധാനമായും ക്രിസ്ത്യാനികൾ, മുസ്ലീങ്ങൾ, ഈഴവർ എന്നീ സമുദായങ്ങളുടെ സഖ്യമായ ജോയിന്റ് പൊളിറ്റിക്കൽ കോൺഗ്രസ് നയിച്ച വിജയകരമായ പ്രചാരണപരിപാടികളെ തുടർന്ന് തിരുവിതാംകൂറിൽ രാഷ്ട്രീയാധികാരത്തിനുവേണ്ടി നടന്ന പിടിവലിക്കു മാത്രമേ നോവലിലെ ക്രിസ്ത്യാനികളുടെ അസുരവൽക്കരണവും ദളിത് തൊഴിലാളികളോടുള്ള പക്ഷപാതവും വിശദീകരിക്കാൻ കഴിയൂ.പ്രായപൂർത്തി വോട്ടവകാശത്തിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചത് നായന്മാർക്ക് ഭീഷണിയായി.മുൻപ്, ഭൂവുടമസ്ഥത ആയിരുന്നു വോട്ടവകാശത്തിന്റെ മാനദന്ധം. നോവലിന്റെ പതിനൊന്നാം അദ്ധ്യായത്തിൽ ദളിത് ആത്മാവുകൾ/വോട്ടുകൾ നേടാൻ മത്സരിക്കുന്ന ഹിന്ദുസന്യാസിമാരെയും കത്തോലിക്കാ മതപ്രചാരകരെയും കാണാം. അതുവരെ രാജാപക്ഷക്കാരായിരുന്ന നായന്മാർ പുരോഗമനപരമായ ഒരു തിരിവെടുത്തു. തോപ്പിൽ ഭാസിയുടെ നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി (1952) എന്ന നാടകം നായന്മാരുടെ പെട്ടെന്നുള്ള ഈ തിരിച്ചിലിന്റെ നാടകാവിഷ്കാരമാണ്.പരമുപിള്ളയും കേശവൻനായരും എത്ര പെട്ടെന്നാണ് കമ്മ്യൂണിസ്റ്റായത്!

ദളിത് പ്രശ്നത്തെ പ്രതിപാദിക്കുന്ന കാര്യത്തിൽ മുൻഗാമികളായ കുഞ്ഞമ്പുവും കുമാരനാശാനും ചെയ്തതുപോലെ സാമൂഹ്യമായി അസാധ്യമായ ജാതി

ഉദ്ഗ്രഥനത്തിന്റെ പ്രശ്നം പരിഹരിക്കാനുള്ള ശ്രമമൊന്നും തകഴി രണ്ടിടങ്ങഴിയിൽ നടത്തുന്നില്ല. നേരെമറിച്ച്, ജാതിയുടെ കാര്യത്തിൽ ഒരു ഒഴിഞ്ഞുമാറൽ ഉണ്ടുതാനും. മൂന്ന് തന്ത്രങ്ങൾ വിന്യസിച്ചുകൊണ്ടാണ് തകഴി ഈ ഒഴിഞ്ഞുമാറലിനെ അദൃശ്യമാക്കുന്നത്.ഒന്നാമതായി കുട്ടനാടൻ കർഷകനും അയാളുടെ അടിമയും തമ്മിലുള്ള ഗ്രാമ്യസൗഹൃദബന്ധത്തിന്റെ ഗൃഹാതുരവിവരണം. രണ്ടാമതായി, നോവലിലെ സംഘർഷം കേന്ദ്രീകരിച്ചിരിക്കുന്നത് ജാതിയേക്കാൾ വർഗ്ഗത്തിന്റെ തലത്തിലാണ്.. മൂന്നാമതായി, കൃഷിഭൂമി കർഷകന് എന്ന ഒരു ജാതിനിഷ്പക്ഷ മുദ്രാവാക്യത്തോടുകൂടിയാണ് നോവൽ അവസാനിക്കുന്നത്.

സരസ്വതീവിജയവും ദുരവസ്ഥയും പ്രക്ഷേപണം ചെയ്ത സാമൂഹ്യമായി അസാധ്യമായ ഉദ്ഗ്രഥനമാതൃകയുടെ സ്ഥാനത്ത്, ജാതിപ്രശ്നത്തെ അഭിസംബോധന ചെയ്യാത്തതും കൂടുതൽ പ്രയോഗികവും സ്വീകാര്യവും ആയ രാഷ്ട്രീയോദ്ഗ്രഥനമാതൃകയാണ് രണ്ടിടങ്ങഴി അവതരിപ്പിച്ചത്. ജാതി അപമാനം നിലനിൽക്കെതന്നെ, ദളിതൻ കർഷകത്തൊഴിലാളിയായി പുനർനിർവചിക്കപ്പെട്ടു. കൃഷിഭൂമിക്കുവേണ്ടിയുള്ള അവന്റെ ആഗ്രഹം അതോടെ അടിച്ചമർത്തപ്പെട്ടു. ദളിതരുടെ തൊഴിലാളിവർഗ്ഗവൽക്കരണം അവരെ പുരോഗമന ബൂർഷ്വാ വിഭാഗത്തിന്റെ അധീനതയിലാക്കി.ഈ കീഴ്പ്പെടുത്തൽ എളുപ്പമാക്കികൊണ്ട് നാൽപ്പതുകളുടെ അന്ത്യത്തിൽ അയ്യങ്കാളിയും പൊയ്കയിൽ യോഹന്നാനും പാമ്പാടി ജോൺ ജോസഫും മരണമടയുകയും ദളിത് സാമൂഹ്യസംഘടനകളുടെ ശക്തി ക്ഷയിക്കുകയും ചെയ്തു. അങ്ങനെ, പുരോഗമന രാഷ്ട്രീയ പ്രസ്ഥാനങ്ങളിൽ ദളിതർ കൂട്ടിച്ചേർക്കപ്പെട്ടതോടൊപ്പം അവർ വിധേയരാക്കപ്പെടുകയും ചെയ്തു.ദളിതർ സ്വയംപ്രതിനിധാനത്തിനുള്ള ശേഷി നേടുന്നതിനു മുമ്പാണിത് സംഭവിച്ചത്.അതിന്റെ ഫലമായി അവർ മറ്റുള്ളവരാൽ പ്രതിനിധാനം ചെയ്യപ്പെട്ടു.അവരെ ഇങ്ങനെ പ്രതിനിധാനം ചെയ്യുന്ന മറ്റുള്ളവർ അവർക്ക് മുൻപിൽ ഒരേ സമയം യജമാനനും അധികാരിയും ആയിട്ടാണ് പ്രത്യക്ഷപ്പെടുന്നത് (മാർക്സ് & എംഗൽസ് 1977:478-9)

മതത്തെയും രാഷ്ട്രത്തെയും രക്ഷിക്കാൻ കൂടുതൽ പ്രബലരാകാൻ ഉയർന്നജാതികളെ ആഹ്വാനം ചെയ്യുന്ന ദുരവസ്ഥയിൽ, അപരർക്കെതിരെ ഉയർത്തിപ്പിടിക്കുന്ന ഒരു പ്രത്യേകതരം ദേശീയജനതയുടെ ഭാഗമായിട്ടാണ് കുമാരനാശാൻ ദളിതരെ വിളിച്ചുണർത്തുന്നത്. ഇത് കടുത്ത ദേശീയവാദവുമായുള്ള താദാത്മ്യത്തിലേയ്ക്കാണ് നയിക്കുക. നേരേ മറിച്ച് തകഴിയും തോപ്പിൽഭാസിയും പുരോഗമനപരമായ പ്രവണതകളിലേക്ക് അനായാസം

നീങ്ങാൻ സാധ്യതയുള്ള ഒരു രാഷ്ട്രീയപദ്ധതിയിലാണ് സമൂഹത്തിൽ നില നിൽക്കുന്ന മർദ്ദനത്തിന് തെളിവെന്ന നിലയിൽ ദളിതരെ കൂട്ടിച്ചേർക്കുന്നത്. എന്നാലും ഈ പുരോഗമനകൃതികൾ മുന്നോട്ടുവയ്ക്കുന്ന ഉദ്ഗ്രഥനത്തിന്റെ പ്രതിഛായകൾ അധികാരശ്രേണിയുടെ സവർണ്ണവീക്ഷണം കൊണ്ട് വില ക്ഷണപ്പെട്ടിരിക്കുന്നു.

ആധുനികയൂറോപ്പിലെ മുതലാളിത്ത ബൂർഷ്വാസിയിൽ നിന്ന് വ്യത്യസ്ത മായി സാമ്പ്രദായികരീതികളോട് മമത പുലർത്തുന്ന കാർഷികബൂർഷ്വാസി യാണ് മലയാളി ജ്ഞാനോദയത്തിൽ കേരളചരിത്രത്തിന്റെ പുരോഗമന കർത്താവായി സ്വയം നിയമിച്ചത്. പരമ്പരാഗത ധർമ്മവ്യവസ്ഥയിൽ സമത/ തുല്യത അല്ല മുഖ്യം, അർഹതയാണ്. ജന്മം കൊണ്ടും ജാതി കൊണ്ടും നിർണ യിക്കപ്പെടുന്നതാണ് അർഹത.

ദളിത് യുവതികൾ നായികമാരായ ഉദ്ഗ്രഥനാത്മകനോവലുകളിൽ നീലക്കുയിൽ സിനിമയിലെ നായികയെപ്പോലെ അവൾ ഒന്നുകിൽ ഹൃദയം തകർന്ന് മരിക്കും. അല്ലെങ്കിൽ നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി നാടകത്തിലെ മാലയെപ്പോലെ തകർന്ന ഹൃദയവുമായി ജീവിക്കും. ജാതി നിർണയവാദം സവർണ നായകൻമാരുടെയും അവരുടെ സ്വജാതി വധുക്കളുടെയും വഴിയിലെ തടസ്സങ്ങൾ നീക്കി അവരെ സന്തോഷകരമായ ഭാവിയിലേക്ക് നയിക്കും. സവർണ സ്ത്രീകൾ നായികമാരായ സരസ്വതീവിജയം, ദുരവസ്ഥ പോലുള്ള കൃതികളിൽ നായിക ദളിത് യുവാവിനു മേൽ വിജയം നേടുകയും അയാളെ അതിലംഘിക്കുകയും അയാളുടെ മേൽ രക്ഷാധികാരിത്വം സ്ഥാ പിക്കുകയും ചെയ്യുന്ന ഉദ്ഗ്രഥനസാഹിത്യത്തിന്റെ മറ്റൊരു മാതൃകയുണ്ട്. സവർണസ്ത്രീയുടെ ചാരിതാർത്ഥ്യവും അവളുടെ വശ്യതയുടെ വിജയവുമാണ് ഇത്തരം ശുഭപര്യവസാനരചനകളുടെ സാധാരണ ചേരുവകൾ.

സവർണസ്ത്രീയുടെ വശീകരണത്തെ വെവ്വേറെ അംഗീകരിക്കുകയും നിരാകരിക്കുകയും ചെയ്തു കൊണ്ട് സാറാ തോമസിന്റെ ദൈവമക്കൾ ദളിത് ഉദ്ഗ്രഥനത്തിന്റെ ശുഭപര്യവസാന മാതൃകയിൽ നിന്ന് വ്യതിചലിക്കുന്നുണ്ട്. കേരളത്തിലെ ആദ്യത്തെ മന്ത്രിസഭയെ താഴെയിറക്കിയ വിമോചനസമര ത്തിന്റെ പശ്ചാത്തലത്തിലാണ് ദൈവമക്കൾ അതിന്റെ കഥ സജ്ജീകരിച്ചി രിക്കുന്നത്. അറുപതുകളിൽ കഥ അവസാനിക്കുന്നതായിട്ടാണ് മുഖവുരയിൽ നോവലിസ്റ്റ് പ്രസ്താവിക്കുന്നത്. മെഡിക്കൽ കോളേജിന്റെ ശത്രുതാപരമായ സ്വഭാവങ്ങളോട് നാല് ദളിത് വിദ്യാർത്ഥികൾ നടത്തുന്ന വ്യത്യസ്തമായ പ്രതി കരണങ്ങളുടെ കഥയാണ് ഈ നോവൽ പറയുന്നത്. നിന്ദയും പരിഹാസവും

താങ്ങാനാവാതെ കുട്ടപ്പൻ ഹോസ്റ്റൽ മുറിയിൽ ആത്മഹത്യ ചെയ്തു. കമ്യൂണിസ്റ്റ്പാർട്ടിയിൽ ചേരാൻവേണ്ടി പഠനം ഉപേക്ഷിച്ച ഈച്ചരനെ വിമോചന സമരത്തിന്റെ ഗുണ്ടകൾ കൊലപ്പെടുത്തി. കുഞ്ഞപ്പി, സേതുമാധവൻ എന്നു പേരു മാറ്റി ഒരു ദരിദ്രയായ നായർപെൺകുട്ടിയെ വിവാഹം ചെയ്ത് ശിഷ്ടകാലം കഴിച്ചു. പഠനത്തിൽ തല്പരനും സമർത്ഥനുമായ കുഞ്ഞിക്കണ്ണൻ സഹപാഠിയായ സാവിത്രി എന്ന നായർ പെൺകുട്ടിയുടെ പ്രണയം നിരസിക്കുകയും തന്റെ സഖാവായ ഈച്ചരൻ പൂർത്തിയാക്കാതെ പോയ ദൗത്യം ഏറ്റെടുക്കാൻ വേണ്ടി മെഡിക്കൽ പ്രൊഫഷൻ ഉപേക്ഷിക്കുകയും ചെയ്യുന്നു.

മുൻഗാമികളെപ്പോലെ തന്നെ, സാറാ തോമസും നോവലിന്റെ ആഖ്യാനം ഒരു ഉദ്ഗ്രഥനാത്മക ചട്ടക്കൂടിലാണ് ക്രമപ്പെടുത്തിയിരിക്കുന്നത്. എന്നാൽ മുൻഗാമികളിൽ നിന്ന് വ്യത്യസ്തമായി ഉദ്ഗ്രഥനത്തിന്റെ പരിമിതികളെക്കുറിച്ച് അവർ ബോധവതിയാണെന്നു തോന്നുന്നു. ലിബറൽ പ്രൊട്ടസ്റ്റാന്റിസം, ഗാന്ധിയൻ ദേശീയത, മാർക്സിസം തുടങ്ങി ഉദ്ഗ്രഥനത്തിന്റെ നിലവിലുള്ള മൂന്നു മാതൃകകളെയും ഭാഷകളെയും കടുത്ത ചോദ്യം ചെയ്യലിനു വിധേയമാക്കുന്ന ഒരു പദ്ധതി ഈ നോവലിനുള്ളതു പോലെ തോന്നുന്നു. ഒരു തലത്തിൽ, കുഞ്ഞിക്കണ്ണന്റെ ജനനം മുതൽ പക്വത പ്രാപിക്കുംവരെയുള്ള വികാസം രേഖപ്പെടുത്തുന്ന ഒരു ബിൽഡുങ്സ് റൊമാൻ/നോവൽ ഓഫ് എജ്യൂക്കേഷൻ ആയി ഇതിനെ വായിക്കാം. കുഞ്ഞിക്കണ്ണന്റെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ, ഉദ്ഗ്രഥനത്തെക്കുറിച്ചുള്ള വ്യത്യസ്ത വീക്ഷണങ്ങൾ ഈ നോവൽ അവതരിപ്പിക്കുന്നുണ്ട്. തുടക്കത്തിൽത്തന്നെ ,ഉദ്ഗ്രഥനത്തിന്റെ രണ്ട് മാതൃകകൾ അനാവരണം ചെയ്യുന്നു. അദ്ധ്യാപകരായ സഖറിയായും രാമകൃഷ്ണപിള്ളയും യഥാക്രമം പ്രൊട്ടസ്റ്റന്റ്, ഗാന്ധിയൻ മാതൃകകളെയാണ് പ്രതിനിധാനം ചെയ്യുന്നത്. വ്യക്തികൾ എന്ന നിലയിൽ രണ്ടു പേരും ദയാലുക്കളും ഉദാരമതികളുമാണ്. എന്നാൽ, വീട്ടിൽ അവർ ജാതിവിവേചനം അനുവദിക്കുന്നു. സഖറിയായുടെ ഭാര്യ കുഞ്ഞിക്കണ്ണന് ഭക്ഷണമേശയിൽ ആഹാരം നൽകുകയില്ല. രാമകൃഷ്ണപിള്ളയുടെ മകനും കുഞ്ഞിക്കണ്ണന്റെ ക്ലാസ്മേറ്റുമായ ബാലു ഗാന്ധിയനായ പിതാവിന്റെ പിറന്നാൾ സദ്യയ്ക്ക് കുഞ്ഞിക്കണ്ണനൊപ്പം പന്തിയിലിരിക്കാൻ വിസമ്മതിക്കുന്നു. എലിസബത്ത് ജീൻ സബിസ്റ്റൻ പറയും പോലെ, ഹീനമായ ഒരു വ്യവസ്ഥയെ എതിരിടാൻ വ്യക്തിപരമായ അനുകമ്പ അപര്യാപ്തമാണ് (പ്ലാസ & റാഡിങ് 1994: 105).

ഫൂക്കോ പേരെന്റൽ കോംപ്ലെക്സ് എന്നു വിളിക്കുന്ന ഒരേതരം അനുമാനങ്ങളുടെ സമുച്ചയത്തിനു ചുറ്റും സംഘടിപ്പിച്ചിട്ടുള്ളതാണ്

മിഷനറിമനോഭാവവും അസ്പൃശ്യരോടുള്ള ഗാന്ധിയൻ സമീപനവും.

ദൈവമക്കൾ എന്ന തലക്കെട്ട് ഹരിജനങ്ങൾ എന്ന ഗാന്ധിയൻപദത്തിന്റെ മലയാള വിവർത്തനമാണ്. എല്ലാ മേൽജാതിക്കാരെയും പോലെ ഗാന്ധിയും ദളിതരെ നിത്യശിശുക്കളായിട്ടാണ് പരിഗണിച്ചത്. അതുകൊണ്ട്, ഒരു മുതിർന്ന വ്യക്തിയുടെ മൂർത്തരൂപമായ ഒരു സവർണ്ണന്റെ അധികാരത്തിന് അവരെ ഏല്പിക്കേണ്ടതുണ്ട്. ദൈവമക്കളിൽ കുഞ്ഞിക്കണ്ണന്റെ കാര്യത്തിൽ മുതിർന്നവരുടെ ഭാഗം വഹിക്കുന്നത് സഖറിയായും രാമകൃഷ്ണപിള്ളയുമാണ്. സവർണ്ണരുടെ ലോകത്തോട് ഒട്ടിച്ചുവച്ച് നിതാന്തമായ ബാലാവസ്ഥ അനുഭവിക്കുകയാണ് ദളിതർ ചെയ്യേണ്ടത്.ഈ പിതൃഭാവമേധാവിത്വത്തിന് എതിരായിട്ടാണ് സമത, ജനത, പ്രബുദ്ധത എന്നീ പദങ്ങൾ അംബേദ്കർ വിന്യസിച്ചത്. ദളിതർ പൗരാവകാശങ്ങൾ ഉള്ള ഒരു ജനതയാണ്. അവർ അവശതകൾ അനുഭവിക്കേണ്ട ജാതികളല്ല. ഒരു രാഷ്ട്രം കെട്ടിപ്പടുക്കേണ്ടത് ജനങ്ങളാണ്, ജാതികളല്ല. സമത/തുല്യത അനുഭവിക്കുന്ന ജനങ്ങളുടെ രാഷ്ട്രം ആയിരിക്കണം പ്രബുദ്ധഭാരതം.

സമത്വം വെറുമൊരു സങ്കല്പമാകാം, എന്നാലും നമ്മുടെ അടിസ്ഥാന പ്രമാണമായി നാം അതിനെ അംഗീകരിക്കണം എന്നാണ് അംബേദ്കർ അഭിപ്രായപ്പെട്ടത് (1987: 49). സമത്വം ഇല്ലാത്ത ഉദ്ഗ്രഥനം നിലവിലുള്ള ജാതിചിന്തകളെ ബലപ്പെടുത്തുകയും ആധിപത്യത്തിലേക്ക് നയിക്കുകയും ചെയ്യും. മനുഷ്യാന്തസ്സ് എന്ന ആശയത്തിൽനിന്ന് സമത്വത്തെ വേർപെടുത്താനാവില്ല. മനുഷ്യനെ പ്രചോദിപ്പിക്കുന്ന ഒരേയൊരു ചിന്ത സാമ്പത്തികതാല്പര്യം അല്ലെന്നാണ് അംബേദ്കർ വിശ്വസിച്ചത് (32). വിപ്ലവത്തിന്റെ കാതൽ അപ്പത്തിനുവേണ്ടിയുള്ള സമരമല്ല, മനുഷ്യാന്തസ്സിനുവേണ്ടിയുള്ള പോരാട്ടമാണെന്ന അഡോൾഫോ ഗിലിയുടെ വാക്കുകൾ (ഫാനൻ1989:26) ഇതിനോട് ചേർത്തുവായിക്കാവുന്നതാണ്.

ദൈവമക്കൾ ചർച്ചചെയ്യുന്ന ഉദ്ഗ്രഥനത്തിന്റെ മൂന്നാമത്തെ മാതൃക ഇടതുപക്ഷമാണ്. അപ്രധാനമായ അടിമത്ത ഉത്പാദനരീതിയിൽ ദളിതർക്കായി നീക്കിവെച്ച കാർഷിക തൊഴിലിടത്തിനു ചുറ്റും പൂർണമായും സംഭവിക്കുന്ന ഒരു കാര്യമായിട്ടാണ് കേരളത്തിലെ ഇടതുപക്ഷം ദളിത്പ്രശ്നത്തെ നോക്കിക്കാണുന്നത്. രണ്ടിടങ്ങഴിയിലെപ്പോലെ, കർഷകത്തൊഴിലാളികളുടെ ട്രെയ്ഡ് യൂണിയൻ പ്രശ്നമായി അവർ ഇതിനെ ലഘൂകരിക്കുന്നു. ദളിതരോട് മറ്റു പിന്നോക്കർ മുതൽ മേലോട്ടുള്ള ജാതികൾ പുലർത്തുന്ന വിവേചനപരമായ മനോഭാവങ്ങളും അവഹേളനപരമായ പെരുമാറ്റങ്ങളും

വിശദീകരിക്കാൻ ഈ വർഗമാതൃക പൂർണമായും പരാജയപ്പെടുന്നു.

ദൈവമക്കളിൽ ജോർജ് എന്ന സവർണ ക്രിസ്ത്യൻ വിദ്യാർത്ഥിക്ക് കുഞ്ഞിക്കണ്ണൻ അയാളുടെ കിടക്കയിൽ ഇരുന്നത് ഇഷ്ടമായില്ല. തന്റെ അനിഷ്ടം കുഞ്ഞിക്കണ്ണന് മനസ്സിലാകുന്ന മട്ടിൽ ജോർജ് അയാളുടെ കിടക്കവിരി ദേഷ്യത്തിൽ വലിച്ചു മാറ്റി. മറ്റേതൊരു മലയാളനോവലിനെക്കാളും മെച്ചമായി സമകാലികകേരളത്തിലെ ദളിത് അനുഭവത്തിന്റെ സവിശേഷത അഭിസംബോധന ചെയ്യാൻ ദൈവമക്കൾ ശ്രമിക്കുന്നുണ്ട്. വ്യക്തിത്വത്തിന്റെയും അന്തസ്സിന്റെയും കാര്യത്തിൽ അഭിമാനകരമായ ഒരു ബോധം കൈവരിക്കുന്നതിൽ നിന്ന് ദളിതരെ തടയുന്ന ഒരു പുരോഗമനസമൂഹത്തിന്റെ ജാതീയതയെ ഈ നോവൽ തുറന്നു കാട്ടുന്നു. ജാതിയെ പരസ്യമായി തള്ളിപ്പറയുകയും സ്വകാര്യമായി ആചരിക്കുകയും ചെയ്യുന്ന കപടമായ ഒരു ദ്വിഭാവനയമാണ് കേരളത്തിലെ ഇടതുപക്ഷം സ്ഥിരതയോടെ പിന്തുടരുന്നത്. ഇതിന്റെ ഫലമായി ദളിത് സഖാവിനേക്കാൾ ഓബിസി സഖാവും ഓബിസി സഖാവിനേക്കാൾ സവർണസഖാവും സ്വാഭാവികമായും കൂടുതൽ തുല്യരാണെന്നു വരുന്നു.

വിപ്ലവകരമായ സാമൂഹ്യമാറ്റങ്ങൾ (അവ വളരെ സാവധാനവും വൈകിയും ദുർബ്ബലമായും ആണ് ദളിതരിലേക്കെത്തുന്നത്) ഉണ്ടായെങ്കിലും കേരളം ഇപ്പോഴും ഒരു ജാതിസമൂഹമാണ്. എന്നാൽ, കേരളത്തിന്റെ പുരോഗമന പ്രതിച്ഛായ ഈ വസ്തുതയെ ഫലപ്രദമായി മൂടി വയ്ക്കുന്നു. 'ദ ഗോഡ് ഓഫ് സ്മോൾ തിങ്സ്' എന്ന നോവലിൽ അരുന്ധതി റോയ് ഇതേ യാഥാർത്ഥ്യം തുറന്നുകാട്ടി. ലിംഗ വിവേചനം മൂലം പ്രണയം, നേരായ വൈകാരികാനുഭവം, കുടുംബം എന്നിവയുടെ അടിസ്ഥാനപ്രമാണങ്ങൾ നേരിടുന്ന ദ്രോഹങ്ങൾക്കെതിരായ ക്രോധത്തിൽ നിന്നാണ് ഈ നോവലിന്റെ പ്രചോദനം ഉറവെടുക്കുന്നത്. എങ്കിലും, ഇതിനെ ഒരു ദളിത് നോവൽ എന്ന് വിളിക്കുന്നത് ഇതിന്റെ സാഹിത്യരചനാതന്ത്രങ്ങളെ ക്രമപ്പെടുത്തുന്നതിൽ സ്ത്രീവാദകാവ്യശാസ്ത്രം വഹിക്കുന്ന പങ്ക് കാണാതെ പോകുന്നതിനാലാണ്. വെളുത്ത എന്ന ദളിത് കഥാപാത്രം നായകനാണെന്ന അഭിമാനത്തിന്റെ അടിസ്ഥാനത്തിലാണ് 'ദ ഗോഡ് ഓഫ് സ്മോൾ തിങ്സ്' ഒരു ദളിത് നോവലായി തെറ്റി വായിക്കപ്പെടുന്നത്. ഈ നോവലിന് ഒരു നായകനില്ല. ഉള്ളത് അമ്മു എന്ന സ്ത്രീനായകനാണ്.

പ്രബല സാമൂഹ്യവിഭാഗങ്ങൾക്കുള്ളിൽ ഉണ്ടാകുന്ന ചില പ്രതിസന്ധികളെത്തുടർന്നാണ് നോവൽവ്യവഹാരത്തിൽ ദളിതരെ കൂട്ടിച്ചേർക്കാനുള്ള

ശ്രമങ്ങൾ നടക്കുന്നതെന്ന് ഊഹിക്കുന്നതിൽ തെറ്റില്ല. കോട്ടയത്തെ പ്രൊട്ടസ്റ്റന്റ് മിഷനിലുണ്ടായ പ്രതിസന്ധിയാണ് ദളിതരെ കേരളത്തിലെ ആദ്യ നോവലുകളിലൊന്നായ 'ദ സ്ലേയർ സ്ലെയ്നിൽ എഴുതിച്ചേർക്കാനിടയാക്കിയത്.

കോളനികാലത്ത് ഹിന്ദുക്കൾ അനുഭവിച്ച സാംസ്കാരിക ഉത്കണ്ഠയാണ് ഉദ്ഗ്രഥനത്തിന്റെ ഒരു സാഹിത്യസൂത്രമായി ദലിതർ ഉൾപ്പെട്ട പ്രതിലോമവിവാഹം പെട്ടെന്നു പ്രത്യക്ഷപ്പെട്ടതിനു പിന്നിലെ പ്രചോദനം. ദൈവമക്കളിൽ സാവിത്രി കുഞ്ഞിക്കണ്ണനെ സമീപിക്കുന്നത് സ്ത്രീലമ്പടനായ ഒരു നമ്പൂതിരിയുടെ വെപ്പാട്ടി പദത്തിൽ നിന്ന് രക്ഷ നേടാനാണ്. അമ്മു വെളുത്തയെ തേടുന്നത് രഹസ്യ സമാഗമത്തിനു മാത്രമാണ്. രഹസ്യമായ വേഴ്ചകളിലല്ല . പരസ്യമായ ചര്യകളിലാണ് സമത സാക്ഷാൽക്കരിക്കേണ്ടത്.

മലയാളനോവലിൽ സവർണ സ്ത്രീയും ദളിതനും തമ്മിലുള്ള പ്രതിലോമ വിവാഹം സങ്കല്പിക്കാൻ പ്രേരിപ്പിക്കുന്ന സ്ഥിതിവിശേഷത്തെ സാവിത്രീപ്രഭാവം എന്നു വിളിക്കുന്നതിൽ തെറ്റില്ലെന്നു തോന്നുന്നു. കൂടുതൽ ആധിപത്യം നേടാനുള്ള സവർണവിഭാഗങ്ങളുടെ ആഗ്രഹമാണ് ഇതു സൂചിപ്പിക്കുന്നത്. താൻ നേരിടുന്ന ദുരവസ്ഥയിൽ നിന്ന് കരകയറാൻ വേണ്ടി ഒരു ദളിത് പങ്കാളിയെ സ്വന്തമാക്കുന്ന സവർണസ്ത്രീയാണ് ഈ ആഗ്രഹത്തെ പ്രതിനിധാനം ചെയ്യുന്നത്. സരസ്വതീവിജയത്തിലും ദുരവസ്ഥയിലും ദൈവമക്കളിലും നായികയുടെ പേര് സാവിത്രി എന്നാണ്. ആചാരലംഘനം നടത്തിക്കൊണ്ടാണ് സാവിത്രി ദളിത് കൂട്ടാളിയെ തേടുകയോ നേടുകയോ ചെയ്യുന്നത്. ദളിതരെ വളഞ്ഞുപിടിക്കാൻ അധീശത്വത്തിന്റെ സാംസ്കാരികദൗത്യം ഏറ്റെടുത്തുകൊണ്ട് അവൾ ജാതിയുടെ അതിർത്തി ലംഘിക്കുകയും അതു മൂലമുണ്ടാകുന്ന ആചാരലംഘനത്തെ ഉദ്ദേശശുദ്ധി കൊണ്ട് പവിത്രീകരിക്കുകയും ചെയ്യുന്നു. സർഗ്ഗാത്മകമായ നവവീര്യപ്രാപ്തിക്കായി പ്രാചീനമായ അപര സംസ്കാരങ്ങളിലേക്ക് തിരിയുന്ന ആധുനിക പാശ്ചാത്യകലയിലെ 'പ്രിമിറ്റിവിസം' പോലെയാണിത് (ജോർഡൻ & വീഡൻ 1997: 315).

ദളിതരെ വളഞ്ഞുപിടിക്കാൻ മനസ്സുറപ്പിച്ച സാവിത്രിയുടെ അധീശ പ്രഭാവം മലയാളി ജ്ഞാനോദയത്തിന്റെ ഉൽപ്പന്നമായ ഉദ്ഗ്രഥനത്തിന്റെ കാവ്യശാസ്ത്രത്തെ സാരമായി ബാധിച്ചിട്ടുണ്ട്. സാവിത്രിയുടെ വശീകരണത്തെ പ്രതിരോധിക്കുകയും നിരാകരിക്കുകയും ചെയ്തുകൊണ്ടാണ് ചർച്ചചെയ്ത മറ്റ് കൃതികളിൽ നിന്ന് ദൈവമക്കൾ വ്യത്യസ്തമാകുന്നത്. അംബേദ്കറുടെ പ്രബുദ്ധത എന്ന ആശയം ആധിപത്യ വിരുദ്ധമാണ്. അത് അടിത്തട്ടിൽ നിന്ന് സമതയിലേക്കുള്ള ഉണർവ്വാണ്. ഒരു പരികല്പനയെന്നതിലുപരി

അത് ജാതിശ്രേണിയുടെയും നിന്ദയുടെയും ഉന്മൂലനത്തിലേക്ക് നയിക്കുന്ന പ്രക്രിയയാണ്.

(2000 മെയ് 9-ന് മദ്രാസ് സർവകലാശാല ഡിപ്പാർട്ട്മെന്റ് ഓഫ് പൊളിറ്റിക്സ് ആൻഡ് പബ്ലിക് അഡ്മിനിസ്ട്രേഷൻ സംഘടിപ്പിച്ച സോഷ്യോ-പൊളിറ്റിക്കൽ ഫിക്ഷൻ ഇൻ സൗത്ത്ഇൻഡ്യൻ ലാംഗ്വേജസ് സെമിനാറിൽ അവതരിപ്പിച്ച പ്രബന്ധത്തിന്റെ മലയാളപരിഭാഷ.)

## ആധാരസൂചി

1. അരനോവിറ്റ്സ്, സ്റ്റാൻലി (1992), ദ പൊളിറ്റിക്സ് ഓഫ് ഐഡന്റിറ്റി, ന്യൂയോർക്ക്: റൗത് ലജ്.

2. അംബേദ്കർ ബി.ആർ (1987),അനൈഹിലേഷൻ ഓഫ് കാസ്റ്റ്, ബാംഗ്ളൂർ: ദളിത് സാഹിത്യഅക്കാഡമി.

3. കോൺ ജയിംസ്(1975), ഗോഡ് ഓഫ് ദി ഒപ്രസ്ഡ്, സാൻ ഫ്രാൻസിസ്കോ: ഹാർപർ & ലീ പബ്ലിഷേഴ്സ്.

4. ജോർജ് , ഇരുമ്പയം (1985), നാലു നോവലുകൾ, തൃശ്ശൂർ, കേരള സാഹിത്യ അക്കാദമി.

5. ജോർഡൻ, ഗ്ലെൻ & ക്രിസ് വീഡൻ (1997) കൾച്ചറൽ പൊളിറ്റിക്സ്: ക്ലാസ്സ് , ജെൻഡർ , റെയ്സ് ആൻഡ് ദ പോസ്റ്റ് മോഡേൺ, ബ്ലാക്‌വെൽ പബ്ലിഷേഴ്സ്.

6. പ്ലാസ, കാൾ & ബെറ്റി ജെ. റൈഡിങ് (1994) ദ ഡിസ്കോഴ്സ് ഓഫ് സ്ലേവറി: അഫ്രബെൻ ടു ടോണി മോറിസൺ, ലണ്ടൻ: റൗത്‌ലജ്.

7. ഭാസ്കരനുണ്ണി പി. (1988), പത്തൊൻപതാം നൂറ്റാണ്ടിലെ കേരളം, തൃശ്ശൂർ,കേരളസാഹിത്യഅക്കാദമി.

8. മോറിസൺ, ടോണി (1992), പ്ലെയിങ് ഇൻ ദ ഡാർക് വൈറ്റ്നസ് ആൻഡ് ദ ലിറ്റററി ഇമാജിനേഷൻ, പിക്കാഡോർ.

9. ലോഡ്ജ്, ഡേവിഡ് (1988), മോഡേൺ ക്രിട്ടിസിസം ആൻഡ് തിയറി: എ റീഡർ, ലണ്ടൻ: ലോങ്മാൻ.

10. സച്ചിദാനന്ദൻ കെ. (1999), ദി എൻഡ് ഓഫ് ആൻ ഇറാ, മലയാളം ലിറ്റററി സർവേ, ഏപ്രിൽ-ജൂൺ 1999.

11. ഹണ്ട്, ഡബ്ലിയു.എസ്. (1968) ദി ആംഗ്ലിക്കൻ ചർച്ച് ഇൻ ട്രാവൻകൂർ ആൻഡ് കൊച്ചിൻ 1816-1916, കോട്ടയം: സി.എം.എസ്. പ്രസ്സ്.

*tmyesudasan@yahoo.co.in*

# വയനാട്ടിലെ ബഹുവിധ അടിമ-ഉടമവ്യവഹാരങ്ങൾ: ചരിത്രവും സമൂഹഘടനയും മിത്തുകളുടെ ഇടപെടലും —സമൂഹശാസ്ത്ര വിശകലനം

**ഡോ.ഇന്ദു മേനോൻ**
ലെക്ചറർ (ആന്ത്രപ്പോളജി & സോഷ്യോളജി), കിർത്താഡ്സ്, കോഴിക്കോട്

### സംഗ്രഹം

അടിമയും അടിമത്തവുമില്ലാതെ ഒരു സമൂഹവും കടന്നു പോയിട്ടില്ല. ജനാധിപത്യത്തിന്റെ വരവോടെ മനുഷ്യാവകാശങ്ങളിലും അന്തസ്സോട് കൂടി ജീവിക്കാനുള്ള അവകാശങ്ങളിലും സർവ്വർക്കും സ്വാതന്ത്ര്യമുണ്ടെന്നിരിക്കെ നവോത്ഥാനകേരളത്തിൽ 1970-കൾക്കിപ്പുറവും അടിമത്തതൊഴിലുകൾ നിലനിന്നിരുന്നുവെന്നത് അത്യധികം ലജ്ജാകരമാണ്. ഈ ലേഖനം വയനാട്ടിലെ ഗോത്രങ്ങൾക്കിടയിൽ നിലനിന്ന അടിമത്തതൊഴിലിനെക്കുറിച്ചു പഠിക്കുന്നു. അടിയ, പണിയ ഗോത്രങ്ങൾ മാത്രമല്ല മറ്റു ഗോത്രങ്ങളും പലമുഖ അടിമത്തത്തെ നേരിടേണ്ടി വന്നിട്ടുണ്ട്. അടിമത്തതൊഴിലുകൾ, അടിയാളത്തങ്ങൾ, കുടിയാളത്തങ്ങൾ എന്നൊക്കെ പറയുമെങ്കിലും യഥാതഥമായ അടിമത്തത്തിന്റെ പ്രവർത്തനം തന്നെയാണിവിടങ്ങളിൽ നടന്നത് എന്നു കാണാം. ഗോത്രങ്ങൾക്കകത്തും സഹഗോത്രങ്ങൾ തമ്മിലുമുള്ള അധികാരത്തിന്റെ ഇടപെടലുകളും സ്തരീകരണങ്ങളും പഠിക്കുന്നതിനോടൊപ്പം പുരാവൃത്തങ്ങളും മറ്റു ആഖ്യായികകളും വിശകലനം ചെയ്യുന്നുമുണ്ട്. 2000 മുതൽ ഇങ്ങോട്ട് പലഘട്ടങ്ങളിലായി വയനാടൻ മേഖലയിൽ നടത്തിയ പലതരം ഗവേഷണത്തിലെ ദത്തങ്ങൾ ഇതിലുപയോഗിച്ചിട്ടുണ്ട്. ചരിത്രരേഖകൾ പരിശോധിക്കുന്നതിനൊപ്പം തന്നെ ഗോത്രങ്ങളുമായി നേരിട്ട് അന്വേഷണം നടത്തി വിവരശേഖരണം പൂർത്തിയാക്കി. എത്നോഹിസ്റ്ററിക്കലായ നരവംശശാസ്ത്രരീതിയാണതിന് അവലംബിച്ചത്.

ഗോത്രങ്ങൾക്കിടയിലെ അടിമത്തത്തിനു ബഹുവിധമായ തലമുണ്ട്. ജാതി ഹിന്ദുത്വവും ഉടമകളും ചേർന്നു നിർമ്മിക്കുന്ന പുരാവൃത്തങ്ങളിലൂടെ വിശ്വാസസംഹിതകളിലൂടെ അടിമത്തം സ്വാഭാവികമായി സമൂഹവും അടിമകളും അംഗീകരിക്കുന്നുവെന്ന് പഠനം തെളിയിക്കുന്നു

**താക്കോൽ വാക്കുകൾ**: അടിമത്തം, അടിമത്തൊഴിൽ, പുരാവൃത്തം, അടിയാളത്തം

മലബാറിലെ ഗോത്ര അടിമക്കച്ചവടത്തിന് എത്ര വർഷത്തോളം പഴക്കമുണ്ടെന്ന് ഒരു ചരിത്രത്തിലും ആരും കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. നീതിനിഷേധത്തിന്റെയും ചൂഷണത്തിന്റെയും ചരിത്രമാണ് 1947 വരെ അതെന്ന് നമുക്ക് വായിക്കാം. ശേഷം ഭരണഘടന എല്ലാ പൗരസ്വാതന്ത്ര്യവും അനുവദിച്ചശേഷവും മനുഷ്യത്വവിരുദ്ധമായ, ക്രൂരമായ ജനാധിപത്യരാഹിത്യത്തിന്റെ ഉദാഹരണമായി, വയനാട്ടിലും നിലമ്പൂരിലും ഗോത്രാടിമത്തം സ്വാഭാവികമായിത്തന്നെ നടത്തിപ്പോന്നു. ഗോത്രങ്ങളുടെ പുരാവൃത്തങ്ങളിലും അനുഷ്ഠാനങ്ങളിലും കഥകളിലും കലകളിലും മറ്റ് ആഖ്യാനങ്ങളിലും അടിമത്തത്തിന്റെ രാഷ്ട്രീയവും ന്യായങ്ങളും ഗോത്രങ്ങൾ സ്വയം നിർമ്മിച്ചും ഉടമകളാൽ നിർമ്മിക്കപ്പെട്ടും തുടർച്ചകൾ തേടി. ഹിന്ദുമതത്തിന്റെ ഇടപെടലോടെ ആദിമതരൂപങ്ങളും ആദിദൈവങ്ങളും ഈ പുരാവൃത്തങ്ങളെ ന്യായീകരിച്ചു. വിശ്വാസത്തിലും ചിന്തയിലും പ്രവർത്തിയിലുമെല്ലാം സ്വാഭാവികമായിത്തന്നെ അടിമയുക്തി നിറയ്ക്കപ്പെട്ടു. അടിമയും ഉടമയും ഒരുപോലെ തന്നെ ഈ വ്യവസ്ഥയെ സ്വീകരിച്ചു.

പഠനലക്ഷ്യങ്ങൾ (Objectives of the Study)

1. വയനാടൻ ഗോത്രമേഖലയിൽ നിലനിന്നിരുന്ന അടിമത്തം, അടിമത്തൊഴിലുകൾ എന്നിവയെക്കുറിച്ച് പഠിക്കുക.
2. ഗോത്രങ്ങൾ പരസ്പരം പുലർത്തുന്ന അടിയാണ്മ- ഉടമബന്ധം, അടിമബന്ധം എന്നിവ വിശകലം ചെയ്യുക.
3. ഗോത്രങ്ങളുടെ സാമൂഹികഘടനകൾ പരിശോധിക്കുകയും അവയ്ക്കിടയിലെ അധികാരങ്ങളെക്കുറിച്ചും പഠിക്കുക.
4. പുരാവൃത്തങ്ങൾ, പാട്ടുകൾ എന്നിവവിശകലനം ചെയ്യുക

പഠനമേഖല (The Research Area)

കേരളത്തിന്റെ ഗോത്രാടിമത്തചരിത്രം വേരൂന്നുന്നത് വ്യത്യസ്തങ്ങളായ ഗോത്രസമുദായങ്ങൾ കാലങ്ങളായി അനുഭവിച്ചു പോന്നിരുന്നതും തുടർന്നു പോന്നിട്ടുള്ളതുമായ അടിമത്ത, അടിയാളത്തവ്യവസ്ഥയിലാണ്. ഗോത്രസമുദായത്തിനിടയിലുള്ള അടിമത്തവ്യവഹാരങ്ങളെയും അടിയാളിടതൊഴിലുകളെയും

അറിയുവാനായി വയനാടൻ ഗോത്രബെൽറ്റിലെ സമുദായങ്ങളായ റാവ്ള (അടിയ), പണിയ, ബെട്ടക്കുറുമ, തച്ചനാടൻ, കുറിച്യ, മുള്ളുക്കുറുമ, കാട്ടുനായ്ക്കൻ (തേൻകുറുമ/ ജ്യേനുക്കുറുമ) എന്നീ ഗോത്രങ്ങളുടെ ജീവിതാനുഭവങ്ങളുമായി ബന്ധപ്പെട്ട അടിമത്താവസ്ഥയെക്കുറിച്ച് പഠിക്കുന്നു.

പഠനദേശം (The Research Settings): കേരളത്തിൽ ഏറ്റവും കൂടുതൽ ഗോത്രങ്ങൾ ജനസംഖ്യാപരമായും എണ്ണത്തിലുമുള്ള വയനാടാണ് പഠനത്തിനായി തിരഞ്ഞെടുത്തിരിക്കുന്നത്.

പഠനസമുദായങ്ങൾ (The People) : റാവുളർ, പണിയർ, തച്ചനാടൻ, ബെട്ട ക്കുറുമൻ, മുള്ളുക്കുറുമൻ, കുറിച്യർ, കാട്ടുനായ്ക്കർ എന്നീ ഗോത്രങ്ങൾക്കി ടയിലാണ് പഠനം നടത്തിയത്.

### വയനാട്ടിലെ ഗോത്രഅടിമത്തജീവിതം

അടിമവ്യാപാരവും അടിമക്കൈമാറ്റവും അടിമപ്പണയവും വയനാട്ടിൽ നൂറ്റാണ്ടുകളോളം വ്യാപകമായിരുന്നു. എന്നാൽ വയനാട്ടിലെ ഗോത്രങ്ങൾക്കിടയിലെ ഈ അടിമസമ്പ്രദായം ഒരിക്കലും ഏകശിലാസ്വത്വമായിരുന്നില്ല. (Monolithic entity) പലതലങ്ങളിലും പല മാനങ്ങളിലും അടരടരായി നിന്നിരുന്ന സങ്കീർണ്ണതയായിരുന്നു ഇതിന്റെ പ്രത്യേകത. വയനാട്ടിലെ ഗോത്രങ്ങളെ പരിശോധിച്ചാലും അവയെയും നമുക്ക് ഏകശിലാസ്വത്വമായി കണക്കാക്കുവാൻ കഴിയുകയില്ല. അവരുടെ പദവിയോ സാമൂഹ്യാവസ്ഥയോ വിദ്യാഭ്യാസ-രാഷ്ട്രീയ- സാമ്പത്തികാവസ്ഥയോ ആരോഗ്യാവസ്ഥയോ ജീവിത ചുറ്റുപാടുകളോ തുല്യമായിരുന്നില്ല. ഗോത്രങ്ങൾക്ക് പ്രകൃതിയും ഭൂമിയുമായുള്ള ബന്ധത്തിനടിസ്ഥാനത്തിലും സമൂഹത്തിലെ പദവിയുടെ അടിസ്ഥാനത്തിലും അവ സമൂഹഘടനയിൽ തട്ടുതട്ടായി സ്തരീകരിക്കപ്പെട്ടു. അധികാരം, അധീശത്വം, ആധിപത്യം, വസ്തുക്കളുടെ മേലുള്ള അധികാരം എന്നിവയൊക്കെ മേൽശ്രേണിയിലുള്ള ഗോത്രങ്ങൾക്ക് ധാരാളമായുണ്ടായിരുന്നു.ഇവയെല്ലാം ശ്രേണിയുടെ കീഴ്ത്തട്ടിൽ നിന്നിരുന്ന ദുർബലഗോത്രങ്ങൾക്കും അതീവദുർബല ഗോത്രങ്ങൾക്കും നിഷേധിക്കപ്പെട്ടു.

ഏക്കറുകണക്കിന് പരമ്പരാഗതഭൂമിയുടെ മേൽ സർവ്വാധികാരങ്ങളുള്ള കുറിച്യ, മുള്ളുക്കുറുമ ഗോത്രങ്ങളായിരുന്നു ഗോത്രാധികാരശ്രേണിയിൽ മുകളിൽ. വിദ്യാഭ്യാസം, സർക്കാർ ജോലികളിലെ പ്രാതിനിധ്യം, രാഷ്ട്രീയ പ്രക്രിയയിലെ പങ്കാളിത്തം എന്നിവയിലെല്ലാം ഈ ഗോത്രാംഗങ്ങൾ മുൻനിരയിലെത്തി. ഒരുപാട് പടികൾക്ക് താഴെയായി ആർട്ടിസാൻ ഗോത്രമായ

ബെട്ടക്കുറുമൻ. കാടർ എന്നിവരും അതിനുതാഴെയായി അടിയൻ/റാവുളർ, തച്ചനാടന്മൂപ്പൻ, പണിയൻ, കാട്ടുനായ്ക്കൻ, ചോലനായ്ക്കൻ എന്നീ ഗോത്രങ്ങളും ചേർന്ന് ആ ശ്രേണി സ്ഥരീകരിച്ചു തന്നെ നിന്നു.

കുറിച്യരും മുള്ളക്കുറുമരും വളരെ മുൻപുതന്നെ ഗോത്രമതത്തോടൊപ്പം ഹിന്ദുമതത്തെയും സ്വാംശീകരിച്ചിരുന്നു. ഒപ്പം സവർണ്ണ ഹൈന്ദവികതയുടെ ചിഹ്നങ്ങളായ അയിത്തം, തീണ്ടൽ, തൊടീൽ,വാലായ്മ, ഭക്ഷണശുദ്ധി, വംശശുദ്ധി,ഭ്രഷ്ടുകൾ, മറ്റുചിട്ടകൾ എന്നിവയും അവർ സംസ്കൃതവത്കരണത്തോടൊപ്പം സ്വായത്തമാക്കി. ഗോത്രദൈവങ്ങൾ ഹിന്ദുദൈവങ്ങളായി യൂണിവേർസലൈസ് ചെയ്യപ്പെട്ടു. മലക്കാരി,ആരിവില്ലി,കരിവില്ലി, മലങ്കരിയാത്തൻ ,പാക്കത്തെയ്യം, ശൂവാനി ഒക്കെ ശിവനായി മാറി. വെള്ളക്കേലിയപ്പൻ വിരാട് പുരുഷനായി. ബാത്തൻ കല്യാർ, ബൊട്ടണൻ കെല്ല്യാർ, വൈണട്ടൻ കെല്ലിയാർ ത്രിമൂർത്തികളായി.ക്ർങ്കാലി, കുട്ടത്തമ്മ, മാരി കാളിയായി. മഞ്ഞളാം പോതി പാർവ്വതിയായി. ബശുവപ്പൻ നന്ദിയായി. ഗോത്ര വിശുദ്ധയിടങ്ങൾ ഹിന്ദുക്ഷേത്രങ്ങളായി. മദ്പ്പെരകൾ , ബെട്ടക്കുറുബ അമ്പാളകൾ, മൺഗൈകൾ, തച്ച്നാടൻ മഡ്ഡോപങ്ങൾ അമ്പലങ്ങളായി. ഗോത്രാചാരങ്ങളും ഉത്സവങ്ങളും നിർത്തലാക്കി.ഉച്ച്കാർ ശിവരാത്രിയായി.

കുറിച്യന്മാർ സ്വയം തങ്ങളെ മലനമ്പൂതിരിമാരായും മലനായന്മാരായും, കരിനായന്മാരായും പയച്ചി[1]യുടെ അടിയാളനായന്മാരായും വിവക്ഷിച്ചു. ഉന്നതകുലജാതരായതിനാൽ സഗോത്രവിവാഹം ശക്തമായി പാലിച്ചു. ആചാരങ്ങൾ, മുറകൾ തെറ്റിക്കുന്നവരെ ഗോത്രത്തിൽ നിന്നും ഭ്രഷ്ട് കൽപ്പിച്ച് പുറത്താക്കി.

മുള്ളുക്കുറുമരുടെ രീതിയും ഇപ്രകാരം തന്നെയായിരുന്നു. ഹിന്ദുമതത്തിന്റേതായ സവർണ്ണജീവിതചര്യകൾ അവർ എളുപ്പത്തിൽ സ്വാംശീകരിച്ചു. “പുലയർ, അടിയർ ,പണിയർ, നായിക്കൻമാർ തുടങ്ങിയ ആദിവാസികൾ കുറിച്യർ സഞ്ചരിക്കുന്ന വഴിയിലൂടെ അവർക്കഭിമുഖമായി വന്നാൽ അവർഓടിമറയും-തീണ്ടാപ്പാടകലം വരെ. എന്നാൽ കാടർ വന്നാൽ ഓടിമറയുന്നില്ല. അവരുമായി സംസാരിക്കുകയും ചെയ്യും. പക്ഷെ അവരും തൊടാൻ പാടില്ല. സ്പർശിച്ചാൽതീണ്ടപ്പെടുന്നു.”[2] ശുദ്ധി/അശുദ്ധിസങ്കൽപ്പത്തോട് അനുബന്ധിച്ച് തീണ്ടൽ, തൊടീൽ ശുദ്ധീകരണപ്രക്രിയ എന്നിവയൊക്കെ ഹിന്ദു മതത്തിന്റേതായ പ്രത്യേകതകൾ ആണ്. ഗോത്രങ്ങൾക്കിടയിൽ ഇത്തരം അസ്പൃശ്യത ഇല്ല തന്നെ.

ഇവിടെ ട്രൈബ്-കാസ്റ്റ് കന്റിന്യം എന്ന് നരവംശശാസ്ത്രജ്ഞനായ

ബെയിലി പറയുന്ന പ്രക്രിയാവാദം കുറിച്യ-മുള്ളുക്കുറുമ ഗോത്രങ്ങൾക്ക് ബാധകമാണെന്ന് കാണാം.ഗോത്രമായി നിലനിൽക്കെത്തന്നെ പൂർണ്ണമായും ഹിന്ദുമതത്തിലേക്ക് ചേർന്നുനിൽക്കുകയും ജാതിയെപ്പോലെ പ്രവർത്തിക്കുകയും ചെയ്യുകയാണ് ട്രൈബ്-കാസ്റ്റ് കൻടിന്യം. ഗോത്രങ്ങളിൽ സാധാരണ കാണുന്ന സഹഗോത്രതുല്യതഈ ഗോത്രങ്ങൾ പൊതുവെ കാണിക്കാറില്ല. ഗോത്രങ്ങളുടെ സ്വഭാവസവിശേഷതയ്ക്കൊപ്പം തന്നെ അവ ജാതി ഹിന്ദുക്കളെപ്പോലെയുള്ള ജാത്യാചാരങ്ങൾ കാണിക്കുന്നു. അസ്പൃശ്യതയും മറ്റു ഗോത്രങ്ങൾക്കും ജാതികൾക്കും മേലെ അധീശത്വവും കാണിക്കുന്നു.

## ഗോത്രഅടിമകളുടെ ഉടമജാതികൾ

മലകയറിച്ചെന്ന നായർമാർ, നമ്പ്യാർമാർ, മലയാളി ബ്രാഹ്മണരായ നമ്പൂതിരിമാർ, എംപ്രാശ്ശന്മാർ, പോറ്റിമാർ അമ്പലവാസികളായ മാരാർ, വാര്യർ, നമ്പീശന്മാർ, കർണ്ണാടകയിൽ നിന്നും കുടിയേറിയ ജൈനന്മാരായ കൗണ്ടർമാർ, തമിഴ്നാട്ടിലെ ധാരാപുരത്തു നിന്നുവന്ന വയനാടൻ, ഇടനാടൻ, മൗണ്ടാടൻ ചെട്ടിമാർ, പട്ടൻമാർ, നിലമ്പൂർ രാജവംശം എന്നിങ്ങനെയുള്ള ഭൂവുടമകളും ബ്രിട്ടീഷുകാരുമായിരുന്നു ആദ്യകാലത്തെ പുറമെനിന്നുള്ള ഉടമ പ്രമുഖർ. പിന്നീട് കുടിയേറ്റകാലത്ത് കുടിയേറിയ ക്രൈസ്തവരും ഈഴവരും മാപ്പിളമാരും ഗോത്രങ്ങളെ പൂർണ്ണ അടിമകളാക്കുകയോ അടിമത്തൊഴിലാളികളാക്കുകയോ ചെയ്തു. പ്രധാന ജന്മിമാർ നിലമ്പൂർരാജ, അത്തിക്കോട്ട് നായർ, എടച്ചനനായർ, വെങ്ങപ്പള്ളിഇടക്കാർ, ചോലപ്പുറത്ത്മഠക്കാർ, കൊയപ്പത്തൊടിമുസ്ലിംങ്ങൾ, പിണങ്ങോട്ട്അറയിൽകാർ, പുതിയേടത്തുകാർ എന്നിവരാണ്. ബെള്ളൂരമ്മയെക്കുറിച്ചുള്ള റാവുളരുടെ ഗാനസാഹിത്യത്തിൽ ബേമോത്ത് നമ്പ്യാർ[3] ,കൊളങ്ങര നായർ, പട്ടിനട്ടേരി പട്ടന്മാർ[4], നടബയലു പട്ടൻമാർ, നമ്പിടി[5] എന്നിവർ ഊരായ്മക്കാരാണെന്നു പ്രതിപാദിക്കുന്നു.

## ഗോത്രഅടിമകളുടെ ഉടമഗോത്രങ്ങൾ

ഗോത്രങ്ങൾക്കിടയിലും ഈ അടിമയുടമപാരസ്പര്യം ശക്തമായി നിലനിന്നുപോന്നിരുന്നു. കുറിച്യരും കുറുമരുംറാവുളർ,പണിയർ,വയനാട് കാടർ,കാട്ടുനായ്ക്കർ,ബെട്ടക്കുറുമർ എന്നിവർക്കു മേലെ അധികാരം പ്രയോഗിച്ചു. അവരുടെ ഭൂമിയിലെ കൃഷിപ്പണിയ്ക്കും മാട് പണിയ്ക്കും കാടുപണിയ്ക്കും ധാരാളമായി അടിത്തട്ടിലെ ശ്രേണിയിലെ ഗോത്രങ്ങളെ ഉപയോഗിച്ചു. പൂർണ്ണമായ അടിമകളായോ, അടിയാളൻമാരായോ, ഊരാളന്മാരായോ തങ്ങളുടെ ഭൃത്യജോലികളും മറ്റു വയൽപ്പണികളും അടിമബന്ധം സ്ഥാപിച്ചുകൊണ്ടുതന്നെ നടപ്പിലാക്കി.

അന്യജാതിക്കാരായ ജന്മിമാരുടെ അതേ സ്വഭാവങ്ങളും രീതികളുമാണ് ഈ ഗോത്രങ്ങളും കാണിച്ചിരുന്നത്.

### പലമാനങ്ങളുംതലങ്ങളുമുള്ള അടിമത്തം

വയനാട്ടിലെ ഗോത്രങ്ങൾക്കിടയിൽ അടിമത്തം ബാഹ്യമായി മാത്രമല്ല ആന്തരികമായും നിലനിൽക്കുന്നു. പുറമെനിന്നുള്ള ജാതിഹിന്ദുക്കളുടെയും ജൈനരുടെയും ചെട്ടിമാരുടെയും അടിയാളരായോ ഊരാളരായോ കുടിയാനായോ അടിമകളായോ നിലനിൽക്കുമ്പോൾതന്നെ തങ്ങളുടെ സഹഗോത്രങ്ങളുമായി മറ്റൊരുതരത്തിൽ ഒരു അധീശത്വ ബന്ധം പുലർത്തുകയും ആ ഗോത്രങ്ങളെ അടിമകളാക്കുകയും ചെയ്യുന്നതായിക്കാണാം. മറ്റൊന്ന് ഗോത്രത്തിന്റെ ഉള്ളിൽത്തന്നെയുള്ള അധീശത്വബന്ധങ്ങളാണ്. മോയിറ്റി, ഫ്രാറ്റെറി, ക്ലാൻ, ലിനേയ്ജ് എന്നീ സാമൂഹ്യഘടനകളിലും അധികാരം സൂക്ഷ്മമായി പ്രവർത്തിക്കുന്നതായിക്കാണാം. വിഭിന്നതലത്തിൽ ആന്തരികമായും ബാഹ്യമായും ഈ അധികാരം ഗോത്രങ്ങളെ സ്വാധീനിക്കുന്നു. അധികാരം മുകൾത്തട്ടിലും സമതട്ടിലും താഴെത്തട്ടിലുമായി കൃത്യമായി പ്രവർത്തിക്കുന്നുണ്ട്.

### സമതട്ടിന്റെ വിഭജനം

സമതട്ട് എന്നതിൽ ഒരു ഗോത്രത്തെത്തന്നെയാണുദ്ദേശിക്കുന്നത്. ഒരു ഗോത്രത്തിന്റെ ഉള്ളിൽത്തന്നെയുള്ള സാമൂഹ്യഘടന പരിശോധിച്ചാൽ അത് പലതായി വിഭജിക്കപ്പെട്ടതായിക്കാണാം. ഒരു കുടുംബം തന്നെ വികാസം പ്രാപിച്ച് രക്തബന്ധത്തിനടിസ്ഥാനത്തിൽ ഒരു പൂർവികകൈവഴിയിലെ തുടർച്ച എന്ന രീതിയിൽ ഒരു വംശപരമ്പരയെ സൃഷ്ടിക്കുന്നു. ഇതിനെ നമുക്ക് താവഴി (Lineage) എന്നു വിളിക്കാം. ഈ താവഴികൾ വംശപരമ്പരയിൽ മുകളിലേയ്ക്ക് പോകുമ്പോൾ ഒരു പൂർവ്വികനിൽ എത്തി നിൽക്കുന്നതായിട്ട് കാണാം. പലതാവഴിവേരുകൾ ചേർന്നുണ്ടാകുന്ന പിരിവിനെ കുലം(Clan) എന്നു വിളിക്കുന്നു. ഇത്തരത്തിൽ നിരവധികുലങ്ങൾ ഉണ്ടായിരിക്കും. കുലങ്ങൾ തമ്മിൽ രക്തബന്ധവും പൂർവ്വികബന്ധവുമുണ്ടെന്നാണ് വിശ്വാസം.ഒരു കുലത്തിനകത്തുള്ളവർസഹോദരി സഹോദരന്മാരായതിനാൽ വിവാഹബന്ധം നിഷിദ്ധമാണ് (exogamy).കുലങ്ങൾ പരസ്പര സഹോദരീകുലങ്ങളായി (Sister Clan) കണക്കാക്കപ്പെടുന്നെങ്കിൽ അവിടെയും സഗോത്രവിവാഹം സാധ്യമല്ല. കുലങ്ങൾ പലത് ചേർന്ന് ഫ്രാറ്റെറികൾ (Phratery) രൂപപ്പെടുന്നു. സഹോദരഫ്രാറ്റെറികൾ രക്തബന്ധമുള്ളവരാണെന്നു കരുതപ്പെടുന്നു.

സഗോത്രവിവാഹം വിലക്കുകയുംചെയ്യുന്നു. പലഫ്രാറ്റെറികൾ ചേർന്ന് ഒരു ഗോത്രം ഉണ്ടാകുന്നു. ചിലസന്ദർഭങ്ങളിൽ ഗോത്രങ്ങൾ കൃത്യമായി രണ്ട് ഫ്രാറ്റെറികൾ ആയി വിഭജിക്കപ്പെടുന്നുണ്ട്. ഇത്തരം പാതിവിഭജനത്തെ മോയിറ്റി(Moiety)എന്ന് വിളിക്കുന്നു. മോയിറ്റികൾക്കകത്തെ കുലങ്ങൾ സോദരരായികണക്കാക്കപ്പെടുന്നു.

സങ്കീർണ്ണമായ ഈ വിഭജനങ്ങൾക്കുള്ളിലും അധികാരം പ്രവർത്തിക്കുന്നു. സമതട്ടിൽ തന്നെ പ്രവർത്തിക്കുന്ന ഈ അധികാരം തട്ടിനെ വീണ്ടും വീണ്ടും സ്തരീകരിക്കുകയും അതിലും ഉയർച്ചതാഴ്ചകൾ നിർവ്വചിക്കുകയും ചെയ്യുന്നു. ചില മോയിറ്റികൾ ഉന്നതമായി കണക്കാക്കപ്പെടുന്നു. ഫ്രാറ്റെറികളും അതെ. ചില ക്ലാനുകൾക്കും ഗോത്രം സവിശേഷമായ അധികാരം നൽകിയിരിക്കുന്നു. അതുപോലെ തന്നെയാണ് ചില താവഴികളും. അധികാരവും പദവിയും ലഭിക്കുന്ന ഇത്തരം ചാർച്ചാക്കൂട്ടങ്ങൾ ഗോത്രത്തിന്റെ ഉള്ളിൽത്തന്നെ ആന്തരികമായ അധികാരങ്ങളെ പ്രസരിപ്പിക്കുകയും മറ്റു സംഘങ്ങളെ തങ്ങളുടെ ആവശ്യങ്ങൾക്കായി ഉപയോഗിക്കുകയും ചെയ്യുന്നു. അടിമത്തം എന്നു വിളിക്കാനാകില്ലെങ്കിലും ജനാധിപത്യരഹിതമായ അധികാരം ഉപയോഗിച്ച് തങ്ങളാൽ താണവരെ അടിയാളരാക്കുന്നതായിട്ടു കാണാനാകും.

സൂക്ഷ്മമായിപരിശോധിച്ചാൽ ഗോത്രങ്ങൾ സ്വയംതന്നെ അധികാരശ്രേണിയെ തങ്ങൾക്കിടയിൽ വളർത്തുകയും അതിൽ ജീവിക്കുകയും ആഹ്ളാദിക്കുകയും ചെയ്യുന്നുണ്ട്.

### തിയററ്റിക്കൽ ബാക്ക് ഗ്രൗണ്ട്

എറിക്ഫ്രോം തന്റെ മനഃശാസ്ത്രവിശകലനത്തിൽ ഫ്രോയിഡിയൻ സിദ്ധാന്തം ഉപയോഗിച്ച് മനുഷ്യരുടെ അടിമ മനോനിലയെ അപഗ്രഥിക്കുന്നുണ്ട്. വ്യാവസായികമുതലാളിത്തത്തിൽ മനുഷ്യർ അടിമകളെപ്പോലെ മുതലാളിത്തത്തിനു കീഴടങ്ങി ജീവിക്കുന്നതിനു കാരണമായി പടിയാർക്കിന്റെ സ്ഥാനത്തിനു സംഭവിക്കുന്ന ചലനവും പ്രതിസന്ധിയുമാണ് കാരണമെന്ന് അദ്ദേഹം കണ്ടെത്തി. കുടുംബത്തിൽ പുതിയ തലമുറക്ക് മാതൃകയും ഊർജ്ജവും ആത്മവിശ്വാസവും നൽകുന്നത് സുശക്തനായ ഈ കാരണവർ ആണ്. വ്യക്തിത്വവികാസത്തിന് ശക്തമായ പിന്തുണ നൽകുന്ന ഈ കാരണവർ എന്ന നില വ്യാവസായികമുതലാളിത്തം തകർക്കുകയുണ്ടായി. കുടുംബത്തലവന്റെ അപ്രമാദിത്വം ഇല്ലാതെയായി. യുവജനങ്ങൾക്കുള്ള മാതൃകയും ഇല്ലാതെയായി. അധികാരത്തെ ഉപയോഗിക്കുകയും പ്രയോഗിക്കുകയും ചെയ്യുന്ന ഒരു ഉത്തമമാതൃകയ്ക്ക് ബദലായി അധികാരത്തോട് സമരസപ്പെടുന്ന ഒരു തലവന്റെ സാന്നിദ്ധ്യം

പുതിയതലമുറയെ സ്വാധീനിച്ചു. സ്റ്റേറ്റ്ക്യാപ്പിറ്റലിസത്തിന്റെ വരവോടെ ദുർബലമായ പുതുതലമുറയുടെ വ്യക്തിത്വത്തെ എളുപ്പത്തിൽ ആർക്കും സ്വാധീനിക്കാം എന്ന ഫ്രേം കണ്ടെത്തി. അധികാരത്തോട് വിധേയത്വം പുലർത്തുക സ്വാഭാവികമായിത്തീർന്നു. എളുപ്പത്തിൽ മുതലാളിത്തത്തിന്റെ പരമാധികാരത്തെ അവർ സ്വീകരിക്കുകയും അതിൽ അടിമ മനോനില യോടെ ജീവിക്കുകയും ചെയ്തു.

ഗോത്രങ്ങളുടെ കാര്യത്തിലും ഇതു തന്നെയാണ് സംഭവിക്കുന്നത്. ഗോത്ര ത്തിന്റെ അകത്തു തന്നെയുള്ള സ്തരീകരണം അധികാരത്തെ പലതട്ടായി വിഭജിക്കുന്നു. മേൽത്തട്ടിലെ അംഗങ്ങൾക്ക് വഴക്കപ്പെട്ടും വിധേയപ്പെട്ടുമാ യിരിക്കും കീഴ്ത്തട്ടംഗങ്ങൾ ജീവിക്കുക. ഗോത്രത്തിനകത്തെ വിശ്വാസങ്ങളും ആചാരങ്ങളും ഈ അധികാരത്തെ അനുസരിക്കാൻ വേണ്ടി പുതുതലമുറയെ തയ്യാറെടുപ്പിക്കുന്നു.ഒരു കുട്ടിയുടെ ജനനം മുതൽ തുടരുന്ന സാമൂഹ്യവത്കരണ ത്തിൽ ഗോത്രവിശ്വാസങ്ങളും മതചിന്തകളും ഈ അടിമമനോനിലയെ ഊട്ടി യുറപ്പിക്കുന്ന രീതിയിൽ മനുഷ്യരെ പരിവർത്തനപ്പെടുത്തുന്നു. ആന്തരികമായി അനുഭവിക്കുന്ന ഈ അടിമത്തം ഗോത്രത്തിനു പുറത്തുള്ള മറ്റു ഗോത്രങ്ങളെ അനുസരിക്കാനോ അനുസരിപ്പിക്കാനോ ഉള്ള നവവഴിയുണ്ടാക്കുന്നു.

ഭൂമി, പ്രകൃതി എന്നിവയുടെ വിതരണാവകാശവുമായി ചേർന്നു വേണം ഗോത്ര അടിമത്തത്തെ അറിയുവാൻ. ആദ്യകാലങ്ങളിലെ വനവിഭവശേഖരണ വും വേട്ടയുമായി നടന്നിരുന്ന സമൂഹങ്ങളിൽ അടിമവേലകളോ തൊഴിലുകളോ ഉണ്ടായിരുന്നില്ല. അവ പിന്നീട് ഭൂമിയുടെ ഉടമസ്ഥത, സുസ്ഥിരകൃഷി എന്നിവ വരുന്നതോടെയാണ് പതിയെ അടിമത്തം ആരംഭിക്കുന്നത്. കൊച്ചിയിലെ കാടർ, നിലമ്പൂരിലെ പതിനായ്ക്കർ, ചോലനായ്ക്കർ അട്ടപ്പാടിയിലെ കുറുമ്പർ എന്നിവർ ഇത്തരം അടിമജോലികളിലോ അടിമസ്വഭാവമുള്ള നിർബന്ധിത കരാർ തൊഴിലുകളിലോ പൊതുവെ ഏർപ്പെടാറില്ല. എന്നാൽ ഇക്കാലത്ത് മുൻകൂർ പണം നൽകുകയോ ലഹരി വസ്തുക്കൾ നൽകുകയോ കടയിൽ നിന്നും സാധന സാമഗ്രികൾ നൽകുകയോ ചെയ്തതിനുശേഷം വനവിഭവശേഖരണ ത്തെ സംബന്ധിച്ച് കരാർ ഉണ്ടാക്കുന്നു. ഒരു മാസം 2 ലിറ്റർ വെളിച്ചെണ്ണയും 5ലിറ്റർ മണ്ണെണ്ണയും വാങ്ങി എന്നിരിക്കട്ടെ ബദലായി 7 ലിറ്റർ തേൻ കൊടുക്ക ണമെന്നാണ് നിഷ്കർഷ. തേൻ ശേഖരിക്കാൻ പോകുമ്പോഴേയ്ക്കും കടക്കാരനു നൽകേണ്ടുന്ന കടം വളരെ കൂടുതൽ ആയിരിക്കും. നിലമ്പൂരിലെ പതിനായ്ക്ക രിലെ ഒരു തേൻ വേട്ടക്കാരൻ 6 മാസം കൂടുമ്പോൾ 30കിലൊയോളം തേൻ കടക്കാരനു നൽകാൻ നിർബന്ധിതനാവാറുണ്ട്. മുൻകൂർ വായ്പ വാങ്ങിയാലും

ഇതുതന്നെ അവസ്ഥ. ഇപ്രകാരത്തിൽ വനവിഭവശേഖരണവും പലപ്പോഴും മുൻകൂട്ടി നിർണയിക്കുന്ന ഒരു നിർബന്ധിത തൊഴിൽരീതിയായി ഗോത്രങ്ങൾക്കിടയിൽ നിലനിൽക്കുന്നു. "1977 -ൽ തന്നെ അട്ടപ്പാടിയിൽ ഈ ചൂഷണം നിലനിന്നിരുന്നു. ശേഖരിക്കുന്ന വനവിഭവങ്ങൾക്ക് മീതെ പൂർവ്വക്രയാധികാരം സ്ഥാപിക്കുക. ചിലഗൈ എന്നാണിത് അറിയപ്പെടുന്നത്. സംരക്ഷിതവനങ്ങൾക്കുള്ളിലാണ് കുറുംബരുടെ ഭൂമിയെന്നതിനാൽ ജന്മിമാർക്ക് ഇടപെടൽ എളുപ്പമായിരുന്നില്ല. ഭൂമിയെ കൈവശപ്പെടുത്താനോ പണയം നൽകാനോ സാധിച്ചുമില്ല. കുറുംബർക്ക് മുൻകൂറായി ധാന്യങ്ങൾ നൽകി അവരുടെ വനവിഭവങ്ങളും കൃഷിയുത്പന്നങ്ങളും കരാറാക്കി വയ്ക്കുന്നു.കുറുംബർക്ക് മാർക്കറ്റ് വിലയെക്കുറിച്ച് യാതൊരു ധാരണയും ഇല്ല .വാങ്ങിയ ധാന്യങ്ങളെപ്പറ്റിയോ കൊടുക്കുന്ന വിഭവങ്ങളെപ്പറ്റിയോ അറിവില്ലാത്തതിനാൽ ചതിയ്ക്കുവാനും ചൂഷണം ചെയ്യുവാനും ഏറെ എളുപ്പമാണ്."6

### അടിമത്തത്തിന്റെ തരം

പലതലങ്ങളിൽ അടിമത്തം പ്രവർത്തിക്കുന്നുണ്ട്. ആദ്യകാലങ്ങളിൽ സമ്പൂർണ്ണ അടിമത്തമായിരുന്നു. അത് നിയമം മൂലം നിരോധിക്കാനായി ഗവൺമെന്റ് ശ്രമിക്കുകയുണ്ടായി. 1843-ൽ മലബാറിലും 1853-ൽ തിരുവിതാംകൂറിലും 1854-ൽ കൊച്ചിയിലും അടിമത്തം നിരോധിച്ചു.മലബാറിൽ അക്കാലത്ത് 15,9000, തിരുവിതാംകൂറിൽ 98,9740 , കൊച്ചിയിൽ 32,668 അടിമകൾ ഉണ്ടെന്നു കണക്കുകൾ സൂചിപ്പിക്കുന്നു. അന്നു സർക്കാരിന്റെ കീഴിലുമുണ്ടായിരുന്നത്രെ അടിമകൾ[7]. ജമ്മഅടിമ,കാണ അടിമ,പാട്ടഅടിമ.മൂന്നുതരം അടിമകൾനിലനിന്നിരുന്നു.

> ജമ്മ അടിമ: ജമ്മ അടിമ അഥവാ ജൻമഅടിമ പേരു പോലെ തന്നെ ജന്മംകൊണ്ടേ പൂർണ്ണമായും അടിമയായിത്തീർന്നവരാണ്. മാതാപിതാവഴിയിലെ മുഴുവൻ പിതാമഹന്മാരും അടിമവംശക്കാരായതിനാൽ പിറവിക്കു മുമ്പേ കുഞ്ഞിന്റെ അടിമപദവി നിർണ്ണയിക്കപ്പെടുന്നു. ഒരു ജന്മികുടുംബത്തോട് ചേർക്കപ്പെട്ട രീതിയിലായിരിക്കും അടിമയുടെ ജീവിതം. അടിമയുടെ മീതെ ഉടമക്ക് അപരിമിതവും നിരുപാധികവുമായ സർവ്വാധികാരം ഉണ്ടായിരിക്കും. അടിക്കാനും ദേഹോപദ്രവമേൽപ്പിക്കാനും ഭക്ഷണം, മറ്റുകാര്യങ്ങൾ നിഷേധിക്കാനും സാധിക്കും. ജമ്മ അടിമ പൂർണ്ണമായും ഉടമയുടെ ചരക്ക് പോലെയായിരുന്നു. ജന്മാധികാര അടിമയെ ഒരിക്കൽ വിറ്റുകളഞ്ഞാൽ പിന്നീട് ആദ്യ ജന്മിക്ക് അടിമയുടെ മേൽ അധികാരം ഉണ്ടായിരിക്കു

കയില്ല."മാനന്തവാടിയിലെ ഒരു ജന്മി കുടിയേറ്റ ക്രിസ്ത്യാനിയ്ക്ക് സ്ഥലം വിൽപ്പന ചെയ്ത ആധാരവ്യവസ്ഥയിൽ 400 ഏക്കർ സ്ഥലവും 60 ആദിവാസികുടുംബവും എന്നെഴുതിയതായി കെ.ജെ. ബേബി പറയുന്നു."[8]

കാണഅടിമ: ഒരു ജന്മാടിമ അയാളുടെ ജന്മിയുടെ താത്പര്യാനുസരണം മറ്റൊരു വ്യക്തിക്കായി പണയം വെയ്ക്കപ്പെടുന്നു. ജന്മിക്ക് കൂടുതൽ അടിമകൾ ഉള്ളപ്പോഴോ സുഹൃത്തുക്കൾക്ക് ആവശ്യമുള്ളപ്പോഴൊക്കെ ഗോത്രാംഗങ്ങളെ ചരക്കുപോലെ വ്യാപാരം ചെയ്തുവെന്നു വേണം മനസ്സിലാക്കാൻ. അടിമക്ക് നൽകുന്ന കൂലിയുടെ മൂന്നിൽ രണ്ട് ഭാഗം ജന്മിക്ക് കാണക്കാരൻ നൽകേണ്ടതുണ്ട്. വീണ്ടും അടുത്തവർഷവും പണയമനുഷ്യനെ ആവശ്യമെങ്കിൽ പുതുക്കാവുന്നതാണ്. ഇതിനായി വർഷാവർഷം പ്രത്യേകം നെല്ലും അരിയും കാണക്കാരൻ ജന്മിക്കു നൽകുന്നു. "കൈപ്പാടൻ എന്ന പണിയനെ സുബ്ബ രായപ്പട്ടർ എട്ടണയ്ക്ക് പണയം വെച്ചതിന്റെ രേഖകൾ തുക്കിടി മുൻസിഫ് രേഖകൾക്കൊപ്പം കാണാവുന്നതാണ്."[9]

പാട്ട അടിമ: ഒരു അടിമയെ മറ്റൊരാൾക്ക് ചെറിയസമയത്തേക്ക് പാട്ടത്തിനു നൽകുന്നു. ഒരു കൃഷിക്കാലത്തേക്കോ പ്രത്യേക പണിയ്ക്കോ പ്രത്യേക സമയത്തേയ്ക്കോ മാത്രമായാണ് പാട്ടാടിമകൾ. ഇത് അടിമത്തത്തിന്റെ വ്യാപ്തിയെ ഇരട്ടിപ്പിച്ചു. പുലർച്ചെ 4 മണിക്ക് തുടങ്ങുന്ന പാട്ടക്കാരന്റെ ജോലിക്കുശേഷം ജന്മിക്കുവേണ്ടിയും ജോലി ചെയ്യേണ്ടിവന്നു. ഇതവരുടെ ആരോഗ്യത്തെ സാരമായി തന്നെ ബാധിച്ചു.[10]

അടിമത്തതൊഴിൽ: ബ്രിട്ടീഷുകാരുടെ വരവോടെ സമ്പൂർണ്ണമായ അടിമത്തത്തിൽ ചില മാറ്റങ്ങൾ ഉണ്ടായി. ഒരുതരത്തിലുള്ള അടിമത്തതൊഴിലായി മാറിയത്. കരാറിനടിസ്ഥാനത്തിൽ മുൻകൂറായി പണം വാങ്ങിയോ അല്ലാതെയോ ഉള്ള ഒന്നായിരുന്നു ഇത്. വയനാട്ടിൽ റാവുളർ, പണിയർ, തച്ചനാടൻ മൂപ്പൻ, ബെട്ടക്കുറുമർ എന്നീ ഗോത്രങ്ങൾ ഇത്തരത്തിലുള്ള ബലാൽക്കരാർ തൊഴിലിൽ ഏർപ്പെട്ടു.

അടിയാളത്തവും അടിയാളത്തതൊഴിലുകളും: സാമൂഹികമോ ദൈവികമോ ആചാരപരമോ ആയ കാരണങ്ങളാൽ ഒരു സമുദായം മറ്റൊരു സമുദായത്തിനു അടിയാളരായി നിൽക്കേണ്ടുന്ന അവസ്ഥയാണിത്. പരിപൂർണ്ണ അടിമത്തമോ അടിമത്ത തൊഴിലോ അല്ല. പക്ഷെ പ്രകടമായ രീതിയിൽ പ്രബലമായ സമുദായം (dominant caste/tribe) മറ്റുസമുദായത്തെ സ്വാധീനിക്കുകയും വരുതിയ്ക്ക് നിർത്തുകയും ചെയ്തു. ഉദാ: കുറിച്യർഗോത്രത്തിനു നായർ

സമുദായവുമായുള്ള ബന്ധം. കുറിച്യർ ഗോത്രകുലത്തിനകത്ത് ഒന്നാംകൂറു മൂന്നാംകൂറ് ബന്ധങ്ങൾ. മുള്ളുക്കുറുമർ തേങ്കുറുമനും ബെട്ടക്കുറുമനുമായി ഉണ്ടാക്കിയ ബന്ധം.

## വിവിധതരം അടിമത്ത/അടിയാളത്ത തൊഴിലുകൾ:

### 1. കുണ്ടപ്പണി/കുണ്ടൽപ്പണി/കുണ്ടവേല

സമൂഹത്തിലെ ഏറ്റവും മ്ളേച്ഛമായ ജോലികളെയാണ് കുണ്ടൽപ്പണിയെന്നതുകൊണ്ട് അർത്ഥമാക്കുന്നത്. അടിമത്തൊഴിലാളികളെ സംബന്ധിച്ചാകുമ്പോൾ എല്ലാത്തരം ജോലികളും ചെയ്യേണ്ടി വരികയും കുറഞ്ഞപ്രതിഫലം ലഭിക്കുകയോ ലഭിക്കാതിരിക്കുകയോ ചെയ്യും. അടിമത്തതൊഴിലുകളെ വയനാട്ടിൽ പൊതുവെ കുണ്ടൽപ്പണിയെന്നു വിളിക്കുന്നു. കുണ്ടൽപ്പണിക്കും കൂലി നെല്ല് തന്നെയായിരിക്കും. പാപ്പൻ എന്നു വിളിക്കുന്ന നായർജന്മി ആണടിമക്ക് രണ്ടര സേറും[11] പെണ്ണടിമക്ക് ഒരു സേറുമാണ് നെല്ലളന്നു കൂലിയായി നൽകുക. അടിയരും പണിയരും തച്ചനാടനും കാടരും ഇത് ഏറെ ചെയ്തിട്ടുണ്ട്.

### 2. ബെല്ലിപ്പണി/ബല്ലിപ്പണി/വല്ലിപ്പണി

വല്ലിയെന്നാൽ നെല്ലാണ്. പല അടിമത്തജോലികളുടെയും കൂലി തുച്ഛമാണ്. അതാകട്ടെ നെല്ലായിട്ടാണ് പലപ്പോഴും നൽകുക. അന്നന്നുതന്നെ നൽകുന്ന രീതിയും മുൻകൂറായും പിൻകൂറായും നൽകുന്ന രീതിയും ഉണ്ടായിരുന്നു. പക്ഷെ ഈ വേതനവ്യവസ്ഥക്ക് ന്യായമോ നീതിയോ നെറിയോ ഉണ്ടായിരുന്നില്ല. പുരുഷന്മാർക്ക് രണ്ട് സേർ നെല്ലും സ്ത്രീകൾക്ക് ഒരു സേർ നെല്ലും കൂലിയായി കിട്ടും[12]. കൃഷിയിടങ്ങൾ ഉണ്ടാക്കാൻ കാട് കൊത്തൽ, കരിക്കൽ,പൂണ്ടങ്കിള, വിത്തുപാകൽ, ഞാറുപറി, ഞാറു നടൽ, കളപറിക്കൽ, കൊയ്ത്ത്, ഒക്കൽ, എന്നിങ്ങനെ വയൽപ്പണിയുണ്ടാകും. തോട്ടപ്പണികളുമുണ്ടാകാറുണ്ട്. കന്നാലിപ്പണികളാണ് മറ്റു പ്രധാനപ്പെട്ട ജോലി. ബെല്ലിയ്ക്കൊപ്പം രാവിലെയും വൈകുന്നേരവും വെറ്റ,അടയ്ക്ക, നൂറ്, പുകയില എന്നിവ നൽകണം. കുടുംബത്തിലെ പ്രായമേറിയ കാരണോത്തിമാരാണ് ബെല്ലിക്കൂറ് കൊടുക്കുക. അടിമത്തൊഴിലാളികൾ മേൽമുണ്ട് താഴ്ത്തി തലകുമ്പിട്ട് വിധേയത്വത്തോടെ നിൽക്കണം. അതിലേക്ക് നെല്ല് ചൊരിഞ്ഞു നൽകും. ജോലി ഉണ്ടെങ്കിലും ഇല്ലെങ്കിലും ബെല്ലി കൊടുക്കുമായിരുന്നു. അവ ആവശ്യത്തിനു തികയില്ലെന്നതാണ് സത്യം. കാടുകയറി ചപ്പുകളും ത്വോളകളും[13] പറിച്ചെടുത്തും ഞണ്ടും നൃഞ്ഞിയും മീനും പിടിച്ചും പക്ഷിയെ ബെളഞ്ഞിക്കോള വെച്ച് പിടിച്ചും കൂണും കിഴങ്ങും

തിന്നും തന്നെയാണ് ജീവൻ നിലനിർത്തിയിരുന്നത്.

3. നിപ്പ് പണി

അടിമയായി നിന്നുകൊള്ളാം എന്ന വാഗ്ദത്തം നൽകിയതിൽ നിന്നായിരിക്കണം നിപ്പ്പണി അഥവാ നിൽപ്പ് പണിയുടെ ഉത്ഭവം. പുരുഷനും സ്ത്രീയും ഒന്നരവല്ലി ഒരു വല്ലി ക്രമത്തിൽ നെല്ല് കൊടുക്കുന്നു. അടിമത്തതൊഴിലിന്റെ ഏറ്റവും പ്രാകൃതമായ വകഭേദമാണിത്.

4. പൊറമെപ്പണി

പുറം പണി എന്ന അർത്ഥത്തിലാണ് ഇത് ഉപയോഗിക്കുന്നത്.അടിമയായ സ്ത്രീ അടുക്കളയിലെ പുറംവേലകളിൽ ഉടമയുടെ കുടുംബത്തെ പൊറംപണി ചെയ്ത് സംരക്ഷിക്കുന്നു. അടിമകുടുംബത്തിലെ കൊച്ചുപെൺകുട്ടികളും പൊറമെപ്പണിതന്നെചെയ്യുന്നു. നെല്ലു തന്നെയാണ് കൂലി. പൊറമെപ്പണി ചെയ്യുന്ന സ്ത്രീകൾ കാലാകാലങ്ങളായി ലൈംഗികചൂഷണം വരെ നേരിട്ടിരുന്നു.

5 .ഊരാളിപ്പണി

ഊരാളിപ്പണി രണ്ട് ഗോത്രങ്ങൾക്കിടയിൽ കാണപ്പെടുന്ന കൊടുക്കൽവാങ്ങൽ രീതിയിൽ അധിഷ്ഠിതമാണ്. ഗോത്രദൈവങ്ങളുടെ അധികാരികളാണ് ഊരായ്മ/ ഊരാണ്മക്കാർ. ഊരാളിയെന്നാൽ ഊരിനെ ആളുന്ന അധികാരി എന്നാണ് അർത്ഥം. എന്നാൽ വയനാട്ടിലാകട്ടെ ഊരായ്മക്കാരന്റെ താഴെയായി നിൽക്കുന്ന അധികാരശ്രേണിയിൽ താഴത്തെ പദവിയുള്ള സമുദായത്തിനെയാണ് ഊരാളിയായികണക്കാക്കുന്നത്. മുള്ളുക്കുറുമഗോത്രത്തിന്റെ ഊരാളികളാണ് ബെട്ടക്കുറുമഗോത്രം.അവരെ ഊരാളിക്കുറുമർ എന്നു വിളിക്കുന്നു. മുള്ളുക്കുറുമനാവശ്യമുള്ള സകല ആയുധങ്ങളും,ആഭരണങ്ങളും അടുക്കളക്കലങ്ങളുംമൺചട്ടികളും മരപ്പണികളും കല്ലുകൊത്തുവേലകളും ചെയ്യേണ്ടുന്നത് ബെട്ടക്കുറുമനാണ്. ആയുധങ്ങൾക്ക് ബദലായി ആഹാരവും നെല്ലും മറ്റും നൽകുന്നു. ഗോത്രോത്സവമായ ഉച്ചാറിൽ ഇത് കാണാം. ഊരായ്മ എന്നാണ് ഈ അധികാരം അറിയപ്പെടുന്നത്. കൃഷിഭൂമിയിലും ബെട്ടക്കുറുമർക്ക് ചില അധികാരങ്ങൾ നൽകിയിട്ടുണ്ട്. ഗോത്രദൈവമായ മുത്ത്യശ്ശ്യമ്മയുടെ ഭൂമി ബെട്ടക്കുറുമനു ജോലിക്കായി നൽകുന്നു. അപ്രകാരം ആ ഊരിനെ ആളുന്ന കുരുമൻ എന്ന രീതിയിലായിരിക്കാം ഊരാളി എന്ന പേരു ലഭിച്ചത്. അടിമത്തവേല പോലെയല്ല ഇത്. അടിയാളത്തൊഴിലായാണ് ചെയ്യുന്നത്. മുള്ളക്കുറുമനെ അധികാരിയായിട്ടു കാണുന്നുമുണ്ട്.

6. കുളംകുത്തൽപ്പണി

അടിയാളപ്പണികളിൽ ഒന്നാണിത്. ഗോത്രസ്ത്രീകൾ ഓരോ കുടുംബത്തിനും ഇത്ര കൊളകം നെല്ല് കുത്തി അരിയായി നൽകണമെന്ന് അലിഖിതനിയമം ഉണ്ടായിരുന്നു. ആചാരപരമായും സമുദായപരമായും ഉള്ള കാരണത്താൽ സ്ത്രീകൾ അതു ചെയ്തുവന്നു. കുളംകുത്തൽ/കൊളകം കുത്തൽ എന്നിത് അറിയപ്പെട്ടു.കൂലി അരിയായിത്തന്നെയാണ് ലഭിച്ചത്. മുള്ളുക്കുറുമ സ്ത്രീകൾ കൊളകം കുത്തു പതിവാക്കിയിരുന്നു.കുറുമകുടികളിൽ കൊട്ടിൽ എന്നയിടത്ത് കുന്താണി[14]യിലിട്ടാണ് നെല്ലിടിച്ചിരുന്നത്. ഇതൊരു സംഘവൃത്തിയായാണ് ചെയ്തു പോന്നിരുന്നത്. കൊളകം നെല്ലളക്കുന്ന ഒരു അളവാണ്.അഞ്ചിടങ്ങഴിയാണ് ഒരു കൊളകം.

7. തടിപ്പണി

കാട്ടിൽ മരങ്ങൾ മുറിയ്ക്കാനും തേക്കുതോട്ടങ്ങളിൽ പണിയെടുപ്പിക്കാനും അടിമത്തൊഴിലാളികളെ ഉപയോഗിച്ചിരുന്നു. കാട്ടിൽ മരം മുറിക്കൽ, ക്യൂപ്പിലെ പണികൾ, മേക്കടിക്കൽ[15], തേക്കുകൃഷി,കെട്ട്[16] തുടങ്ങി അനവധി കഠിനതര ജോലികൾക്കായി ഗോത്രങ്ങളെ ഉപയോഗിച്ചു. അടിമകളെ വാങ്ങിയും വിറ്റും കരാറാൽ ബന്ധിച്ചും ഭൂപ്രഭുക്കന്മാർ തടിപ്പണി ചെയ്യിച്ചു. ഈ ബോണ്ടഡ് ലേബർ സംവിധാനത്തിനു ഏറ്റവും വലിയ ഉദാഹരണം 300 വർഷങ്ങൾക്ക് മുമ്പ് വയനാട്ടിൽ നിന്നും നിലമ്പൂരിലേക്ക് കൊണ്ടുവന്ന അടിമഗോത്രങ്ങളാണ്. പണിയസമുദായത്തിൽപ്പെട്ട ഈ ഗോത്രാംഗങ്ങളുടെ ജന്മിമാരിൽ നിന്നും അവരെ വാങ്ങിച്ചശേഷം കോഴിക്കോട്ടെ പ്രമുഖ മുസ്ലിംകുടുംബമായ കൊയപ്പൊത്തൊടിക്കാരാണ് നിലമ്പൂർ താഴ്വരയിലേയ്ക്ക് കൊണ്ടുവന്നത്. തടിപ്പണിയിലും തേക്കുപണിയിലും വിദഗ്ധരായ ഈ പണിയരെ കാട്ടുപണിയർ, കുറിഞ്ഞിപ്പണിയർ എന്നും ഉടമയുടെ പേരു ചേർത്ത് കൊയപ്പപ്പണിയർ എന്നും വിളിച്ചു വരുന്നു.

ചുരുക്കത്തിൽ അടിമത്തത്തിനു പലഭാവവും രൂപവും മാനവും തരവുമുണ്ടായിരുന്നു. ഊരാണ്മ, കാരായ്മ/കാറാണ്മ/കാരാഴ്മ, പൊതുവാണ്മ/പൊതുവാൾമ, അടിയായ്മ, അടിയാഴ്മ,അടിയാൾമ, കുടിയായ്മ/കുടിയാണ്മ/കുടിയാഴ്മ , അടിമത്തതൊഴിൽ, നിരുപാധിക അടിമത്തം എന്നിങ്ങനെയെല്ലാം വയനാട്ടിൽ നിലനിൽക്കുന്നു.

ബെട്ടക്കുറുമ്മൻ ബ്രിട്ടീഷുകാരുടെ അടിമത്തൊഴിലാളിയാണ്. മുള്ളുക്കുറുമന്റെ ദൈവഅവകാശമായ ഊരായ്മ കിട്ടിയതിനാൽ കാട്ടുനായ്ക്കർക്കും റാവുള, പണിയർക്കും ഊരാളിയാണ്. എന്നാൽ മുള്ളുക്കുറുമനു അടിയായ്മയായി നിൽക്കുന്നതിനാൽ അവരുടെ അടിയാളനുമാണ്.

## അടിമവിപണിയും വ്യാപാരവും:

### ബെള്ളൂരമ്മയെന്ന ചൂഷകരുടെ ദൈവം

“വള്ളിയൂർക്കാവിലെ അടിമക്കച്ചവടം നൂറ്റാണ്ടുകളായി തുടർന്നുവന്ന ഒരേർപ്പാടായിരുന്നു എന്നതാണ് സത്യം. മാനന്തവാടിക്കടുത്തുള്ള വള്ളിയൂർക്കാവിൽ മീനം ഒന്നാംതീയതി ഉത്സവംതുടങ്ങുന്നു.14ദിവസംനീണ്ടുനിൽക്കുന്ന ഉത്സവകാലത്ത് വയനാട്ടിലെ പണിയരും അടിയരും വള്ളൂരമ്മയുടെ മുമ്പാകെ എത്തിച്ചേരുന്നു.വയനാട്ടിലെ ജന്മിമാരും അന്ന് അവിടെ എത്തും. ഓരോ ജന്മിയും ഒരു കൊല്ലക്കാലം അതായത് വള്ളിയൂർക്കാവിലെ അടുത്തകൊല്ലത്തെ ഉത്സവം തുടങ്ങുന്നതുവരെ തന്റെ വയലിൽ അടിമജോലി ചെയ്തുകൊള്ളാമെന്ന കരാറിന്മേൽ കാലിച്ചന്തയിൽനിന്ന് കന്നുകാലികളെ തെരഞ്ഞെടുക്കുന്ന മട്ടിൽ, ഒരു കൂട്ടം പണിയരെയും അടിയരെയും അന്നവിടെവച്ച് വള്ളിയൂർക്കാവിലെ ഭദ്രകാളിയുടെ മുമ്പാകെ അടിമപ്പണം കൊടുത്ത് വിലയ്ക്കെടുക്കുന്നു. വിവാഹം കഴിഞ്ഞവരാണെങ്കിൽ ആണിന് 10ക. തോതിലും പെണ്ണിന് 5ക. തോതിലും അടിമപ്പണം കൊടുക്കും. വിവാഹം കഴിഞ്ഞിട്ടില്ലാത്തവർക്ക് രണ്ടര ക. തോതിൽ മാത്രമേ വിലയുള്ളൂ. ജന്മിമാർ ഈ ചടങ്ങ് കാവിൽവച്ച് നടത്തുന്നതിന്റെ കാരണം ഊഹിക്കാവുന്നതേയുള്ളൂ. വള്ളൂരമ്മ ആദിവാസികൾ വളരെയേറെ ഭയപ്പെടുന്ന ദേവതയാണ്.അവർക്ക് ദീനം ഉണ്ടാകുന്നതും സുഖപ്പെടുത്തുന്നതും ഈ ദേവതയാണ്. അതുകൊണ്ട് വള്ളൂരമ്മ സാക്ഷിയായി നടക്കുന്ന കരാർ പാലിക്കേണ്ടത് തങ്ങളുടെ കടമയായി അവർ കരുതുന്നു. പ്രവൃത്തിയിൽ ഉപേക്ഷ കാണിക്കുകയോ ഒളിച്ചോടിപ്പോവുകയോ ചെയ്താൽ ഭദ്രകാളി കോപിക്കുകയും കഠിന രോഗംവരുത്തി ശിക്ഷിക്കുകയും ചെയ്യുമെന്നാണ് അവരുടെ വിശ്വാസം. ദേവന്മാരും ജന്മിമാരും തമ്മിൽ അങ്ങനെയൊരു ധാരണയുണ്ടായിരുന്നു! കഴിഞ്ഞകാലങ്ങളിൽ അങ്ങനെ ഒളിച്ചോടിയവരെ പിടിച്ച് തിരിച്ചേൽപ്പിക്കാൻ പൊലീസുംകൂടി സഹായിച്ചിരുന്നുപോൽ! ഒരടിമയായാൽ ജന്മിയുടെ വയൽക്കരയിൽത്തന്നെ കുടുമ്പുകെട്ടി താമസിക്കാനുള്ളസൗകര്യം അനുവദിച്ചുകിട്ടും. അങ്ങനെ വള്ളൂരമ്മയുടെ പ്രീതിക്കുവേണ്ടി എന്നതിലേറെ ജന്മി നൽകുന്ന താമസസൗകര്യത്തിനും ‘കാടിക്കഞ്ഞി’ക്കുള്ള വകയ്ക്കുംവേണ്ടി അവർ അടിമകളായി ജീവിക്കുകയായിരുന്നു”[17]

ബെള്ളൂരമ്മ എന്ന റാവുളാന്റെയും പണിയന്റെയും ദേവത അതിപ്രതാപിയായ അമ്മദൈവമാണ്. ആ ദേവതയ്ക്കു മുമ്പിൽ സത്യം ചെയ്യുമ്പോൾ ദേവതയാകുന്നു എന്തിനും സാക്ഷി. അടിമത്തൊഴിലാളിയാകാം എന്നു

പറഞ്ഞ് നിപ്പപണം അഥവാ അടിമപ്പണം വാങ്ങുന്നതോടെ ഗോത്രവം ശജൻ അദൃശ്യമായിരിക്കുന്ന അമ്മദൈവത്തിനു കൂടി വാക്കുനൽകുന്നു. മതവിശ്വാസങ്ങളിലൂടെ മനുഷ്യനെ മയക്കി അടിമയാക്കാമെന്ന സെമെറ്റിക് മതങ്ങളുടെ കേരളാപതിപ്പാണിത്. ഇമ്മാനുവൽ കാന്റ് പറയുന്നതു പോലെ സഹനം, ക്ഷമ, വിശ്വാസം എന്നീ മൂല്യങ്ങളൊക്കെ ക്രൈസ്തവർക്ക് ലഭിക്കുന്നത് ഒരിക്കലും തിരിച്ചടിക്കാനാവാത്ത എതിർക്കാനാകാത്ത അടിമയുടെ ഒരേ ഒരു ഗത്യന്തരം, സഹനമാകുന്നു എന്ന രീതിയിലാണ്. തല്ലിയവനെ തിരിച്ചു തല്ലാതെ അടുത്തകവിൾത്തടം കാണിക്കുന്നതും കുറ്റങ്ങൾ അന്യരോട് ക്ഷമിക്കുന്നതും വിധേയത്വവും യജമാനനിലുള്ള വിശ്വാസവുമൊക്കെ ആത്യന്തികമായി അടിമത്തത്തിന്റെ സവിശേഷതകളാണ്.

ബെള്ളൂർക്കാവ് ക്ഷേത്രത്തിൽ മാത്രമല്ല ഇത്തരം കരാറുറപ്പിക്കലുകൾക്ക് ദൈവം സാക്ഷ്യം പറയുന്നത്. കൂട്ടത്ത് കിർങ്കാലിയമ്മ, ചിക്കമ്മ, മൈച്ചൂറു അല്ലിറബ്ബമാരി, തുടങ്ങി നിരവധി ഗോത്രക്ഷേത്രഇടങ്ങൾ ഇത്തരം അടിമവ്യാപാരങ്ങൾക്കുള്ള ദൈവസാക്ഷ്യ ഇടങ്ങളായി. ദൈവത്തെ മുൻനിർത്തി ആണയിടുന്നതോടെ വിശ്വാസത്തിന്റെ ക്രൂരമായ ചങ്ങലയാൽ ഗോത്രവർഗ്ഗക്കാരൻ വലിഞ്ഞു മുറുക്കപ്പെടുന്നു. ദൈവം ഉടമയുടെ പക്ഷത്തു നിന്ന് സദാ അടിമയെ നിരീക്ഷിക്കുന്നു. അവന്റെ തെറ്റുകൾക്ക് ശിക്ഷ നൽകുന്നു. ഉടമ അവനോട് എന്ത് ക്രൂരതകാണിച്ചാലും ദൈവത്തിനു വേണ്ടി സഹിക്കേണ്ടി വരുന്നു. എല്ലാ മതയുക്തികളും വിശ്വാസയുക്തികളും അധികാരത്തെ നിലനിർത്താനുള്ള വഴികളാണ് തേടുക. ബെള്ളൂരമ്മ എന്ന ഉഗ്രപ്രതാപിനിയായ ദേവതയും അധികാരത്തോട് ചേർന്നുനിന്ന് ഗോത്രങ്ങൾ ചൂഷണംചെയ്യാനുള്ള വഴിയൊരുക്കുന്നു.

## ഉച്ചാറടിമവ്യാപാരം

ഉച്ചാറൽ എന്ന കൊയ്ത്തുത്സവം അടിമ വ്യാപരത്തിന്റെ മികച്ച വേദിയാണ്. ഗോത്രാംഗങ്ങൾ ഊരായ്മ എന്നറിയപ്പെടുന്ന അടിമത്തതൊഴിലിൽ ചേരാനായി ജന്മിയുടെ വീടുകളിലോ ദൈവപ്പുരകളിലോ, മദ്പ്പെരകളിലോ ചെല്ലുന്നു. കുംഭം ഒന്നാം തീയതി സമരാത്രദിവസം ചെന്ന് ഊരായ്മയ്ക്കായുള്ള സമ്മതം അറിയിക്കുന്നു. അടുത്ത ഉച്ചാറൽ വരെയാണ് ഊരായ്മക്കാലം. ഊരായ്മക്കാരന് ഊരാളാനായി വന്ന ഗോത്രത്തെ ഇഷ്ടപ്പെട്ടുവെങ്കിൽ ചാരായം, മുറുക്കു കൂട്ട്, വസ്ത്രം എന്നിവ നൽകി സ്വീകരിക്കുന്നു. ഇത്തരം ഊരായ്മ ജോലിക്കാർക്ക് ബെല്ലി/നെല്ലു തന്നെയാണ് കൂലി. വിശേഷദിവസങ്ങളിൽ സദ്യയും വസ്ത്രവും സമ്മാനിക്കുന്നു. ചില ഗോത്രങ്ങൾക്ക് അടിയാളപദവിയാണ് കിട്ടുക.

ഉദാഹരണമായി മുള്ളുക്കുറുമർ തേങ്കുറുമർക്ക് നൽകുന്നത്.

സ്ഥിരമായ ഊരായ്മയുള്ള ഊരാളന്മാരുണ്ട്. പാക്കംകുടിയിലെ മുള്ളുക്കുറുമർക്ക് ചേകാടി, പാല്വെളിച്ചത്തൊക്കെയുള്ള ബെട്ടക്കുറുമനമാർ ഊരായ്മക്കാരാണ്. പാക്കത്തെ കുരുടിദൈവമായ മുത്തിശ്ശ്യമ്മയുടെ മദ്പ്പെരയ്ക്ക മുമ്പിൽ നിന്ന് ഈ ഊരായ്മ വർഷാവർഷം പുതുക്കുന്നു. പുത്തനായുധങ്ങൾ നിർമ്മിച്ച് ബെല്ലിക്കുറു കൈപ്പറ്റുന്നു. കെല്ല്പ്പട്ടും ചോറും ചാറും ബെറ്റയും സ്വീകരിക്കുന്നു.

## നിപ്പപണിയടിമ വ്യാപാരം

“വിഷുവിന് മുമ്പായി ഒരു പണിയനെയും പണിച്ചിയെയും നെല്ല്, മുറുക്കാൻ, വെളിച്ചെണ്ണ തുടങ്ങി പാരിതോഷികം നൽകി ഒരു ജന്മി തന്റെ അടിമയായി നിയമിക്കും. വിഷുപ്പിറ്റേന്ന് വയലിന്റെ ഒരു മൂലയിൽ കുടുംബാചാരത്തോടുകൂടി നിലവിളക്ക് കത്തിച്ച് വിത്തിടുന്നതോടുകൂടി ഒരു അടിമ കുടുംബം അവന്റെ ഉത്തരവാദിത്തം ഏറ്റെടുക്കുകയായി.തുടർന്ന് അതിരാവിലെയുള്ള കന്നുപൂട്ടൽ, കന്നുകാലി മേയ്ക്കൽ, ഞാറിടൽ, ഞാറ് പറിക്കൽ, ഞാറ് നടൽ തുടങ്ങി ആ ജന്മി കുടുംബത്തിന്റെ എല്ലാ പണികളും നോക്കി നടത്തേണ്ട ഉത്തരവാദിത്തം ഈ അടിമ കുടുംബത്തിന്റെ തലയിലാകും. ഇത് തങ്ങൾക്കുള്ള അവകാശമാണെന്ന സംതൃപ്തിയോടെ കടമകൾ നിർവഹിക്കുന്നു. ഒരു ദിവസത്തെ പണിക്ക് ഒരു വല്ലി, ഒന്നര വല്ലി നെല്ലാണ് കൂലി. അധികം പണിക്ക് അധികം വല്ലി കിട്ടും. ഞാറുപറിക്കുന്നതിന് കുത്തക നിശ്ചയിച്ചുകൊടുക്കുന്ന രീതിയായിരുന്നു. പൊടി ഞാറാണെങ്കിൽ ഒരു സ്ത്രീ തൊഴിലാളി മൂന്ന് കൊളകം വിത്തിന്റെയും, ചെളിഞാറാണെങ്കിൽ അഞ്ച് കൊളകത്തിന്റെയും ഞാറ് പറിക്കണം. കന്നിമാസത്തിലെ മകംനാളിൽ കതിര് കുളിപ്പിക്കുന്ന ഒരാഘോഷം നിലനിന്നിരുന്നു. ജന്മി കുടുംബവും അടിമ കുടുംബവും കൂടി വളരെ ആഘോഷപൂർവമായിരുന്നു കൊണ്ടാടിയിരുന്നത്. മറ്റൊരാചാരമായിരുന്നു ഭകതിരുകയറ്റൽ. കൊയ്ത്തിനു മുമ്പ് ഒരു കറ്റ കൊയ്ത് കളത്തിന് നടുവിലുള്ള മേട്ടിയിൽ സ്ഥാപിക്കുകയാണ് ഈ ആചാരം”[18]

വയനാട്ടിലെ അമ്പലങ്ങളിലെ അടിമവ്യാപാരച്ചന്തകൾ നിന്നു പോയതോടെയാണ് ഇത്തരം മനുഷ്യവ്യാപാരം വീടുകളിലേക്ക് മാറിയത്. ഉച്ചാറും വിഷുവും പുത്തരിക്കോളും കർക്കിടകം14-ഉം പോലെയുള്ള വിശേഷങ്ങൾ അടിമത്തൊഴിലിനുള്ള കരാർപുതുക്കൽ വേദികളായി മാറി. വിഷുവല്ലി, ഓണവല്ലി നൽകുക എന്ന ലളിതമായ ചടങ്ങിലൂടെ മനുഷ്യരെ അടിമജോലിക്കാരാക്കുന്ന നീചവൃത്തി ജന്മിമാർ നടത്തിപ്പോന്നു.

## റാവുളൻഅടിയാനാകുന്നു: സ്വത്വനിർമ്മിതിയിലെ പ്രതിസന്ധിയിൽ അടിമഗോത്രം

വയനാട്ടിലെ അടിമത്തതൊഴിലിലെ ഏറ്റവും പ്രധാനപ്പെട്ട ഇരഗോത്രം റാവുളന്റേതാണ്. കർണ്ണാടകത്തിലെ പുന്നാട്ട് നിന്നും അമ്മദൈവമായ മാരിയാണ് കേരളത്തിലാദ്യം വന്നത്.[19] പിന്നീട് മക്കൾ റാവുളർ വന്നു എന്ന് പുരാവൃത്തങ്ങൾ പറയുന്നു. കർണ്ണാടകമേഖലയിൽ നിന്നായിരിക്കണം റാവുളരുടെ പൂർവ്വികർ എന്നത് ഭാഷാസദൃശതയാലും സംസ്കാര വിശേഷതയാലും നമുക്ക് സുവ്യക്തമാകും. "ജൈന,ചെട്ടി ഭൂവുടമകൾക്കൊപ്പം വന്ന കൃഷിത്തൊഴിലാളികളാണ് അടിയാൻ."[20] റാവുളർ ഇന്ന് ഭരണഘടനാപരമായിപ്പോലും അറിയപ്പെടുന്നത് അടിയാൻ എന്നാണ്. ഗോത്രസ്വത്വത്തിനോ ഔന്നത്യത്തിനോ വിലകല്പിക്കാത്ത സമൂഹത്തിന്റെ അധീശസ്വരം ഭരണഘടനയിൽ പോലും തെളിഞ്ഞു കേൾക്കുന്നു.

റാവുളരുടെ കുള്ളുകൾ[21] കുന്റുകൾ എന്നറിയപ്പെടുന്ന ഗോത്രഭൂമിപ്രദേശങ്ങളിലാണ് ഉണ്ടാകുക. ആ ഭൂമിയാകട്ടെ ജന്മിയുടെ ഭൂമിയുമായിരിക്കും. സ്ഥിരജോലിക്കാരനാണെന്നാണ് വെയ്പ്പെങ്കിലും അടിമതന്നെയായിരുന്നു ഓരോരുത്തരും യഥാർത്ഥത്തിൽ. ഒരുപാട് കുടുംബങ്ങളെ നിയന്ത്രിക്കാനായി ജന്മി മൂപ്പൻ, മൊതലി എന്നീ സ്ഥാനക്കാരെ റാവുളർക്കിടയിൽ നിന്നുതന്നെ കണ്ടെത്തുന്നു. കങ്കാണി ജോലിക്കാരാണിവർ. ജന്മിയുടെ നിർദ്ദേശങ്ങൾ പണിക്കാരിലെത്തിക്കുകയാണ് ജോലി.[22] എത്തിക്കുക മാത്രമല്ല ജന്മിമാർക്കൊപ്പം നിന്നുകൊണ്ട് സ്വഗോത്രങ്ങളെ പീഡിപ്പിക്കുകയും ചെയ്യുന്നു.

കൗണ്ടന്മാർ, ചെട്ടിമാർ, നായന്മാർ എന്നിവരുടെ അടിയാളജോലിയിൽ നിന്നും തീയ്യന്റെയും, കാക്കയുടെയും ചേട്ടന്റെയും അടിയാളവേലയിലേക്കുകൂടി അടിയഗോത്രം മാറി. "ബ്രിട്ടീഷുകാരുടെ വരവോടെ ജന്മിമാർ കാപ്പി,തേയില, മറ്റു നാണ്യവിളത്തോട്ടങ്ങളിലേക്കുള്ള പണിക്കാരായി റാവുളരെ ബ്രിട്ടീഷുകാർക്ക് കൈമാറ്റം ചെയ്തു.[23]

മാർച്ച്-ഏപ്രിലിൽ ബെള്ളൂർക്കാവിൽ റാവുളരെയും കൊണ്ട് മൂപ്പനും മൊതലിമാരും ചെന്നുനിൽക്കും. അടിമച്ചന്തമാത്രമായിരുന്നില്ല അത്. ആണടിമയും പെണ്ണടിമയും പരസ്പരം കാണുകയും ഒന്നാകുകയും ചെയ്യുന്ന വേദികൂടിയായിരുന്നു."ഭൂപ്രഭുക്കന്മാരുടെ കങ്കാണിമാർ കുടുംബത്തലവനെ സമീപിച്ച് മുൻപണമായി 200 രൂപ മുതൽ നൽകുന്നു. ഈ നിപ്പപണം വാങ്ങിച്ചശേഷം ഇഷ്ടമുള്ള അംഗത്തെ വിൽക്കുന്നു. ആ അംഗം ദേവിക്കു മുമ്പിൽനിന്നും പ്രതിജ്ഞ എടുത്ത ശേഷം പുതിയ ഉടമയ്ക്കൊപ്പം പോകുന്നു.

കുടുംബത്തിലെ കുട്ടികളടക്കം വിൽപ്പനച്ചരക്കാണ്. ആൺകുട്ടി കന്നാലി മേയ്ക്കു മ്പോൾ പെൺകുട്ടി പൊറമപ്പണിയെന്ന അടുക്കളവേല ചെയ്യേണ്ടിവരുന്നു."[24]

അടിമകളിലെ സ്ത്രീകളുടെ നില അത്യധികം പരിതാപകരമായിരുന്നു. പെൺകുട്ടി പിറക്കുന്നതുതന്നെ ജന്മിക്ക് ഇഷ്ടമായിരുന്നില്ല. ആൺകുട്ടിയാ ണെങ്കിൽ ജന്മിക്ക് ഒരു പെണ്ണടിമയെ കൊണ്ടു വരും. അതുപോലെതന്നെ വിദാഭ്യാസം നൽകുകയോ മെച്ചപ്പെട്ട സാമൂഹ്യസാഹചര്യങ്ങൾ നൽകുകയോ ചെയ്തിരുന്നില്ല. കന്നുകാലികൾക്കൊപ്പം മൃഗതുല്യരായി ജന്മിയുടെ ഔദാര്യം കാത്ത് കിടക്കുകയായിരുന്നു വിധി. പ്രത്യക്ഷത്തിൽ അടിമത്തൊഴിലെന്നു പേരിട്ടുവെങ്കിലും ഇത് അടിമപ്പണി തന്നെയെന്ന് സുവ്യക്തമായിരുന്നു.

### റാവുളരുടെആന്തരഗോത്രസമൂഹഘടനയും അധികാരത്തിന്റെ ഇടപെടലും

സമൂഹത്തിന്റെ ഏറ്റവുമടിത്തട്ടിൽ കിടന്നു ചൂഷണവിധേയമായെങ്കിലും സ്വയം അടിമകളാണെങ്കിലും ഗോത്രങ്ങൾ തങ്ങൾക്കുള്ളിൽ ഗോത്രത്തെ തട്ടുകളായി വിഭജിക്കുകയും മുകൾത്തട്ടിൽനിന്നും താഴേക്ക് അധികാരത്തി ന്റേതായ ഇടപെടലുകൾ നടത്തുകയും ചെയ്തിരുന്നു.

റാവുളസമൂഹം മന്റ് എന്ന ഫ്രാറ്റെറികളായി വിഭജിക്കപ്പെട്ടിരുന്നു. മുദി മന്റ് എന്നാണിത് അറിയപ്പെടുന്നത്. തിരുനെല്ലി മന്റ്, ബടാക്ക് മന്റ്, പിതാർ മന്റ് ഈ മൂന്ന് വ്യത്യസ്ത ഫ്രാറ്റെറികളും പല ശ്രേണികളിലാണ്. തിരുനെല്ലി മന്റുകാർ ഏറ്റവും ഉയർന്ന മന്റുകാരായി കണക്കാക്കപ്പെടുന്നു. ഈ ഫ്രാറ്റെറികൾ ചെമ്മമെന്ന് ക്ലാനുകളായി പിരിഞ്ഞിരിക്കുന്നു. തിരുനെല്ലി മന്റിന്റെ കുല പിരിവുകളായ 33 ചെമ്മങ്ങൾക്കും ഈ ഉത്കൃഷ്ടപദവിയുണ്ട്. താഴെ നിൽക്കുന്ന ബടാക്ക് മന്റ് 44 ചെമ്മങ്ങളായും ഏറ്റവും അടിത്തട്ടിലെ പിതർമന്റ് 77 ചെമ്മങ്ങളായും വേർതിരിഞ്ഞിരിക്കുന്നു. ഇപ്പോൾ പല ചെമ്മ ങ്ങളും ഇല്ലാതെയായിട്ടുണ്ട്. ഗോത്രത്തിനകത്തെ നീചജോലികൾ മിക്ക പ്പോഴും താഴെ കുലങ്ങളിലെ അംഗങ്ങൾ ചെയ്യേണ്ടി വന്നിരുന്നു. മുടിവെട്ടൽ, അലക്കൽ, മരണാനന്തരകർമ്മങ്ങൾ ചെയ്യൽ എന്നിവയൊക്കെ താഴയുള്ള കുലങ്ങളെ ഉപയോഗിച്ചു.മൊമ്മോട്ടെ, നാലപ്പചെമ്മങ്ങളിലെ ആളുകളാണ് ശവസംസ്കാരം നടത്തേണ്ടത്. കനലാടികൾ എന്ന ശ്മശാന ആചാരികൾ ഈ കുലങ്ങളിൽ നിന്നാണുണ്ടാകുന്നത്. തിരുനെല്ലിമന്റുകാർക്ക് ആചാരപരമായും വിശ്വാസപരമായും രാഷ്ട്രീയപരമായും ഉയർന്നഅധികാരമുണ്ട്. സ്വയം അടിമ കളായി നിൽക്കുമ്പോഴും സ്വന്തം ഗോത്രത്തിനകത്തെ അധികാരപദവിയെ കൃത്യമായി ഉപയോഗിച്ചു പോന്നു. മൂപ്പനായും മൊതലിയായും കൈയ്യാളനായും ജന്മി തിരഞ്ഞെടുക്കുക തിരുനെല്ലി മന്റുകാരെയാണ്.

റാവുളപുരാവൃത്തങ്ങളിലുംവാമൊഴിപ്പാട്ടുകളിലും കാണുന്ന അടിമത്താഖ്യാനം അടിമത്തം ജന്മസിദ്ധമാണെന്നതിൽ അടിമത്തം അനുഭവിക്കുന്നവർക്ക് സംശയമേയില്ല. പലതരം ഗാനരൂപങ്ങളും ഉത്പത്തിപുരാവൃത്തങ്ങളും പാടിപ്പാടി തങ്ങളുടെ ശോചനീയാവസ്ഥയെ അവർ തന്നെ ന്യായീകരിക്കുകയാണ്. കാക്കപ്പെലപ്പാട്ട്, ഗദ്ദികപ്പാട്ട്, തെറപ്പാട്ട്, ബൊയ്ഗവൻ പാട്ട്, ചെമ്പാനപ്പാട്ട്, ശോപാനപ്പാട്ട് എന്നിങ്ങനെ വ്യത്യസ്തമായ ഗാനശാഖകളിൽ മിക്കവയിലും അടിമത്തന്യായീകരണം കൃത്യമായിക്കാണാം.

### ഉത്പത്തിപുരാവൃത്തവും അടിമത്തവും

റാവുളരുടെ കാക്കപ്പെലപ്പാട്ടിൽ നിന്നും കിട്ടിയ പുരാവൃത്തമാണിത്. ലോകം ജലഭരിതമായിരുന്നു. ഒന്നും കാണുവാൻ ഉണ്ടായിരുന്നില്ല. ദൈവങ്ങൾ ആദിമാതാവ് ഇത്തിയേയും ആദിപിതാവ് അപ്പൻ/ അച്ചനെയും വിത്തുകളുടെ രൂപത്തിൽ സൃഷ്ടിച്ചു. ഉരുണ്ട മാംസളമായ ചുരങ്ങയ്ക്കുള്ളിൽ അവരെ ദൈവങ്ങൾ കാത്തു വെച്ചു. ചകിരികൊണ്ട് മെത്തയും വായുകൊണ്ട് അറകളുമുണ്ടാക്കി സംരക്ഷിച്ചു. ഏത് പ്രളയത്തിലും ചുരങ്ങ മുങ്ങാതെ പൊങ്ങിക്കിടന്നു.

ഇത്തിയുമച്ചനും അൽപ്പകാലം കഴിഞ്ഞപ്പോൾ മൂടസീമലിൽ[25] നിന്നും കേരളത്തിലേക്ക് പലായനം ചെയ്തു. അന്നു മലരാജവംശരാജാവായിരുന്ന കുറുമനാട്ടുവാഴി വയനാട്ടിൽ അവർക്കഭയം നൽകി. സന്തോഷകരമായവർ ജീവിക്കെ നാട്ടുവാഴി പൊടുന്നനെ മരിച്ചു. അദ്ദേഹത്തിന്റെ മകനായ കുഞ്ഞിത്തമ്പുരാൻ അനാഥനായി. കുഞ്ഞായിരുന്ന കുഞ്ഞിത്തമ്പുരാനെ വളർത്തുവാനുള്ള ചുമതല ഇത്തിയും അപ്പനും ഏറ്റെടുത്തു.

ഇത്തിയുമച്ചനും ഇക്കാലത്ത് 7 മക്കളുണ്ടായി ഈരെ, ചീത്തെ, കരീരച്ചൻ, മാരി, ബസുമൻ അങ്ങനെ ആ 7 പേർ പെറ്റപെരുകി റാവുളോറുടെ സന്താനപരമ്പരകൾ ഉണ്ടാകാൻ തുടങ്ങി. ഈ കുട്ടികളെ ഓരോ ജന്മിമാർക്ക് ഇത്തിയുച്ചനുമേൽപ്പിച്ചു നൽകി. മാമുണ്ടൻ ജന്മി, അയ്യൻ ജന്മി, മലേലജന്മി, ചേറ്റിലെ ജന്മി എന്നിവരായിരുന്നു അത്. ഈ കുട്ടികളും കുടുംബവും അവരുടെ സന്തതി പരമ്പരകളും എന്നന്നേക്കുമായി അടിമകളായി മാറി. പരസ്പരം സംബോധന ചെയ്യുമ്പോൾ താൻ മലേലടിയാൻ അല്ലെങ്കിൽ അയ്യന്റടിയാൻ എന്നവർ കൃത്യമായി പറയണമെന്നായിരുന്നു നിയമം. റാവുളേർ അത് തുടർന്നുപോന്നു.

അയ്യന്റടിയാൻ നാങ്കളേ
മാമുണ്ടന്റടിയാൻ നാങ്കളേ
മലേലടിയാൻ നാങ്കളേ

ചേറ്റടിയാൻ നാങ്കളേ[26]

## ബെട്ടക്കുറുമരുടെ ഉത് പത്തി പുരാവൃത്തവും റാവുളരുടെ അടിമത്തവും

ഏറ്റവും ഉയർന്ന മലയായ നെർദ്ദിബൊട്ടിൽ ബെട്ടക്കുറുമരുടെ പൂർവ്വികരായ അജ്ജനും അജ്ജിയും ഉണ്ടായി. തൊട്ടടുത്ത് അൽപ്പം ഉയരം കുറഞ്ഞ ഇപ്പി ബൊട്ടിൽ മറ്റൊരുതരം മനുഷ്യരുടെ പിറവി നടന്നു. കെനായിന്റുമാരും[27] ത്വോളന്മാരുമായിരുന്നു[28] അത്. "ബെട്ടക്കുറുമർ ഉയരത്തിൽ ജനിച്ചതിനാൽ ബുദ്ധിശക്തി,മികവ് , ഗുണം ഒക്കെ അവർക്കുമാത്രം ലഭ്യമായി. അജ്ജനജ്ജി മാർ അഹ്ളാദത്തോടെ ഓലികളായും (Phratery) കീരെകളായും (Clan) മൂപ്പ്, മൗദ്ദ്ല്, എളമേയുമായും (lineage) പിരിഞ്ഞ് മാറി. എന്നാൽ സമുദായത്തി നൊരു കുറവുണ്ടായിരുന്നു. ബിര്ദ്ദ്കള് അഥവാ അചാരങ്ങൾ ഉണ്ടായിരുന്നില്ല. എങ്ങനെ പെരുമാറണം? എങ്ങനെ പ്രവർത്തിക്കണം? എങ്ങനെ ദൈവത്തെ ആരാധിക്കണം? സാമൂഹിക നിയമങ്ങൾഎന്ത്? അവർക്കൊന്നുമറിയുമായിരു ന്നില്ല. അവരുടെ അജ്ഞത കണ്ട് കുലകാരണവന്മാർക്ക് വിഷമമായി. അവർ ബിര്ദ്ദുകളെ കൊണ്ടുവരാനായി പരിശ്രമം ആരംഭിച്ചു.

ഐതോളി ഫ്രാറ്റെറിയിലെ മൂപ്പ്കാരനായ കുലമേഗാള്ൺ ജനുവാർ മേഗാള്ൺ തന്റെ സഹായിയായി കുകോർ കീരെയിലെ അജ്ജൻ പാട്ടാളി യുമായി ചേർന്ന് മൂന്നു കല്ലുവണ്ടികൾ പ്രശ്നപരിഹാരത്തിനായി നിർമ്മിച്ചു. നിര്ദ്ദിമല അഥവാ നീലഗിരി സൃഷ്ടിയാലസ്യത്തിൽ കിടക്കുകയായിരുന്നു. കൊട്ടുമുടിയിലും താഴ്വാരങ്ങളിലും മനുഷ്യകുലത്തിനു പുലരാൻ വേണ്ട ബിര്ദ്ദുകള് ചിതറിക്കിടന്നു."[29] അജ്ജന്മാര് എത്തുമ്പോൾ അതാ അവിടെ കെനായിന്റു കളുടെ അജ്ജൻ ഓടുന്നു. കയ്യിൽ അതിശക്തമായ ഗദ്ദിക. അജ്ജന്മാർക്ക് അപകടം മനസ്സിലായി. ഗദ്ദികയുള്ള ആളെ തങ്ങളുടെ അടിമയാക്കാനായി അവർ വലവീശി. രാവുളനജ്ജനത് പൊട്ടിച്ചു ചാടിയോടി. ബെട്ടക്കുറുബയജ്ജ ന്മാർ ഇരുമ്പുവലയിട്ടു. റാവുളനജ്ജൻ അതും പൊട്ടിച്ചു. മഞ്ഞുവലയിട്ടു. അജ്ജൻ പിടിയിലായി. അന്നു മുതൽ റാവുളർമാർ ബെട്ടക്കുറുമരുടെ അടിമയായി എന്ന് പുരാവൃത്തം..

## പെലപ്പാട്ടിലെ മറ്റൊരു മിത്ത്; മുള്ളുക്കുറുമരുടെ അടിമയായ റാവുളൻ

പെലപ്പാട്ട് പ്രകാരം ആദിപിതാവും മാതാവും മേലോരച്ചനും കീഴൊരിത്തി യും ആണ്. മൂടൽരാജ്യത്തിലെ കറിപ്പൂർ കോട്ടയിൽ നിന്നും ഒളിച്ചോടിയ അവരെ പാക്കം കോട്ടയുടെ അധിപതി പാക്കത്തോരച്ചൻ അടിമകളാക്കി. മേലോരച്ചനെ വനവിഭവങ്ങൾ ശേഖരിക്കാനായി കോലുക്കമലയ്ക്കുമയക്കുന്നു.

ഇത്തി അടുക്കളയിലും. ഒരുദിവസം അവർ ഓടി രക്ഷപ്പെട്ടു. ദൂരെ ഒരിടത്തെത്തി സമാധാനത്തിൽ ഇരുന്നു, കാറമണലുമായി കളി തുടങ്ങി. അടിമകൾ രക്ഷപ്പെട്ടതിൽ ക്ഷുഭിതനായ പാക്കത്തെച്ചൻ അതാ മാളിയെ വിടുന്നു. മാളി അവരെ പിടികൂടി തിരിച്ച് കോട്ടയിൽ എത്തിച്ചു, കാവലുമായി. അവർ പുറത്തിറങ്ങാൻ ശ്രമിക്കുമ്പോഴൊക്കെ മാളിയവരെ ദ്രോഹിച്ചു അപകടപ്പെടുത്തി ഭീഷണിപ്പെടുത്തി, ഭയപ്പെടുത്തി, ഒരിക്കലും പുറത്തുപോകാനാകാത്ത വിധം അടിമത്തത്തിൽ തളച്ചിട്ടു.

മാവേലിമന്നവത്തെയ്യത്തിന്റെ മണ്ണ് ആരിയനും ബാണിയനും മോഷ്ടിച്ചതാണ് ഗോത്രങ്ങളുടെ ഈ അവസ്ഥക്ക് .കാരണമെന്നുള്ള മിത്തുകളും പ്രബലമാണ്.

## പണിയരുടെ അടിമത്തൊഴിലാളി ചരിത്രം

പണിയരുടെ യഥാർത്ഥഗോത്രനാമമെന്തെന്ന് ആർക്കും അറിയില്ല. പണി ചെയ്യുന്നവൻ, പണിക്കാരൻ എന്ന അർത്ഥത്തിലാണത്രെ പണിയർ എന്ന പേര് ലഭിച്ചത്. വയനാട്ടിലും കണ്ണൂരും മലപ്പുറത്തും കോഴിക്കോടുമായി ഈ ഗോത്രം അടിമത്തൊഴിലാളിയായി ജീവിച്ചു പോന്നു. റാവുളരെപ്പോലെതന്നെ അതികഠിനമായ ചൂഷണങ്ങൾക്കും ക്രൂരതകൾക്കും വിധേയരായി. ബെല്ലിപ്പണിയും കുണ്ടൽപ്പണിയും നിപ്പപണിയും തലപ്പണിയും ചെയ്തു. ബെള്ളൂരമ്മക്കു മുമ്പിൽ ചെന്നുനിന്നു തലപ്പാട്ടം കൈപ്പറ്റി ജന്മിക്കായി പ്രതിജ്ഞ എടുത്തു. കുടുംബമപ്പാടെയും അടിമത്തൊഴിലിൽ ഏർപ്പെട്ടു. പണിയനെന്ന പേരിനൊപ്പം തന്നെ ജന്മിയുടെ പേരു ചേർത്ത് വിളിയ്ക്കപ്പെട്ടു. കൊയ്പ്പ മുസ്ലീമുകളുടെ അടിമ കൊയ്പ്പപ്പണിയനായി ,തീയന്മാരുടെ അടിമ തീയെനപ്പണിയരായി, കുറിച്യരുടേത് അച്ചനെപ്പണിയർ, മാപ്പിളയുടെ അടിമകൾ ചെയനെപ്പണിയറായി. ബെട്ടക്കുറുമന്റെ പണിയർ ത്വോളൻ ആയി മാറി.

"1940-കളിൽ ഓരോ 3.35 ഏക്കർ ഭൂമിക്കും പണിയ്യൊരു പണിയ കുടുംബമെന്ന നിലയിൽ ജന്മി അവരെ കൈവശംവെച്ചു. നല്ല പണിക്കാരനെ കണ്ടാൽ മുൻകൂർ പണം വാരിനൽകി അവനെയും തന്റെയാക്കി. 1950-ൽ 25 രൂപ മുതൽ 50 രൂപ വരെയായിരുന്നു ഈ തലപ്പാട്ടം"[30] അടിമത്തൊഴിലിനു നിപ്പപണം കൂടാതെ കുണ്ടലും കോളും[31] ഓണത്തിനു ഓണബെല്ലിയും ഓണപ്പുടവയും സദ്യയും വിഷുവിനു വിഷുബെല്ലിയും സദ്യയും കൈനീട്ടവും നൽകും. നല്ല മഴയായാൽ കാരിയ്ക്കനും[32] ജന്മിയിൽ നിന്നും പണിയന് അവകാശമായിക്കിട്ടും. ഒരു വർഷത്തെ അധ്വാനത്തിനു കിട്ടുന്നത് എത്ര തുച്ഛമാണ്.

ജന്മിയുടെ ക്രൂരത സഹിക്കാതെ പണിയർ ഓടി രക്ഷപ്പെട്ടതിനെപ്പറ്റി

ഡെ. കലക്ടെർ ഗോപാലൻ നായർ തന്റെ പുസ്തകത്തിലെഴുതുന്നതും ജന്മിയുടെ ഭാഷയിൽ തന്നെയാണ്.“ ജന്മി പരുഷമായി പെരുമാറിയാൽ പണിയർ അവിടെ നിന്നും മുങ്ങും. കണ്ടുപിടിക്കുക പിന്നീട് പ്രയാസകരംതന്നെ. സദാ ചാരവിരുദ്ധതയിൽ അവർ മുൻപന്തിയിലാണ്. പിടിച്ചുപറിയിൽ വിദഗ്ധരും ഏത് ഹീനകൃത്യം ചെയ്യാൻ മടിയില്ലാത്തവരുമാണ്”.[33] വസ്തുതയുമായി പുല ബന്ധമില്ലാത്തതും ഗോത്രവിരുദ്ധവുമായ ഒരു കേവലപറച്ചിൽ മാത്രമാണിത്. പണിയഗോത്രത്തിന്റെ പൊതുസ്വഭാവം കാലങ്ങളായുള്ള അടിമത്തത്തിന്റെ ബാക്കിയായിട്ടായിരിക്കണം സഹനത്തിന്റെയും വിധേയത്വത്തിന്റേതുമാണ്.

“തങ്ങളുടെ നായർജന്മിമാരുടെ ഇടം അഥവാ വീടുകളിലോ ദേവസ്വം അഥവാ ക്ഷേത്രത്തിന്റെ ഭൂമിയിലോ ആണ് പണിയർ പണിയെടുത്തിരുന്നത്”[34] സാൻസിബാറിൽ നിന്നും കൊണ്ടുവന്ന അടിമകളുടെ പിന്മുറക്കാരെന്ന ലോഗന്റെ വാദത്തെ പലരും പിൻപറ്റുന്നുവെങ്കിലും അതിനു ശാസ്ത്രീയമായ തെളിവൊന്നും തന്നെയില്ല.

## പണിയരുടെ ഉത്പത്തി പുരാവൃത്തവും അടിമത്തവും

ബെട്ടക്കുറുമരുടെയും പണിയരുടെയും പുരാവൃത്തത്തിൽ പണിയർ ഉയിർകൊണ്ടത് നെർദ്ദിമലയുടെ സമീപത്തുള്ള ഇപ്പിമലയിലാണ്. ബളറങ്കോട്ട മല അഥവാ ബാണാസുരമലയാണ് ഇപ്പിമലയെന്ന് പണിയർ വിശ്വസിക്കുന്നു. ഒരാണും ഒരു പെണ്ണുമായാണ് അവർ ജനിച്ചത്. ഒരുമിച്ച് ജനിച്ചതിനാൽ ആങ്ങളയും പെങ്ങളുമായിരുന്നു. എന്നാൽ അത് പൂർണ്ണമായും ശരിയായിരുന്നില്ല എന്ന് പാട്ടുകൾ പറയുന്നു.

അരേന മീത്തേലേക്ക്
ആങ്കളേം പെങ്കളും
അരേന താകേക്കു
ആണും പെണ്ണും[35]

രാത്രിയിൽ ഗുഹയിറങ്ങികാടിറങ്ങി വന്നു ഇവർ കൗണ്ടൻമാരുടെ നെല്ലരിത്തിന്നു. കുപിതരായ ആലഞ്ചേരികൗണ്ടനും നീലഞ്ചേരിക്കൗണ്ടിയും വീശുവലയും ചാട്ടുവലയുമായി കാത്തിരുന്നു. തക്കത്തിനു വീശിയും ചാടിയും ഈ ആങ്ങള-പെങ്ങളെ പിടിയ്ക്കുകയും ചെയ്തു. ഒരു കൊട്ടിലിൽ കൊണ്ടിട്ടു ഉടുക്കുവാൻ മുണ്ടും ചൂടാറ്റാൻ തീയും കൊടുത്തു. നിങ്ങളാരാണെന്ന് ചോദിച്ചപ്പോൾ നെല്ലിനും പുല്ലിനും നാട്ടിക്കും നരിയ്ക്കും അവകാശപ്പെട്ടവരാണെന്നു ആ ആണും പെണ്ണും ഒരുമിച്ചുപറഞ്ഞു. പെൺകുട്ടി തിരണ്ടപ്പോൾ തുടികൊട്ടി കല്ലവളയണിഞ്ഞു. ചൂതുമണിയും ചങ്കെലയും മുരുളയും കാതിലണിഞ്ഞു. മൂക്കുത്തിയുമിട്ടു. തല

ഈരേലികൊണ്ട് കോതി തലപ്പൂക്കൾ കുത്തി. കഴുത്തിൽ മുടെച്ചള്ള, കുറിക്കല്ലെ, ബെള്ളിക്കല്ലെ ധരിച്ചു.കൈത്തണ്ടയിൽ തോൾബളെയുമിട്ടു. ഇനി കുടുംബമായി ജീവിക്കാൻ കൗണ്ടത്തി അവരെ ആശീർവദിച്ചു. വിവാഹത്തിനപ്പുറം പത്തു പെറ്റ പണിച്ചി. കൗണ്ടനും കൗണ്ടത്തിയും നിലവിളക്കും വെറ്റയും വെച്ച് ആ കുട്ടികളെ ഇല്ലം തിരിച്ചു. ചേരകോറെ, പുത്തോറെ, മണ്ണിയങ്കോടെ,പഞ്ചങ്കാട, ത്തുങ്ങാടിയെ, കൊളേരിയെ, കയ്പ്പങ്കൊടെ, ബൊള്ളനിലെൻ, പാമ്പളിയെ, നരിക്കോറെ, കാരമാറെ, കിയാങ്ങെടൻ എന്നിങ്ങനെ കുലങ്ങൾ ഉണ്ടായി. അവരെ ഓരോരുത്തരെയും ഓരോ ജന്മിമാർക്ക് അടിമകളായി നൽകി.[36]

## അടിമകളുടെ ജീവിതാവസ്ഥകളെ സൂചിപ്പിക്കുന്ന പാട്ടുകൾ

നിരവധി പാട്ടുകൾ ഈ വിഷയത്തെ അധികരിച്ച് ഉണ്ടായിട്ടുണ്ട്. കൃഷിപ്പണിയുടെ കാഠിന്യം, കാട്ടുപണിയുടെ അപകടം, ജോലി കൃത്യമാകാത്തതിന്റെ ബുദ്ധിമുട്ട്, വിശപ്പ്, കൂലി തികയായ്ക അങ്ങനെ പലതും ഇവയിൽ ഗൗരവതരമായ പ്രമേയമാണ്. വട്ടക്കളിപ്പാട്ട്, കമ്പളപ്പാട്ട്, തെയ്യപ്പാട്ട്, നാട്ടിപ്പാട്ട്, ഒക്കലു പാട്ട്, കഞ്ചീരപ്പാട്ട് അങ്ങനെ ഗാനശേഖരങ്ങൾ ഏറെയുണ്ട്. മക്കളെ ഉറക്കാനുള്ള ഉറക്കുപാട്ടിലും അടിമജോലിക്കു പോകുന്നതിന്റെ വ്യഥകാണാം.

നിൽത്താ നിൽത്താ ഇങ്കു ഞാറു പെരിച്ചും കുടി
തീരുവാങ്കാണേ അവോ മുന്നേലി പുള്ളെയ്ക്ക്
മുലെ കൊട്ടുപ്പ ബിളിക്കിഞ്ചിരി കുത്തകെ[37] തീരെടെ
പോയാലോ തമ്പിരെൻ ഇഞ്ചു ബെല്ലിം തരാ
കൂലിം തരാ നമാക്ക് പട്ടിണി ഉറാങ്കു വാ
ഒട്ടള കിരായട്ടെ ആടെ[38]

മുലകൊട്ടുക്കാനായി അമ്മയെ വിളിക്കുമ്പോൾ അമ്മ തന്റെ ജോലിയുടെ അവസ്ഥ വിവരിക്കുന്ന താരാട്ടുപാട്ടാണിത്. മറ്റൊരു താരാട്ടിലും സമാനമായ വ്യഥ കാണാം

ബാവോ ബാവോ പുള്ളേ
അമ്മ ഞണ്ട് കൊണ്ട് ബെരും ഞെണ്ട്
കിരയാതെ നാ ച്ചട്ടു തരാം.
കുത്തക തീരാതെ
ബെല്ലി കിട്ടാതെ
ഇഞ്ചു പട്ടിണി ഉറാങ്കിപ്പോവോം
ബാവോം ബാവോം[39]

## ബെള്ളൂരമ്മയുംബെള്ളൂരച്ചനും ഗോത്രാടിമത്തത്തിന്റെ മൊത്തദൈവങ്ങൾ

ബള്ളൂർക്കാവിലെ അമ്മദൈവവും അച്ഛൻ ദൈവവും അടിമത്തത്തെ സാക്ഷിയായി വെയ്ക്കുമ്പോൾ ഗോത്രാംഗം ഒരു പ്രതിജ്ഞയെടുക്കുക പതിവുണ്ട്. തലപ്പണം വാങ്ങിയ ഉടനെ പാടുന്ന പാട്ടിനെക്കുറിച്ച് കാക്കപ്പെലപ്പാട്ടിൽ പ്രതിപാദിക്കുന്നു.

ബെള്ളൂർക്കാവ് പകേതിയ്ക്ക്
ജെമ്മായിട്ടുള്ള പാദത്തില്
മൂവായിരം വിത്ത് വിതയ്ക്കാനുണ്ട്
ചിന്നനെ പിടിച്ച് കെട്ടുന്നല്ലോ
പറയുന്നു ചിന്ന അന്നേരം
എന്നെ ഒന്നും ചെയ്യാറ് ബെള്ളൂരച്ചാ
ബെള്ളൂരടിമയായ് നിന്ന് ചിന്ന്
കൊല്ലത്തിൽ ബെള്ളൂറ് കൊണ്ട് വന്ന്[40]

ബെള്ളൂരക്കാവമ്മയുടെ ദേവസ്വംഭൂമിയിൽ മൂവായിരം വിത്ത് വിതയ്ക്കാൻ ചിന്നനെന്ന പണിയനെ തലപ്പണം നൽകിയിരിക്കയാണ്. ബെള്ളൂരച്ചനെ സാക്ഷിയാക്കി താൻ തന്റെ ജോലി ചെയ്യാമെന്ന് ചിന്നൻ ഏൽക്കുന്നു. തന്നെ കോപത്താൽ ദ്രോഹിക്കരുതേയെന്നും ചിന്നൻ അപേക്ഷിക്കുന്നുണ്ട്.

### കമ്പളമെന്ന ചൂഷണം

ജന്മിയുടെ പാടത്ത് നെല്ല് കൊയ്ത്ത് പെട്ടെന്നു തീർക്കാനാണ് കമ്പളം വിടുക നടത്തുക. ജന്മി കൽപ്പിക്കുമ്പോൾ മൊതലി പണിയരെയും അടിയരേയും തച്ചനാടരെയുമെല്ലാം കൂട്ടിനു വിളിക്കുന്നു. എല്ലാവരും ചേർന്ന് കമ്പളപ്പാട്ടുകൾ പാടിയും നൃത്തമാടിയും തുടി കൊട്ടിയും പണി എളുപ്പത്തിലാക്കുന്നു. പത്തുദിവസത്തെ പണി പത്തുമണിക്കൂറിൽ തീർക്കുന്നു. കമ്പളദിവസം ജന്മി എല്ലാർക്കും സദ്യ നൽകും. പണി തീർന്നില്ലെങ്കിൽ രാവെളുക്കോളം നീളും രാത്രിയിൽ ഉണ്ടാക്കിയ കഞ്ഞി മഞ്ഞത്ത് വെച്ച് കേടുവരാതെ സൂക്ഷിക്കുന്നു. പുലർച്ചെ എണീറ്റ് ഈ കഞ്ഞി വയറുനിറയെ കഴിയ്ക്കുന്നു. മഞ്ഞു കഞ്ഞിയെന്നാണിത് അറിയപ്പെടുന്നത്.

കമ്പള ചോറുക്കു കുമ്പള കറി
കുത്തരി ചോറുക്ക് താളുണ തടെ
മഠത്തിലെ മാരുക്കോ നാരങ്ങ കണ്ട കണ്ട[41]

സദ്യയ്ക്ക് നല്ല വിഭവങ്ങൾ നൽകാതെ ചേമ്പിന്റെ തടയും കാട്ടുമത്തനും നാരങ്ങക്കറിയും തങ്ങൾക്കു നൽകുന്ന ജന്മിയെ പരിഹസിച്ച് പാടുന്നതാണിത്. അടിമത്തൊഴിലാളികൾക്ക് അവകാശവും ഭക്ഷണവും മാത്രമല്ല ചികിത്സയും

നിഷേധിക്കപ്പെട്ടിരുന്നു.അതും പാട്ടിനു പ്രമേയമാണ്.

ചാത്തിന തന്തക്കു നെച്ചിലി
കുത്തു കുത്തു
ചാത്തിന തായിക്ക് പള്ളലി
കടി കടി
മണ്ണറു കലക്കിഅയാങ്കുട്ടിയുറു ഊട്ടി
കൊയ്ച്ചല്യ വർത്തനു ചീച്ചി ഉറു ചീച്ചി[42]

ചാത്തിയുടെ അപ്പനുമമ്മയ്ക്കും രോഗമാണ് ഒരാൾക്ക് തലവേദന മറ്റെയാൾക്ക് വയറു വേദന. വെണ്ണീറു കലക്കിക്കുടിക്കാനും ഉള്ള നുറുക്ക് അരി കൊണ്ട് വെച്ച കഞ്ഞി കൊടുക്കാനും പറയുന്നു. കൃത്യമായ ചികിത്സയോ ഭക്ഷണമോ പോലും പണിയർക്ക് കിട്ടുന്നില്ല. പ്രായമായ അപ്പനമ്മമാരെ നോക്കാനോ മുലകുടി കുഞ്ഞുങ്ങളെ നോക്കാനോ സമയവുമില്ല.

### മരണശേഷവും തുടരുന്ന അടിമത്തബന്ധം

മരണശേഷം പൂർവ്വികലോകത്ത് തങ്ങളുടെ ജീവിതം തുടരുമെന്നാണ് ഗോത്ര മതവിശ്വാസം. എല്ലാ ഗോത്രങ്ങളെയും പോലെ പണിയനും അതു വിശ്വസിക്കുന്നു. ഈ ജീവിതത്തിന്റെ തുടർജീവിതമായതിനാൽ മരണശേഷം വരുന്ന ജന്മത്തിലും അടിമത്തം തുടരും. ഭൂമിയിലെ അതേ ജന്മിയുടെ താവഴികുടുംബം തന്നെയായിരിക്കും മൃതലോകത്തിലും പണിയന്റെ ജന്മി.

മറ്റുഗോത്രങ്ങളെപ്പോലെ കുലങ്ങൾക്കിടയിൽ അധികാരക്കളികൾ പണിയഗോത്രം പുലർത്താറില്ല.

### തച്ചനാടൻ മൂപ്പനും അടിമത്ത തൊഴിലും

റാവുളരും പണിയരും അനുഭവിച്ചതു പോലെത്തന്നെ ഭയാനകമായ രീതിയിൽ അടിമത്തൊഴിലിലേർപ്പെടേണ്ടി വന്നവരാണ് തച്ചനാടൻ മൂപ്പൻ ഗോത്രങ്ങൾ. മേപ്പാടി, റിപ്പൺ, കൽപ്പറ്റഭാഗങ്ങളിലെ പാടികളിലാണ് ഈ ഗോത്രം അധിവസിക്കുന്നത്. 2002 -ലെ ഭരണഘടനാഭേദഗതി വരെ പട്ടികഗോത്രമായി തച്ചനാടർ അംഗീകരിക്കപ്പെട്ടിരുന്നില്ല. ജാതിഹിന്ദുക്കൾക്കൊപ്പം മുഖ്യധാരക്കു സമീപത്തായി അവർ ജീവിച്ചുപോന്നു.

ബെള്ളൂർക്കാവായിരുന്നില്ല ഇവരുടെ പ്രതിജ്ഞാസ്ഥലം. കരിയാത്തനും മഞ്ഞളാം പോതിയ്ക്കും സാക്ഷ്യം വെച്ചാണ് അവർ ജന്മിമാർക്ക് കീഴ്പ്പെട്ടിരുന്നത്. വർഷാവർഷം ഇത് പുതുക്കേണ്ടതില്ല. ജന്മ അടിമയാണ് ഓരോ തച്ചനാടനും. പക്ഷെ ജന്മിയെ ധിക്കരിച്ചാൽ ദൈവമായിരിക്കും മറുപടി

പറയുക.

മറ്റവീട്ടു നായൻമാർ, പുല്ലൂർ നായന്മാർ, അത്തിവട്ടം ചെട്ടിമാർ, മനവയൽ ചെട്ടിമാർ, കണ്ടൂർ തമ്പുരാൻ, കോട്ടത്തമ്പുരാൻ, മണിക്കുന്നു കോട്ടത്തമ്പുരാൻ, വടകരചെട്ടി, നിലമ്പൂർ കോവിലകം തമ്പുരാൻ എന്നിവർക്കു കീഴിൽ ഓരോ കുലങ്ങൾ ജോലിചെയ്യുന്നു. കുന്ന് എന്നാണ് മാതൃദായകമായ കുലങ്ങൾ അറിയപ്പെടുന്നത്. ചാലി എന്ന് ഫ്രാറ്റെറികളും അറിയപ്പെടുന്നു. മൂപ്പനും ളേപ്പനും ചേർന്നു രണ്ട് താവഴികളായിപ്പിരിയുന്നു.[43]

ജന്മിമാർ ബ്രിട്ടീഷ് കാലഘട്ടത്തിൽ തേയിലത്തോട്ടങ്ങളിലേക്ക് തച്ചനാടനെ പാട്ടത്തിനു കൊടുത്തു. എസ്റ്റേറ്റുകളിലെ കൊളുന്ത് നുള്ളലും ജന്മിയുടെ വീട്ടിലെ അധികജോലിയും ചെയ്ത് തച്ചനാടന്മാർ തളർന്നു. കൃത്യമായ കൂലിയോ ബെല്ലിയോ വിശ്രമമോ ഇവർക്ക് ഉണ്ടായിരുന്നില്ല.

### അടിമ-ഉടമ, ഗോത്രം-ജാതി ദ്വന്ദ്വങ്ങളിലെ കുറിച്യഗോത്രം

കുറിച്യർ ദുർബലരായ ഗോത്രങ്ങളെ അടിമകളും അടിമവേലക്കാരാക്കുകയും സ്വന്തംജോലികൾക്ക് ഉപയോഗിക്കുന്നതായും അതേസമയം തന്നെ ഇവർ ചില നായർസമുദായങ്ങൾക്ക് വഴക്കപ്പെട്ടും അധീനപ്പെട്ടും നിൽക്കുന്നതായും കാണാം. കൃഷി, വേട്ടയാടൽ, ജനനം, വിവാഹം, തിരണ്ടു കല്യാണം, മരണം ഇവയ്ക്കെല്ലാം കുറിച്യന്റെ ജന്മിയുടെ അനുമതിയും അനുഗ്രഹവും വേണം. തുലാപ്പത്ത് വേട്ടയ്ക്ക് പോകുമ്പോൾ ജന്മിനായർക്ക് ആയുധപൂജ ചെയ്തു കത്തിയമ്പിൽ ഒന്ന് കൊടുത്ത് അനുഗ്രഹം വാങ്ങുക വേട്ടസംഘത്തിന്റെ പതിവാണ്. ശേഷം നായർ തന്റെ കുറിച്യന്മാർക്ക് വിശേഷപ്പെട്ട സദ്യ നൽകുന്നു. ആ നായാട്ടിൽ കിട്ടുന്ന പന്നിയോ പുലിയോ എന്തോ ആകട്ടെ അതിന്റെ തല തന്റെ അധികാരിയായ ജന്മിനായർക്ക് കുറിച്യർ നൽകുന്നു[44]. അതേസമയം കുറിച്യർ തന്റെ സഹഗോത്രങ്ങളായ അടിയർ, പണിയർ, കാടർ, കാട്ടുനായ്ക്കർ എന്നിവരെ അടിമവേലക്കാരായിക്കാണുകയും അവരോട് അയിത്തം പാലിക്കുകയും ചെയ്യുന്നു. 2019-ൽ അടക്കം ജോലിക്കു വരുന്ന അടിയ,പണിയഗോത്രങ്ങളോട് വളരെ മോശമായി പെരുമാറിയ ഭൂവുടമകളെ കാണാൻകഴിഞ്ഞു. കമ്പളനാട്ടിയ്ക്കും തുലാപ്പത്തിനും ഈ അടിമകൾക്ക് തൊടിയിൽ കുഴികുത്തി കുവയില അതിൽ കുമ്പിളുകുത്തി കഞ്ഞിവീഴ്ത്തുന്ന ഒരു ദുരാചാരം പല ഗോത്രാംഗങ്ങളും വളരെ സ്വാഭാവികമായാണ് സ്വീകരിച്ചത്. ഇതൊക്കെ ചടങ്ങിന്റെ ഭാഗമാണ് എന്ന വിശ്വാസം ഉടമയേക്കാൾ അടിമയായ ഗോത്രത്തിലെ വ്യക്തികൾക്കുണ്ടായിരുന്നു.

## കുറിച്യന്മാരിലെ അടിമത്തം താവഴിയടിയാളത്തം, ഉടമത്തം

കുറിച്യഗോത്രത്തിന്റെ സാമൂഹ്യഘടനയുടെ അകത്തും അടിമ -ഉടമബന്ധങ്ങൾ കാണാമെന്നതാണ് അത്ഭുതകരമായ വസ്തുത. കുറിച്യഗോത്രം രണ്ട് ഉപഗോത്രങ്ങളായി (sub tribe) വിഭജിക്കപ്പെട്ടിട്ടുണ്ട്. വയനാടൻ മേഖലയിലെ കുന്നം കുറിച്യരും താഴെ കണ്ണവം വനദേശത്തെ കണ്ണവം കുറിച്യരും. വയനാട്ടിലെ കുറിച്യർമാർ മോയിറ്റി (moiety) യായി വിഭജിക്കപ്പെട്ടിരിക്കുന്നു. ബന്ധു, പന്തി എന്നിങ്ങനെയുള്ള ഈ മോയിറ്റികൾക്ക് പരസ്പരം വിവാഹബന്ധത്തിലേർപ്പെടാം. എന്നാൽ ബന്ധുവിനകത്തെ ക്ലാനുകളിലെ അംഗങ്ങൾ തമ്മിൽ വിവാഹം നിഷിദ്ധമാണ്. തറവാട് എന്നാണ് ഈ കുലങ്ങൾ അഥവാ ക്ലാനുകൾ അറിയപ്പെടുന്നത്. ഈ കുലങ്ങളും തട്ടുതട്ടായി വിഭജിക്കപ്പെട്ടിരിക്കുന്നു. ചില കുലാംഗങ്ങൾ അതിശക്തമായ അധീശശക്തി മറ്റു കുലാംഗങ്ങളോട് കാണിക്കുന്നു. വേട്ടയാടൽ,മറ്റ് ആചാരാനുഷ്ഠാനങ്ങളിലെല്ലാം ചിലകുലങ്ങൾ ഉന്നതരായി കണക്കാക്കപ്പെടുന്നു. അവർ ഗോത്രത്തിന്റെ അധികാരികളുമായിത്തീരുക സ്വാഭാവികം മാത്രം. കരിമ്പിച്ചി, തലക്കര, പാലോട്ട്, വേമോത്ത് കുലങ്ങൾ പ്രതാപികളാണ്.

മറ്റൊരു തലത്തിലും കുറിച്യർക്കിടയിൽ ഈ അധികാരപ്രയോഗം ഗംഭീരമായി പ്രവർത്തിക്കുന്നുണ്ട്. അത് താവഴികൾ അഥവാ ലീനിയേജുകൾക്ക് ഇടയിലാണ്. ഈ താവഴികൾ കുടുംബം എന്നറിയപ്പെടുന്നു.[45] മൂന്ന് കുടുംബങ്ങളായി ഈ താവഴികൾ പിരിയുന്നു. അവയിൽ ഏറ്റവും ഉയരത്തിൽ കാർന്നോൻ/മൂപ്പ് അഥവാ ഒന്നാം കൂറ്, അന്ത്രോൻ അഥവാ രണ്ടാങ്കൂറ്,മൂന്നാം കൂറ് എന്നിവയാണ്. ഇതിൽ മൂന്നാങ്കൂറുകാരെ പലതരം ജോലികൾക്കും ഭൃത്യവൃത്തിക്കും ഒന്നാം കൂറുകാരൻ നിയോഗിക്കും. ഗോത്രപരമായി ഒന്നാംകൂറിന്റെ അടിമകുടുംബമാണ് മൂന്നാംതാവഴി. ആന്ത്രോന്മാർ കാര്യസ്ഥന്മാരെപ്പോലെ കാര്യങ്ങൾ നോക്കിയും കണ്ടും നടത്തുന്നു. തലക്കര കുലത്തിൽ കാർക്കോട്ട് തലക്കറ മൂപ്പാണ്. കാര്യസ്ഥപ്പണിക്കും കയ്യാളുപണിക്കുമായി രണ്ടാംകൂറ് ആന്ത്രയോനായ ആന്നിത്തലക്കറയും ഏറ്റവും അടിയിലെ ജോലികൾ ചെയ്യാൻ മൂന്നാംകൂറുകാരനായ കൊട്ടുമിത്തലക്കറയും ഉണ്ട്. കരിമ്പിച്ചി ഗോത്രത്തിലാകട്ടെ കല്ലറ കരിമ്പിച്ചി, മട്ടിളം കരിമ്പിച്ചി, കൊടങ്ങേല കരിമ്പിച്ചി എന്നിങ്ങനെയാണ് ശ്രേണീവിഭജനം. മൂന്നാം കൂറുകാരാണ് ഒന്നാംകൂറിനു ശുദ്ധി വരുത്തേണ്ടുന്നത്. വലിയവനെ വിശുദ്ധീകരിക്കുന്നതും അവന്റെ അഴക്കുകളെയും ശാപങ്ങളേയും ഇല്ലായ്മ ചെയ്ത് ഒരു വർഷത്തേക്ക് മിറ്റത്ത് ഐശ്വര്യം കൊണ്ടു വരേണ്ടുന്ന പുളിം കൊടയലും പുളിം കുടിക്കലും ആചാരപരമായി ഒന്നാംകൂറുകാരനു മൂന്നാംകൂറുകാരൻ ചെയ്യുന്ന അടിയാള വൃത്തിയാണ്.

കുറിച്യന്മാർ മാതൃദായകരീതിയിൽ കൂട്ടുകുടുംബമായി ജീവിക്കുന്നവരാണ്. സ്വത്തുക്കൾ തറവാടിന്റെ സ്വന്തമായതിനാൽ വിഭജിക്കപ്പെടാത്ത ധാരാളം ഭൂമി അവർക്കുണ്ട്. കുടുംബാംഗങ്ങളും കുഞ്ഞുകുട്ടികളും ജോലി ചെയ്താലൊന്നും തീരാത്തത്ര വിശാലമായ ഈ ഭൂമിയിൽ ജോലിക്കായി കാടർ, റാവുളർ, പണിയർ, കാട്ടുനായ്ക്കർ എന്നിവരെ അടിമത്തകരാർ ജോലിക്കാരായി വെയ്ക്കുന്നു. മറ്റു ജാതിക്കാരായ മേലാളന്മാരെപ്പോലെതന്നെ യാതൊരുവിധ അലിവോ കനിവോ അടിമയാക്കിയ സഹഗോത്രാംഗങ്ങളോട് കുറിച്യർ കാണിക്കാറില്ല. വയൽപ്പണികൾക്ക് വ്യാപകമായി ഉപയോഗിക്കുകയും കുറഞ്ഞ കൂലി നൽകുകയുംചെയ്യുന്നു. അനൗദ്യോഗികമായി ഇപ്പോഴും വയലുകളിൽ ഈ അടിയാള-ഉടമ ബന്ധം ദൃശ്യമാണ്. കുറിച്യരുടെ കൃഷിപ്പണിയ്ക്കൊപ്പം വനവിഭവങ്ങൾ ശേഖരിക്കുവാനും മീൻ, പക്ഷിപിടുത്തം, നായാട്ട് എന്നിവയ്ക്കായും മറ്റു ഗോത്രങ്ങളെ ഉപയോഗിക്കുന്നു. കുഞ്ഞോം ദേശത്ത് ജന്മിയായ കുറിച്യന്റെ അധീശത്വത്തിൽ ക്ഷുഭിതരായ കാടന്മാർ കുറിച്യർ അറിയാതെ കുരങ്ങ് മാംസം നൽകി. ഇത് കണ്ടെത്തിയപ്പോൾ കാടന്മാരെ കൂട്ടമായി അടിച്ചോടിക്കയും അവർ പലായനം ചെയ്യുകയും ചെയ്തു[46].

### ബെട്ടക്കുറുമരും അടിമത്ത തൊഴിലുകളും

കേരളത്തിലെ ഒരേയൊരു ആർട്ടിസാൻ ഗോത്രമാണ് ബെട്ടക്കുറുമരുടേത്. വെട്ടക്കുറുമനെന്ന് ഔദ്യോഗികമായും ഊരാളിക്കുറുമനെന്ന അടിയാളരായും ഈ ഗോത്രം അറിയപ്പെടുന്നു.

ലോഹങ്ങളായ ഇരുമ്പ്, ചെമ്പ്, വെള്ളി സ്വർണ്ണം എന്നിവയുടെ പരിപാടി, മരപ്പണി, കല്ലാശാരിപ്പണി, കലനിർമ്മാണം, കൊട്ടവട്ടി പുൽനെയ്ത്തുകൾ,ക്ഷൗരവൃത്തി, കക്കനീറ്റൽ, പാചകം,കെദ്ദ എന്നിങ്ങനെ വ്യത്യസ്തമായ മേഖലകളിൽ നൈപുണ്യമുള്ളവരായിരുന്നു ഈ ഗോത്രം. വയനാട്ടിലെ മറ്റു ഗോത്രങ്ങൾക്കാവശ്യമായ ആയുധങ്ങൾ,ആഭരണങ്ങൾ, അടുക്കളയുപകരണങ്ങളെല്ലാം ഉണ്ടാക്കിയിരുന്നത് ബെട്ടക്കുറുമരാണ്.

ബുദ്ധിയും സിദ്ധിയും നൈപുണിയുമുള്ള ഈ ഗോത്രാംഗങ്ങൾക്ക് ജന്മിമാർ ഉണ്ടായിരുന്നുവെന്ന് അജ്ജനമാർ ഓർത്തു പറയുന്നു. എന്നാൽ ബ്രിട്ടീഷുകാരുടെ വരവോടെ ബെട്ടക്കുറുബരെ അവർ തങ്ങളുടെ വരുതിയിലാക്കി. മരപ്പണിയറിയുന്നതിനാൽ മരംവെട്ടാനും മറ്റും ഉപയോഗപ്പെടുത്തി. തേക്കു തോട്ടങ്ങൾ നിർമ്മിക്കാനും ആനയെ വേട്ടയാടാനും ഇണക്കാനും തടിപ്പണിയെടുപ്പിക്കാനും ഒക്കെ ബെട്ടക്കുറുമരെ ഉപയോഗപ്പെടുത്തി. മാനന്തവാടിയിലും കുട്ടയിലും സമീപത്തുമൊക്കെ കാണുന്ന ഇരുമ്പുപാലവും

മരപ്പാലവുമൊക്കെ ബെട്ടക്കുറുമരുടെ പൂർവ്വിക അജ്ജന്മാർ നിർമ്മിച്ചതാണ്. കുറിച്യരുമായും കുറുമരുമായും പോരാട്ടത്തിലേർപ്പെട്ട സമയത്ത് അവർക്കു ലഭിച്ചിരുന്ന അമ്പ് വില്ലുകൾ, മറ്റായുധങ്ങൾ നിർമ്മിക്കുന്നതിനു ബെട്ടക്കുറുമരെ തടസ്സപ്പെടുത്താനവർ ശ്രമിച്ചു. തേക്കു തോട്ടങ്ങൾ ഉണ്ടാക്കാൻ ഓരോ കുടുംബത്തിനും കാടുകൾ നൽകി. അവിടം വെട്ടിത്തെളിച്ച് പാകപ്പെടുത്തി മേക്കടിക്കുന്നു.തേക്കുകൾ നട്ടു പിടിപ്പിക്കുന്നു. തേക്കുതോട്ടത്തിനുള്ളിൽ തന്നെ കീറെകൾ എന്ന കുടിലുകൾ കെട്ടി കുടുംബത്തോടൊപ്പം തോന്റി[47] കൃഷി ചെയ്തും വിഭവങ്ങൾ ശേഖരിച്ചും അവർ താമസിച്ചു. തേക്കുതൈകൾ ഒന്നു ആരോഗ്യവാന്മാരായാൽ ഇംഗ്ലീഷുകാർ അടുത്തയിടത്തേക്ക് ബെട്ടക്കുറുബരെ കൊണ്ടു പോയി. പണ്ടു കാലത്ത് ഞങ്ങൾ ബ്രിട്ടീഷുകാരുടെ കാരായ്മക്കാരൻ ആയിരുന്നു. അവർ കാണിച്ചു തന്ന ഭൂമിയിൽ കാരായ്മ ചെയ്ത് ഞങ്ങൾ ജീവിച്ചു. കാറാളന്മാർ എന്ന നിലയ്ക്ക് ഭൂമിയിൽ എന്തും നടാമായിരുന്നു. എന്നാൽ അതു മുറിയ്ക്കാൻ ഞങ്ങൾക്ക് അവകാശമുണ്ടായിരുന്നില്ല. എത്രവേണമെങ്കിലും കായകൾ പറിക്കാനും ഇലയോ തേനോ ശേഖരിക്കാനും ധാന്യങ്ങൾ വിളയെടുക്കാനും പറ്റുമായിരുന്നു"[48]

## മുള്ളുക്കുറുമന്റെ ഊരാളിമാർ

മുള്ളുക്കുറുമഗോത്രത്തിന്റെ അടിയാളൻമാരാണ് എന്ന നിലയ്ക്കാണ് ബെട്ടക്കുറുബർ ഊരാളികൾ എന്നറിയപ്പെടുന്നത്. ഉച്ചാലിനു മദ്പ്പെരയിൽ മുത്തശ്ശിയമ്മയ്ക്കു മുമ്പിൽ വെച്ച് ആയുധം നൽകി ബെല്ലി വാങ്ങുകയും സദ്യ വാങ്ങുകയും ചെയ്ത് ഊരാഴ്മ ഉറപ്പിക്കുന്നു. മുള്ളുക്കുറുമർ ബെറ്റ അടയ്ക്കയും കെല്ലപ്പട്ടം ഭക്ഷണമായി നൽകും.ഉച്ചാൽദിവസം ഉച്ചാറാട്ട് നടത്തുകയും കളാൾ വായിക്കുകയും ചെയ്ത് മദിച്ച് മുത്തശ്ശിയമ്മയെ ആഹ്ലാദവതിയാക്കും. മുള്ളുക്കുറുമന്റെ പാടത്ത് പണി എടുക്കുകയും ആയുധങ്ങൾ, ഉപകരണങ്ങൾ, അടുക്കളവസ്തുക്കൾ ഉണ്ടാക്കി നൽകുകയുമാണ് ബെട്ടക്കുറുമന്റെ ജോലി.

## ബെട്ടക്കുറുമഗോത്രത്തിനകത്തെ അധികാരരീതികൾ

ഓലി എന്ന ഫ്രാറ്റെറിയും കീരെ എന്ന ക്ലാനുമാണ് ബെട്ടക്കുറുമ ഘടനയുടെ പ്രത്യേകത. ഇതിന്റെ അധികാരികൾ മേഗാള്ൺമാർ എന്നറിയപ്പെടുന്നു. ഐതോളി എന്ന ഫ്രാറ്റെറിയ്ക്ക് ഉയർന്ന പദവിയുണ്ട്. അതിലെ മേഗാള്ൺ ജനുവാർ മേഗാള്ൺ എന്നറിയപ്പെടുന്നു. ഇദ്ദേഹമാണ് ഗോത്രത്തലവൻ. കൾക്കീർ കീരെക്കാരെ ഏറ്റവും താഴെയായി കരുതി നന്നായി ജോലി ചെയ്യിക്കയും ചെയ്യുന്നതായി കാണാം.

സഹഗോത്രങ്ങളായ കാട്ടുനായ്ക്കൻ, പണിയൻ, റാവുളർ എന്നിവരെ ബെട്ടക്കുറുമൻ അടിയാളരാക്കുന്നു. കേരളത്തിലെ ഗോത്രാടിമത്തമെന്നത് അത്യധികം സങ്കീർണ്ണവും ബഹുവിധതലങ്ങളുള്ളതുമായ ഒന്നാണ്. പല അടരുകളായി അത് പ്രവർത്തിക്കുന്നു. ബാഹ്യമായും ആന്തരികമായും പ്രവർത്തിക്കുന്നു. ലംബമായും തിരശ്ചീനമായും മൂന്ന് വ്യത്യസ്തതലങ്ങളിലും പ്രവർത്തിക്കുന്നു. ഒരേ ഗോത്രം തന്നെ അടിമയായും അടിയാളനായും കാറാളനായും കുടിയാനായും ഉടമയായും ഊരാളിയായും പൊതുവാളനായും മാറുന്നു. അടിമത്ത തൊഴിൽ, അടിയാളർ എന്നതിനുമൊക്കെ അപ്പുറത്ത് യഥാതഥമായ അടിമത്തം തന്നെയാണ് പല ഗോത്രങ്ങൾക്കും വർഷങ്ങളായി നേരിടേണ്ടി വന്നത് എന്നതാണ് വാസ്തവം. സാമൂഹികമായും സാംസ്കാരിക മായും ആരോഗ്യപരമായും വ്യക്തിപരമായുമൊക്കെ വലിയ ഒരു വിഭാഗം ജനങ്ങളെ ഇത് സാരമായി ബാധിച്ചു. സാമൂഹ്യവികസനപ്രക്രിയയിൽ നിന്നും ആ സമൂഹങ്ങൾ പുറന്തള്ളപ്പെട്ടു.

ഗോത്രവിശ്വാസങ്ങളും പുരാവൃത്തങ്ങളും ആചാരാനുഷ്ഠാനങ്ങളും ആന്ത രികമായ ഗോത്രവിരുദ്ധതയോടെ ഈ അടിമത്താവസ്ഥയെ സാധൂകരിച്ചു കൊണ്ടേയിരുന്നു. ജാതിഹിന്ദുത്വത്തിന്റെ ഇടപെടലാൽ മതം, തന്റെ ഉടമയെ ദൈവമായിക്കാണാനും കണക്കാക്കാനുമൊക്കെയുള്ള പരിശ്രമങ്ങൾ നിതാ ന്തമായി ആരംഭിച്ചുവെന്നുംതുടർന്നുവെന്നും വേണം മനസ്സിലാക്കാൻ.

പുരാവൃത്തങ്ങളെ പുനർനിർമ്മിച്ചും വളച്ചൊടിച്ചും അടിമത്തത്തെ സ്വാഭാവികമായ ഒരു സാമൂഹ്യാവസ്ഥയായി മാറ്റാനുള്ള ശ്രമം വൻ വിജയ മായിരുന്നുവെന്നു വേണം പറയാൻ. ജനാധിപത്യത്തെ തകർത്തും മനുഷ്യ മൂല്യങ്ങൾ കടപുഴക്കിയും ചൂഷണമെന്നത് ദൈവഹിതമെന്നു വരുത്തിയും ഗോത്രങ്ങളെ മുഖ്യധാര ഉപയോഗിച്ചു കൊണ്ടേയിരുന്നു. മറുവശത്ത് ഇതേ മിത്തുകൾ അടിമകളെ ആശ്വസിപ്പിച്ചു.വിശ്വാസത്തിൽ മുളപ്പിച്ചെടുത്ത ചൂഷ ണന്യായീകരണങ്ങൾ വേദനകളെ മാറ്റാനായി ഉപകരിക്കുമെന്നു പറഞ്ഞ് അവരെ തഴുകി. പക്ഷെ യഥാർത്ഥത്തിൽ ജന്മിയുടെയും അധികാരിയുടെയും രാഷ്ട്രീയത്തെ മനഃപൂർവ്വമായി സമൂഹത്തിൽ ഉറപ്പിക്കുകയാണ് ഇവ ചെയ്തത്. ഫാഷിസ്റ്റ് ഇടങ്ങളിലെ പ്രൊപ്പഗാൻഡാ സാഹിത്യങ്ങളെപ്പോലെയുള്ള ധർമ്മങ്ങൾ പുരാവൃത്തങ്ങൾ വളരെ വൃത്തിയായിത്തന്നെ നടപ്പിലാക്കി. പാട്ടിലൂടെയും കഥയിലൂടെയും മറ്റു വിശ്വാസസംഹിതകളിലൂടെയും അടിമത്ത യുക്തിക്കായവ നിലകൊണ്ടു. ആൽബെർട്ട് കമ്യൂ ദി ഫാളിൽ പറഞ്ഞതു പോലെ, എല്ലാവരും സമൂഹത്തിന്റെ എല്ലാ തട്ടുകളും ഈ അടിമത്തത്തെ

ഹൃദയപൂർവ്വം അനുഭവിക്കുകയും ആഹ്ളാദിക്കുകയും ചെയ്തു.

## കുറിപ്പുകൾ

1. പഴശ്ശിരാജാവ്.
2. ചാക്കോ കണ്ണാട്ടുമോടി, 83.
3. വേമോത്ത് നമ്പ്യാർ പി.കെ. കാളന്റെ ഭാഷയിൽ.
4. പയിങ്ങാട്ടിരി പട്ടന്മാർ.
5. ചേരങ്കോട്ട് തറവാട്ടിലെ നമ്പിടി.
6. മാത്തൂർ 77.
7. ഗോപാലകൃഷ്ണൻ, 416.
8. അസീസ് തരുവണ, 181.
9. കെ.ജെ. ബേബിയുടെ മാവേലിമന്റത്തിന്റെ ഒടുക്കം ചേർത്തിരിക്കുന്ന കോടതിരേഖ.
10. റേച്ചൽ സന്തോഷ്, 96.
11. ഒരു സേർ-ഒരു ലിറ്റർ.
12. അസീസ് തരുവണ 181.
13. ഇലകൾ
14. മരംകൊണ്ട് നിർമ്മിക്കുന്ന ശക്തമായ ഉരൽ. കരനെല്ലിനു ശക്തിയേറെയാണ്.
15. തേക്ക്ചെടികൾ കയറുപയോഗിച്ച് അടയാളപ്പെടുത്തി കുഴിച്ചിടുന്ന ജോലി.
16. കാട്ടാനയെ വാരിക്കുഴി വെച്ച് വീഴ്ത്തി ഇണക്കുന്നതാണ് കെദ്ദ.
17. പാന്നൂർ, 99.
18. ദേശാഭിമാനിപത്രം, സെപ്തംബർ 7, 2015.
19. മൂടസീമലിന്നു മലയാളാ സീമഗെ

    വറുവന്തകാല ദെല്ലിയേനു?

    ഐശ്വര്യ ഉണ്ടു യേനു വൈബോഗവുണ്ടു

    എടഗെ നോട്ദ് റെക്കെ വ്ള്ള

    ബലെഗെനോട് ദരെ കത്താലെ

    യേനു ഔശ്വര്യയില്ലെ, പൂവില്ലെ

    ഗന്ധയില്ലെ,ഗാരിത്തിയില്ലെ
20. എം.ആർ. പങ്കജാക്ഷൻ, 263.
21. വീട്
22. എം ആർ പങ്കജാക്ഷൻ, 270.
23. ടി. മാധവമേനോൻ, 337.

24. അതേപുസ്തകം, 337.
25. കർണ്ണാടകം
26. കാക്കപ്പല എന്ന മരണാനന്തര ചടങ്ങുകളിൽ മൂളുന്ന
27. ബെട്ടക്കുറുബർ റാവുളരെ അഭിസംബോധന ചെയ്യുന്നത് കെനായിന്റ് എന്നാണ്
28. പണിയർ
29. ഇന്ദു മേനോൻ
30. വിശ്വനാഥൻനായർ, 16.
31. നെല്ല് കൊയ്ത്തും ഒക്കലും കഴിഞ്ഞ് നൽകുന്ന സമ്മാന നെല്ല്.
32. കോറയുടെ ഡബിൾ മുണ്ട്.
33. സി. ഗോപാലൻ നായർ, 92.
34. രേച്ചൽ സന്തോഷ്.
35. അരയ്ക്ക മുകളിൽ സഹോദരി സഹോദരർ അരയ്ക്ക താഴെ ആണും പെണ്ണും .
36. 2000-ത്തിൽ നടത്തിയ ഫീൽഡ് വിസിറ്റിൽ ചൊട്ടൻ, ബൊളുക്കൻ എന്നീ ആവേദകർ നൽകിയ പുരാവൃത്തം
37. പണിയസ്ത്രീയ്ക്ക് ഞാറു പറിക്കാനായി വീതിച്ച് നൽകുന്ന സ്ഥലം. ഇത് നടന്നു കാണിക്കുന്നു. ഇതിനെ കുത്തക ചവിട്ടിക്കൊടുക്കുക എന്നു പറയും.
38. നിൽക്ക് നിൽക്ക് ഇവിടെ ഞാറു പൊരിച്ച് തീർന്നിട്ടില്ല.അതിനു മുമ്പേ കുട്ടി യ്ക്ക് അമ്മിഞ്ഞപ്പാലു കൊറ്റക്കാൻ വിളിക്കുന്നു. കുത്തക തീരാതെ പോയാൽ വല്ലിയും തരില്ല. കൂലിയും തരില്ല. നമ്മൾ പട്ടിണിയാകും. കുട്ടി ഇത്തിരി കരയട്ടെ. 2000ത്തിലെ ഫീൽഡ് സ്റ്റഡിയിൽ പൊഞ്ഞെ പാടിയത്.
39. ഞണ്ട് കൊണ്ടു വരാമെന്നു ആശ്വാസം പറയുന്നതുപ്പം അമ്മയുടെ ജോലിയുടെ കാഠിന്യവും പാടുന്നു.
40. പി.കെ., കാളൻ പാടിയത്.
41. ആവേദകർ ഹരിത എം., രശ്മി സതീഷ്.
42. ആവേദകൻ കരിയൻ, 2015-ലെ ഫീൽഡ് വർക്ക്.
43. ഇന്ദു മേനോൻ.
44. കുഞ്ഞോം ദേശത്തെ കുറിച്യതലവനായ അച്ചപ്പൻ എന്ന ആവേദകനുമായ് നടത്തിയ 2018ലെ അഭിമുഖം.
45. 2017, 2018, 2019-കളിൽ വയനാട്ടിൽ നടത്തിയ ഗവേഷണത്തിൽ ശേഖരിച്ച വിവരങ്ങൾ.
46. ആവേദകരായ തലക്കര ബാലൻ, ആന്നി കുഞ്ഞാമൻ എന്നിവരുമായി 2018 തിൽ നടത്തിയ അഭിമുഖം.
47. റാഗി.
48. കുപ്പോശ് അജ്ജൻ കാള്ൺമായി 2005 - ൽ നടത്തിയ അഭിമുഖം.

## ആധാരസൂചി

1. അസീസ് തരുവണ, അടിമത്ത നിരോധനത്തിന്റെ 30 ആണ്ട് കഴിഞ്ഞിട്ടും അടിമത്തം അവസാനിച്ചിട്ടില്ല, ആഴ്ചവട്ടം, കോഴിക്കോട്, 2006.
2. .......................വയനാട്ടിലെ ആദിവാസികൾ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം 2020.
3. ഇന്ദുമേനോൻ, ട്രാൻസെൻഡെൻസ് ഓഫ് മിത്ത് റ്റ ദി സോഷ്യൽ ലൈഫ് ഒഫ് ട്രൈബൽ കമ്മ്യൂണിറ്റീസ്, തീസീസ്,കണ്ണൂർ യൂണിവേഴ്സിറ്റി, 2017.
4. ഗോപാലൻ നായർ സി., മലബാർ സീരീസ്സ്.
5. ചാക്കോ ഡി. കന്നോട്ടുമുടി, കുറിച്യരുടെലോകം, എഡി.-3, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2013.
6. ചന്ദ്രമോഹൻ ആർ.എസ്., വയനാട്ടിലെ ആദിവാസിപ്പാട്ടുകൾ,മാതൃഭൂമിബുക്ക്സ്, കോഴിക്കോട്, 2013 .
7. പങ്കജാക്ഷൻ എം. ആർ., കേരള ഭാഷാഗാനങ്ങൾ, എഡി-2, കേരളസാഹിത്യഅക്കാദമി, തൃശ്ശൂർ,2005.
8. ബേബി കെ,ജെ., മാവേലിമന്റം.
9. പാന്തർ കെ. കേരളത്തിലെ അമേരിക്ക
10. ..........കേരളത്തിലെ ആഫ്രിക്ക
11. മാധവൻനായർ, ടി., എൻസൈക്ലോപീഡിയ ഓഫ് ദ്രവിഡിയൻ ലിംഗ്വിസ്റ്റിക്ക്സ്, ഐഎസ്ഡിഎൽ, തിരുവനന്തപുരം,1996.
12. രമേഷ് എം.ആർ., തോട, ഒലിവ് പബ്ലിക്കേഷൻ, കോഴിക്കോട്,2012.
13. സോമശേഖരൻ നായർ, പി., തച്ചനാടർ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2015.
14. ............................, പണിയഭാഷ, നാഷണൽബുക്ക്സ്റ്റാൾ, തിരുവനന്തപുരം,1977 .
15. Edgar Thurston, Castes & Tribes of South Inida, LP, New Delhi, 2010 .
16. Joni O.K., Wayanad Rekhakal, Mathrubhumi books. 1/1
17. Panikkar K.N., Against Lord & State, Oxford, New Delhi, 1992.
18. Raghava Varier M.R.Dr., Keynote Address, National Seminar at NMSM Govt. College, Kalpetta, on Oral traditions of Wayanad, 09.01.2017.
19. Menon, Indu V , Gaddika: Ritual and Reality in the Culture of Adiya Tribe , Proceedings of International Conference on Studies in Humanities and Social Sciences (ICSHSS'15 ) July 29-30, 2015 Phuket.
20. Santhosh, Rachel Mapping of an Ethnohistory of the Paniyan: Some Preliminary Reflections, Indian Anthropologist Vol. 38, No. 1 Jan-June 2008.
21. William Logan, Malabar Manual II, Thiruvananthapuram, 2000, p. cccxxiii.

*induvmenon@gmail.com*

# മാതൃത്വത്തിന്റെ രാഷ്ട്രീയം —മൗനത്തിന്റെ കൂട്ടുതകർക്കുന്ന ബന്ധം

ഡോ. ജിഷ എലിസബേത്ത് വർഗ്ഗീസ്
അസിസ്റ്റന്റ് പ്രൊഫസർ, സെന്റ് മേരീസ് കോളെജ്, തൃശ്ശൂർ.

## സംഗ്രഹം

നൂറ്റാണ്ടുകളായി നിശ്ശബ്ദരാക്കപ്പെട്ട, മനുഷ്യരാശിയിൽ പാതിയിലധികം വരുന്ന സ്ത്രീകളുടെ സമകാലമുന്നേറ്റങ്ങളുടെ വിപ്ലവമുഖമാണ് മാതൃത്വരാഷ്ട്രീയം. മാതൃത്വം ചരിത്രപരമായി സ്ത്രീയുടെ കടമയായി വ്യാഖ്യാനിക്കപ്പെട്ടിരുന്നെങ്കിലും ആധുനികകാലത്ത് സ്ത്രീചിന്തകർ ഇതിനെ ചോദ്യം ചെയ്തു. അമ്മയെ വീണ്ടെടുക്കുകയും മാതൃത്വത്തെ പുനർനിർവ്വചിക്കുകയും ചെയ്ത ആയിരത്തിത്തൊള്ളായിരത്തി എഴുപതുകളിൽ അമ്മമാരും പെൺകുട്ടികളും തമ്മിലുള്ള കൂട്ടുകെട്ടിലൂടെ സ്ത്രീകളുടെയും പ്രകൃതിയുടെയും മനുഷ്യമൂല്യങ്ങളുടെയും സംരക്ഷണത്തിന് ഒരു പുതിയ രാഷ്ട്രീയചിന്ത രൂപംകൊണ്ടു. അധികാരരഹിതമായി സാമൂഹികനന്മയെ ലക്ഷ്യംവെയ്ക്കുന്ന ഈ മുന്നേറ്റത്തിന്റെ ആവശ്യവും കർമ്മവഴികളും വിശദീകരിക്കുകയാണ് ഈ പ്രബന്ധത്തിൽ.

**താക്കോൽ വാക്കുകൾ:** മാതൃത്വം, സ്ത്രീപക്ഷരാഷ്ട്രീയം, പ്രത്യുത്പാദനരാഷ്ട്രീയം, സംരക്ഷണമൂല്യം, സഹനം, സ്ത്രീപക്ഷപരിസ്ഥിതിശാസ്ത്രം.

വീടിനു പുറത്ത് അന്യരുമായി ഇടപെട്ട് തന്റെ ജീവിതത്തിന്റെ ഭൂരിഭാഗം സമയവും ചെലവഴിക്കേണ്ടി വരുന്നവനാണ് ആധുനിക മനുഷ്യൻ. അങ്ങനെ പുറം ലോകങ്ങളുമായി ഇടഞ്ഞ്, തളർന്ന് വീട്ടിലെത്തുമ്പോൾ തന്റെ മുഷിഞ്ഞ മനസ്സ് തൂക്കിയിടാനുള്ള ഒരയക്കോലാണ് അമ്മ. അത് ആണിനും പെണ്ണിനും ഒരുപോലെ സ്നേഹം പകരുന്ന ഒരു അഭയകേന്ദ്രമാണ്. സങ്കല്പം ഇങ്ങനെയാണെങ്കിലും നമ്മുടെ വീടുകളിലെ അമ്മ എന്ന വ്യക്തിയ്ക്ക് ഈ സങ്കല്പം പൂർത്തീകരിക്കാൻ കഴിയാറുണ്ടോ? ജോലിസ്ഥലത്തു നിന്നും ഒട്ടേറെ

പ്രശ്നങ്ങളും സംഘർഷങ്ങളുമായി വീട്ടിലെത്തുമ്പോൾ തന്നെ കാത്തിരിക്കുന്ന വീട്ടുപണിയും കുടുംബാംഗങ്ങളുടെ ഉത്തരവാദിത്തവും എല്ലാം കൂടി ഭ്രാന്തു പിടിക്കുന്ന ഒരവസ്ഥയാണ് ഇന്നത്തെ സ്ത്രീ/അമ്മ അനുഭവിക്കുന്നത്. ഒരല്പം ചിന്തിക്കുകയും വായിക്കുകയും ചെയ്യുന്ന സ്ത്രീയാണെങ്കിൽ അവസ്ഥ കൂടുതൽ കടുപ്പമാകും. ഇതിനിടയിൽ മക്കളുടെ പൊള്ളുന്ന നെറ്റിത്തടങ്ങളെ തഴുകിയാശ്വസിപ്പിക്കാൻ എവിടെ നേരം? അഥവാ നേരമുണ്ടാക്കിയാൽ തന്നെ മക്കൾ ഇന്ന് അമ്മയുടെ തോളിൽ ആശ്വാസം കണ്ടെത്തുന്നുണ്ടോ ? ഇന്റർനെറ്റും മൊബൈൽ ഫോണും ഒക്കെയായി അവരുടെ ലോകം തിരക്കുള്ളതായിരിക്കുന്നു. ഇവിടെ 'അമ്മ' പുനർനിർവ്വചിക്കേണ്ട ഒരു യാഥാർത്ഥ്യമായി മാറിയിരിക്കുന്നു.

കുട്ടിക്കാലത്ത് അമ്മ ഭക്ഷണമായിരുന്നു. പിന്നെ നടക്കാൻ പഠിപ്പിച്ച 'വാക്കർ' ആയി. പഠനകാലങ്ങളിൽ ടീച്ചറും മടിച്ചു വീട്ടിലിരിക്കുമ്പോൾ 'കുട്ടിയ്ക്കു സുഖമില്ല' എന്ന് ലീവ് ലെറ്റർ എഴുതിത്തരുന്ന നുണക്കൂട്ടായിരുന്നു. കൗമാരത്തിലെത്തിയപ്പോൾ അമ്മ വിശേഷങ്ങളും സ്വപ്നങ്ങളും പങ്കുവെയ്ക്കുന്ന കൂട്ടുകാരിയായി. പതുക്കെപ്പതുക്കെ എന്റെ രഹസ്യങ്ങൾ കണ്ടുപിടിക്കുന്ന സി.ഐ.ഡി. ആയപ്പോൾ ഞാൻ അമ്മയിൽ നിന്നകന്നുതുടങ്ങി. തിരക്കേറിയ ഉന്നതവിദ്യാഭ്യാസകാലം. ഹോസ്റ്റൽ ജീവിതം. വല്ലപ്പോഴും വീട്ടിലേയ്ക്കെത്തുമ്പോൾ നാവിൽ രുചിയൂറുന്ന വിഭവങ്ങളായി അമ്മ എന്നിൽ നിറഞ്ഞു. എങ്കിലും ദിവസേന ഒരു കുന്നുപദേശവുമായി ഫോൺ വിളി വന്നിരുന്നു. പിന്നെ വിവാഹം, ജോലി, തിരക്കിട്ട ദിവസങ്ങളിൽ അമ്മ ആവലാതികൾ ഇറക്കിവെയ്ക്കാനുള്ള ഇടമായി. അടുക്കളപ്പാഠങ്ങൾ ഫോൺ ബില്ല് കൂട്ടി. അമ്മയാവുന്നു എന്നറിഞ്ഞ ദിനമാണ് ഞാൻ എന്റെ അമ്മയെ ഏറ്റവും സ്നേഹിച്ചത്. അടുത്തു വേണമെന്ന് കൊതിച്ചത്. കുഞ്ഞ് എന്ന അത്ഭുത വസ്തുവിനെ മെരുക്കാൻ പഠിപ്പിച്ചത് അമ്മയാണ്. കുട്ടി ഓരോ തവണ കരയുമ്പോഴും അമ്മ ഒരു വിദഗ്ദ്ധയായ ഡോക്ടറെപ്പോലെ അതിന്റെ കാരണം കണ്ടെത്തിയപ്പോൾ ഞാൻ അത്ഭുതപ്പെട്ടു. മനുഷ്യശിശുവിനെപ്പോലെ ഇത്രയും അരക്ഷിതമായ ഒരു ജീവി ഭൂമുഖത്തില്ല. മൂക്കിനു മുകളിൽ ഒരു തുണി വീണാൽ സ്വയം അത് മാറ്റാൻ കഴിയാത്ത നിസ്സഹായത. മനുഷ്യജന്മം സ്ത്രീയുടെ മഹാകാരുണ്യം മാത്രമാണ് (ബഷീർ, ശബ്ദങ്ങൾ) എന്ന ബഷീറിന്റെ വാക്കുകൾ എത്ര സത്യമാണെന്ന് അനുഭവിച്ചറിഞ്ഞ ദിനങ്ങളായിരുന്നു അത്. കുട്ടികൾ വളർന്നപ്പോൾ, അവർ ജീവിതത്തിന്റെ തിരക്കിലേയ്ക്കു നടന്നപ്പോൾ ഞാൻ തിരിച്ച് എന്റെ അമ്മയിലേയ്ക്കു നടന്നു. അമ്മ പ്രാർത്ഥനയും കരുതലും അനുഭവങ്ങളുടെ കരുത്തുമായിരുന്നു

എന്ന് തിരിച്ചറിഞ്ഞ് അവരിലേയ്ക്ക് എത്താൻ ശ്രമിക്കുന്നു. ഇങ്ങനെ അമ്മയെ ചില വ്യക്തിപരമായ ഇഷ്ടാനിഷ്ടങ്ങളിലൂടെയാണ് നമ്മളോരോരുത്തരും നിർവ്വചിക്കുന്നത്.

മാതൃത്വം സഹജമായ സ്ത്രീഭാവമോ അമ്മയാവുന്ന സ്ത്രീയുടെ ഉത്തരവാദിത്തമോ ആണെന്ന വിശ്വാസത്തെ ചോദ്യം ചെയ്തുകൊണ്ട് ആധുനിക ഫെമിനിസ്റ്റ് ചിന്തകർ രംഗത്തുവന്നതോടെയാണ് ഈ വിഷയം സമൂഹത്തിന്റെ സജീവമായ ശ്രദ്ധ ആകർഷിച്ചത്. ദൈവികവും വിശുദ്ധവുമായ കർമ്മമാണ് മാതൃത്വം എന്നും പ്രസവിക്കുക, മുലയൂട്ടുക എന്നീ കർമ്മങ്ങളുമായി അത് ബന്ധപ്പെടുന്നു എന്നും വിശ്വസിച്ചിരുന്ന സമൂഹം മാതൃത്വം കേവലം ഒരു നിർബന്ധിത തൊഴിൽ മാത്രമാണെന്നു കേട്ടപ്പോൾ ആകെ ഞെട്ടിപ്പോയി എന്നതാണ് യാഥാർത്ഥ്യം. എങ്കിലും തുടർന്നുണ്ടായ ചർച്ചകളിൽ 'വേതനരഹിതമായ അദ്ധ്വാനം' എന്ന് ലെനിൻ വിശേഷിപ്പിച്ച ഈ തൊഴിൽ സ്ത്രീതന്നെ ഏറ്റെടുക്കേണ്ടതില്ല എന്നുവന്നു. ശിശുവിന്റെ ജനനം പോലും സ്ത്രീയുടെ പങ്കാളിത്തമില്ലാതെ സംഭവിക്കും എന്ന സ്ഥിതി വന്നതോടെ അമ്മ എന്ന സ്ത്രീയുടെ പ്രസക്തി സമൂഹത്തിൽ കുറഞ്ഞു. നൂറ്റാണ്ടുകളായി അമ്മ എന്ന പദവിയും ഒമ്പതു മാസം ചുമന്നു നൊന്തുപെറ്റതിന്റെ കണക്കും സൂക്ഷിച്ചിരുന്ന സ്ത്രീക്ക് ഇത് നിലനില്പിന്റെ പ്രശ്നമായി. പുനർവിചിന്തനത്തിന്റെ ഈ കാലയളവിലാണ് മാതൃത്വം തിരിച്ചുപിടിക്കേണ്ടതിന്റെ ഉത്തരവാദിത്തം സ്ത്രീചിന്തകർക്ക് ബോധ്യപ്പെട്ടത്. അടുക്കള തിരിച്ചുപിടിക്കാൻ സാറാജോസഫ് ആഹ്വാനം ചെയ്തതുപോലെ അമ്മത്വവും വീണ്ടെടുക്കേണ്ടതായിവന്നു. കേവലം പ്രസവം, മുലയൂട്ടൽ തുടങ്ങിയ ശാരീരികാവശ്യങ്ങളുമായി ബന്ധപ്പെട്ടു മാത്രമല്ല മാതൃത്വത്തിന്റെ അസ്തിത്വമെന്നും അത് മാനവരാശിയുടെ നിലനില്പിനും ആരോഗ്യകരമായ സഹവർത്തിത്തത്തിനും അനിവാര്യമായ ഏറ്റവും ശക്തമായ രാഷ്ട്രീയപ്രവർത്തനമാണെന്നും ചിന്തിച്ചു തുടങ്ങി.

വ്യക്തിയനുഭവങ്ങളും പൊതുവിടങ്ങളും തമ്മിലുള്ള സംവാദത്തിൽ "വ്യക്തിപരമായതെല്ലാം രാഷ്ട്രീയമാണ്" (കാരോൾ ഹാനിഷ്) എന്ന ചിന്ത ശക്തമായത് ആയിരത്തിത്തൊള്ളായിരത്തി എഴുപതുകളിലാണ്. ലൈംഗികത, വസ്ത്രധാരണം, തൊഴിൽ, ശരീരത്തിന്മേലുള്ള സ്വയംനിർണ്ണയനം, ഗർഭധാരണം, ശിശുസംരക്ഷണം, ഗർഭച്ഛിദ്രം തുടങ്ങി വൈയക്തികം എന്ന കരുതിയിരുന്നതെല്ലാം പൊതു ഇടത്തിൽ ചർച്ച ചെയ്യേണ്ടതാണെന്നും വ്യക്തിപരമായ പ്രശ്നങ്ങളെല്ലാം രാഷ്ട്രീയമായി പരിഹരിക്കേണ്ടവയാണെന്നും ആയിരത്തിത്തൊള്ളായിരത്തി എഴുപതിൽ കരോൾ ഹാനിഷ് എന്ന

അമേരിക്കൻ സ്ത്രീവിമോചനപ്രവർത്തക എഴുതി. സ്ത്രീപക്ഷരാഷ്ട്രീയം പുരുഷനെ ഒഴിവാക്കുന്നതോ ആൺകോയ്മയ്ക്കു പകരം പെൺകോയ്മ സ്ഥാപിക്കുന്ന പ്രവർത്തനമോ അല്ല. പെൺപ്രത്യയശാസ്ത്രങ്ങൾ എല്ലാവിധ അധീശത്വത്തിനും വിഭജനത്തിനും എതിരുനില്ക്കുന്ന ഒരു അരാഷ്ട്രീയ അഥവാ നവരാഷ്ട്രീയ സമൂഹത്തിന്റെ രൂപീകരണത്തെ ലക്ഷ്യംവെച്ചുകൊണ്ടുള്ള ചിന്തകളാണ്. ലിംഗ-വർഗ്ഗസമൂഹങ്ങളുടെ വർഗ്ഗീകരണത്തെ ഇല്ലായ്മ ചെയ്യുന്നതോടെ മനുഷ്യരാശിയ്ക്കുമേലും പ്രകൃതിയ്ക്കുമേലും നടത്തുന്ന കീഴടക്കലുകളുടെ ചരിത്രത്തെ അട്ടിമറിക്കാനും മൂന്നാംലിംഗക്കാർ, അധഃസ്ഥിതവർഗ്ഗക്കാർ തുടങ്ങി അരികുവത്ക്കരിക്കപ്പെട്ട സമൂഹങ്ങളെ ചേർത്തു പിടിക്കാനും മാതൃകേന്ദ്രീകൃത രാഷ്ട്രീയത്തിനു കഴിയും എന്നതാണ് പ്രതീക്ഷ. എൺപതുകളിലാണ് അമ്മയെ കേന്ദ്രസ്ഥാനത്തു നിർത്തുന്ന ഈ രാഷ്ട്രീയനീക്കത്തിനു തുടക്കംകുറിച്ചത്. പ്രത്യുത്പാദനത്തിന്റെ രാഷ്ട്രീയം എന്നും ഇത് അറിയപ്പെട്ടു. മാതൃത്വത്തിന്റെ സംരക്ഷണമൂല്യത്തിനു രാഷ്ട്രീയത്തിൽ വീണ്ടും സ്ഥാനം കല്പിക്കപ്പെട്ടു.

### അമ്മ-സംരക്ഷണത്തിന്റെ കരുത്ത്

ചരിത്രാതീതകാലത്തെ മനുഷ്യബന്ധങ്ങളെക്കുറിച്ച് ചരിത്രകാരന്മാരുടെ ഊഹങ്ങളും കഥകളും മാത്രമേ ലഭ്യമായിട്ടുള്ളൂ. മക്കൾ അമ്മയിൽ നിന്നുമാത്രം ജനിക്കുന്നു എന്നു വിശ്വസിച്ചിരുന്ന കാലങ്ങളിൽ അമ്മ സൃഷ്ടിയുടെയും സംരക്ഷണത്തിന്റെയും പ്രതീകമായി, മനുഷ്യാരാധനയ്ക്കു പാത്രമായിരുന്നു എന്ന് അനുമാനിക്കുവാൻ കഴിയും. ലോകത്തിലെ പല സ്ഥലത്തും നിലനില്ക്കുന്ന അമ്മ ദൈവാരാധനയിൽനിന്ന് ഇത് വ്യക്തമാകും. കുഞ്ഞിന്റെ മനസ്സിൽ രൂപപ്പെടുന്ന മാതൃഭയത്തിനും ഭാരതീയ മനസ്സുകളിൽ കുടികൊള്ളുന്ന രാഷ്ട്രീയമായ അടിമത്തത്തിനുപോലും കാരണം ഈ മഹാമാതൃസങ്കല്പമാണെന്നു മായോവിന്റെ 'മദർ ഇൻഡ്യ' പോലുള്ള കൃതികളിൽ പറയുന്നു. അമ്മദൈവത്തെ പ്രസാദിപ്പിക്കാൻ ആത്മബലി മനുഷ്യൻ അന്ന് ശീലിച്ചിരുന്നു. ജീവനും ഭക്ഷണവും സംരക്ഷണവും നല്കുന്ന ശക്തയായ ഒരു മാതൃബിംബം മനുഷ്യമനസ്സിൽ ഫ്യൂഡൽ അധികാരകാലംവരെ നിലനിന്നിരുന്നതായി കാണാം.

> "മാറിലമ്മിഞ്ഞയും കൈയിൽക്കൊട്ടും കൊല-
> വാളുമെഴുമൊരു മൂർത്തി
> കാവിലുണ്ടെങ്കിലുമില്ലെങ്കിലും ശരി
> മേവിടുന്നുണ്ടയാൾക്കുള്ളിൽ!" (ഇടശ്ശേരി, മലയാളി)

എന്ന് ഇടശ്ശേരി എഴുതുന്നത് മിക്ക പ്രാചീനസമൂഹങ്ങളെ സംബന്ധിച്ചും ശരിയാണ്.

സ്നേഹവും ശിക്ഷയും ഒരുപോലെ നല്കാൻ കഴിയുന്ന മൂർത്തിയാണ് ഈ ആരാധ്യദേവത. ആൺ-പെൺ ഭേദമില്ലാതെ അമ്മയെ ആശ്രയിച്ച് ജീവിച്ചിരുന്ന മക്കൾക്ക് അമ്മ ഒരു ഭയകേന്ദ്രവും അഭയകേന്ദ്രവുമായിരുന്നു. ഈ ഭയത്തിന്റെയും ആരാധനയുടെയും തുടർച്ചയാണ് ഇന്നും നിലനില്ക്കുന്ന അമ്മദൈവാരാധന. പുരുഷാധിപത്യസമൂഹങ്ങളിലെ മതചിഹ്നങ്ങളിൽപോലും ഈ മാതൃദേവതമാർക്ക് വലിയ സ്ഥാനമുണ്ട്. ക്രിസ്ത്യാനികൾ കന്യകാമറിയത്തെ 'ലോകത്തിന്റെ രാജ്ഞി' എന്ന പദവിയിലാരാധിച്ചു തുടങ്ങിയത് ഫ്യൂഡൽ കാലത്തെ അധികാരദേവതയോടുള്ള അദമ്യമായ ഭയവും മമതയും കൊണ്ടാണെന്ന് ജൂലിയ ക്രിസ്റ്റേവ പറയുന്നുണ്ട്.

ലോകസംസ്കാരത്തിൽ മിക്കവയും മാതൃദായക്രമത്തിലാണ് വികസിച്ചത്. വിവാഹമില്ലാത്ത ലൈംഗികതയും പ്രജനന പ്രക്രിയയും നിലനിന്ന ജീവിതവ്യവസ്ഥ മനുഷ്യവർഗ്ഗത്തിന്റെ വളർച്ചയ്ക്കിടയിൽ ഉണ്ടായിരുന്നുവെന്ന് മിക്ക നരവംശശാസ്ത്രജ്ഞന്മാരും സമ്മതിക്കുന്നുണ്ട്. സ്ത്രീകളുടെമേൽ പുരുഷന് സാമ്പത്തികാധികാരമില്ലാത്തതിനാൽ സ്ത്രീയും പുരുഷനും സാമൂഹികമായും ലൈംഗികമായും സ്വതന്ത്രരായിരുന്നു. പിതാവിൽനിന്നു സ്വത്ത് പുത്രനിലേയ്ക്കു പകരുന്ന രീതി അന്ന് ഇല്ലാതിരുന്നതിനാൽ ആൺകുട്ടികൾക്ക് സമൂഹത്തിൽ പ്രത്യേകം സ്ഥാനം കല്പിച്ചിരുന്നില്ല. വംശത്തിന്റെ നിലനില്പിന് ആധാരം അമ്മ മാത്രമായിരുന്നു. അസന്ദിഗ്ദ്ധമായത് തായ്വഴി മാത്രമാകയാൽ തായ്വഴിക്കുള്ള വംശനിർണ്ണയനമാണ് പഴയ കാലത്ത് സ്വാഭാവികമായിരുന്നതെന്ന് എംഗൽസ് അഭിപ്രായപ്പെടുന്നു. ഗോത്രത്തിൽ ഏറ്റവും ആദരിക്കപ്പെട്ടിരുന്ന മുതിർന്ന ഒരു സ്ത്രീയായിരുന്നു ഗണമാതാവ് അഥവാ ഗോത്രമാതാവ്. സ്ത്രീപ്രാമാണ്യവ്യവസ്ഥയിൽ എല്ലാ മാതാക്കളും ആദരിക്കപ്പെട്ടിരുന്നു. അമ്മയിൽനിന്നു മകളിലേയ്ക്ക് ഗണമാതാവ് എന്ന സ്ഥാനം പകർന്നിരുന്നു എന്നതിന് തെളിവില്ല. ഗണമാതാവ് ഒരു തുടർച്ചയല്ല. മറിച്ച് സമൂഹത്തിലെ ഏറ്റവും ആദരണീയയായ സ്ത്രീയ്ക്കു കിട്ടുന്ന സ്ഥാനമാണ്.

പല ഗോത്രങ്ങളിലും മാതാവിനെ 'നിത്യകന്യക'യായി വിഭാവനം ചെയ്തിരുന്നു. കന്യകയ്ക്ക് മാന്ത്രിശേഷിയുള്ളതായി വിശ്വസിച്ചിരുന്നു. ഡിമിറ്റർ, പെർസിഫോൺ, സിബിലെ, അറ്റിസ്, അഫ്രൊഡൈറ്റി, ഇസ്താർ, ദുർഗ്ഗ, കാളി തുടങ്ങിയ മഹാമാതാക്കളെല്ലാം നിത്യകന്യകമാരും അധൃഷ്യമായ ശക്തിയ്ക്കുടമകളും ആയിരുന്നു. കാർഷികവ്യവസ്ഥയിലും ഈ ദേവതാസങ്കല്പം തുടർന്നു. വൈദികപാരമ്പര്യം പുരുഷകേന്ദ്രിതമാകുകയും സ്ത്രീ അവന്റെ സ്വകാര്യസ്വത്തായിത്തീരുകയും ചെയ്തതോടെ അമ്മയും മകളും

അടങ്ങുന്ന സ്ത്രീകൾ സമൂഹത്തിൽ അനുഭവിച്ചിരുന്ന സ്വാതന്ത്ര്യം പൂർണ്ണമായും നഷ്ടപ്പെട്ടു. മാതൃദായക്രമം തുടർന്നിരുന്ന സ്ഥലങ്ങളിൽപ്പോലും പുരുഷന്റെ അധികാരപരിധിയ്ക്കുള്ളിലായിത്തീർന്നു സ്ത്രീ. പുരുഷാധിപത്യ പ്രത്യയശാസ്ത്ര ങ്ങൾക്കനുസൃതമായി ജീവിക്കാനാണ് പിന്നീട് അമ്മ മകളെ പഠിപ്പിച്ചത്. അതുകൊണ്ട് അധികാരവും രാഷ്ട്രീയവും ഇവരിൽ നിന്ന് ഏറെ അകലത്തായി മാറി. ആധുനിക സാമൂഹികക്രമങ്ങളെക്കുറിച്ച് ചിന്തിച്ചവരെല്ലാം മാതൃദായക്ര മത്തിന്റെ നന്മയെ സ്വീകരിച്ചവരാണ്. എംഗൽസ് കമ്മ്യൂണിസത്തെ പ്രാചീന ഗണസമുദായത്തിലുണ്ടായിരുന്ന സ്വാതന്ത്ര്യത്തിന്റെയും സമത്വത്തിന്റെയും സാഹോദര്യത്തിന്റെയും കൂടുതൽ ഉയർന്നരൂപമായി വിഭാവന ചെയ്യുമ്പോൾ ഫ്രോയിഡ് മാനസികാരോഗ്യമുള്ള മനുഷ്യലോകത്തെ പഴയ ഗണവ്യവസ്ഥ യുടെ മാതൃകയിലാണ് സങ്കല്പിക്കുന്നത്. പക്ഷേ ഇവരൊക്കെ അധികാരമാളുന്ന മനുഷ്യൻ എന്ന ഗണത്തിൽ പരിഗണിച്ചത് പുരുഷനെ മാത്രമാണ്. അതുകൊ ണ്ടുതന്നെ സ്ത്രീകേന്ദ്രീകൃതവ്യവസ്ഥയോ സ്ത്രീയ്ക്കനുകൂലമായ രാഷ്ട്രീയമോ അല്ല ഇവർ മുന്നോട്ടുവെയ്ക്കുന്നത്. പുരുഷനന്മയ്ക്കുവേണ്ടി സംരക്ഷിതമാതൃബിംബത്തെ പ്രോത്സാഹിപ്പിക്കുവാനുള്ള ശ്രമം മാത്രമാണിത്. പ്രകൃതിയിൽ ജനിച്ചു വീഴുന്ന ഏതു കുഞ്ഞിനും തന്റെ വളർച്ചയിൽ സംരക്ഷിക്കാനും ഭക്ഷണം തരാനും കഴിയുന്ന ഒരു വ്യക്തിയുടെ സഹായം ആവശ്യമാണ്. ഈ ആവശ്യത്തെ നിറവേറ്റുന്നതോടൊപ്പം കുഞ്ഞിൽ മാനസികവും വൈജ്ഞാനികവുമായ ഘടനയെ വളരാൻ സഹായിക്കുന്ന ശക്തമായ ഘടകവും അമ്മ ആവുന്നതു കൊണ്ടാണ് മനുഷ്യമനസ്സിൽനിന്ന് ഒഴിവാക്കാനാവാത്ത നിലയിൽ അമ്മ സ്ഥാനം പിടിച്ചത്.

### അമ്മയും മകളും പങ്കിടുന്ന സഹനത്തിന്റെ രാഷ്ട്രീയം

നാം ജീവിക്കുന്ന സമൂഹത്തിൽ സ്ത്രീത്വത്തിന്റെ ഏറ്റവും ആദർശവൽകൃതരൂ പമാണ് അമ്മ—സർവ്വംസഹയായ അമ്മ. തന്റെ സർവ്വസ്വവും മക്കളുടെ നന്മയ്ക്കുവേണ്ടി ബലികൊടുക്കാൻ മടിയില്ലാത്ത 'നല്ല അമ്മ' എന്ന സങ്കല്പം വിക്ടോറിയൻ കാലഘട്ടംമുതൽ മനുഷ്യമനസ്സിൽ ആഴത്തിൽ പതിഞ്ഞതാണ്. ഈ സങ്കല്പത്തിന്റെ ഏറ്റവും ഉദാത്തമായ മാതൃകയാണ് കന്യകാമറിയം. തന്റെ പുത്രനെ ലോകത്തിനു വിട്ടുകൊടുക്കുന്ന വലിയ സ്നേഹമാണവർ. പരമ്പരാഗതമായ ഈ സങ്കല്പത്തെ മാറ്റിയെടുക്കാനും അമ്മയെ വൈവിദ്ധ്യ മാർന്ന മനുഷ്യസ്വഭാവത്തിന്റെ അടിസ്ഥാനത്തിൽ പുനർനിർവ്വചിക്കാനും എത്രതന്നെ ശ്രമിച്ചാലും സമൂഹമനസ്സിന്റെ അടിത്തട്ടിൽ സഹനത്തിന്റെയും ക്ഷമയുടെയും മൂർത്തിയായ അമ്മയാണ് കുടികൊള്ളുന്നതെന്ന് സ്ത്രീചിന്തകർ

നിരീക്ഷിക്കുന്നു. ഏയ്ക്കർഗ്രേയുടെ 'വേർപെടുത്തപ്പെട്ട ഹൃദയം' എന്ന കവിത ഉദ്ധരിച്ചുകൊണ്ടാണ് ഭാവിയിലും മാതൃത്വത്തിന്റെ ധർമ്മം സഹനമാണെന്നു ജെസ്സി ബർണാർഡ് പറയുന്നത്. ഈ കവിതയിൽ തന്റെ പ്രണയിനിയുടെ ആവശ്യപ്രകാരം സ്വന്തം അമ്മയുടെ മാറിടം പിളർന്ന് മുറിച്ചെടുത്ത, രക്തമിറ്റുന്ന ഹൃദയവുമായി അവളുടെ അടുത്തേയ്ക്ക് ഓടുന്നതിനിടയിൽ മകൻ വീണുപോവുകയും നിലത്തുവീണുരുളുന്ന അമ്മയുടെ ഹൃദയം 'എന്റെ കുഞ്ഞിനു വേദനിച്ചോ'യെന്നു മകനോടു ചോദിക്കുകയും ചെയ്യുന്നതായി ചിത്രീകരിച്ചിട്ടുണ്ട്. പുരുഷൻ എത്ര ക്രൂരത കാട്ടിയാലും മാതൃഹൃദയം അതു സഹിക്കുമെന്നും അവനോടു കരുണയോടെ പ്രവർത്തിക്കുമെന്നും സമൂഹം വിശ്വസിക്കുന്നിടത്തോളം അമ്മ എന്ന വ്യക്തിയെ അവരുടെ സഹജമായ അവസ്ഥയിൽ കാണാൻ കഴിയില്ല എന്നതാണു സത്യം. ഒരു സ്ത്രീ അമ്മയാവുന്നതോടെ അവളുടെ സ്വഭാവത്തിൽ സഹനവും ക്ഷമയും ഉണ്ടാവണമെന്നു സമൂഹം ആവശ്യപ്പെടുന്നു. വംശത്തിന്റെ നിലനില്പിനും തുടർച്ചയ്ക്കും സ്ത്രീകളുടെ ആത്മനിഷേധവും സഹനവും മാത്രം പോരാ. സ്ത്രീകൾ പ്രബുദ്ധരോ ചോദ്യം ചെയ്യുന്നവരോ ആയിക്കൂടാ എന്ന് ആധുനികകാലത്തും പുരുഷന്മാർ കരുതുന്നു. ഇവിടെയാണ് സഹനത്തിന്റെ രാഷ്ട്രീയം പ്രസക്തമാവുന്നത്.

അടിച്ചമർത്തപ്പെട്ട ഏതു വിഭാഗത്തെയുംപോലെ സ്ത്രീയും തങ്ങളുടെ വേദനയെ നിശ്ശബ്ദമായി സഹിച്ചുകൊണ്ട് ആന്തരികതലത്തിൽ പ്രതിഷേധത്തിന്റെ ചുഴലി രൂപപ്പെടുത്തുകയാണ് ചെയ്തത്. തലമുറകളിലൂടെ പകർന്ന വൈകാരികമായ മുറിവിനെ ഒരു രാഷ്ട്രീയ ഉപകരണമാക്കാമെന്ന് സിദ്ധാന്തിച്ചത് 1901-ൽ ലോറാ ബ്രൗൺ ആണ്. അധിനിവേശഭൂമികളും കോളണിവത്ക്കരിക്കപ്പെട്ട ജനതയും അനുഭവിക്കുന്ന മാനസികസംഘർഷം അവരിൽ ശാരീരികമായ വേദനയായി, രോഗമായിത്തീരുന്നതിനെക്കുറിച്ച് ചിന്തിക്കുമ്പോൾ സ്ത്രീ ഗാർഹികമായി അനുഭവിക്കുന്ന വൈകാരികസംഘർഷങ്ങളും സഹനങ്ങളും പ്രശ്നവത്കരിക്കുകയാണ് ലോറ ചെയ്തത്. ക്വിയർ സൈദ്ധാന്തികയായ ആൻ ഷ്വെറ്റ്കോവിച് വേദനയെയും സഹനത്തെയും സാമൂഹികവും രാഷ്ട്രീയവുമായ ഒരു ആയുധമായി ഉപയോഗിച്ചു. രാഷ്ട്രീയവും വ്യക്തിവികാരങ്ങളും തമ്മിലുള്ള സുവ്യക്തബന്ധങ്ങൾക്കു രൂപം നല്കുന്ന, സമൂഹത്തിൽ രാഷ്ട്രീയഹിംസാത്മകത ഉളവാക്കുന്ന അനുഭവങ്ങൾക്കുള്ള ഒരു പേരായിട്ടാണ് അവർ വേദനയെ നിർവ്വചിക്കുന്നത്. രണ്ടായിരാമാണ്ടോടെ 'സഹനത്തിന്റെ രാഷ്ട്രീയം' പെൺകുട്ടികളും സ്ത്രീകളും കറുത്ത വർഗ്ഗക്കാരും പീഡനത്തിനിരയാകുന്ന എല്ലാവിഭാഗങ്ങളും ഒത്തുചേരുന്ന ഒരു

രാഷ്ട്രീയപ്രത്യയശാസ്ത്രമായി രൂപപ്പെട്ടു. ആത്മസഹനത്തിലൂടെ കരുത്തുറ്റ ഒരു ജനതയായി സ്ത്രീക്ക് മാറുവാനും എല്ലാത്തരം അധിനിവേശങ്ങളെയും പീഡനങ്ങളെയും നേരിടാൻ കഴിയുന്ന തീക്ഷ്ണരാഷ്ട്രീയ പ്രസ്ഥാനമായി രൂപാന്തരപ്പെടാനും കഴിഞ്ഞു. അതിന്റെ ശക്തമായ പ്രതിഫലനം ഇന്ന് ലോകത്തു കാണാം.

### മാതൃത്വത്തിന്റെ രാഷ്ട്രീയം കർമ്മപഥത്തിൽ

സ്ത്രീശരീരത്തിനുമേലുള്ള പുരുഷന്റെ ബലാൽക്കാരമാണ് സ്ത്രീകളെ ചരിത്രത്തിൽ പലപ്പോഴും നിശ്ശബ്ദയാക്കിയിട്ടുള്ളത്. ബലാത്സംഗം ഒരു വലിയ ഭീകരപ്രവർത്തനമാണ്. ജാതിയുടെയൊ മതത്തിന്റെയൊ സാമ്പത്തികാവസ്ഥയുടെയൊ വിഭാഗീയതകളില്ലാതെ സ്ത്രീകൾ ഇരകളാക്കപ്പെടുന്ന സാമൂഹികവിപത്താണിത്. പക്ഷേ, പുരുഷന്മാരെ ന്യായീകരിക്കാനും മോശം സാഹചര്യത്തിൽ അസമയത്ത് എത്തപ്പെടുന്ന സ്ത്രീയിൽ ചാരിത്ര്യശങ്ക ആരോപിക്കാനും സ്ത്രീകൾ സ്വശരീരത്താലോ പെരുമാറ്റത്താലോ പ്രേരിപ്പിച്ചിട്ടാണ് പുരുഷന് നിയന്ത്രണം വിട്ടുപോയത് എന്ന് വിധിക്കാനുമാണ് പുരുഷാധിപത്യനീതിവ്യവസ്ഥയ്ക്ക് കൂടുതൽ താത്പര്യം. എന്നാൽ തന്റെ ശരീരത്തിന്മേൽ തന്റെ ഇംഗിതമില്ലാതെ നടക്കുന്ന ഈ കടന്നുകയറ്റത്തെ സ്ത്രീകൾ ഭയപ്പെടുന്നു. രാത്രിയിൽ സഞ്ചരിക്കാതിരിക്കാനും പൊതുസ്ഥലങ്ങളിൽ നിശ്ശബ്ദയാവാനും നിഷ്ക്രിയരാകാനും സ്ത്രീ ശ്രമിക്കുന്നത് ഈ ഭയം മൂലമാണ്. പുരുഷലോകത്തിനും സംരക്ഷകരും സാന്ത്വനവുമായ സ്ത്രീക്ക് പുരുഷലോകം പകരംകൊടുക്കുന്നത് അവിഹിതഗർഭവും സ്വേച്ഛയാലല്ലാത്ത മാതൃപദവിയുമാണെന്ന ദുരന്തം കാണാതിരിക്കാനാവില്ല. ആധുനിക കാലമാവുമ്പോഴേയ്ക്കും സ്ത്രീകൾ, പ്രത്യേകിച്ചും അമ്മമാർ തങ്ങളുടെ പെൺമക്കളുടെ സംരക്ഷണം ഉറപ്പാക്കുന്നതിന് സംഘടിച്ച് പ്രവർത്തിച്ചുതുടങ്ങി. 2004 ജൂലൈ 15-ന് മണിപ്പൂരിലെ പട്ടാളബാരക്കുകളിലേയ്ക്ക് സ്ത്രീകൾ സംഘടിതമായി നടത്തിയ പ്രതിഷേധ പ്രകടനം സവിശേഷ ശ്രദ്ധയർഹിക്കുന്നതായിരുന്നു. തങ്ജാൻ മനോരമ എന്ന 32 വയസ്സുള്ള സ്ത്രീയെ പട്ടാളക്കാർ ക്യാമ്പിൽ പിടിച്ചുകൊണ്ടുപോയി ബലാത്സംഗം ചെയ്തു കൊന്നതിൽ പ്രതിഷേധിച്ച് 40 സ്ത്രീകൾ നഗ്നരായിട്ടാണ് പ്രകടനം നടത്തിയത്. ഗുജറാത്തിലും സമാന്തരമായ ഒരു സംഭവം നടന്നിട്ടുണ്ട്. 2014-ൽ ഉണ്ടായ ഡൽഹി ബലാത്സംഗക്കേസ്സിൽ രാജ്യത്തുടനീളം അതിശക്തമായ പ്രതിഷേധം ഉണ്ടായി. അമ്മയും മകളുമടങ്ങുന്ന സ്ത്രീസമൂഹത്തിന്റെ സംരക്ഷണം സ്ത്രീകൾതന്നെ ഏറ്റെടുക്കാൻ മുന്നോട്ടുവന്ന കാലമാണിത്. മാതൃത്വത്തെ ഒരു രാഷ്ട്രീയശക്തിയായി വളർത്തിയെടുക്കാനും അമ്മയും മകളും

അടങ്ങുന്ന സ്ത്രീക്കൂട്ടായ്മയിലൂടെ ശക്തി നേടാനും ആധുനികകാലത്ത് സ്ത്രീകൾ നടത്തിയ യത്നത്തിന്റെ ഫലമാണിത്. ലോകത്തെല്ലായിടത്തും ഏതു വർണ്ണ-വർഗ്ഗവിഭാഗത്തിലുമുൾപ്പെടുന്ന സ്ത്രീകളുടെയും പെൺകുട്ടികളുടെയും സുരക്ഷ ഉറപ്പാക്കുന്നതോടൊപ്പം ലിംഗ-വർണ്ണഭേദങ്ങളില്ലാതെ സമൂഹത്തിലെ എല്ലാ മനുഷ്യർക്കും സംസ്കാരികമായി ഉയരാനുള്ള സാഹചര്യമൊരുക്കാനുള്ള ശക്തമായ ഒരു സംഘടനയായി സ്ത്രീകൾ വളർന്നുകഴിഞ്ഞു. 2005ൽ പ്രസിദ്ധീകരിച്ച ടൺഡെ ഒയ്ഡൊയ്ൻ രചിച്ച 'മദേഴ്സ് യുണൈറ്റ് എഗെയ്ൻസ്റ്റ് റേപ്'' എന്ന കൃതിയും ഈ രംഗത്ത് പ്രത്യേക പരാമർശമർഹിക്കുന്നു.

സ്ത്രീയുടെ സ്വയം നിർണ്ണയാവകാശം പുരുഷനു അംഗീകരിക്കാൻ ബുദ്ധിമുട്ടുള്ള ഒരു പ്രശ്നമാണ്. എന്നാൽ ബലാത്സംഗത്തെ തടുക്കുന്നതുപോലെ തന്നെ അനാവശ്യ ഗർഭത്തെ ഒഴിവാക്കാനുള്ള സ്വാതന്ത്ര്യവും വിവാഹം, പ്രസവം, കുട്ടികളുടെ എണ്ണം തുടങ്ങിയ കാര്യങ്ങളിൽ തീരുമാനമെടുക്കാനുള്ള അവകാശവും സ്ത്രീക്കു ലഭിക്കുമ്പോഴേ സാമൂഹികസമത്വം യാഥാർത്ഥ്യമാവുകയുള്ളൂ എന്ന് സ്ത്രീകൾ തിരിച്ചറിഞ്ഞു. ജനിതകവിപ്ലവത്തിലൂടെയും 'ക്ലോണിങ് ' തുടങ്ങിയ ശാസ്ത്രനേട്ടങ്ങളിലൂടെയും ശാസ്ത്രം മാതൃത്വത്തിനു വെല്ലുവിളിയായത് ഈ നൂറ്റാണ്ടിലാണ്. പേരന്റിന്റെ ഒരു കോശത്തിൽനിന്ന് ഒരേ പോലെയുള്ള അനേകം കുഞ്ഞുങ്ങളെ ഉത്പാദിപ്പിക്കാൻ ഇന്ന് സാങ്കേതിക വിദ്യയ്ക്കു കഴിയുമ്പോൾ 'അമ്മ'യുടെ സാന്നിധ്യം ഒരു പാടിയാർക്കൽ പ്രശ്നമായിത്തീർന്നു. മാതൃത്വം ഒരു തെരഞ്ഞെടുപ്പാകുമ്പോൾ സ്ത്രീയുടെ സ്ഥാനം കേവലം ഗർഭപാത്രമായും മനുഷ്യലിംഗനിർണ്ണയനത്തിലെ ജൈവവിപര്യയങ്ങൾ അപഹാസ്യമായും മാറുകയും സമൂഹത്തിന്റെ ക്രമം സ്ത്രീക്ക് കൂടുതൽ പ്രശ്നമാവുകയും ചെയ്യും എന്ന് ഷൂലമിത്ത് ഫയർസ്റ്റണിനെപ്പോലുള്ള സ്ത്രീചിന്തകർ വാദിച്ചു. മനുഷ്യരാശിയുടെ പ്രകൃത്യാലുള്ള നിലനില്പിനുതന്നെ ഹാനികരമായിത്തീരുവാൻ തക്കവണ്ണം പുരുഷലോകത്തെ ഹിംസാത്മകമായി വളർത്താതെ സ്ത്രീയും, മനുഷ്യരാശിയുടെ ഭാഗമാണെന്നു പഠിപ്പിച്ച് ആൺകുട്ടികളെ ധാർമ്മികബോധത്തിൽ വളർത്തേണ്ട ദൗത്യവും കൂടി ഇന്ന് അമ്മമാർക്കു പുതിയ ഉത്തരവാദിത്തമായി മാറുന്നു.

വസ്ത്രം, ഭക്ഷണം, ആരോഗ്യം, പാർപ്പിടം, ശുചിത്വം, പ്രകൃതി വിഭവങ്ങളുടെ ലഭ്യത, ഇന്ധനലഭ്യത തുടങ്ങി അടിസ്ഥാന മനുഷ്യാവശ്യങ്ങളെല്ലാംതന്നെ സ്ത്രീയുടെ നിയന്ത്രണത്തിലാവുന്നതിനെക്കുറിച്ച് ആധുനിക സ്ത്രീവിഭാഗം ബോധവതികളാണ്. പ്രകൃതിയെ കീഴടക്കി പ്രകൃതിവിഭവങ്ങളെ ചൂഷണം ചെയ്തു പുരുഷൻ നടത്തുന്ന കൊള്ളയ്ക്കും അക്രമത്തിനും എതിരെയുള്ള ഒരു

കരുതൽ കൂടിയാണിത്. മാനവസംസ്കാരത്തിന്റെ ആരംഭംമുതൽ രുചിഭേദങ്ങളെല്ലാം പുരുഷന്റെ താത്പര്യങ്ങൾക്കനുസൃതമായാണ് നിർണ്ണയിക്കപ്പെട്ടിരുന്നത്. സ്ത്രീയുടെ അണിഞ്ഞൊരുങ്ങൽപോലും അവളുടെ സംതൃപ്തിയ്ക്കല്ല; മറിച്ച് പുരുഷനെ ആകർഷിക്കാനാണ്. വസ്ത്രധാരണത്തിൽ ആധുനിക കാലത്തുവന്ന പരീക്ഷണങ്ങളെല്ലാംതന്നെ സ്ത്രീസദാചാരത്തെ മുൻനിർത്തി പുരുഷനോട്ടത്തിലൂടെയായിരുന്നു എന്നത് പുരുഷമേൽക്കോയ്മയുടെ പിടിമുറുക്കം എത്രയുണ്ട് എന്നു വ്യക്തമാക്കുന്നു. പെണ്ണ് ആണിനെപ്പോലെ വേഷം ധരിക്കുന്നതും പുരുഷനെ പ്രലോഭിപ്പിക്കുന്ന വേഷം ധരിക്കുന്നതും ഒരുപോലെ വിമർശന വിധേയമായിട്ടുണ്ട്. അമ്മമാരാണ് പെൺകുട്ടികളെ ഇത്തരം കാര്യങ്ങളിൽ കൂടുതൽ വിമർശിച്ചിരുന്നത്. ആധുനിക ജീവിതസാഹചര്യങ്ങളുമായിണങ്ങുന്ന വസ്ത്രം ധരിക്കാനുള്ള അവകാശം ഇന്ന് സ്ത്രീയ്ക്കുണ്ടെങ്കിലും മാധ്യമങ്ങളും പരസ്യക്കമ്പനികളും ഒരുക്കുന്ന ഫാഷൻ മാഫിയയിൽ കുടുങ്ങി സ്ത്രീ വീണ്ടും ഉപഭോഗസംസ്കാരത്തിന്റെ ഇരയായി മാറുകയാണിന്ന്. ഇതിനെതിരെ ജാഗ്രത പുലർത്താനും സ്ത്രീസംഘടനകൾ മുന്നോട്ടുവന്നിട്ടുണ്ട്. സൗന്ദര്യമത്സരങ്ങൾ, ഫാഷൻ പരേഡുകൾ, മോഡലിംഗ് തുടങ്ങി സ്ത്രീശരീരത്തെ ചൂഷണം ചെയ്യുന്ന ആഗോളമാധ്യമങ്ങൾക്കെതിരെ പോരാടേണ്ട ഉത്തരവാദിത്തവും സ്ത്രീ സംഘടനകൾ ഏറ്റെടുത്തിട്ടുണ്ട്. ഇതിൽ മാതൃത്വത്തിന്റെ പങ്ക് ചെറുതല്ല. പെൺകുട്ടികളെ ചൂഴ്ന്നുനില്ക്കുന്ന സകല ചൂഷണങ്ങൾക്കെതിരെയും ഉണർന്നു പ്രവർത്തിക്കാനും പ്രതികരിക്കാനും അമ്മമാരുടെ കൂട്ടായ്മ ഇനിയും ശക്തി പ്രാപിക്കേണ്ടതുണ്ട്.

മാതൃത്വത്തിന്റെ രാഷ്ട്രീയം ഭാഷയുടെ കരുതലിനും പ്രകൃതിയുടെ സംരക്ഷണത്തിനും മുഖ്യ സ്ഥാനം കല്പിക്കുന്ന മുന്നേറ്റമാണ്. മനുഷ്യന്റെ ആദിമ ബോധസ്മൃതികൾ ഉൾക്കൊള്ളുന്ന ജൈവഭാഷയുടെ കരുതലിനും അത് തലമുറകളിലേയ്ക്കു പകർന്നുകൊടുക്കാനുള്ള നന്മയിലും അടിയുറച്ചതാണ് മാതൃത്വത്തിന്റെ രാഷ്ട്രീയം. മാതൃഭാഷയിലേയ്ക്കു മടങ്ങാനുള്ള ആഹ്വാനം വ്യവസായവത്കരണത്തിന്റെ എല്ലാ പിടിമുറുക്കങ്ങൾക്കും എതിരെയുള്ള പ്രതിരോധത്തിന്റെ രാഷ്ട്രീയമാണ്. മാതൃഭാഷയാവട്ടെ, ദേശം, കാലാവസ്ഥ, വിഭവശേഷി എന്നിങ്ങനെ വിവിധ ഘടകങ്ങളുമായി ചേർന്ന് മനുഷ്യന്റെ ബൗദ്ധികപ്രതി പ്രവർത്തനത്തെ ഊർജ്ജിതപ്പെടുത്തുന്ന ജൈവശേഷിയാണ്. അത് അമ്മയുടെ ഉദരത്തിൽ ഭ്രൂണാവസ്ഥയിലായിരിക്കെ കുഞ്ഞ് ആർജ്ജിക്കുന്ന അവബോധങ്ങളുടെ ഭാഷയുമാണ്. ഈ ശേഷിയുടെ വികസനത്തിലൂടെ മാത്രമേ ഒരു ജനത ശക്തിപ്രാപിക്കൂ എന്ന് ലോകജനത

ഇന്ന് തിരിച്ചറിഞ്ഞിട്ടുണ്ട്.

അമ്മയും പ്രകൃതിയും തമ്മിലുള്ള പാരസ്പര്യത്തിന് മനുഷ്യചരിത്രത്തോളം പഴക്കമുണ്ട്. അമ്മയെ പ്രകൃത്യനുസാരിയായ ആദിശക്തിയായിട്ടാണ് പ്രാചീനഗോത്രങ്ങൾ ആരാധിച്ചിരുന്നത്. അമ്മയുടെ കൈയിൽ കുഞ്ഞായിരിക്കുന്ന മനുഷ്യശിശുവിന്റെ രൂപത്തിലാണ് പുരുഷൻ തന്നെത്തന്നെ ആദ്യം ചിത്രീകരിച്ചത്. അമ്മയുടെ മാറിൽ പാലു കുടിക്കുകയോ മടിയിലിരുന്നു കൊഞ്ചുകയോ ചെയ്യുന്ന കുഞ്ഞിന്റെ രൂപത്തിലാണ് പ്രാചീനകലാരൂപങ്ങളിലെല്ലാം പുരുഷനെ ചിത്രീകരിച്ചിട്ടുള്ളത്. പ്രകൃതിയുടെ ഏറ്റവും അനിവാര്യമായ ദുരൂഹകേളിയിൽ മുഖ്യപങ്കാളിയായി, സൃഷ്ടിയുടെ ആദിരൂപമായി അമ്മയെ കണ്ടിരുന്നു. ഒരു അത്ഭുതത്തിന്റെയും മന്ത്രവാദത്തിന്റെയും പിന്തുണയില്ലാതെയാണ് അന്ന് സ്ത്രീ-പ്രകൃതി സംയോഗം നടന്നത്. നിയോ-ലിത്തിക് കാലഘട്ടത്തിലെ ചിത്രകല സ്ത്രീയുടെ ആദരണീയാവസ്ഥ വെളിപ്പെടുത്തുന്നുണ്ട്. പ്രകൃതിശക്തികളെ മുഴുവൻ സ്ത്രീമാതാവിന്റെ രൂപത്തിൽ അഭേദകല്പന ചെയ്താണ് ആരാധിച്ചിരുന്നത്. സ്ത്രീയും പ്രകൃതിയും തമ്മിലുള്ള ഈ പാരസ്പര്യത്തിൽ പ്രകൃതിയുടെ വിനാശത്തിൽ പ്രതിഷേധിക്കുകയും പ്രകൃതിയെ സംരക്ഷിക്കുകയും ചെയ്യേണ്ടത് സ്ത്രീയാണ് എന്നു വരുന്നു. ആധുനിക മനുഷ്യന്റെ വ്യവസായ വികസനസ്വപ്നങ്ങൾ പ്രകൃതിയെ ചൂഷണം ചെയ്തതിന്റെ ദുരന്തങ്ങൾ അനുഭവിച്ചുതുടങ്ങിയപ്പോൾ അതിനെതിരെ സ്ത്രീകൂട്ടായ്മകൾ ഉണ്ടായി. പരിസ്ഥിതിവിനാശം സ്ത്രീകളെയാണ് കൂടുതൽ ഗുരുതരമായി ബാധിക്കുക എന്നതുകൊണ്ട് പ്രകൃതി ചൂഷണത്തിനെതിരെയുള്ള സമരങ്ങൾ സ്ത്രീവാദരാഷ്ട്രീയത്തിൽ മുന്തിയ പരിഗണനയർഹിക്കുന്നു. ഇതിന്റെ ഫലമായി രൂപംകൊണ്ടതാണ് പാരിസ്ഥിതികസ്ത്രീവാദം. സംരക്ഷകയായ അമ്മയുടെ ഉത്തരവാദപ്പെട്ട രാഷ്ട്രീയപ്രവർത്തനമായിട്ടാണ് ഇതിനെ കാണുന്നത്. കാരണം എല്ലാ ജീവജാലങ്ങളുടെയും പരിപാലനത്തിന്റെ പ്രശ്നങ്ങളാണ് ഇതു മുന്നോട്ടുവയ്ക്കുന്നത്.

> "...നാളെ മാനവരാശിക്കുവേണ്ടി ഭൂമിയെ വീണ്ടെടുക്കുവാനായി നാം ഇന്ന് അതിനെ പുരുഷന്റെ കൈകളിൽനിന്ന് പിടിച്ചുവാങ്ങണം. അതാണ് ഒരേയൊരു മാർഗ്ഗം. പുരുഷനിയന്ത്രിത സമൂഹം നിലനിന്നാൽ മാനവരാശിതന്നെ നാളെ ഇല്ലാതെയാകും."

എന്ന ഫ്രഞ്ച് ഫെമിനിസ്റ്റ് ഫ്രാൻസ്വാ ദ യൂബോണിന്റെ ആഹ്വാനത്തിലാണ് പാരിസ്ഥിതികസ്ത്രീവാദം രാഷ്ട്രീയപ്രവർത്തനമായി മാറുന്നത്. സ്ത്രീകൾ അധികാരം പിടിച്ചെടുക്കാനുള്ള സമരങ്ങൾക്കല്ല സ്ത്രീപക്ഷരാഷ്ട്രീയം തിരികൊളുത്തേണ്ടതെന്നും, മറിച്ച് അധികാരമില്ലായ്മയുടെ അവസ്ഥയുണ്ടാക്കുകയാവണം

അന്തിമലക്ഷ്യമെന്നും യൂബോൺ ഉപദേശിക്കുന്നു. ഒരു രാഷ്ട്രീയപ്രയോഗമെന്ന നിലയ്ക്ക് ഇന്ന് പാരിസ്ഥിതികസ്ത്രീവാദത്തിനുള്ള പ്രാധാന്യം അവഗണിക്കാവുന്നതല്ല. അമ്മ മക്കളെ സംരക്ഷിക്കുന്നതു പോലെ പ്രകൃതി നമുക്കനുകൂലമായ ജീവിതസാഹചര്യങ്ങളൊരുക്കുന്നു. അമ്മയെ മകൾ എന്നതുപോലെ പ്രകൃതിയെ മനുഷ്യർ കരുതണം. ഈ പാരസ്പര്യം അതായത് അമ്മ-മകൾ ബന്ധഘടന, ഈ പ്രസ്ഥാനത്തിനു കൈവന്നതോടെ സ്ത്രീവാദരാഷ്ട്രീയം ഏറെ ശ്രദ്ധ നേടി. സ്ത്രീപക്ഷ പരിസരവാദം, സ്ത്രീപക്ഷ രാഷ്ട്രീയപരിസ്ഥിതിശാസ്ത്രം എന്നീ പേരുകളിൽ ഇവയെ പുന:ക്രമീകരിക്കുവാനുള്ള ശ്രമങ്ങളും നടക്കുന്നു.

സമകാല ആരോഗ്യ പ്രവർത്തനരംഗത്തും സ്ത്രീയുടെ ശക്തിയും ശ്രദ്ധയും സവിശേഷമായി പതിഞ്ഞിട്ടുണ്ട്. കേരളത്തിലെ കുടുംബശ്രീപ്രവർത്തകരും നിപ്പ, പ്രളയം, കോവിഡ് തുടങ്ങിയ പ്രകൃതിദുരിതങ്ങളിൽ സ്ത്രീ അധികാരത്തിലുള്ള ഭരണകൂടങ്ങളും വഹിച്ച പങ്കും ഈ രംഗത്തെ മികച്ച നേട്ടങ്ങളായി എടുത്തുകാട്ടാം. ദുരന്തകാലത്ത് കുടുംബങ്ങളിൽ മുതിർന്ന സ്ത്രീകൾ കാട്ടുന്ന സഹിഷ്ണുതയും ശ്രദ്ധയും കർമ്മവീര്യവും തന്നെയാണ് ഇവർ പ്രകടിപ്പിക്കുന്നത്. ഇവിടെ അധികാരം ശക്തിയല്ല, സ്വാർത്ഥതയല്ല. മറിച്ച് തനിക്കു ചുറ്റുമുള്ളവരെ സംരക്ഷിക്കാനുള്ള സ്ത്രീയുടെ ആത്മബലിചോദനയാണ് പ്രകടമാകുന്നത്.

സഹനം, ക്ഷമ, സ്നേഹം തുടങ്ങിയ മൂല്യങ്ങളുടെ സംരക്ഷണം ലക്ഷ്യമാക്കി മാതൃകേന്ദ്രീകൃത അധികാരം നമ്മുടെ സമൂഹഘടനയിൽ വലിയ മാറ്റം വരുത്തും എന്ന് ആധുനിക സാമൂഹികശാസ്ത്രജ്ഞർ കരുതുന്നു. അത് അധികാരമല്ല ലക്ഷ്യമാക്കുന്നത്; അധികാരമില്ലായ്മയിലൂടെയുള്ള തുല്യതയാണ്. ജാതി-മത-വർണ്ണ-വർഗ്ഗ-ലിംഗ വ്യത്യാസങ്ങൾക്കെതിരെയുള്ള മാനവികതയിലൂന്നിയ സമത്വദർശനമാണ്. പ്രകൃതിയുടെ ജീവനത്തിനും അതിജീവനത്തിനും ഉതകുന്ന കരുതലാണ്. മനുഷ്യകുലത്തിന്റെ ആരോഗ്യകരമായ സഹവർത്തിത്വമാണ് അതിന്റെ അന്തിമലക്ഷ്യം. എല്ലാവിധ പീഡനങ്ങൾക്കും അടിച്ചമർത്തലുകൾക്കും എതിരായ സ്വാതന്ത്ര്യത്തിന്റെ പൊൻപുലരിയാണ് മാതൃകേന്ദ്രിത അധികാരത്തിന്റെ വിപ്ലവസ്വപ്നം.

## ആധാരസൂചി

1. Adrienne Rich, Of Woman Born, (W.W. Norton & Company, NewYork, 1995).
2. Alison M., Bordo,SusanR., Gender/Body Knowledge: feminist reconstructions of being and knowing,(Rutgers University Press,New Brunswick,New Jersey,1989).

3. Franz d' Eaubonne, Feminism or Death, (Editions sociales, Paris, 1974).
4. Jessie Bernard in The Future of Motherhood, (Dial, NewYork, 1974).
5. Judith Butler, Joan Wallach Scott, Feminists theorize the Political, (Oxfordshire, NewYork: Routledge,England, 1992).
6. Julia Cristeva, 'Stabat Mater', Feminist Social Thought: A Reader,ed.Diana Tietjens Meyers, (Routledge, NewYork & London, 1997)
7. Laura S.Brown, 'Not Outside The Range: One Feminist Perspective on Psychic Trauma', Trauma Exploration in Memory ,ed. Cathy Caruth, (The John Hopkins University Press, Baltimore and London, 1995).
8. Nancy Chodorow, The Repoduction of Mothering, (University of California Press, London, 1999.
9. Shulamith Firestone, The Dialectic of Sex, (Bantam Books, New York, 1974).
10. Shulamith Firestone, Anne Koedt, Notes from the second Year: Women's Liberation,197 0(http:duke.edu/Rubenstein/research/citations-and-permissions.
11. Susan Griffin, Women and Nature: The Roaring Inside Her, (Harper & Row, NewYork,1978).
12. Tunde Oyedoyin, Mothers Unite Against Rape, (Trafford Publishing, Bloomington, 2005).

*gishapious@gmail.com*

# അടിമത്തത്തിന്റെ ചരിത്രം ഔദ്യോഗികരേഖയിലും നോവലിലും

ഡോ. ജിസ ജോസ്,
അസോസിയേറ്റ് പ്രൊഫസർ, മലയാളവിഭാഗം, ഗവ. ബ്രണ്ണൻ കോളേജ്, കണ്ണൂർ

### സംഗ്രഹം

അടിമത്തവ്യവസ്ഥയും അതിന്റെ ചരിത്രവും വില്യം ലോഗന്റെ 'മലബാർ മാന്വൽ', കെ. ജെ ബേബിയുടെ ' ഗുഡ്ബൈ മലബാർ ' എന്നിവ മുൻനിർത്തി പഠനവിധേയമാക്കുന്നു. മലബാറിന്റെ ചരിത്രവും ഭരണവും നികുതിഘടനയും രേഖപ്പെടുത്തുന്ന ഔദ്യോഗികരചനയായിരുന്നു വില്യം ലോഗൻ നടത്തിയത്. അടിമത്തത്തെക്കുറിച്ചും കീഴാളജീവിതത്തെക്കുറിച്ചും അലിവോടെയും മനുഷ്യത്വത്തോടെയാണു മലബാർമാന്വൽ സംസാരിക്കുന്നത്. അടിമത്തത്തിന്റെ ഇരകളാകേണ്ടിവന്ന സാധാരണജനതയോടുള്ള ലോഗന്റെയും പത്നി ആനിയുടെയും സഹാനുഭൂതി കലർന്ന മനോഭാവമാണ് ഗുഡ് ബൈ മലബാറിന്റെ കാതൽ. ചരിത്രപാഠത്തിൽ നിന്ന്, ഔദ്യോഗികാഖ്യാനങ്ങളിൽ നിന്ന് സാമൂഹികയാഥാർത്ഥ്യങ്ങളെയും സംസ്കാരത്തെയും ജീവിതത്തെയും വീണ്ടെടുക്കാനുള്ള ശ്രമമാണ് ഗുഡ് ബൈ മലബാർ നടത്തുന്നത്.

**താക്കോൽ വാക്കുകൾ**: അടിമത്തം, മൂലധനം, ചൂഷണം

"തമിഴ്നാട്ടിൽ നിന്നുള്ള അടിമകളുടെ ഇറക്കുമതിയെപ്പറ്റി ബർബോസ, ഏതെങ്കിലും കൊല്ലം മഴയില്ലെങ്കിൽ പാണ്ടിയിൽ പലരും ക്ഷാമം കൊണ്ടു മരിക്കും. ആ അവസരത്തിൽ ചിലർ രണ്ടോ മൂന്നോ പണത്തിനു സ്വന്തം കുഞ്ഞുങ്ങളെ വില്ക്കും. അക്കാലത്ത് മലബാറിൽ നിന്ന് അരിയും തേങ്ങയും കൊടുത്ത് പകരം കപ്പൽ നിറയെ അടിമകളെ കൊണ്ടുവരുന്നു. " (വേലായുധൻ പണിക്കശ്ശേരി: പുറം: 256)

കേരളത്തിൽ നിലവിലിരുന്ന അടിമത്തത്തെക്കുറിച്ച് പതിനാറാംനൂറ്റാണ്ടിൽ ഇവിടെയെത്തിയ സഞ്ചാരിയായ ബർബോസയുടെ A Description of the Coasts of East Africa and Malabar എന്ന പുസ്തകത്തിലുള്ളതാണ് ഈ പരാമർശം. പുലപ്പേടി, മണ്ണാപ്പേടി എന്നിവയെക്കുറിച്ച ആദ്യമായി രേഖപ്പെടുത്തിയ വിദേശസഞ്ചാരിയും ബർബോസയാണ്. ഇത്തരമൊരാചാരത്തിനു അടിമത്തവുമായി നേരിട്ടു തന്നെ ബന്ധമുണ്ടെന്നു ചേലനാട്ടു അച്ചുതമേനോൻ നിരീക്ഷിക്കുന്നുണ്ട്.

"സവർണ്ണഹിന്ദുക്കൾ മുഴുവൻ അവർണരുടെ പ്രയത്നം കൊണ്ടാണ് ജീവിച്ചിരുന്നത്. ഈഴവരും പുലയർ, ചെറുമർ മുതലായ അടിമവർഗ്ഗക്കാരും മാത്രമേ ഭൂമിയിൽ അദ്ധ്വാനിച്ചിരുന്നുള്ളു. അതുകൊണ്ട് അടിമകളുടെ സംഖ്യ വർദ്ധിപ്പിക്കേണ്ടത് രാജ്യത്തിന്റെ ഒരാവശ്യമായിരുന്നു. പോർട്ടുഗീസുകാർ പാണ്ടിനാട്ടിലും ജാവയിലും ശ്രീലങ്കയിലും മറ്റും നിന്ന് ധാരാളമായി അടിമകളെ കൊണ്ടുവന്ന് വിറ്റു തുടങ്ങിയതിനു ശേഷമാണ് അടിമകളുടെ കുറവ് ഇവിടെ ഇല്ലാതായത്. "(പുറം: 256 ) അടിമത്തവ്യവസ്ഥിതി അക്കാലത്തു കേരളത്തിൽ വ്യാപകമായിരുന്നുവെന്നും അടിമകളുടെ സംഖ്യ വർദ്ധിപ്പിക്കാനുതകുന്ന വിചിത്രവും മനുഷ്യത്വവിരുദ്ധവുമായ ആചാരങ്ങൾ സുലഭമായിരുന്നുവെന്നും എന്നിട്ടും ആവശ്യത്തിന് അടിമകൾ ലഭ്യമല്ലാതാകുമ്പോൾ ഇറക്കുമതി ചെയ്തിരുന്നുവെന്നും ഇത്തരം പരാമർശങ്ങളിലൂടെ മനസിലാക്കാനാവുന്നു.

അടിമത്തം (slavery) ബി . സി 1760 മുതൽ ലോകമെങ്ങും നിലനിന്നിരുന്നുവെന്നു സ്ഥാപിക്കാനുതകുന്ന തെളിവുകളുണ്ട്. മനുഷ്യരെ ചരക്കായി/ വസ്തുവായി മാത്രം പരിഗണിക്കുക, ഭീഷണി കൊണ്ടോ, ശാരീരികപീഡനം കൊണ്ടോ അവന്റെ/അവളുടെ അദ്ധ്വാനവും സേവനവും ഉപയോഗിക്കുക, ചെയ്യുന്ന വേലകൾക്ക് പകരമായി പരിമിതമായ ഭക്ഷണവും നാമമാത്രമായ പാർപ്പിടസൗകര്യങ്ങളും മാത്രം നൽകുക, സേവനത്തിന് അർഹമായ വേതനം നൽകാതിരിക്കുക, ഒരിക്കലും ഉടമയെ വിട്ടു പോകാനാകാത്ത വിധം അവനെ/ അവളെ കുരുക്കിയിടുക, ഉടമയുടെ കൈവശചരക്കായതു കൊണ്ട് യഥേഷ്ടം വിൽക്കാനോ കൈമാറ്റം ചെയ്യാനോ പണയപ്പെടുത്താനോ സാധ്യമാവുക തുടങ്ങി അടിമത്തവ്യവസ്ഥിതിയുടെ ഇരകളനുഭവിക്കേണ്ടിവരുന്ന ദുരിതങ്ങൾക്കും മനുഷ്യാവകാശ നിഷേധങ്ങൾക്കും എല്ലാ ലോകസംസ്കാരങ്ങളിലും ഏറെക്കുറെ ഒരേ സ്വഭാവമാണെന്നു കാണാം. ഉടമയുടേതിൽ നിന്ന് വ്യത്യസ്തമായ നിറം, വംശം, പാരമ്പര്യം, ദേശീയത ഇതൊക്കെക്കൊണ്ട് അടിമ അവന്റെ കീഴാളമായ സ്വത്വത്തെ സ്വയം അടയാളപ്പെടുത്തിക്കൊണ്ടേയിരിക്കണം.

ഉടമകളോട് സമഗ്രവും അസന്ദിഗ്ധവുമായ പ്രതിബദ്ധതയാണ് അടിമകളുടെ ലക്ഷണം. ഉയർന്ന സാമ്പത്തിക പദവി, ഉന്നതപാരമ്പര്യം, ശ്രേഷ്ഠജാതി ഇങ്ങനെയുള്ള ആനുകൂല്യങ്ങളിലൂടെയാണ് ഉടമ എന്ന സാമൂഹികാസ്തിത്വം ഒരാൾക്കു ലഭിക്കുന്നത്. സ്വാഭാവികമായും ഇവയുടെ അഭാവം തന്നെയാണ് അടിമയെ അല്ലെങ്കിൽ അടിമത്തത്തെ സൃഷ്ടിക്കുന്നതും.

സംഘർഷഭരിതമാകുമായിരുന്ന ഒരു സാമൂഹ്യവ്യവസ്ഥയെ മയപ്പെടുത്താനും അതിനെ പ്രത്യേക അവകാശങ്ങളുടെ ആനുകൂല്യങ്ങളനുഭവിക്കുന്ന ഉപരിവർഗ്ഗത്തിനനുകൂലമാക്കി നിലനിർത്താനും കഴിയുന്ന രീതിയിലായിരിക്കും എല്ലായ്പ്പോഴും സമൂഹത്തിന്റെ ഘടന . പ്രതിരോധങ്ങളെ അതെപ്പോഴും നിശബ്ദമാക്കുന്നു. പ്രതീകാത്മക മൂലധനം എന്നു പിൽക്കാലത്തു പിയറി ബോർദ്യു നിരീക്ഷിക്കുന്ന ആശയകല്പന കൊണ്ട് അടിമത്തവ്യവസ്ഥ നിലനിന്നിരുന്ന പരമ്പരാഗതസമൂഹത്തെ വിലയിരുത്താനാവും. സാമ്പത്തികവും പ്രതീകാത്മകവുമായ മൂലധനങ്ങളുടെ അവകാശികളായിരുന്നതുകൊണ്ട് അടിമത്തസമ്പ്രദായത്തെ നൂറ്റാണ്ടുകളോളം സ്വാഭാവിക സാമൂഹികനീതിയായി നിലനിർത്താനും സംരക്ഷിക്കാനും ഉപരിവർഗത്തിനു കഴിയുന്നു. എല്ലാ സംസ്കാരങ്ങളിലും അടിമകളെ സുലഭമായി കാണാൻ കഴിയുന്നതും അതുകൊണ്ടാണ്. ക്ലേശകരമായ തൊഴിലുകൾ ചെയ്യാൻ നിശ്ശബ്ദരായ തൊഴിലാളിവൃന്ദത്തെ എല്ലാക്കാലത്തും ആവശ്യമായിരുന്നു. അവകാശങ്ങളും ആനുകൂല്യങ്ങൾക്കും അർഹതയില്ലാത്ത അവരെ ചവിട്ടിമെതിക്കുന്നതിനും കൂടുതൽ ചൂഷണം ചെയ്യുന്നതിനും അടിമത്ത സമ്പ്രദായം സഹായകരമായി.

കീഴാളർ, അടിയാളർ തുടങ്ങിയ പദങ്ങൾ ജാതീയമായ അധ:കൃതാവസ്ഥയെ സൂചിപ്പിക്കുന്ന പദങ്ങളും സമാനാർത്ഥത്തിൽ പ്രയോഗിക്കുന്നവയുമാണ് മലയാളത്തിൽ . തൊട്ടുകൂടാത്ത അയിത്തജാതിക്കാരും കാർഷിക അടിമകളായ അടിയാളരും കീഴാളർ എന്ന പദം കൊണ്ട് വിവക്ഷിക്കപ്പെടുകയും ജാതിപരമായ വിവേചനങ്ങളിലും നിന്ദകളിലും അയിത്താചാരങ്ങളിലും മാത്രമൂന്നി കേരളത്തിലെ കീഴാളചരിത്രം രേഖപ്പെടുത്തപ്പെടുകയും ചെയ്തു. അടിമ/അടിയാൻ എന്ന പദത്തിൽ നിന്നു രൂപപ്പെട്ട അടിയാളർ അനുഭവിച്ചിരുന്ന ഇരട്ട ചൂഷണങ്ങളും മനുഷ്യാവകാശ നിഷേധങ്ങളും വെളിച്ചപ്പെടാതിരിക്കാനുള്ള കാരണവും ഇതായിരിക്കാം. അടിയാളരും കീഴാളജാതിയിലുൾപ്പെട്ടവർ തന്നെയായിരുന്നു. പക്ഷേ അവരുടെ സാമൂഹികാവസ്ഥ മറ്റു കീഴാളജാതികളിൽ നിന്നു വ്യത്യസ്തമായിരുന്നു എന്നതു വേർതിരിച്ചറിയപ്പെടാതെ പോയി. അടിമത്തത്തിന്റെ സാമൂഹ്യാനുഭവങ്ങളെക്കുറിച്ച് ചരിത്രം ബോധപൂർവ്വമായ മൗനം പുലർത്തുകയും ചെയ്തു.

അടിമത്തവ്യവസ്ഥിതിയെക്കുറിച്ചുള്ള വ്യക്തമായ പരാമർശങ്ങൾ ആദ്യമായി കണ്ടെത്താനാവുന്നത് എ. ഡി 849-ൽ കേരളത്തിലുണ്ടായ തരിസാപ്പള്ളിശാസനത്തിലാണ്. അടിമകളെ കൈവശം വെക്കുന്നതിന് ഉടമ നൽകേണ്ട നികുതിയായ അടിമക്കാശിനെക്കുറിച്ച് പറയുന്ന ധാരാളം ചരിത്രരേഖകളുമുണ്ട്. കുറ്റവാളികളെ അടിമകളാക്കി വിൽക്കുക അക്കാലത്തെ ശിക്ഷാസമ്പ്രദായങ്ങളിലൊന്നായിരുന്നു.

തിരുനക്കര, കൊച്ചി, ആറ്റിങ്ങൽ, കോവളം, കണിയാപുരം തുടങ്ങി ധാരാളം അടിമച്ചന്തകൾ കേരളത്തിലുണ്ടായിരുന്നു. ജന്മനാൽ അടിമകളായവർ, സമുദായഭ്രഷ്ട കൊണ്ടോ കുറ്റകൃത്യങ്ങളിലേർപ്പെട്ടതിനു ശിക്ഷയായോ അടിമകളായവർ, വില കൊടുത്തുവാങ്ങുന്ന അടിമകൾ തുടങ്ങി പലവിധം അടിമകളുണ്ടായിരുന്നു. സർക്കാർ ഉടമസ്ഥതയിലുള്ള അടിമകളെക്കുറിച്ച് മനസിലാക്കാൻ സഹായിക്കുന്ന ഗ്രന്ഥങ്ങളുമുണ്ട് . പോർട്ടുഗീസ്, ഡച്ച്, ഫ്രഞ്ചുകമ്പനികൾ കേരളത്തിൽ നിന്ന് അടിമകളെ കയറ്റുമതി ചെയ്യുകയും അതൊരു പ്രധാന വരുമാനമാർഗ്ഗമായി കാണുകയും ചെയ്തിരുന്നുവത്രേ. ആഫ്രിക്കൻ അടിമകളെ വിരളമായി കേരളത്തിലേക്ക് ഇറക്കുമതി ചെയ്യുകയുമുണ്ടായി. കൊച്ചിരാജ്യചരിത്രത്തിൽ പത്മനാഭമേനോൻ പുലയരെ,ഉടമസ്ഥർ സ്ഥാവരജംഗമ സ്വത്തുക്കളെപ്പോലെ ക്രയവിക്രയം ചെയ്യുന്നതിന് ഒരു തടസ്സവുമുണ്ടായിരുന്നില്ലെന്നും അവരെ കൊന്നുകളയുന്നതിനു പോലും ഉടമയ്ക്ക് അവകാശമുണ്ടെന്നും രേഖപ്പെടുത്തിയിരിക്കുന്നു. വാർഡും കോണറും ചേർന്നു 1816-20 കാലഘട്ടത്തിൽ നടത്തിയ തിരുവിതാംകൂർ, കൊച്ചി സർവ്വേരേഖകളിൽ ഇങ്ങനെ കാണുന്നു

> "അവരുടെ (പുലയരുടെ ) പേര് അറപ്പും വെറുപ്പുമുളവാക്കുന്ന എല്ലാറ്റിന്റെയും പര്യായമാണ്. പ്ലേഗരോഗത്തെ എന്ന പോലെ വർജ്ജിക്കപ്പെടുന്ന അവരുടെ സാന്നിദ്ധ്യം ഉന്നതജാതികളിൽ ഭീതിയും ധർമ്മരോഷവുമുണ്ടാക്കുന്നു. എരുമകളോടുകൂടി ഒരേ അടിമത്തം വെച്ചു കൊണ്ടിരിക്കുന്ന ഇക്കൂട്ടർ പദവിയിൽ ആ കന്നുകാലികളെക്കാൾ എത്രയോ താഴെയാണ്. അവരുടെ മാർക്കറ്റുവില ആ കന്നുകാലികളുടേതിനെക്കാൾ അത്ര കൂടുതലുമല്ല. "(പി. കെ. ബാലകൃഷ്ണൻ: 2010: 173)

ഇതുവരെ രേഖപ്പെടുത്തപ്പെടാത്തതും പക്ഷേ അനിവാര്യവുമായ ഒരു ബദൽ ചരിത്രരചനയ്ക്കുതകുന്ന ഉപാദാനസാമഗ്രികൾ ഭൂതകാലത്തിൽ നിന്നു ലഭ്യമാണെങ്കിലും കേരളത്തിലെ അടിയാളരുടെ അല്ലെങ്കിൽ അടിമകളുടെ ചരിത്രം അദൃശ്യമോ അപ്രസക്തമോ ആയിത്തുടരാനുള്ള കാരണത്തെക്കുറിച്ച്

നിരവധി നിരീക്ഷണങ്ങളുണ്ടായിട്ടുണ്ട്. അടിച്ചമർത്തപ്പെട്ട വർഗ്ഗത്തിന്റെ അനുഭവങ്ങൾ, അതിനോടുള്ള പ്രതികരണങ്ങൾ എന്ന നിലയിലും അടിയാളരുടെ ജീവിതം എഴുതപ്പെട്ടത് വളരെക്കുറച്ചു മാത്രമാണ്. അധികാരിവർഗ്ഗത്തിന്റെ താല്പര്യങ്ങൾക്കനുസൃതമായി രേഖപ്പെടുത്തിയ അടിയാളചരിത്രങ്ങളാണ് ലഭ്യമായവയിലേറെയും. കേരളത്തിലെ അടിമജാതിക്കാരുടെ അദൃശ്യതയ്ക്കുള്ള കാരണം ചരിത്രമില്ലായ്കയാണെന്ന് Modernity of Slavery എന്ന ഗ്രന്ഥത്തിൽ സനൽ മോഹൻ പറയുന്നത് ഈ പശ്ചാത്തലത്തിലാണ്. ചരിത്രം ഇല്ലാതിരിക്കുക എന്നത് ഒരു ജനതയെ സംബന്ധിച്ച് അവരുടെ അസ്തിത്വത്തെത്തന്നെ ദുർബലപ്പെടുത്തുന്ന കാര്യമാണ്.

ഭൂതകാല ജീവിതം, അനുഭവങ്ങൾ, ഓർമകൾ, ഇവയൊക്കെ സഞ്ചയിക്കുകയും അത് വരുംകാലത്തേക്കുവേണ്ടി സൂക്ഷിക്കുകയും ചെയ്യുകയെന്നത് അടിയാളരുടെ ജീവിതസാഹചര്യങ്ങളിൽ ഒട്ടും എളുപ്പമായിരുന്നില്ല. അവർക്കു വേണ്ടി മറ്റുള്ളവർ ചരിത്രങ്ങളുണ്ടാക്കി. സ്വാഭാവികമായും അതിൽ അടിയാളരുടെ അനുഭവങ്ങളുടെ തലം ഉണ്ടായിരുന്നതുമില്ല.

“ചരിത്രരചനയുടെ പതിവുപകരണങ്ങൾക്ക്, പ്രത്യേകിച്ച് വലിയ പ്രതിഭാസങ്ങളെ മാത്രം കൈകാര്യം ചെയ്തുവന്നിരുന്ന രീതി ശാസ്ത്രമാതൃകകൾക്ക് ഒരിക്കലും അടിമക്കച്ചവടം എന്ന സാമ്പത്തികവ്യവഹാരത്തെ കേരളരൂപീകരണ ചരിത്രത്തിന്റെ ഭാഗമായി കാണാൻ കഴിഞ്ഞിരുന്നില്ല. സ്വാതന്ത്ര്യാനന്തരം ഇന്ത്യൻ സാമൂഹികശാസ്ത്രമേഖലയിൽ കൂടുതൽ സ്വാധീനം ചെലുത്തിയ മാർക്സിയൻ ചരിത്രരചനകൾ അടിമത്തം, ഇന്ത്യൻ ഫ്യൂഡലിസം, തുടങ്ങിയവയുടെ മേൽ നീണ്ടസംവാദം നടത്തുകയും അടിമത്തവ്യവസ്ഥിതിയെ ജാതിസമൂഹത്തിന്റെ പ്രാരംഭദശയിൽ പോലും കാണാൻ സാധിക്കുന്നില്ല എന്നു വാദിച്ചുറപ്പിക്കുകയും ചെയ്തു. പ്രബലമായ മറ്റു ചരിത്രരചനാസ്കൂളുകളും അടിമത്തം എന്ന സാമൂഹികവ്യവസ്ഥിതിയെ നിഷേധിക്കുകയും അതിനു പകരം കേവലമായ ജാതിക്രമത്തിന് ഊന്നൽ നൽകുകയും ചെയ്തു. ” (വിനിൽ പോൾ: 2020: 178) കേരളചരിത്രരചനയിൽ ആധിപത്യം പുലർത്തിയിരുന്ന ഇടതുപക്ഷചരിത്രകാരന്മാർ സാമ്പത്തികാധിഷ്ഠിതമായി രൂപംകൊണ്ട അടിമത്തസമ്പ്രദായം കേരളത്തിലില്ലായിരുന്നുവെന്നും അടിമത്തത്തിന്റെ അംശങ്ങൾ ഉൾച്ചേർന്ന അടിയാളത്തം, അടിയായ്മ എന്ന സാമൂഹികക്രമമായിരുന്നുവെന്നും ഈ അടിയാളരെ അടിമകളായി കാണാൻ കഴിയില്ലെന്നും വാദിച്ചതിനെക്കുറിച്ചും വിനിൽ പോൾ നിരീക്ഷിക്കുന്നുണ്ട്. അടിമത്തവ്യവസ്ഥിതിക്ക് ചരിത്രപരമായ സാധൂകരണങ്ങളില്ല, അവർ ഇറക്കുമതി

ചെയ്യപ്പെട്ടവരോ മറ്റൊരു ഭാഷ സംസാരിക്കുന്നവരോ അല്ല, കാലങ്ങളായി നിലനിന്നിരുന്ന അടിയായ്മ എന്ന സാമൂഹികക്രമത്തെ യൂറോപ്യന്മാരാണ് തെറ്റായി അടിമത്തം എന്നു വിളിച്ചതും രേഖപ്പെടുത്തിയതെന്നുമാണ് മലയാളത്തിലെ ഇടതുപക്ഷചരിത്രരചനാ സ്കൂളുകളുടെ വാദം.

സങ്കീർണമായ ജാതിവ്യവസ്ഥ നിലനിൽക്കുന്ന സമൂഹത്തിൽ, ജാതീയമായ ശ്രേണീകരണങ്ങളല്ലാതെ അടിമത്തം ഉണ്ടാകാനുള്ള സാഹചര്യങ്ങളില്ലെന്ന അവരുടെ നിഗമനം ആധികാരികമായി സ്വീകരിക്കപ്പെടുകയും കേരളത്തിലെ അടിയാളർ ചരിത്രമില്ലാത്തവരാകുകയും തൽഫലമായി കൂടുതൽ അടിമകളാവുകയും ചെയ്തതായാണ് കാണുന്നത്.

അടിയായ്മ എന്ന സാമൂഹികക്രമത്തെ അടിമത്തം എന്നു വ്യവഹരിച്ചത് യൂറോപ്യന്മാരാണ് എന്ന നിരീക്ഷണമാണ് പൊതുവേ ചരിത്രകാരന്മാർ പിന്തുടർന്നതെങ്കിലും, കേരളത്തിൽ അടിമത്തവും അടിമക്കച്ചവടവുമെല്ലാം നിലനിന്നിരുന്നുവെന്നതിന് സുലഭമായ തെളിവുകളുണ്ട്. യൂറോപ്യന്മാർ മനുഷ്യത്വരഹിതമായ അടിമത്തത്തിന്റെ ക്രൂരതകൾ രേഖപ്പെടുത്തുകയും പൊതുശ്രദ്ധയിലേക്ക് കൊണ്ടുവരികയും ചെയ്തവരാണ്. അവരുടെ സർവ്വേകൾ, പഠനങ്ങൾ, അക്കാലത്തെ സെൻസസ് ഇവയെല്ലാം അടിയാളചരിത്രത്തിന്റെ രേഖകളായിത്തന്നെ കണക്കിലെടുക്കേണ്ടതുമാണ്. പിൽക്കാലത്ത് തമസ്കരിക്കപ്പെട്ടു പോയ അടിയാളചരിത്രത്തിന്റെ വസ്തുതാപരമായ കണക്കുകളും അവരുടെ ജീവിതാവസ്ഥകളുടെ യഥാതഥമായ ചിത്രീകരണവും ഈ രേഖകളിൽ കണ്ടെത്താം. അക്കൂട്ടത്തിൽ പ്രാധാന്യമർഹിക്കുന്ന ഗ്രന്ഥമാണ് മലബാർ കലക്ടറായിരുന്ന വില്യം ലോഗൻ തയ്യാറാക്കിയ മലബാർ മാന്വൽ. പ്രധാനമായും വില്യം ലോഗൻ പ്രസ്തുത ഗ്രന്ഥം രചിക്കാനെടുത്ത മൂന്നു വർഷങ്ങളിലെ അദ്ദേഹത്തിന്റെ ജീവിതം ആവിഷ്കരിക്കുന്ന നോവലാണ് കെ. ജെ ബേബിയുടെ ഗുഡ് ബൈ മലബാർ എന്ന നോവൽ. ലോഗന്റെ ഭാര്യ ആനിയുടെ ആഖ്യാനത്തിലൂടെയാണ് സംഘർഷഭരിതമായ ആ കാലഘട്ടം ആവിഷ്കൃതമായിരിക്കുന്നത്. 1887-ൽ മലബാർ മാന്വൽ പ്രസിദ്ധീകരിക്കപ്പെട്ടു. 1888 -ൽ അദ്ദേഹം മലബാറിൽ നിന്ന് മറ്റൊരു തസ്തികയിലേക്ക് സ്ഥലം മാറ്റപ്പെടുകയും രണ്ടു മാസത്തിനകം ജോലി ഉപേക്ഷിച്ച് സ്വദേശമായ സ്കോട്ട് ലണ്ടിലേക്ക് മടങ്ങുകയും ചെയ്തു. ലോഗന്റെ ഔദ്യോഗികജീവിതത്തിന്റെയും ഇന്ത്യൻവാസത്തിന്റെയും അവസാനവർഷങ്ങളിലെഴുതിയ മലബാർ മാന്വൽ, മലബാറിന്റെ ചരിത്രം, ഭൂമിശാസ്ത്രം, സംസ്കാരം, ഭരണം, ആചാരങ്ങൾ, വിശ്വാസങ്ങൾ എന്നിവയെല്ലാം സവിസ്തരം പ്രതിപാദിക്കുന്ന ആധികാരികരേഖയാണ്.

മാന്വൽ രചനയുമായി ബന്ധപ്പെട്ട സന്ദേഹങ്ങളും കൗതുകങ്ങളും അദ്ദേഹം പങ്കുവെച്ചതും മാന്വലിന്റെ ഓരോ പുറവും ആദ്യം വായിക്കാൻ കൊടുത്തതും ആനിക്കാണെന്ന് 'ഗുഡ് ബൈ മലബാറിൽ' പറയുന്നു. നോവലിനാവശ്യമായ ഫിക്ഷന്റെ അംശങ്ങൾ നീക്കി നിർത്തിയാൽ ഗുഡ് ബൈ മലബാറും മലബാർ മാന്വലും പരസ്പരബന്ധിതങ്ങളാണ്. മാന്വലിൽ ലോഗൻ രേഖപ്പെടുത്തുന്ന വസ്തുതകളെ വൈകാരികമായിക്കൂടി പൂർത്തീകരിക്കുകയാണ് ഗുഡ് ബൈ മലബാർ.

ഇന്ത്യ ഗസറ്റിയറും അതതു ജില്ലകളുടെ ചരിത്രവും സംസ്കാരവും ഭൂമി ശാസ്ത്രവും ഭരണക്രമവും പ്രതിപാദിക്കുന്ന മാന്വലുകളും തയ്യാറാക്കാനുള്ള ഗവണ്മെന്റ് പദ്ധതിയുടെ ഭാഗമായാണ് അന്നത്തെ മലബാർ കലക്ടറായിരുന്ന വില്യം ലോഗൻ മലബാർ മാന്വലിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കുന്നത്. 1882 ലെ മലബാർ ടെനൻസി റിപ്പോർട്ട്, മലബാർ കുടിയായ്മ നിയമം സംബന്ധിച്ച റിപ്പോർട്ട്, അട്ടപ്പാടി വാലി കേസുകൾ നടത്താനുള്ള ജോലി തുടങ്ങിയ ഉത്തരവാദിത്വങ്ങളിലൂടെ കടന്നുപോയതു കൊണ്ട് മലബാറിന്റെ ചരിത്രവും സ്വഭാവവും ഭൂമിശാസ്ത്രവും അദ്ദേഹത്തിനു പരിചിതമായിരുന്നു. 1884-ലെ മാപ്പിളലഹളയെക്കുറിച്ചുള്ള റിപ്പോർട്ടിൽ ലഹള, ആ പ്രദേശങ്ങളിലെ കാർഷികപ്രശ്നങ്ങളുമായി ബന്ധപ്പെട്ടതാണെന്ന ലോഗന്റെ നിരീക്ഷണം ഗവണ്മെന്റിനെ അലോസരപ്പെടുത്തിയിരുന്നു. കാർഷികപ്രശ്നങ്ങൾ പരിഹരിക്കാനുള്ള നടപടി ഗവണ്മെന്റിൽ നിന്നുണ്ടാകുമെന്നു ആനിയും ലോഗനും പ്രതീക്ഷിച്ചെങ്കിലും റിപ്പോർട്ടിലെ ആ ഭാഗം പിൻവലിക്കാനാണ് മദ്രാസ് ഗവണ്മെൻറ് ലോഗനോടാവശ്യപ്പെട്ടത്. തുടർന്ന് മാന്വൽ എഴുതുമ്പോൾ ലഹളകൾക്കു പിന്നിലുള്ള കാർഷികപ്രശ്നങ്ങൾ അദ്ദേഹമതിൽ തുറന്നു ചർച്ച ചെയ്തിരുന്നു. 1887-ൽ മലബാർ മാന്വൽ പ്രസിദ്ധീകരിച്ച് ഒരു വർഷത്തിനകം അദ്ദേഹത്തെ സിവിൽ സർവ്വീസിൽ നിന്നു ജുഡീഷ്യൽ സർവ്വീസിലേക്കു മാറ്റാനുള്ള കാരണം തന്നെ ഇത്തരം തുറന്നെഴുത്തുകളാവാമെന്നു കരുതുന്നു. അതൊരു ശിക്ഷയോ തരംതാഴ്ത്തലോ ആയി കണ്ടതുകൊണ്ടാവാം അദ്ദേഹം രണ്ടുമാസത്തിനകം ജോലി അവസാനിപ്പിച്ച് നാട്ടിലേക്ക് തിരിച്ചു പോയതും. കുടിയാൻ പ്രശ്നങ്ങളോടും അടിയാളരോടും സഹാനുഭൂതിയോടെയുള്ള ഇടപെടലുകൾ നടത്തിയതിന്റെ പേരിൽ സമ്മർദ്ദങ്ങളനുഭവിക്കേണ്ടി വന്ന ലോഗന്റെ വ്യക്തിജീവിതവും ആ സംഘർഷങ്ങളുടെ പങ്കുപറ്റി അദ്ദേഹത്തിനൊപ്പം നിന്ന ആനിയുടെ സമർപ്പണവും സേവനതല്പരതയും ഗുഡ് ബൈ മലബാറിൽ അനാവൃതമാകുന്നു.

മലബാറിലെ ജനങ്ങളെക്കുറിച്ചും ആചാര-വിശ്വാസങ്ങളെക്കുറിച്ചും വില്യം

ലോഗനുണ്ടായിരുന്ന അനുഭവപരിചയം തന്നെയാണ് മലബാർ മാന്വലിനെ വസ്തുനിഷ്ഠമാക്കുന്നത്. മലബാറിലെ കുടിയായ്മ നിയമങ്ങളുടെയും സാമൂഹ്യപരിഷ്കരണത്തിന്റെയും പിതാവെന്നു വിശേഷിപ്പിക്കപ്പെടുന്ന ലോഗന്റെ മാന്വലിൽ ജനങ്ങൾ എന്ന ശീർഷകത്തിൻ കീഴിൽ അദ്ദേഹം മലബാറിന്റെ സാംസ്കാരിക ജീവിതമാകെ വെളിപ്പെടുത്തുന്നുണ്ട്. അക്കാലത്തു നിലനിന്നിരുന്ന അടിമത്തത്തെക്കുറിച്ചും അടിയാളുടെ ജീവിതത്തെക്കുറിച്ചുമുള്ള വിശദാംശങ്ങൾ ഇവിടെയാണു പരാമർശിതമാവുന്നത്. ജാതീയമായ കീഴാളതയെ അല്ല അദ്ദേഹം അടിമത്തം എന്നതുകൊണ്ടു വിവക്ഷിക്കുന്നതെന്നതും ശ്രദ്ധേയമാണ്. അധമ ജാതികൾ എന്ന ഉപശീർഷകത്തിനു താഴെ സെൻസസ് കണക്കുകൾ ഉദ്ധരിക്കുന്നിടത്ത് ലോഗൻ പറയൻ (അടിമ) എന്നു കൃത്യമായി രേഖപ്പെടുത്തുന്നുണ്ട്. തീണ്ടലിനെക്കുറിച്ച പറയുന്ന ഭാഗത്ത് പുലയൻ (അടിമ) 64 അടി ദൂരമെന്നാണു പറഞ്ഞിരിക്കുന്നത്. ജാതിവ്യവസ്ഥയ്ക്കും അതിന്റെ ഭാഗമായുള്ള വിവേചനങ്ങൾക്കും ഇരകളായ കീഴ്ജാതിക്കാരെക്കാൾ ഇരട്ട ചൂഷണം അനുഭവിക്കുന്നവരാണ് അടിമകൾ എന്നദ്ദേഹം മലബാറിലെ സാമൂഹ്യജീവിതം സൂക്ഷ്മമായി പഠിച്ചതിൽ നിന്നു മനസിലാക്കിയിരുന്നു. 1857 -ലെ സെൻസസ് പ്രകാരം മലബാറിന്റെ വിവിധ താലൂക്കുകളിലെ അടിയാളവിഭാഗങ്ങളുടെ കണക്കും മലബാർ മാന്വലിലുണ്ട്. അവർ എണ്ണത്തിൽ ഒട്ടും കുറവല്ല. കാർഷികവൃത്തിയുടെ നിലനില്പുതന്നെ അടിയാളരുടെ അദ്ധ്വാനത്തിലും ശാരീരികശേഷിയിലുമൂന്നിയതായിരുന്നു. ഏറനാട് താലൂക്കിലും സമീപപ്രദേശങ്ങളിലുമാണ് അടിയാളരിൽ ഭൂരിഭാഗവും വസിച്ചിരുന്നത് എന്ന് ലോഗൻ കണ്ടെത്തുന്നുണ്ട്. ആകെ 1,87812 അടിയാളരുണ്ടായിരുന്നതിൽ 98989 പേർ ഏറനാട്, വള്ളുവനാട്, പൊന്നാനി താലൂക്കുകളിലാണ് അധിവസിച്ചിരുന്നത്. മലബാർ ജില്ലകളിലെ ഏറ്റവും മാപ്പിള ജനസംഖ്യ ഉള്ള ഈ 3 താലൂക്കുകളും മാപ്പിളത്താലൂക്കുകൾ എന്നാണക്കാലത്ത് അറിയപ്പെട്ടിരുന്നത്. ഇസ്ലാം മതത്തിലേക്കുള്ള ഹിന്ദുക്കളുടെ പരിവർത്തനം മുഖ്യമായും ഇവിടങ്ങളിൽ കൂട്ടമായി അധിവസിച്ചിരുന്ന അടിയാള (അടിമ) ജാതിയിൽ നിന്നാണെന്നു വ്യക്തമാവുന്നുണ്ടെന്ന് ലോഗൻ നിരീക്ഷിക്കുന്നത് ഈ പശ്ചാത്തലത്തിലാണ്.

മലബാറിലെ അടിമത്തവ്യവസ്ഥയെക്കുറിച്ചും അതിന്റെ സാമ്പത്തികവും സാംസ്കാരികവുമായ വിവിധവശങ്ങളെക്കുറിച്ചും ലോഗൻ മലബാർമാന്വലിൽ വിശദമായിത്തന്നെ ചർച്ചചെയ്യുന്നു. യൂറോപ്യൻ തോട്ടമുടമകളുടെ ഇടപെടലുകൾ അടിയാളരുടെ മേലുള്ള ഉടമകളുടെ കുത്തകാവകാശത്തിന് അയവു നൽകിയതിനെക്കുറിച്ചും അടിമക്കച്ചവടത്തിനെതിരെ ബ്രിട്ടീഷ് ഭരണകൂടം

രൂപപ്പെടുത്തിയ നിയമങ്ങളെക്കുറിച്ചും അദ്ദേഹം പറയുന്നു. 1792-ൽത്തന്നെ അടിമക്കച്ചവടത്തിനെതിരെ കർശനമായ നിയമങ്ങൾ കമ്പനി ഗവണ്മെന്റ് പുറപ്പെടുവിച്ചിരുന്നു. പക്ഷേ, പിന്നീടും അടിമക്കച്ചവടം മലബാറിൽ വ്യാപകമായി തുടരുകയായിരുന്നു. 1822, 1836, 1839, 1841, 1842 തുടങ്ങിയ വർഷങ്ങളിലൊക്കെ അടിമക്കച്ചവടം ഗവണ്മെന്റിന്റെ സവിശേഷശ്രദ്ധയ്ക്ക് വിഷയമായതിന്റെ രേഖകളുണ്ട്. 1841-ൽ കോഴിക്കോട് ജഡ്ജി ഇ. ബി. തോമസ് ശക്തമായ ഭാഷയിൽ അടിമക്കച്ചവടത്തെക്കുറിച്ച് എഴുതിയതിനെപ്പറ്റി മാന്വലിൽ ഇങ്ങനെ കാണാം.

> "മി. തോമസ് നൽകിയ വിവരമനുസരിച്ച്, ചില താലൂക്കുകളിൽ അടിമകളെ ഉല്പാദിപ്പിക്കാൻ കഴിവുള്ള അടിമസ്ത്രീക്ക് വില കൂടുതലാണ്. പത്തു വയസിനു കീഴിലുള്ള ആൺകുട്ടിക്ക് ശരാശരി 3 രൂപ 8 അണ വില കിട്ടും. പെൺകുട്ടിക്ക് വില ഇതിൽ അല്പം കുറയും. 1842 ആഗസ്റ്റ് 24-ന് മി. തോമസ് എഴുതിയ രണ്ടാമത്തെ എഴുത്തിൽ അടിമകളുടെ എണ്ണം 1835-ലെ കാനേഷുമാരിയിൽ 1,44,000 ആയിരുന്നത് 1842-ൽ 159,000 ആയി വർദ്ധിച്ചുവെന്ന് ചൂണ്ടിക്കാട്ടിയിട്ടുണ്ട്. അടിമവ്യവസ്ഥ മലബാറിൽ ക്രമപ്രവൃദ്ധമായി അപ്രത്യക്ഷമായി വരികയാണെന്നു കരുതാൻ വഴികാണുന്നില്ലെന്നും അദ്ദേഹം പറയുന്നു." (വില്യം ലോഗൻ :119:2010)

ഇ. ബി. തോമസിന്റെ ഈ എഴുത്തുകളാണ് അടിമസമ്പ്രദായം അവസാനിപ്പിക്കുന്നതിനുള്ള നിയമനിർമ്മാണത്തിലേക്ക് ഗവണ്മെന്റിനെ നയിച്ചത്. 1843-ൽ അടിമവ്യവസ്ഥ നിരോധിച്ചു കൊണ്ടുള്ള നിയമം പാസാക്കപ്പെട്ടു. കോഴിക്കോട് കളക്ടറായിരുന്ന മി. കൊനോലി അതിലെ നിയമങ്ങൾക്ക് മലബാറിലെങ്ങും വ്യാപകമായ പ്രചാരം നൽകി. പക്ഷേ അടിമക്കച്ചവടം പൂർണമായി ഇല്ലാതായില്ല എന്ന വസ്തുതയും ലോഗൻ മാന്വലിൽ പ്രതിപാദിക്കുന്നുണ്ട്.

മലബാറിന്റെ ചരിത്രവും ഭരണവും നികുതിഘടനയും രേഖപ്പെടുത്തുന്ന ഔദ്യോഗികരചനയായിരുന്നു വില്യം ലോഗൻ നടത്തിയത്. അതിലെ കണക്കുകൾക്കും തെളിവുകൾക്കും ആധികാരികതയും വസ്തുനിഷ്ഠതയുമാണധികം. പക്ഷേ ജനജീവിതം അതിലെ പ്രധാനപ്പെട്ട പ്രതിപാദ്യവിഷയമായതുകൊണ്ടുതന്നെ അക്കാലത്തെ ജീവിതത്തിന്റെ സ്പന്ദനങ്ങൾ അവയിൽ മൃദുവായി അനുഭവപ്പെടാതിരിക്കുന്നുമില്ല. അടിമത്തത്തെക്കുറിച്ചും കീഴാളജീവിതത്തെക്കുറിച്ചുമൊക്കെ അലിവോടെയും മനുഷ്യത്വത്തോടെയുമാണ് മലബാർ മാന്വൽ സംസാരിക്കുന്നത്. കേവലമായ ചരിത്രരേഖകളെന്നതിനപ്പുറം മാന്വലിന്റെ സാമൂഹികപ്രസക്തി ഇക്കാര്യത്തിൽക്കൂടി ഊന്നിയിട്ടുള്ളതാണ്. 'ഗുഡ് ബൈ

മലബാറി' ലാകട്ടെ ഇത്തരം വസ്തുനിഷ്ഠമായ വിവരങ്ങളുടെ വൈകാരിക പ്രതികരണങ്ങളാണ് കാണാനാവുക. അടിമത്തവ്യവസ്ഥിതിയുടെ ഇരകളായിരുന്ന വലിയൊരു വിഭാഗം ജനതയോടുള്ള ലോഗന്റെയും ആനിയുടെയും സഹാനുഭൂതി കലർന്ന മനോഭാവമാണ് ഗുഡ് ബൈ മലബാറിന്റെ കാതൽ. ജനപക്ഷത്തുനിന്ന് പ്രശ്നങ്ങളെ വിലയിരുത്തുന്ന ലോഗന്റെ സമീപനങ്ങളെ പൂർണതയിലേക്കെത്തിക്കുകയാണ് ആനിയുടെ ഇടപെടലുകൾ . ആനിബസന്റ്, കാറൽ മാർക്സ് തുടങ്ങിയ വ്യക്തികളുടെ സാന്നിദ്ധ്യം ആനിയുടെ ചിന്തകളെയും കാഴ്ചകളെയും നിർണായകമായി സ്വാധീനിക്കുന്നതും പ്രധാനമാണ്. മലബാറിലെ ജീവിതകാലം ആനി കളക്ടറുടെ ഭാര്യ എന്ന അധികാര പദവിയിൽ ആഘോഷിക്കുകയല്ല, നിരന്തരമായ സാമൂഹ്യസേവനത്തിലൂടെ, ലോഗന്റെ ഔദ്യോഗികജീവിതത്തിനും എഴുത്തിനും പിന്തുണയാവുന്ന ക്രിയാത്മക ഇടപെടലുകളിലൂടെ സമ്പന്നമാക്കുകയാണ് ചെയ്യുന്നത്. മാമ്പലിന്റെ ആദ്യ വായനക്കാരി എന്ന നിലയിൽ ആനിയുടെ കാഴ്ചകളും ചിന്തകളും മലബാറിലെ അടിമത്തവ്യവസ്ഥയിൽ ആഴത്തിൽ പതിയുന്നുണ്ട്. തുല്യത, സമഭാവന ഇവയെ സ്വന്തം ജീവിതത്തിലും പ്രായോഗികമാക്കുന്നവളാണ് ആനിയെന്നതിന് നോവലിലുടനീളം സൂചനകളുണ്ട്. വ്യവസ്ഥകളോട് കലഹിക്കുന്നു പലപ്പോഴും അവൾ.

> "അടിമപ്പണികൾ ഇപ്പോഴും തുടരുകയാണ്. ചെറുമർ അടിമകളാക്കപ്പെട്ടവരിൽ ഒരു കൂട്ടർ മാത്രമാണ്. അതേപോലെ വേറെയും ജാതികളിൽ പെട്ട അടിമക്കൂട്ടങ്ങളുണ്ടത്രേ. ഓരോരുത്തർക്കും അവരവരുടെ ഭാഷകളും വേഷങ്ങളും ആചാരാനുഷ്ഠാനങ്ങളും ഉള്ളവരാണ്. അവർ തമ്മിലും അവരിൽ മുന്തിയവർ, താഴ്ന്നവർ എന്ന ജാതിവ്യത്യാസങ്ങൾ ഉള്ളവരാണ്. " (കെ. ജെ. ബേബി: 108: 2020)

ചെറുമരെപ്പറ്റിയുള്ള ലോഗന്റെ കുറിപ്പുകൾ വായിക്കുമ്പോൾ ആനി കൊനോലിയുടെ ഭാര്യ അന്നെയ്ക്ക് കത്തെഴുതാൻ ആലോചിക്കുന്നു. കൊനോലി കോഴിക്കോട് കലക്ടറായിരുന്നപ്പോൾ അടിമക്കച്ചവടം നിർത്തുന്നതിനും പൊതുവഴിയെ താഴ്ന്ന ജാതിക്കാർക്കു നടക്കാൻ അനുമതി നൽകുന്നതിനുമുള്ള നിയമങ്ങൾ നടപ്പിലാക്കാൻ ശ്രമിച്ചിരുന്നു. അന്നെയുമായി ആനിക്കുള്ളത് തീവ്രമായ സൗഹൃദമാണ്. സമൂഹത്തിലെ ജാതീയമായ മേധാവിത്തവും വിവേചനവും ഇല്ലാതാക്കണമെന്ന സമത്വവീക്ഷണമാണ് അടിമത്തവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ആനി പ്രകടിപ്പിക്കുന്നത്. ആ ജനാധിപത്യ ബോധവും മൂല്യചിന്തയും അവളുടെ വ്യക്തിത്വത്തിന്റെ ഭാഗമാണു താനും.

തുല്യത ഒരു സാമൂഹികപ്രയോഗമാക്കാനുള്ള ആനിയുടെ അഭിലാഷത്തിൽ, ജാതീയതയാകുന്ന മർദ്ദനശക്തിയുടെ പീഡകളനുഭവിക്കുന്ന അടിമകളുടെ വിമോചനത്തിനു വേണ്ടിയുള്ള വ്യഗ്രതയിൽ തീർച്ചയായും വൈരുദ്ധ്യമുണ്ട്. പക്ഷേ നോവലിസ്റ്റ് അതിസൂക്ഷ്മതയോടെയാണ് ആനിയുടെ വ്യക്തിത്വത്തെ രൂപപ്പെടുത്തിയിരിക്കുന്നത്. സമഭാവന അവളുടെ ആദർശവും ദർശനവുമാണെന്നു വെളിപ്പെടുമ്പോൾ ഈ വൈരുദ്ധ്യം മാഞ്ഞുപോവുകയും തികച്ചും സ്വാഭാവികമാവുകയും ചെയ്യുന്നു. വരേണ്യവർഗ്ഗത്തിനിടയിൽ നിലനിൽക്കുന്ന പ്രത്യയശാസ്ത്രപരമായ ഐക്യത്തിലൂടെ രൂപപ്പെടുന്ന അധീശത്വം, സാമാന്യജനങ്ങളോടും പൊതുസമൂഹത്തോടുമുള്ള വിപ്രതിപത്തി, അകൽച്ച തുടങ്ങി അധികാരവർഗ്ഗത്തിന്റെ പ്രവണതകളോട് കൃത്യമായ വിച്ഛേദം പുലർത്തുന്നവരാണ് ഗുഡ് ബൈ മലബാറിലെ കഥാപാത്രങ്ങളെല്ലാം. അസാധാരണമാംവിധം സാമൂഹ്യപ്രതിബദ്ധത കൂടിയുള്ളവരാണവർ. അധീശവർഗ്ഗത്തിന്റെ പ്രതിനിധികളായിരുന്നു കൊണ്ടുതന്നെ വിധേയരോട് പൊരുത്തപ്പെടുകയെന്ന സമീപനത്തിലെ വൈരുദ്ധ്യത്തെ സമീകരിക്കാനും അവർക്കു കഴിയുന്നു.

ആനി അന്നെ ആന്റിക്കെഴുതുന്ന കത്ത് ഇങ്ങനെയാണ്:

> "അടിമകൾ ഇപ്പോഴും ഉടമകളുടെ സ്വത്തുക്കൾ തന്നെയാണ്. പൊതുവഴികളിൽ അവരിപ്പോഴും പ്രത്യക്ഷപ്പെടാറില്ല . ഇന്ത്യൻ പീനൽ കോഡിലെ 370, 371 വകുപ്പുകൾ പ്രകാരം അടിമകളെ ക്രയവിക്രയം ചെയ്യുന്നത് കുറ്റകരമാണ്, പക്ഷേ സംഭവങ്ങൾ എല്ലാം പഴയതുപോലെ തുടരുന്നു. ഏട്ടിലെ പശു പുല്ലു തിന്നുകയില്ലല്ലോ—ലോഗൻ ഒരു പടികൂടി കടന്ന് അടിമകളെ സംബന്ധിച്ച് പുതിയ നിർദ്ദേശങ്ങൾ ഗവണ്മെന്റിനു സമർപ്പിച്ചിരിക്കുകയാണ്. അടിമകൾക്ക് കുടികിടപ്പായി ഇപ്പോഴുള്ള സ്ഥലങ്ങളിൽ സ്ഥിരാവകാശം കൊടുക്കുക, അടിമകളെ കുടികിടപ്പവകാശികളാക്കുക. ഇത്തരം നിയമനിർമ്മാണങ്ങൾ ഉണ്ടാകാത്തിടത്തോളം കാലം അടിമവ്യവസ്ഥയിൽ നിന്നു വ്യത്യസ്തമായിട്ടുള്ള സ്വാതന്ത്ര്യത്തിന്റെ അർത്ഥം അടിമകൾക്കു മനസിലാവുകയില്ലത്രേ. . ഗവൺമെന്റിൽ നിന്ന് ഇങ്ങനെ എന്തെങ്കിലുമുണ്ടാകുമെന്ന് ആന്റി കരുതുന്നുണ്ടോ? ... ഉന്നതാധികാരകേന്ദ്രങ്ങളിൽ ഒരാൾക്കെങ്കിലും ഇതു മനസ്സിലായാൽ ബാക്കി അവരു ശ്രമിച്ചോളും. അല്ലെങ്കിൽ അടുത്തവര്." (അതേ പുസ്തകം: 110)

കുട്ടികളെ അടിമകളാക്കാനായി പിടിച്ചുകൊണ്ടുപോയിരുന്ന സമ്പ്രദായത്തെക്കുറിച്ചും അതിന്റെ പ്രത്യാഘാതങ്ങളെക്കുറിച്ചും നോവലിൽ ചർച്ചകൾ ഉണ്ടാവുന്നുണ്ട്.

2420 കുട്ടികളെ ഇത്തരത്തിൽ മലബാറിൽ നിന്നു നഷ്ടപ്പെട്ടതിനെക്കുറിച്ചും കുട്ടികളെ കവരുന്നതു തടയാൻ പോലീസ് മേധാവിയുടെ സഹായം തേടുന്നതിനെക്കുറിച്ചും പറയുന്നതിനൊപ്പം ഇത്തരത്തിൽ കുഞ്ഞ് നഷ്ടപ്പെട്ടതോടെ മനോനില തകരാറിലായ ഒരു ഉമ്മയെ ആനി സ്വന്തം വീട്ടിലേക്കു കൊണ്ടുവന്ന് പരിചരിക്കുന്ന കഥകൂടി കൂട്ടിച്ചേർത്തിരിക്കുന്നു. കുട്ടികളെ കവർന്നുകൊണ്ടുപോയി അടിമകളാക്കുന്നതിനെപ്പറ്റി മലബാർ മാന്വലിൽ പറയുന്നുണ്ട്. പക്ഷേ ഉമ്മയുമായുള്ള ആത്മബന്ധവും അവർക്കു നൽകുന്ന മാനസിക പിന്തുണയും നോവലിലെ വൈകാരികംശങ്ങളാണ്. അടിമയുടമ വ്യത്യാസമില്ലാതെ മലബാറിലെ എല്ലാ കുഞ്ഞുങ്ങൾക്കും വിദ്യാഭ്യാസം നൽകുകയെന്നതാണ് ലോഗനും ആനിയും കണ്ട വേറൊരു സ്വപ്നം.

ചരിത്രപാഠത്തിൽ നിന്ന്, ഔദ്യോഗികാഖ്യാനങ്ങളിൽ നിന്ന് സാമൂഹിക യാഥാർത്ഥ്യങ്ങളെയും സംസ്കാരത്തെയും ജീവിതത്തെയും വീണ്ടെടുക്കാനുള്ള ശ്രമമാണ് ഗുഡ് ബൈ മലബാർ നടത്തുന്നത്. ചരിത്രവൽക്കരിക്കപ്പെട്ട ജീവിതങ്ങൾ, അനുഭവങ്ങൾ അതിനുള്ളിലടങ്ങിയിരിക്കുന്ന അധീശത്വത്തിന്റെ രാഷ്ട്രീയത്തെക്കൂടി വെളിപ്പെടുത്താതിരിക്കുന്നില്ല. അടിമത്തം എന്ന സാമൂഹികാവസ്ഥയുടെ (കൂടി ) യഥാതഥമായ വസ്തുതകൾ രേഖപ്പെടുത്തിയ രചനയാണ് മലബാർ മാന്വൽ. ആ ഔദ്യോഗികരേഖയുടെ അനുഭവതലത്തിലൂന്നിയ വൈകാരിക വ്യാഖ്യാനമാണ് ഗുഡ് ബൈ മലബാർ. സർഗ്ഗാത്മകമായ ഇടപെടലുകൾക്കവസരങ്ങളുള്ളത്. അടിമത്തമടക്കുള്ള സാമൂഹികാനീതികളെ പ്രശ്നവൽക്കരിക്കുന്നത്. പാഠത്തെ അഥവാ ചരിത്രത്തെയും അതിന്റെ ക്രിയാത്മക വ്യാഖ്യാനമായ നോവലിനെയും വിശകലനം ചെയ്യുന്നതിലൂടെ യാഥാർത്ഥ്യങ്ങൾ വീണ്ടെടുക്കപ്പെടുന്നു. ചരിത്രത്തിനു പുറത്തായവരുടെ ചരിത്രം രേഖപ്പെടുത്തപ്പെടുന്നു.

## ആധാരസൂചി

1. കൃഷ്ണൻ ടി.വി. (വിവ.), മലബാർ മാന്വൽ, മാതൃഭൂമി ബുക്സ്, 2010.
2. ബാലകൃഷ്ണൻ പി.കെ., ജാതിവ്യവസ്ഥയും കേരളചരിത്രവും, ഡി. സി ബുക്സ്, കോട്ടയം, 2010.
3. ബേബി കെ.ജെ., ഗുഡ് ബൈ മലബാർ, ഡി.സി. ബുക്സ്, കോട്ടയം, 2020.
4. വിനിൽ പോൾ, അടിമത്തം (Learner's Hand book on Theoretical Terms, Ed. Dileep R).
5. വേലായുധൻ പണിക്കശ്ശേരി, സഞ്ചാരികൾ കണ്ട കേരളം, കറന്റ്ബുക്സ്, കോട്ടയം, 2012.

6. Mohan P Sanal, Modernity and Slavery Struggles against Cast Inequality in Colonial Kerala, 2015.

*jisa.silvia@gmail.com*

# ആദിവാസി: സങ്കല്പനത്തിന്റെ സാധുതയും രാഷ്ട്രീയവും

അബ്ദുൾ റഫീക്
ഗവേഷകൻ, മലയാള വിഭാഗം, ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി

## സംഗ്രഹം

ആധുനികജ്ഞാനശാസ്ത്രം ഗണയുക്തി (taxonomy) യെ മുൻനിർത്തി സാമൂഹികയാഥാർത്ഥ്യങ്ങളെ വകതിരിച്ചാണ് അപഗ്രഥനത്തിന് തയ്യാറായത്. ഏത് പ്രതിഭാസത്തിന്റെയും അടിസ്ഥാനതത്ത്വങ്ങൾ നിർദ്ധരിച്ചെടുക്കുകയും ആ സാമാന്യതയെ അടിസ്ഥാനമാക്കി ജനുസു(Genre)കളെ നിർമ്മിച്ചെടുക്കുകയുമായിരുന്നു ആധുനികത ചെയ്തത്. വിഷയിക്ക് പുറത്തായി വിഷയം നിൽക്കുന്നതായും നോക്കിപ്പഠിക്കാൻ കഴിയുന്ന നിലയിൽ വിഷയത്തിന് സാമാന്യസത്ത എന്നൊന്നുണ്ടെന്നും ആധുനികത കരുതി. സ്വാഭാവികമായും മൂർത്ത യാഥാർത്ഥ്യത്തെയല്ല, സംവർഗങ്ങളെ മുൻനിർത്തി അമൂർത്തതയെ വിശകലനം ചെയ്യലായിരുന്നു അതിന്റെ രീതിശാസ്ത്രമായത്. സൂക്ഷ്മയാഥാർത്ഥ്യത്തെ പരിഗണനയ്ക്കെടുക്കാത്ത സങ്കല്പനങ്ങൾ എങ്ങനെയാണ് ആദിവാസി എന്ന സംവർഗത്തെ നിർമ്മിച്ചെടുത്തതെന്നും അതിന്റെ ആന്തരികരാഷ്ട്രീയം എങ്ങനെയാണ് ഹിംസ ആകുന്നതെന്നും ചർച്ച ചെയ്യുകയാണ് ഈ പ്രബന്ധം.

കീവേർഡ്സ്: Tribal Question, Modern Epistemology, Conceptual Violence

കറുത്തചർമ്മത്തിനും വെളുത്ത മുഖംമൂടിക്കുമിടയിൽ ഊയലാടുന്ന തദ്ദേശീയർ ഒരു പ്രത്യേക ദശാസന്ധിയിൽ സ്കിസോഫ്രീനിയാക് ആവേണ്ടി വരുന്നതിനെക്കുറിച്ച് ഫ്രാൻസ് ഫാനൻ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ആന്തരികകോളനീകരണത്തിന്റെയും സാംസ്കാരിക അന്യവത്കരണത്തിന്റെയും അനന്തരഫലം സാമൂഹികമായ സ്കിസോഫ്രീനിയ തന്നെയാണ്. മാരകരോഗങ്ങൾ മുതൽ

സ്കൂൾഡ്രോപ്പ്ഔട്ട് വരെയുള്ള തദ്ദേശീയദുർബലജനവിഭാഗത്തിലെ സാമൂഹികപ്രതിഭാസങ്ങൾ ഓരോന്നും സ്കിസോഫ്രീനിയയുടെ രൂപകങ്ങളായി കാണേണ്ടിയിരിക്കുന്നു. സിവിൽസൊസൈറ്റിയുടെ വംശീയമുൻവിധികളും പൊളിറ്റിക്കൽ സൊസൈറ്റിയുടെ വ്യവസ്ഥാപരമായ ഹിംസയും ഈ പ്രതിഭാസങ്ങളുടെ മൂലകാരണങ്ങൾ തന്നെയാണ്. അതിനാൽത്തന്നെ അരികുജീവിതങ്ങളെക്കുറിച്ചുള്ള ഓരോ ആഖ്യാനവും പ്രാഥമികമായി സ്വയം ക്ഷമാപണസ്വരം പുലർത്തേണ്ടതുണ്ട്. എങ്കിലും, ഏത് രാഷ്ട്രീയപ്രതിസന്ധിയെയും പരിഹരിക്കാനും മറികടക്കാനും മുമ്പിലുള്ള ഏകഉപാധി വസ്തുതാപരവും ഭൗതികവുമായ അപഗ്രഥനം മാത്രമാണ്. അതിനാൽത്തന്നെ എല്ലാ വൈകാരികാംശങ്ങളെയും ചേറ്റിക്കൊഴിച്ചു കൊണ്ടാണ് ആദിവാസിപ്രശ്നം (Question) എന്ന മൂർത്തമായ രാഷ്ട്രീയചോദ്യത്തിലേക്ക് ഈ പ്രബന്ധം കടക്കുന്നത്. വൈകാരികതയെ, കുറ്റബോധത്തെ മാറ്റിനിർത്തി അടിസ്ഥാനങ്ങളിൽ നിന്ന് വീണ്ടും ചോദ്യങ്ങളുന്നയിച്ചു തുടങ്ങേണ്ടതുണ്ട്. കേരളീയാധുനികതയുടെ വൈരുധ്യങ്ങളിലേക്കും അരികുജീവിതങ്ങളെ ഇത്രകാലം അഭിസംബോധന ചെയ്യാനുപയോഗിച്ച രീതിശാസ്ത്രത്തിന്റെ അപര്യാപ്തതകളിലേക്കും നോട്ടം പായിക്കാനുള്ള വഴി അതുകൂടിയാണ്. കേവലമായ ക്ഷമാപണ-വൈകാരികതകൾക്ക് ഘടനാപരമായ മാറ്റത്തിന് ചാലകമാവാൻ സാധ്യമല്ല തന്നെ.

ഏത് ആധുനികസമൂഹത്തിന്റെയും വളർച്ച കണക്കാക്കപ്പെടേണ്ടത് അതിലെ ദുർബലവിഭാഗത്തിന്റെ ജീവിതസാഹചര്യത്തെ പരിഗണിച്ചു കൊണ്ടായിരിക്കണം. മറ്റൊരർത്ഥത്തിൽ ദുർബലർ ക്ഷേമജീവിതം നയിക്കുന്നിടം മാത്രമേ ആധുനികസമൂഹമായി മാറുന്നുള്ളൂ. കേരളാമോഡൽവികസനം എന്നതൊരു മിത്തോ, ഇന്ത്യൻ സംസ്ഥാനങ്ങളിൽ വികസനസൂചികയിൽ ഒന്നാമതാണെന്നതൊരു പരസ്യവാചകമോ മാത്രമല്ല. പൂർത്തീകരിക്കപ്പെടാനുള്ള അനവധി കടമ്പകളും പരിഹരിക്കപ്പെടേണ്ട ധാരാളം വൈരുധ്യങ്ങളും കേരളീയ ആധുനികതയിലുണ്ടെങ്കിലും താരതമ്യേന സുരക്ഷിതമാണതിന്റെ നില. അടിത്തട്ട് മുതലാരംഭിച്ച നവോത്ഥാനവ്യവഹാരങ്ങളും കർഷകപ്രസ്ഥാനങ്ങളുടെ അവകാശസമരങ്ങളും കീഴാളജാതികളുടെ ആത്മാവബോധവും ഒക്കെച്ചേർന്നു സൃഷ്ടിച്ച കേരളീയആധുനികത ഒരു യാഥാർത്ഥ്യമായിരിക്കെത്തന്നെ എന്തു കൊണ്ടായിരിക്കാം ആദിവാസികളുടെ ദുരവസ്ഥ തുടരുന്നത്? പോഷകാഹാരക്കുറവും വിചിത്രരോഗങ്ങൾ കൊണ്ടും വലയുന്നത്? പരിഹരിക്കാൻ കഴിയാത്ത ഒരു ചോദ്യമാണോ ആദിവാസിപ്രശ്നം? ഒറ്റനോട്ടത്തിൽ ക്ഷേമരാഷ്ട്രം എന്ന സങ്കൽപ്പത്തെ

പ്രായോഗികമാക്കാത്ത ഭരണകൂടവ്യവസ്ഥകളെയും ആദിവാസികളെ വോട്ടു ബാങ്ക് മാത്രമായിക്കണക്കാക്കുന്ന മുഖ്യധാരാരാഷ്ട്രീയപ്രവർത്തനങ്ങളെയും പ്രതിസ്ഥാനത്ത് നിർത്താം. വളരെ ജനകീയമായ ഒരാഖ്യാനമാണത്. പക്ഷേ അതുമാത്രമാണ് ദുരവസ്ഥയുടെ കാരണമെന്നു കരുതുന്നത് പ്രതിസന്ധിയെ സംബന്ധിച്ച സരളമായ ഒരപഗ്രഥനത്തിലേക്കാണ് കൊണ്ടുചെന്നെത്തിക്കുക. സ്റ്റേറ്റ് ഇനിയുംകൂടുതൽ ക്ഷേമപദ്ധതികൾ ആവിഷ്കരിക്കുന്നതുകൊണ്ടു മാത്രം മറികടക്കാൻ കഴിയുന്ന ഒന്നല്ല ആദിവാസിചോദ്യം.

ആദിവാസിക്ഷേമമെന്നത് ഇന്ത്യൻഭരണവ്യവസ്ഥയുടെ പരിഗണനയിൽ ചെറുതല്ലാത്ത നിലയിൽ നിലനിൽക്കുന്നുണ്ട്. ഭരണഘടന പ്രകാരം ആദിവാസികളുടെ ആവശ്യങ്ങൾ സംരക്ഷിക്കുന്നതിനുള്ള ചുമതല നിക്ഷിപ്തമായിരിക്കുന്നത് ഇന്ത്യൻ പ്രസിഡണ്ട്, പാർലമെന്റ്, ഗവർണർമാർ, സംസ്ഥാനനിയമസഭകൾ എന്നിവയിലാണ്. ദേശീയതലത്തിലും പ്രാദേശികതലത്തിലും ഡയറക്ടർമാരുണ്ട്. ഈ ഡയറക്ടറുടെ സഹായത്തോടെ വകുപ്പമന്ത്രി ക്ഷേമപദ്ധതികൾ നടപ്പിലാക്കാൻ ചുമതലപ്പെട്ടിരിക്കുന്നു. ആദിവാസിഉപദേശകകൗൺസിൽ, ആദിവാസിഗവേഷണസ്ഥാപനം എന്നിവ ഓരോ സംസ്ഥാനത്തിലുമാണ്ടാവണം. പാർല മെന്റിലും സംസ്ഥാനഅസംബ്ലികളിലും ആദിവാസികൾക്ക് സീറ്റ് സംവരണം ചെയ്യപ്പെട്ടിട്ടുണ്ട്. കേന്ദ്ര-സംസ്ഥാനസർക്കാർ ജോലികളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സംവരണം നിശ്ചയിച്ചിട്ടുണ്ട്. വികസനപദ്ധതികളുടെ എല്ലാ മേഖലകളിലും പത്ത് ശതമാനം ആദിവാസിക്ഷേമത്തിനുവേണ്ടി സർക്കാർ നീക്കിവയ്ക്കുന്നു. ചുരുക്കത്തിൽ ആദിവാസി സംരക്ഷണത്തിനാവശ്യമായ വളരെ ബൃഹത്തായൊരു പദ്ധതി ഭരണഘടന പ്രകാരം തന്നെ വിഭാവനം ചെയ്യപ്പെട്ടിട്ടുണ്ട്. അവ നടപ്പിലാക്കാനുള്ള വഴികളും സംവിധാനങ്ങളും ഭരണഘടന നിർദ്ദേശിക്കുന്നുമുണ്ട്.

ഇത്രയും, സ്റ്റേറ്റിനോ മുഖ്യധാരാ രാഷ്ട്രീയപ്രവർത്തനത്തിനോ ആദിവാസി ദുരവസ്ഥയിൽ പങ്കൊന്നുമില്ല എന്ന് വാദിക്കാൻ വേണ്ടി ചൂണ്ടിക്കാട്ടിയതല്ല. ഭരണഘടന നിർദ്ദേശിക്കുന്ന പ്രവർത്തനതത്ത്വങ്ങൾക്കനുസരിച്ച് ഭിന്നപദ്ധതികൾ ഭാവന ചെയ്ത് സംസ്ഥാനബജറ്റുകളിൽ തുക നീക്കിവെച്ച് മന്ത്രി മുതൽ ട്രൈബൽവകുപ്പിന്റെ പ്രാദേശികകേന്ദ്രങ്ങൾ വരെ നീളുന്ന സംവിധാനങ്ങൾ പ്രവർത്തിക്കുന്നുണ്ടായിട്ടും വൈരുധ്യം എന്തുകൊണ്ടു തുടരുന്നു എന്ന അടിസ്ഥാനചോദ്യമുന്നയിക്കാൻ വേണ്ടിയാണ്. കെടുകാര്യസ്ഥതയെയും അഴിമതിയെയും പ്രവർത്തനനിരതയെയും മാത്രം ചൂണ്ടിക്കാട്ടി കൈകഴുകാൻ

സാധ്യമല്ല. ബഹുമുഖമായ കാരണങ്ങളിൽ ഒന്നിനെ മാത്രം പ്രതിചേർത്താൽ പ്രശ്നം പരിഹരിക്കപ്പെടില്ല. പ്രായോഗികമായി പിഴക്കുന്നു എന്നതിന്റെ അർത്ഥം സൈദ്ധാന്തികമായി പിഴവാണ് എന്നതു തന്നെയാണ്. പ്രയോഗവും സിദ്ധാന്തവും വെവ്വേറെ നിൽക്കുന്നവയല്ല. സിദ്ധാന്തപരമായ അടിസ്ഥാന തിരുത്തുകളിൽ നിന്ന് ആരംഭിക്കേണ്ടത് അതുകൊണ്ടു തന്നെയാണ്.

### 1. സാർവ്വദേശീയ ആദിമസത്ത എന്ന മിത്ഥ്യ

'ആദിവാസി' എന്നതൊരു പൊതുസംവർഗമാണ്. നരവംശശാസ്ത്രപരമായും സാമൂഹ്യശാസ്ത്രപരമായും സാംസ്കാരികമായും ഫോക്‌ലോറിക്കലായും ആദിവാസി എന്ന സംവർഗത്തെ ഉപയോഗിച്ചുപോരുന്നു. വ്യത്യസ്തതകളെ പൊതുവായി നിർവചിച്ച് ഒരു വിഭാഗമായി സ്വയവും മറ്റുള്ളവരാലും മനസിലാക്കപ്പെടണമെങ്കിൽ ഒരോ കൂട്ടായ്മയിലും ഒരു പൊതുത്വം കണ്ടെടുക്കപ്പെടേണ്ടതുണ്ട്. അമൂർത്തമായ എല്ലാ പൊതുസംഘാടനങ്ങളും–അത് ദേശീയത മുതൽ റെസിഡൻസ് അസോസിയേഷനുകൾ വരെ–നിലനിൽക്കുന്നത് ഈ പൊതുത്വത്തിലൂന്നിയാണ്. ഭിന്നതകളെ കൂട്ടിയിണക്കുന്ന ബന്ധശക്തിയായി (Cohesive force) ആദിവാസികൾക്കിടയിൽ യാതൊന്നുമില്ല എന്നതാണ് യാഥാർത്ഥ്യം. 'ആദിവാസിത്വം' എന്ന ഭൗതികമോ പ്രത്യയശാസ്ത്രപരമോ ആയ ഒരു ബലമില്ല. ഭാഷാപരമോ സാംസ്കാരികമോ വിശ്വാസപരമോ സാമ്പത്തികമോ ഉത്പാദനപരമോ ആയ ഒന്നും പൊതുവായില്ല എന്നു മാത്രമല്ല, 'ആദിവാസി'യിൽ ഉൾപ്പെടുന്ന ഓരോ വിഭാഗത്തെ സംബന്ധിച്ചും ഇവയെല്ലാം ഭിന്നമാണ്. ഇവരെച്ചേർത്ത് ആദിവാസി എന്ന ഘടനാനിർമ്മിതി നടത്തി പൊതുവായി ക്ഷേമപദ്ധതികളോ ആധുനികീകരണശ്രമങ്ങളോ ജ്ഞാനശാസ്ത്രം തന്നെയോ രൂപീകരിക്കുന്നു എന്നിടത്താണ് പ്രതിസന്ധിയുടെ മൂലവേരുകൾ നിലകൊള്ളുന്നത്.

നരവംശശാസ്ത്രപരമായി 'ആദിവാസി' എന്ന സംവർഗനിർമ്മിതിക്ക് ചരിത്രപരമായി ചില സാധുതകളുണ്ടായിരുന്നു. ഇരുപതാംനൂറ്റാണ്ടിന്റെ മധ്യകാലം വരെയെങ്കിലും മുഖ്യധാരയിൽ നിന്ന് വേറിട്ടു നിൽക്കുന്ന, ആദിമനിവാസികളായ, വിഭാഗങ്ങളെ ഒന്നിച്ചുചേർത്തു മനസിലാക്കേണ്ട രാഷ്ട്രീയാവശ്യം നിലനിന്നിരുന്നു. ജ്ഞാനോദയാധുനികത കേവല 'മനുഷ്യനെ' നിർവചിച്ചതു പോലെ കേവല 'ആദിവാസിയെ ' നിർവചിക്കാനുപയോഗിച്ച തത്ത്വത്തെ സാർവ്വദേശീയ ആദിമസത്ത (Universal Primitive self) എന്ന് പേരിട്ടുവിളിക്കാം. അമേരിക്കൻ നരവംശശാസ്ത്രജ്ഞനായ മാർഷൽ സാഹ്ലിൻസ് ആവിഷ്കരിച്ചെടുത്ത ചില അടിസ്ഥാനസങ്കൽപ്പങ്ങളാണ്

ആദിമസത്തയുടെ നിർവചനത്തെ സാധുവാക്കിയത്. സാഹ്ലിയൻ രീതിശാസ്ത്രപ്രകാരം ലോകത്തെ എല്ലാ ആദിവാസി വിഭാഗങ്ങൾക്കും പൊതുവായ ചില സ്വഭാവങ്ങളുണ്ട്, അവ ;

1. ഒരു പ്രദേശത്തെ പൊതുവിഭവങ്ങളെ കൂട്ടായി ചൂഷണം ചെയ്തു പോരുന്നതും, കൂട്ടായി താമസിക്കുന്ന ബഹുകുടുംബങ്ങളും ചേർന്ന പ്രാഥമികഖണ്ഡങ്ങൾ.
2. സാമ്പത്തികവും രാഷ്ട്രീയവും ആശയപരവുമായ ബന്ധങ്ങൾക്കൊപ്പം കുടുംബബന്ധങ്ങളുടെ (kinship relations) ബഹുപ്രകാര (Multifunctional) സ്വഭാവം
3. തുടക്കത്തിൽ പറഞ്ഞ പ്രാഥമികഖണ്ഡങ്ങളുടെ ഘടനാപരമായ തുല്യത.

ഈ പൊതുഘടകങ്ങളെ മുൻനിർത്തി 'ആദിവാസി' യെ നിർവചിച്ചെടുക്കുന്ന രീതിപദ്ധതിക്ക് ഒരു കാലം വരെ പ്രസക്തിയുണ്ടായിരുന്നിരിക്കാം. ഇനിയങ്ങോട്ട് അത്തരമൊരു സങ്കല്പനം സാധുവാകാതെ പോകുന്നത് മേൽപ്പറഞ്ഞ ഘടകങ്ങൾ ഒന്നിച്ചു പ്രവർത്തിക്കുന്ന വിഭാഗങ്ങൾ കേരളത്തിൽ വിരലിലെണ്ണാവുന്നിടത്ത് പോലുമില്ല എന്നതുകൊണ്ടാണ്. ഏത് തരത്തിലുള്ള സാർവദേശീയ നിർവചനം പോലെയും ആദിവാസിയും പ്രശ്നഭരിതവും ആന്തരികവൈരുധ്യം നിറഞ്ഞതുമായ കൽപ്പന തന്നെയാണ്.

ആദിവാസി എന്നതിന് ശബ്ദതാരാവലി നൽകുന്ന അർത്ഥം ആദിമനിവാസി (Aborigines) എന്നാണ്. ആദിവാസിവിജ്ഞാന നിഘണ്ടുവാകട്ടെ കുറേക്കൂടി വിശദീകരണം നൽകുന്നത്കാണാം. അതനുസരിച്ച് പരിഷ്കൃതസമൂഹത്തിൽ നിന്നും അകന്ന് വനഭാഗങ്ങളിലും മലകളിലും കഴിഞ്ഞ് വരുന്ന ജനവിഭാഗത്തെയാണ് ആദിവാസികൾ എന്ന് വിശേഷിപ്പിക്കുന്നത് (കുമാരൻ വയലേരി, 2012: 28). Tribe എന്ന ഇംഗ്ലീഷ് പദത്തിന്റെ മലയാളീകരണമായാണ് ആദിവാസി എന്ന പദം ഉപയോഗിച്ചു പോരുന്നത്. ഭാഷാപരമായി സന്ദിഗ്ധമായ ഒരു തർജ്ജമയാണിത്. രക്തബന്ധത്തിലധിഷ്ഠിതമായ കുടുംബങ്ങളുടെ യൂണിറ്റെന്ന നിലയിലുള്ള കുലങ്ങളുടെയോ ഇല്ലങ്ങളുടെയോ കൂട്ടമാണ് ട്രൈബ്. ആ അർത്ഥത്തിൽ ട്രൈബ് എന്നതിന് സ്വീകരിക്കാൻ പറ്റുന്ന ഏറ്റവും നല്ല ഭാഷാപദം ഗോത്രവർഗം എന്നതാണ്. ആദിവാസികൾ എന്ന് വിവക്ഷിക്കപ്പെടുന്ന ജനവിഭാഗത്തിന്റെ ജീവിതയാഥാർത്ഥ്യങ്ങളുമായി കുറെക്കൂടി ചേരുന്ന പദവും അതുതന്നെയാണ്. സ്വയംനിർണയവകാശമുള്ള, സ്വയംപര്യാപ്തമായ ചുറ്റുപാടിൽ ജീവിക്കുന്ന സുഘടിതമായ ജനസമൂഹം എന്ന അർത്ഥത്തിലല്ല ഗോത്രവർഗം എന്നു പ്രയോഗിക്കുന്നത്. നിയന്ത്രണാധികാരമുള്ള

സ്ഥാനികരും വനങ്ങളിലും മലകളിലുമായുള്ള വാസവും സ്വയം നിർണയത്വവുമൊക്കെ ചേരുന്ന ക്ലാസിക്കൽഗോത്രവർഗമൊന്നും കേരളത്തിൽ ഇന്നില്ല. എങ്കിലും തങ്ങൾ പിന്തുടർന്ന് പോന്ന ഗോത്രജീവിതത്തിന്റെ വിദൂരച്ഛായ ഇന്നും അവരുടെ ജീവിതത്തിന്റെ ഉള്ളടരിൽ ഉണ്ടെന്നതിനാൽ ഗോത്രവർഗമെന്നോ ഗോത്രസമുദായമെന്നോ മാറ്റി വിളിക്കുന്നതാവും കൂടുതൽ സത്യസന്ധം. ഭാഷാപരമായ ഇത്തരം ശരിതെറ്റുകൾക്കപ്പുറത്ത് ആദിവാസി എന്ന വർഗീകരണം നേരിടുന്ന ചില രാഷ്ട്രീയപ്രശ്നങ്ങളുമുണ്ട്.

കേരളത്തിൽ എത്ര ഗോത്രവർഗങ്ങളുണ്ട് എന്നതിനെ സംബന്ധിച്ച് ഖണ്ഡിതമായ തീർപ്പുകളില്ല. സർക്കാർരേഖകളിൽ അത് മുപ്പത്തിയെട്ടാണെങ്കിൽ ഈ മേഖലയിൽ പഠനം നടത്തിയ ആദ്യകാല ഗവേഷകനായ എ.എ.ഡി.ലൂയിസ് 48 വിഭാഗങ്ങളുടെ പട്ടികയാണ് നിരത്തുന്നത് (എസ്.ആർ. ചന്ദ്രമോഹൻ, 2013:9) കെ. വേലപ്പൻ 53 വിഭാഗങ്ങളെ എണ്ണിപ്പറയുമ്പോൾ 2003-ലെ ഗസറ്റ് ഓഫ് ഇന്ത്യയുടെ കണക്കു പ്രകാരം 43 ഗോത്രവർഗ സമുദായങ്ങളാണുള്ളത്. ചില പഠനങ്ങളാവട്ടെ 60 വരെ അതു നീട്ടുന്നതും കാണാം. ചുരുക്കിപ്പറഞ്ഞാൽ സംസ്ഥാനജനസംഖ്യയുടെ 1.14 ശതമാനം വരുന്ന (കുമാരൻ വയലേരി, 2007: 22), അതിൽത്തന്നെ പലതും നിലനില്പിനുതന്നെ ഭീഷണി നേരിടുന്ന, ഗോത്രവർഗവിഭാഗത്തെക്കുറിച്ചുള്ള ആധികാരികമായ ഒരു കണക്ക് പോലും നമുക്കില്ല. ശാസ്ത്രീയവും സമഗ്രവുമായ ഒരു സ്ഥിതിവിവരക്കണക്കിലൂടെ വളരെ എളുപ്പത്തിൽ തയ്യാറാക്കാനാവുന്ന ഒരു പട്ടിക പോലുമില്ലാതെ ഒരു വലിയ കൂട്ടത്തെ ആദിവാസി എന്ന് കേവലമായി വർഗീകരിക്കുകയാണ് ചെയ്യുന്നതെന്നർത്ഥം.

ആദിവാസി എന്നതൊരു അമൂർത്തസങ്കൽപ്പമാണ് എന്നതിനാൽത്തന്നെ കേരളത്തിലെവിടെയും ആദിവാസിയെ കാണാൻ സാധ്യമല്ല. കാണാൻ പറ്റുക അടിയർ, അരണാടർ, ആളാർ, ഇരുളർ തുടങ്ങി മുഡുഗർ,മുതുവാൻമാർ, മുള്ളുക്കുറുമർ, വിഴവൻമാർ എന്നിങ്ങനെ അസംഖ്യം ഗോത്രവിഭാഗങ്ങളെയാണ്. ഇവയോരോന്നും സാമൂഹ്യശാസ്ത്ര പരമായും സാംസ്കാരികമായും വ്യതിരക്തത പുലർത്തുന്ന ഭിന്ന വിഭാഗങ്ങളാണ്. മുള്ളുക്കുറുമർ, കുറിച്യർ തുടങ്ങിയ വിഭാഗങ്ങൾ ഉന്നത സ്ഥാനത്തും പണിയർ, അടിയർ തുടങ്ങിയവർ ഏറ്റവും കീഴാളസ്ഥാനത്തും വരുന്ന വിചിത്രമായ ഒരു ശ്രേണീകരണം കൂടിയാണ് ആദിവാസി എന്ന കല്പന. ആധുനികത സാമൂഹ്യശാസ്ത്രപരമായി വകതിരിച്ചെടുത്ത ഗണത്തിൽ പോലും പ്രത്യക്ഷത്തിൽ ശ്രേണീബദ്ധത നിലനിൽക്കുന്നു എന്നർത്ഥം. കുറിച്യരും പണിയരും തമ്മിൽ യാതൊരു

തരത്തിലുമുള്ള സമാനതകളില്ല എന്നത് പോട്ടെ, പണിയരിൽ തന്നെ പ്രാദേശികമായി സാംസ്കാരികവ്യതിരിക്തതകളുണ്ട്. നിലമ്പൂർ, വയനാട്, കൊട്ടിയൂർ പ്രദേശങ്ങളിലെ പണിയവിഭാഗങ്ങൾ ഭാഷ-ആചാരം-സംസ്കാരം തുടങ്ങിയവയിലൊക്കെ വ്യത്യസ്തത പുലർത്തുന്നവരാണ്. പല വിഭാഗങ്ങളുടെയും പേരുകളിൽ പോലും അനിശ്ചിതത്വം നിലനിൽക്കുന്നു എന്നതാണ് ക്രൂരമായ സത്യം. എണ്ണത്തിന്റെ കാര്യത്തിൽ മുന്നിട്ടു നിൽക്കുന്ന പണിയസമുദായത്തിന് കുറഞ്ഞത് രണ്ട് പേരെങ്കിലുമുണ്ട്; പണിയൻ, പണിയർ (പണിയന്റെ ബഹുവചനമായല്ല പണിയർ പ്രയോഗിക്കപ്പെടാറ്, ആ സമുദായത്തിനുള്ള വ്യത്യസ്തമായ രണ്ടു പേരുകളാണിവ). അടിയസമുദായത്തെ സൂചിപ്പിക്കാൻ അഞ്ച് പേരുകൾ—അടിയൻ, അടിയർ, അടിയാൻ, അടിയോർ, റാവുള്ളർ (റാവുള്ളോര്)—ഉപയോഗിക്കപ്പെടുമ്പോൾ ബെട്ടകുറുമർ ഒമ്പതോളം പേരുകളിലാണറിയപ്പെടുന്നത്; ഊരാളിക്കുറുമൻ, ഊരാളിക്കുറുമർ, വെട്ടകുറുമർ, വെട്ടുവക്കുറുമർ, ബെട്ടകുറുമർ, ബെട്ടുകുറുമർ, ബെട്ടകുറുമൻ, ബെട്ടക്കുറുമർ, വട്ടക്കുറുമർ എന്നിങ്ങനെ പോകുന്നു അവ. മുള്ളുക്കുറുമ സമുദായത്തിന് മുള്ളക്കുറുമൻ, മുള്ളക്കുറുമർ, മുള്ളുക്കുറുമൻ, മുള്ളുക്കുറുമർ, മുള്ളുവക്കുറുമൻ, മുള്ളുവക്കുറുമർ, മുള്ളുക്കറുമ്പൻ എന്നും കാട്ടുനായ്ക്കർക്ക് കാട്ടുനായകൻ, കാട്ടുനായകർ, കാട്ടുനായ്ക്കർ, കാട്ടുനായ്ക്കൻ, തേൻകുറുമർ, തേൻകുറുമൻ എന്നും പേരുകളുണ്ട്. പേരുകളിലെ ആശയക്കുഴപ്പം വ്യത്യസ്തവിഭാഗങ്ങളെ തിരിച്ചറിയുന്നതിനും തടസമാവുന്നുണ്ട്. വയനാട്ടിൽ കുറുമർ എന്ന സംജ്ഞ വാസ്തവത്തിൽ മൂന്ന്ഗോത്രങ്ങളെയാണ് സൂചിപ്പിക്കുന്നതെന്ന് എസ്. ആർ.ചന്ദ്രമോഹൻ ചൂണ്ടിക്കാട്ടുന്നുണ്ട് (2013: 9).

ആദിവാസിഭാഷകൾ ദക്ഷിണദ്രാവിഡം, ഉത്തരദ്രാവിഡം എന്നീ ഭിന്നശാഖകളിൽ ചിതറിക്കിടക്കുന്നവയും അതിൽത്തന്നെ പ്രാദേശികമായ ഭാഷാഭേദങ്ങളുള്ളവയുമാണ്. ഉദാഹരണത്തിന് ദക്ഷിണദ്രാവിഡ ഉപശാഖയിലെ പണിയഭാഷ നിലമ്പൂരും വയനാട്ടും കൊട്ടിയൂരും ഈഷൽഭേദങ്ങളോടെയാണ് നിലകൊള്ളുന്നത്. കുടുംബബന്ധങ്ങളെക്കുറിക്കുന്ന ചില പദങ്ങൾ മാത്രം ഉദാഹരണമായി താഴെ എടുത്തു ചേർക്കുന്നു.

> ചെറുക്കന്റെഅമ്മ–പെണ്ണത്തായു (നിലമ്പൂർ), ഉറാട്ടിനത്തായു (വയനാട്) പെണ്ണിന്റെഅമ്മ–തമമൻ (നിലമ്പൂർ), തമമെ (വയനാട്) അമ്മാവൻ–പൊണ്ണത്തായു (നിലമ്പൂർ), തമ്മി (വയനാട്) അമ്മായി–ഉത്തി (നിലമ്പൂർ), മുത്തിഅമ്മെ (വയനാട്)

ഇങ്ങനെ ഒരു ഗോത്രവിഭാഗത്തിനുള്ളിൽത്തന്നെ പ്രത്യക്ഷസാംസ്കാരികഭിന്നതകളുണ്ട്. ഉത്പാദനപരമായി ആദിവാസി എന്ന സംജ്ഞയിലുൾക്കൊള്ളുന്ന

ഗോത്രവർഗങ്ങളുടെ സവിശേഷതകളും വ്യത്യസ്തമാണ്. കുറിച്യരും കുറുമരും പരമ്പരാഗതമായി കൃഷിചെയ്തു പോരുന്നവരാണ്. കാട്ടുനായ്ക്കർ കാടിനെ ആശ്രയിച്ചു ജീവിക്കുന്നവരാണ്. പണിയരും അടിയരും കാർഷികമേഖലയിൽ കൂലിപ്പണി ചെയ്തു ജീവിക്കുന്നവരാണ്. ഉത്പാദനപരവും സാംസ്കാരികവും പ്രാദേശികവുമായ വ്യത്യസ്തതകളെ സാമാന്യവത്കരിക്കുക എന്ന അബദ്ധം കൂടിയാണ് ആദിവാസി എന്ന സംവർഗനിർമ്മിതി.

## 2. സാമാന്യവത്കരണത്തിന്റെ ഫലങ്ങൾ

> “തങ്ങൾ മലനമ്പൂതിരിമാരാണെന്ന് വിശ്വസിക്കുകയും നമ്പൂതിരി മാരൊഴിച്ച് മറ്റെല്ലാ ജാതിക്കാരുമായി അയിത്തമാചരിക്കുകയും ചെയ്യുന്നവരാണ് കുറിച്യർ. കൊറഗരാവട്ടെ ഒരിക്കൽ ധരിച്ച വസ്ത്രം മാറ്റുകയോ നനയ്ക്കുകയോ കുളിക്കുകയോ ചെയ്യാത്ത വരും ചത്ത പശുക്കളുടെയും എരുമകളുടെയും തോലുരിച്ച് ഇറച്ചി പറിച്ചെടുത്ത് ഉപ്പും മുളകും പുരട്ടി തീയിലിട്ട് ചുട്ടു തിന്നുന്നവരുമാണ്.ഈ രണ്ട് അറ്റ ങ്ങൾക്കിടയിലായി മറ്റ് വർഗ ങ്ങൾ നിലകൊള്ളുന്നു” (എൻ.വി.കൃഷ്ണ വാര്യർ, 1963: 9).

ഇതെഴുതപ്പെട്ട് അരനൂറ്റാണ്ട് കഴിഞ്ഞിട്ടും ഗോത്രവിഭാഗങ്ങൾക്കിടയിലെ ബഹുത്വത്തെ തെളിയിച്ചെടുക്കാനോ വകതിരിച്ച് മനസിലാക്കാനോ നമുക്ക് കഴിഞ്ഞിട്ടില്ല. എന്താണ് ഇത്രകാലം സ്വീകരിച്ചുപോന്ന സാമാന്യവത്കരണത്തിന്റെ ഫലം എന്നറിയണമെങ്കിൽ ഏറ്റവും കൂടുതൽ ആദിവാസികളുള്ള വയനാടിലൂടെ വെറുതെ സഞ്ചരിച്ചാൽ മതി. കെ. പാനൂർ കേരളത്തിലെ ആഫ്രിക്ക എഴുതുന്ന കാലത്ത് കുറിച്യരുടെ അവസ്ഥ എപ്രകാരമായിരുന്നെന്ന് ആ പുസ്തകത്തിൽ ബൃഹദ് വിശദീകരണങ്ങളുണ്ട്.

> “ കുറിച്യകുടുംബങ്ങൾ മലകളിൽ അങ്ങിങ്ങായി മുളങ്കുടിലുകൾ വെച്ചു കെട്ടി താമസിക്കു കയാണ്. കുടിലുകൾ കണ്ടെത്താൻ ചില മലകൾ കയറുമ്പോൾ നമുക്ക് ടെൻസിങ്ങിനെപ്പറ്റി കൂടുതൽ ബഹുമാനം തോന്നും. ഒരു ദിവസവും ഒഴിയാതെ ഈ മലകൾ എത്രയെങ്കിലും പ്രാവശ്യം കയറുകയും ഇറങ്ങുകയും ചെയ്യുന്ന കുറിച്യക്കുട്ടികളെപ്പറ്റി അതിൽ ക്കൂടുതൽ ബഹുമാനം തോന്നിത്തുടങ്ങും. അവരുടെ കുടിലുകൾ നമ്മെ തീരെ ആകർഷിച്ചെന്നു വരില്ല. വെറും മണ്ണിൽ മുളങ്കീറുകൾ വരിവരിയായി കുത്തിനിർത്തി അവയ്ക്കുമീതെ കുറച്ച് മുളകൾ ചരിച്ചുകെട്ടി ഓടപ്പുല്ല് കൊണ്ട് മേഞ്ഞാൽ ഒരു കുറിച്യ ക്കുടിലായി.... രോഗംവന്നാലോ!ഗവൺമെന്റാശുപത്രികളിൽ പോയിക്കിടന്ന് ചികിത്സി ക്കുന്നതിനെപ്പറ്റി അവർക്ക് ചിന്തിക്കാനേ വയ്യ. അശുദ്ധകു

> റിച്യരാവാൻ ഇഷ്ടപ്പെടാത്ത രോഗികൾ ശുദ്ധകുറിച്യരായി മരിക്കാൻ ഒരുങ്ങുന്നു. ഗവൺമെന്റ് നൽകുന്ന പല ആനുകൂല്യങ്ങളും ഉപയോഗിക്കാൻ കുറിച്യരുടെ അന്ധവിശ്വാസങ്ങൾ അവരെ അനുവദിക്കുന്നില്ല... ..."(1963:35).

കെ.പാനൂർ കണ്ട വയനാട്ടിലെ ഈ കുറിച്യവിഭാഗം ഇന്ന് ഭാവനയിൽ പോലുമില്ല. 1960-ന് ശേഷമാണ് ആദ്യമായി കുറിച്യരിൽ നിന്നൊരാൾ ബി.എ.ബിരുദം പൂർത്തിയാക്കുന്നത്. അതിന് ശേഷമിങ്ങോട്ടുള്ള അരനൂറ്റാണ്ട് കുറിച്യരെ സംബന്ധിച്ചിടത്തോളം വൻ കുതിച്ചുചാട്ടത്തിന്റേതാണ്. ഗോത്രജീവിതത്തിന്റെ പാടുകൾ മുഴുവനായി മായ്ച്ചുകളഞ്ഞ് ശുദ്ധാശുദ്ധ സങ്കൽപ്പത്തെയും അയിത്താചാരത്തെയും എന്നേക്കുമായി നാടുകടത്തി അമ്പും വില്ലും നായാടലും മുളങ്കുടിലുകളും കൃഷിരീതിയും അടിതൊട്ട് പരിഷ്കരിച്ചെടുത്ത്, കൂട്ടായ ജീവിതവും വെളിച്ചപ്പാട്, പണിക്കർ, തെയ്യാടി പുരോഹിത വർഗങ്ങളുടെ ആജ്ഞാനുസാരമുള്ള ആത്മീയ ജീവിതവും കൈയൊഴിഞ്ഞ് കുറിച്യർ മുഖ്യധാരാവത്കരിക്കപ്പെട്ടു. ഇന്ന് ലോവർമിഡിൽക്ലാസിന്റെ ജീവിത സാഹചര്യങ്ങളിലേക്ക് സ്വയം ഉദ്ഗ്രഥിക്കപ്പെട്ടവരാണവർ. സ്കൂൾ/കോളജ് വിദ്യാഭ്യാസം പൂർത്തീകരിക്കുന്നവരും കഴിയുംപോലെ മത്സരപരീക്ഷകളിൽ പങ്കെടുത്ത് സർക്കാർ സർവീസിൽ കയറിപ്പറ്റുന്നവരും അതിന് കഴിയാത്തവർ കൃഷി മുതൽ ഡ്രൈവറുദ്യോഗം വരെയുള്ള ഭിന്ന തൊഴിൽമേഖലയിലൂടെ ജീവിതായോധനം നേടുന്നവരുമായി. എല്ലാ അർത്ഥത്തിലും ആധുനികവത്കരിക്കപ്പെട്ടു എന്നു പറയാം.

മറുഭാഗത്ത് പണിയരെയോ കാട്ടുനായ്ക്കരെയോ എടുത്തു നോക്കിയാൽ ഇതിന്റെ നേർവിപരീതം കാണാം. കെ. പാനൂർ കണ്ട വയനാട്ടിലെ പണിയർ അതിൽ നിന്ന് ഒട്ടും വ്യത്യസ്തമല്ലാത്ത മട്ടിൽ നിസഹായജീവിതം ഇന്നും നയിക്കുന്നു. വള്ളിയൂർക്കാവിലെ ക്ഷേത്രോത്സവച്ചന്തയിൽ നിപ്പുപണം നൽകി ജന്മിമാർ ഒരു വർഷത്തേക്ക് വിലക്കെടുക്കുന്ന അടിമക്കച്ചവടം നിയമം മൂലം നിരോധിക്കപ്പെട്ടു എന്നതു മാറ്റിനിർത്തിയാൽ അവിടങ്ങളിൽ അവസ്ഥ വലിയ മാറ്റമില്ലാതെ തുടരുന്നു. വിദ്യാലയങ്ങളിൽ നിന്ന് ഇറങ്ങിയോടുന്ന കുട്ടികൾ, മദ്യത്തിന്റെ അമിതോപയോഗത്താൽ ആരോഗ്യം നശിച്ച പുരുഷൻമാർ, അപകർഷതാബോധത്തിന്റെ കുനിഞ്ഞ ശിരസുമായി നീങ്ങുന്ന സ്ത്രീകൾ, അവിവാഹിതരായ അമ്മമാർ, കുടകിലെ ഇഞ്ചിപ്പാടങ്ങളിലെ ദുരൂഹമരണങ്ങൾ, വൃത്തിഹീനമായ ജീവിതച്ചുറ്റുപാടുകൾ, അടിക്കടി നിലനില്പ് ചോദ്യംചെയ്യപ്പെട്ടുകൊണ്ടിരിക്കുന്ന ജനതയാണവർ.

ഈ രണ്ടു വിരുദ്ധധ്രുവങ്ങളെ ചില അമൂർത്തതത്ത്വങ്ങളെ അടിസ്ഥാനമാക്കി ഒറ്റ സംവർഗമായി കണ്ട് ആദിവാസിജീവിതനിലവാരം അളന്നു തിട്ടപ്പെടുത്തുന്നിടത്താണ് ജ്ഞാനശാസ്ത്രപരമായ ഹിംസ പ്രവർത്തിക്കുന്നത്. ഇങ്ങനെയൊരു പൊതുമാനദണ്ഡത്തിലൂടെയുള്ള കണക്കെടുപ്പ് ആദിവാസിജീവിത നിലവാരം പടിപടിയായി ഉയരുന്നുവെന്ന് സമാശ്വസിക്കാൻ മുഖ്യധാരയ്ക്ക് വക തന്നേക്കുമെങ്കിലും യാഥാർത്ഥ്യം അതല്ല. കുറിച്യവിഭാഗത്തിൽ നിന്നുള്ളവരുടെ മന്ത്രിപദവിയോ സിവിൽസർവ്വീസ് വിജയമോ ആദിവാസിവിജയമായി ആഘോഷിക്കപ്പെടുന്നു. മറുഭാഗത്ത് പണിയരുടെ അടിമജീവിതം കൂടുതൽ രൂക്ഷമാകുന്നത് കാണപ്പെടാതെ പോകുകയും ചെയ്യുന്നു. വിവിധ ഗോത്രവിഭാഗങ്ങളെ, അവരുടെ ഉത്പാദന-സാമൂഹിക-സാംസ്കാരിക വ്യതിരിക്തതകളെ, അവാന്തരവിഭാഗങ്ങളുടെ സവിശേഷതകളെ സൂക്ഷ്മമായി മനസിലാക്കി അതിനനുസൃതമായി ക്ഷേമപദ്ധതികൾ ആവിഷ്കരിക്കപ്പെടേണ്ടതുണ്ട്. സംരക്ഷിക്കപ്പെടേണ്ടവരും പരിപാലിക്കപ്പെടേണ്ടവരും ആ രീതിയിൽ പരിഗണിക്കപ്പെട്ടില്ലെങ്കിൽ അർഹതയുള്ളവയുടെ അതിജീവനമെന്ന പ്രകൃതി നിയമമാവും നടപ്പിലാക്കപ്പെടുക.

### 3. ദളിത് പരിപ്രേക്ഷ്യത്തിലൂടെയുള്ള വിശകലനം

'ദളിത് ആദിവാസി ജനവിഭാഗങ്ങൾ' എന്നത് പ്രചാരം നേടിയൊരു വിശേഷണപദമാണ്. പലപ്പോഴം ഇവരണ്ടും ചേർത്തുപ്രയോഗിക്കുക പോലും ചെയ്യാറുമുണ്ട്. സാമൂഹികമായി അരികുവത്കരിക്കപ്പെട്ടവരെന്നോ വിഭവ - സാമൂഹികാധികാരത്തിന്റെ മണ്ഡലത്തിൽ പ്രാതിനിധ്യം കുറഞ്ഞവരെന്നോ ഉള്ള വിശാലാർത്ഥത്തിൽ ആ പ്രയോഗം ചിലയിടത്ത് സാധുവാകാമെങ്കിലും ദളിത് ക്വസ്റ്റന്റെ കൂടെച്ചേർത്ത് പറയേണ്ട ഒന്നല്ല ട്രൈബൽ ക്വസ്റ്റൻ.ദളിത് എന്നതൊരു രാഷ്ട്രീയസ്വത്വമാണ്. ഇന്ത്യയിലുടനീളം പരന്നു കിടക്കുന്നതും ബ്രാഹ്മണിസം അന്യവത്കരിച്ചതും ഭൗതികോത്പാദനത്തിൽ ഏറ്റവും വലിയ പങ്കുകാരായിരുന്നിട്ടും ധ്യാനാത്മകചിന്ത പുറത്താക്കിയവരുമായ മഹാഭൂരിപക്ഷം കീഴാളജാതിയാണ് ദളിത്. അവർ പൊതുവായി പങ്കുവെക്കുന്ന ചില സാമാന്യതകളുണ്ട്. ബ്രാഹ്മണിക്കൽ ഹിംസയുടെ ഇരകളെന്ന സ്ഥാനമാണ് ദളിതത്വത്തെ രാഷ്ട്രീയസ്വത്വമാക്കിയത്. 'ആദിവാസി' ഇങ്ങനെയൊരു രാഷ്ട്രീയസ്വത്വമല്ല. കടുത്ത ഉച്ചനീചത്വങ്ങൾ നിലനിൽക്കുന്ന അസംബന്ധ ശ്രേണിയാണത്. അതിനകത്ത് ബ്രാഹ്മണർ മുതൽ ചണ്ഡാലർ വരെയുണ്ട്. ഹീനജാതികളെ അകറ്റിനിർത്തിയിരുന്ന കുറിച്യക്കാരണവർ വയനാട്ടിലെ ഇന്നത്തെ തലമുറയുടെ പോലും ഓർമ്മയിലുണ്ടാവും. ട്രൈബൽബേസിക്

സ്കൂളിൽ സന്ദർശനം നടത്തവേ അപേക്ഷാഹർജിയുമായി വന്ന പുലയ ജാതിക്കാരനെ കണ്ട് കുറിച്യക്കുട്ടികൾ ഒന്നടങ്കം സ്കൂൾവിട്ടുപോയ അനുഭവ വിവരണം കേരളത്തിലെ ആഫ്രിക്കയിൽ കാണാം(1963: 45). പണിയരും, അവരിലൊരാൾ 40 വാര അകലെ നിന്നാൽ അയിത്തമാവുന്ന, അയിത്ത ദോഷം തീരാൻ നാൽപ്പത് പ്രാവശ്യം മുങ്ങിക്കുളിക്കേണ്ടിവരുന്ന കുറിച്യരും ചേരുന്ന ആദിവാസി എന്ന രാഷ്ട്രീയസ്വത്വം സാധ്യമായ ഒന്നേ അല്ല.

ആദിവാസിയെ ദലിതിലേക്ക് ഉൾച്ചേർക്കുമ്പോൾ സംഭവിക്കുന്ന വലിയ പിഴവ് ഉത്പാദനസവിശേഷതകൾ സാമാന്യവത്കരിക്കപ്പെടുന്നു എന്നതാണ്. ഈ സാമാന്യതയെ മുൻനിർത്തി പരിഹാരസൂത്രവാക്യങ്ങൾ ചമയ്ക്കപ്പെടുന്നു. ഭൂമി ലഭിക്കുന്നതോടെ ആദിവാസിപ്രശ്നം തീരുമെന്നത് ഇത്ത രമൊരു മിത്താണ്. കൃഷി നടത്തുന്ന ഗോത്രവർഗങ്ങൾ എത്രയെണ്ണമുണ്ട് എന്നതൊരു നിർണായക ചോദ്യമാണ്. കാർഷികവൃത്തിയിലേർപ്പെടാ ത്തവരെ സംബന്ധിച്ചിടത്തോളം കൈമാറ്റം ചെയ്യപ്പെടാനാവാത്ത ഭൂമി ജഡവസ്തുവാണ്. ഉപജീവനാർത്ഥം കൃഷിചെയ്ത ചരിത്രമുള്ളവരിൽ പരമാവധി ഉൾച്ചേർക്കാൻ പറ്റുക കുറിച്യർ, മാവിലാൻ, കാണിക്കാർ, അടിയർ, എരവാലൻ, ഇരുളൻ, പണിയർ എന്നിവരെ മാത്രമാണ്. ഇതിൽ തന്നെ പണിയർ, അടിയർ എന്നിവർ കാർഷികതൊഴിലിൽ മാത്രമേ ഏർപ്പെട്ടു പോന്നിരുന്നുള്ളൂ. കാട് വെട്ടിച്ചുട്ട് കൃഷി ചെയ്തുപോരുന്ന പുനംകൃഷി നില നിന്നിരുന്ന കാലത്തു നിന്നും ഫ്യൂഡൽ ഉത്പാദനബന്ധത്തിലേക്ക് മാറിയ കാലം തൊട്ടേ ഇവർ കാർഷിക അടിമകളായി മാറിക്കഴിഞ്ഞു. ജന്മിയുടെ കൃഷിസ്ഥലത്ത് പണിയെടുക്കുക എന്നല്ലാതെ സ്വന്തമായി കൃഷി നടത്തി ധാന്യമിച്ചം സ്വരൂപിച്ചിരുന്ന ഉത്പാദനാവസ്ഥ പരിണാമപരമായി അവരെ വിട്ടുപോയിക്കഴിഞ്ഞു. കമ്പളനാട്ടി പോലൊരു കലാരൂപത്തിന്റെ രൂപപ്പെടൽ തന്നെ ജന്മിമാരുടെ വയൽപ്പണിയുമായി ബന്ധപ്പെട്ടാണ്. കടുത്ത ശുഭാപ്തിവിശ്വാസികൾക്കേ അവർക്കിനി വ്യവസ്ഥാപിതമായ കൃഷി നടത്തൽ സാധിക്കുമെന്ന് വിശ്വസിക്കാൻ പറ്റൂ.

